His Beatitude the Catholicos, the President of the HES, presented the following proposed agenda of the Synod:

1. Prayer
2. Inaugural Address by His Beatitude
3. Presentation of the Agenda
4. Submission of the Catholicos’ Day Offering
5. Report of the Sixteenth Ordinary Holy Episcopal Synod
6. Meeting with the Major Superiors and their teams of the Institutes of Consecrated Life in the SMCC
7. Common Programmes in 2015– July 15, Sept. 20
8. The Synodal Commissions – Bye-laws prepared by the appointed Committee
9. Charter of Priestly Formation
10. Synodal Commission for the Youth – Role of the Eparchial Directors in the MCYM activities; Participation of the MCYM in KCYM Activities
11. Mar Gregorios Centenary Celebrations
12. Matters *Subsecreto*
13. Other Matters if any, with the consent of the President

To this the Synod Fathers added the following topics:

1. Matters of St. Mary’s Malankara Seminary
2. Meeting with the Staff of the Seminary
3. Matters of Synodal Commission for Faith Formation
4. *Suviseshasangham*
5. Report on the progress of the Cause of Canonisation of the Servant of God Mar Ivanios

6. Response of the SMCC to the Political Scenario in India
7. The Forthcoming Roman Synod
8. Amendment of Certain canons of the CPCSMCC

Next on the agenda was the submission of the offering of the Catholiscos Day to His Beatitude the Catholicos. All the Eparchial Bishops and the Apostolic Visitator of the ETRI submitted the offerings collected from the respective places. The following day, Most Rev. Thomas Mar Eusebius also submitted the offerings from the Exarchate of USA to His Beatitude the Catholicos.

**Report of the Sixteenth Ordinary Holy Episcopal Synod**

The report of the Sixteenth Holy Episcopal Synod was read out. A few inaccuracies and corrections were pointed out and corrected. Most Rev. Yoohanon Mar Chrysostom proposed the report to be passed and Most Rev. Joshua Mar Ignathios supported the proposal. The Report was passed with applause.

## THE DELIBERATIONS

**The Meeting with the Major Superiors of the Institutes of Consecrated Life**

The Synod discussed the *modus operandi* of the meeting of the HES with the Major Superiors of the Institutes of Consecrated Life. It was informed to the Synod Fathers that for a wider participation, all the Superiors General and their team and the Provincial Superiors and their teams of the OIC, SIC and DM Congregations were invited. Besides them, the Abbot of Kurisumala Ashram, the Provincial of the Franciscan Brothers, the Superior of the Sisters of Mount Tabor Ashram, and the Leader of the OSS were also invited. The report of the last meeting with the Abbot and Superiors General or their representatives was sent to them.

The meeting was arranged in the Patriarch Moussa Daoud Hall of the Catholicate Centre. The meeting began at 9 am. The meeting was in two sessions with a coffee break at 10.30 a.m. Of the invited 88 were present.

His Beatitude Moran Mor Baselios Cardinal Cleemis, the Father and Head of the SMCC and the President of the HES welcomed all to the meeting.

The Agenda:

1. Propose new ways and means to strengthen the apostolic activities of the SMCC in this age of New Evangelisation.
2. Share the issues and concerns of the Institutes of Consecrated Life that are to be addressed by the SMCC.
3. Propose ways and means by which the Institutes of Consecrated Life in

the SMCC can live the lifestyle and spirituality proposed by His Holiness Pope Francis.

The meeting helped a lot to communicate and share the thoughts of the members of the religious with the members of the Synod. All were happy of the gathering and looked forward to such sharings in the future. The report of the meeting is made extra.

**Mar Ivanios Day 2015**

The Synod Fathers expressed their general appreciation of the spiritual milieu of the *padayatra* from various centres of our Church to the tomb of the Servant of God. Most Rev. Yoohanon Mar Chrysostom, the Bishop of Pathanamthitta, told the HES that the Eparchy would make the necessary arrangements for the *padayatris* to spend the day previous to the Padayatra in prayer and retreat.

It was suggested that the route of the Padayatra from Perunadu on the second day could be rerouted. The route could be Pathanamthitta – Kaipattur – Chandanappally–Kodumon–Adoor–Puthusserybhagom. The padayatris from Anandappally and Thatta could join the padayatra at Adoor. The HES left the final decision to Yoohanon Mar Chrysostom in whose Eparchy the Padayatra begins and goes through. It is opined that the sentiments of the parishes have to be considered.

The behaviour of the *padayatris* should be eco-friendly and shall not liter the roads and the surroundings the *padayatra* passes through. The leaders have to take care of this. The prayer of the respective hours (morning, noon and evening) shall also be said along with the *dhupaprarthana* when the *Padayatra* reaches a church.

**Reunion Day and Sabha Sanghamam 2015**

Most Rev. Thomas Mar Anthonios, the Bishop-in-Charge of the common celebrations in the Church read out the report of the meeting he attended in the Archieparchy of Tiruvalla to plan the Reunion Day and *Sabha*s*anghamam* 2015. He highlighted the following:

· The *Sabha Sanghamam* is envisaged to be focused on the theme: “I came that they may have life, and have it abundantly” (Jn 10:10).

· To share the blessings that the Church received from God for the last 85 years, with the poor and marginalized, the Archieparchy of Tiruvalla plans a series of outreach programmes:

o 85 Heart operations (commemorating 85 years of Reunited ecclesial life)
o 3000 dialysis (in honour of the departed Bishops)

- o 10 Houses for the homeless
- o Marriage aid for ten women.
- o An initiative for organ donation – to get the *sammatha pathram* (document of consent) from a lakh of people to donate their organs and submit it to the Chief Minister of Kerala.

- · To construct a *Smriti Mandapam* at Thirumoolapuram-Tiruvalla, the cradle of the SMCC, commemorating the life of the SG of Archbishop Mar Ivanios and Bishop Mar Theophilos and others at the initial epoch of the Reunion Movement.
- · For the spiritual preparation and renewal of the entire families and parishes of the Archieparchy of Tiruvalla a team of 75 persons are trained and formed and sent to visit each family and share with them the Word of God and the spirit of the commemorations. A prayer is prepared and distributed.
- · To substitute the traditional *preshita* rally with a procession similar to *perunalrasa*.

In the light of the discussions in the HES, the following programmes which were suggested at the meeting in Tiruvalla were confirmed. The Synod Fathers also considered the feed back given at the meeting in confirming it. The suggestion to conduct a perunal like rasa was appreciated.

As regards the concrete planning, the HES came to the following broad consensus

· **19 September 2015**

<u>Evening</u>

- o There will be *chayachithra*, the *pathaka* and *deepasikha prayanam* as usual. The *chayachithram* of His Grace Mar Gregorios is proposed to be included as this is his birth centenary year. The *chayachithram* of His Excellency Mar Dioscoros whose mortal remains are entombed in the Thirumoolapuram church is also to be included in the *vilambara* rally
- o They converge at the Cathedral Campus and the *vilambara* rally is conducted as its finale.
- o MCYM Quiz

· **20 September 2015**

- o Common concelebrated Holy Qurbono at the main pandal
- o Seminars of MCA, MCYM and MCCL at separate venues
- o Afternoon – *Sanyastha Sammelanam*. The meeting shall have an ecumenical nature, with Hindu, Orthodox and Catholic Speakers giving input sessions.

- o Evening – *Suvisesha Sandhya*
- o The participant of the *Sanyastha Sammelanam* and *Suvisesha Sandhya* go in a candle procession to Bethany Convent Thirumoolapuram, the cradle of the woman-sanyasa in Malankara.

· **21 September 2015**

- o 8.00 – Liturgical Reception to the Bishops, Morning Prayers
- o 8.30 am. – Holy Qurbono
- o 11.30 am – Public Meeting – The Catholicos addresses the Church. The Chief Minister of Kerala will be invited to the meeting. The *sammatha pathram* (document of consent) from a lakh people to donate their organs will be submitted to the Chief Minister of Kerala. Fr Chiramel, the Chairman of the Kidney Foundation will also be invited to speak at the meeting on organ donation.
- o 12.30 - Lunch
- o 1.30 pm – Rasa to St. John's Cathedral.

The VIP invitees for the celebrations are yet to be decided.

**St Mary's Malankara Seminary**

The visit and meeting with the staff of St Mary's Malankara Seminary was slated to be at 6 pm on Wednesday, 25 February. In view of this, the HES took up for consideration the topic "St Mary's Malankara Seminary" from the agenda.

This year the faculty of philosophy comes to an end. The philosophy block of the seminary buildings is also free. The block needs thorough maintenance.

How do we make use of the Philosophy block of the seminary? The HES considered this question in the light of the various proposals and needs raised by the Laity and the Religious and the Clergy at various times. For the Laity there was a need of a basic theological orientation course for lay leaders; the Religious had proposed the need of a common institute for their ecclesial, theological and pastoral formation; the Clergy need a place for their on-going formation; the *Suviseshasangham* needs a centre for the formation and on-going formation of its members. Considering all these, it was opined by the Synod Fathers that a Theological-Missiological-Spirituality Institute could be established in the Philosophy Block in such a way that it does not affect the discipline of the Seminary. It was also suggested that, in that case, Rev. Fr Antony Kakkanattu, presently the Working Secretary of the Synodal Commission for Evangelization and the Director of the *Suviseshasangham* could be appointed as the Director of the proposed institute. Most Rev. Abraham

Mar Julios was asked to formulate a vision statement for the institute and Most Rev. Thomas Mar Anthonios OIC to formulate the statutes of the institute.

The lack of sufficient number of staff for the Faculty of Theology came under the consideration of the HES, especially in the context of the application for recognition submitted to the Holy See. Department of Moral Theology needs a resident staff. In this context the HES also considered the contribution that could be given to the Faculty of Theology by Most Rev. Philipos Mar Stephanos and Most Rev. Jacob Mar Barnabas who served the Seminary earlier on its staff.

The HES also took note that the Seminary needs another expert in Liturgy and liturgical formation to substitute Rev. Fr Isaac Parappally who is transferred from the seminary and given a new pastoral assignment in the Archieparchy of Tiruvalla. Rev. Fr Mariadasan from Marthandom who was serving the Faculty of Philosophy which now comes to an end was looking forward to a change and some pastoral assignment in his Eparchy of Marthandom. The HES considered whether he could be asked to continue.

The spiritual formation and the role of the Spiritual Fathers of the Seminary came in for analysis and evaluation in the context of the available information. The need of accompaniment in spiritual formation was stressed in the context of lack of in-depth awareness of the need of spiritual direction from the part of the students.

Some seminaries to which our students are sent for the study of Philosophy demands a bachelor degree as a basic eligibility for admission. What shall we do in this context? From the discussion that followed, it was concluded that, if +2 students could not be promoted to the study of Philosophy, we shall think of other solutions and policies.

**The Visitation of the Seminary**

The visitation of the Seminary started at 6 pm. The Synod Fathers joined the Evening Prayer of the Seminary. His Beatitude Moran Mor Baselios Cleemis Catholicos, the Father and Head of our Church and the President of the HES imparted apostolic blessing to the staff and students of the seminary together with the other Synod Fathers at the end of the Evening Prayer.

The meeting with the staff began at 6.45 pm at the Library Hall of the Seminary. All the members of the Resident Staff were present. Rev. Fr Daniel Manikulam, the Rector of the Seminary, welcomed the Catholicos and other members of the HES to the Seminary and the meeting and he thanked the HES for its great solicitude for the seminary.

Most Rev. Abraham Mar Julios, the Chairman of the Episcopal Commission for St Mary's Malankara Seminary was asked to give an orientation to the meeting. Welcoming everyone to the gathering, he highlighted the following:

· The meeting is a sign of the solicitude of the HES to the priestly formation in our Church.
· The professors who are relentlessly committed to the seminary are committed to the Church.
· A disciplined staff imparts discipline to the seminary and students.
· The lack of qualified staff affects the seminary.
· The lack of finance affects the functioning of the library of the seminary.
· When the community is small, better quality of formation can be ensured.
· The dedicated service of the reverend sisters and the domestic staff contribute towards achieving the aims and objectives of the seminary.
· The financial resources are depleted as the number of students has decreased and the subsidy is reduced and the rubber plantation, the dairy etc are in loss.
· The Rector through his efforts could raise an amount of Rs 30 lakhs for the seminary.

His Beatitude the Catholicos addressed the meeting with a word of welcome to all and appreciation for the staff for their committed service to the seminary. HB invited all to a meaningful sharing on the life of the seminary.

From the sharing of the members of the staff, the following points emerged:

o The situation and the strength of the staff of the seminary, when Rev. Fr Mariadasan and Rev. Fr Isaac are transferred.
o There is shortage of professors. The Department of Moral Theology needs a resident staff. No one was appointed in the place of Fr Madathikunnath who was relieved from the staff of the seminary.
o The service of the reverend sisters is not sufficient.
o Limiting the pastoral ministry of the Students to Sunday alone does not help much.
o With regard to the general discipline, the impression is that it goes well, although two students had to be sent out for lack of discipline.
o Since the Faculty of Philosophy comes to an end, that building block has to be maintained and meaningfully used.
o The next batches of the students of Theology will have an average number of 30.

- o The library is affected because of the lack of funds.
- o The approach of the students to spiritual direction has to be positive.
- o There is the need of a counselor for the students.

The accounts of the seminary were presented by Rev. Fr S Varghese. He explained the amount spent under various heads.

From among the staff, Rev. Fr Philip Chempakassery who published a book titled “Marriage and Family in Biblical Perspective” was complimented for this.

A few of the Bishops shared the following points:

The new priests who pass out of the seminary heralds a positive sign in pastoral ministry.

The MBOC texts prepared from the seminary are excellent and the SC for Faith Formation is thankful to the seminary for it.

In the concluding address, HB, on behalf of the Church, thanked everyone for the open and cordial conduct of the meeting and praised the committed service of the staff. HB also brought out the following points:

- o The professors have to get settled in the seminary. That is, they should feel that their ministry is a lifelong commitment. When urgent or needed they get a transfer; but when committed, they should be steadfast.
- o Ad-hoc arrangements would not work. We look forward to permanent solution. So recommend students who are qualified and committed, that they can be trained to be on the staff of the seminary.
- o The social commitment of our students has increased qualitatively; thanks to the leadership of Fr Isaac Parappally and other staff of the seminary.
- o Refrain from casual comments that can be interpreted negatively by your hearers.
- o Special thanks to Most Rev. Mar Julios and other Bishops of the Episcopal Commission for the Seminary, Rev. Fr. Daniel Manikulam, the Rector and the team of staff and all others who engage in the life and functions of the seminary.

At 8:15 pm the meeting concluded with a prayer. All went to the refectory and had supper with the seminarians. The Bishops also met the Rev. Sisters and the domestic staff of the seminary after the supper.

When the HES met again the next day, some of the points were again discussed. The outgoing staff members like Rev. Fr Isaac Parappally and Rev.

Fr Mariadasan are to be relieved as per the understanding they have reached with their respective Eparchial Bishop. On discussing about the ways and means to improve the standard of formation in the seminary, it was pointed out that while the approach should be holistic, a step by step planning in particular aspects according to a priority of values has to be introduced. To start with, training of the members of the staff specially chosen and sent for studies to serve 'lifelong' the seminary is to be the priority.

**Synodal Commissions**

The sixteenth Holy Episcopal Synod of our Church that was in session from 20 to 22 September 2014 asked Most Rev. Vincent Mar Paulos, Most Rev. Samuel Mar Irenios, Most Rev. Philipos Mar Stephanos and Most Rev Thomas Mar Anthonios OIC to study the draft of the byelaws of the Synodal Commissions that was circulated to the members of the HES and other SCs and to present it to the Seventeenth Ordinary Holy Episcopal Synod to be convoked from 23 to 27 February 2015. After studying the draft of the byelaws and the drafts submitted by certain SCs, the group opined that the present draft is good enough. Hence it was finalized as a draft to be presented to the HES. Based on this, each SC can elaborate its aims and objectives and further can elaborate the guidelines, if needed. The HES discussed the proposals made by the group as a prelude to the draft

1. Proposal: "*There is no need of a separate SC for Publication. As the nature of the apostolate dealt with by the SC is the same, it is better to have a separate Desk of the SC. However, for good coordination, it is better that the Chairman of the SC himself chair the Desk too*".

    **Response:** The HES decided that the History Desk of the SC for Theology can be combined with the present commission for publication, museums, archives etc and formed as Synodal Commission for Publications and History

2. Proposal: *It is good to bifurcate the Synodal Commission for Social Activities and Dalit Christians. The later should at least have a Desk within the SC"*.

    **Response**: The proposal was accepted creating a special Desk for Dalit Christian affairs within the Commission.

3. Proposal: *"Is it a workable arrangement to have a SC for the Pastoral Care of the Faithful outside India? Shall we not drop it? Or can this be combined with another SC of similar nature?"*

    **Response**: Taking into consideration the *de-facto* situation, the HES agreed to the proposal to discontinue the Synodal Commission for the Pastoral Care of the Faithful outside India. Instead, the Apostolic Visitator to Europe

Most Rev Thomas Mar Eusebios will set up a pastoral committee for the region/s. Separate Pastoral Committees shall be formed for the Middle East and Asia Pacific Regions.

4. Proposal: *The scope and role and function of the Synodal Commission for Seminary Formation have to be integrated with the role of the Episcopal Commission for the Major Seminary.*

**Response**: The Chairman of the Eposcopal Commission is also the Chairman of the Synodal Commission for Seminary Formation. He should see how to liaison their activities. It was also decided that for effective participation of the members of the Episcopal Commission for the Major Seminary, there shall be a division of work among them – academic, discipline and finance. The members of the Episcopal Commission shall meet together at least once in three months.

5. Proposal: *There is need of a budgetary allocation for the SCs. To start with, we propose an amount of Rs. Five Lakhs.*

**Response**: The HES favoured the proposal though there was no concrete suggestion to find out the means for the same.

6. Proposal: *The SCs are permanent offices of the Curia unless they are suppressed or dissolved. Hence reconstituting all SCs and each of them at one time affects the role and function of these commissions in the Church. We do not reconstitute the SC. We only substitute the office bearers from time to time for its smooth functioning. It is better not to appoint the office bearers for a stipulated period of time. We can take the dicasteries of the Roman Curia as a model.*

**Response**: The HES agreed to it in principle.

7. Proposal: *There should be a mechanism to ensure that the Chairman, the Secretary, the Office Assistants and the Consultors are accountable to the HES and the Church in the discharge of their duties. The tree is judged by its fruits. There has to be a thorough evaluation for a workable arrangement.*

**Response**: No concrete proposal emerged.

8. Proposal: *The scope of a SC is more than that of an association that comes under the purview of the commission. Hence they should not be identified. For example, the SC for the Laity is not equal to the MCA. There are also other associations of the Laity which the commission has to take care of.*

**Response**: During the discussion, the consensus was that the organizations like the Legion of Mary, Vincent de Paul Society, Kolping, etc come under the purview of the Synodal Commission of the Laity.

9. Proposal: *It is good to fix the Order of listing the SCs according to a certain criteria, for example, in accordance with the relative importance of the SC in the life of the Church or ecclesiological / theological importance.*

**Response**: The suggestion need to be attended.

**New Secretaries of certain SCs**. A few Secretaries of the SCs had, through their respective Chairmen, informed the Synod of their difficulty to continue their service as they are burdened with other offices too. The HES considered their requests and relieved them from the office of the Secretary of the SCs. As per the proposal of the HES, His Beatitude the Catholicos has appointed new Secretaries in their stead. The new Secretaries are:

- Rev. Fr George Thomas Kochuvilayil of the Major Archieparchy of Trivandrum is appointed Secretary of the Synodal Commission for Catechism (Faith Formation) in the place of Rev. Fr Thomas Kanjiramukalil.
- Rev. Fr. Mathew Arackal from the Eparchy of Muvattupuzha is appointed Director of the MCCL. He succeeds Rev. Fr Geevarghese Nedumpurath.
- Rev. Fr Cherian Thazhamon of the Archieparchy of Tiruvalla is appointed Secretary of the Synodal Commission for Ecumenism and Dialogue in the place of Rev. Fr Varghese Madathikunnath.
- Rev. Sr Ancelet is appointed Secretary of the Synodal Commission for Health Care in the place of Very Rev Mother Lilly Thomas who is elected Provincial Superior of St Joseph's Province of the DM.
- Rev. Fr Joseph Venmanath of the Major Archieparchy of Trivandrum is appointed Secretary of the Synodal Commission for Family in the place of Rt Rev. Msgr Chacko Thadathil.
- Rev. Fr Benny Nedumpurath of the Eparchy of Mavelikara is appointed Secretary of the Desk Dalit Christians, a subsection created in the Synodal Commission for Social Apostolate and Dalit Christians.

1. **New Chairmen of Certain Synodal Commissions**. There are two changes in the Chairmanship of the SCs. Most Rev. Samuel Mar Irenios took over as the Chairman for the Synodal Commission for Vocation while the he handed over to Bishop Thomas Mar Anthonios the office of the Chairman of the SC for Communication Media. These changes were effected by the Catholicos as per the consensus of the last HES.

**The New Timings of Synods**

The members of the Synod pondered over rescheduling the convocation of the HES. It is proposed that for the sake of convenience of the members of the HES to attend the Synod, it could be convoked from 21 to 23 September

every year, after the Reunion Day Celebration and *Sabha Saghmamam*. The Lenten Season Session shall be a weeklong session. With this session there will be the meeting with the Major Superiors of the Institutes of Consecrated Life and the Reporting session of the Synodal Commissions. One day retreat can be integrated into the programme of the HES.

**The MCYM**

Most Rev. Vincent Mar Paulose, the Chairman of the Synodal Commission for the Youth and the patron of the Malankara Catholic Youth Movement (MCYM) brought to the attention of the HES that the participation of the MCYM in the Kerala Catholic Youth Movement (KCYM) has become very poor. He also pointed out that the active participation of the Eparchial MCYM Directors in animating the youth is also very poor. They don't take the office as an essential part of their ministry.

**Faith Formation**

The HES congratulated Most Rev. Philipos Mar Stephanos for his dynamic leadership in building up the MCCL and for giving effective leadership to faith formation in our Church.

It was suggested that an ecclesial level meeting of the Headmasters of Sunday Schools would be good while the teachers should be given chances for gathering and training at the eparchial level.

Many suggested that a basic text of SMCC catechism would be good. To this suggestion Most Rev. Mar Barnabas pointed out that Rev. Fr. John Berchmans OIC was preparing such a text for the ETRI and the same could be used in Kerala too. All opined that Fr Berchmans could be motivated to complete it.

Some Synod Fathers also enquired whether the SC for Catechism could coordinate the Malankara Bible Orientation Course (MBOC) and the Bethany Bible Studies (BBS) the summer vacation programmes for faith formation by the Church and Bethany Ashram respectively. To this it was pointed out that both use the same theme every year. However, the texts books are prepared separately because BBS text books should be available in October every year as Bethany Vedavinjanapeeth conducts vacation camps during the Deepali holidays in North India.

**Liturgy**

The preparation of the lectionary came in for discussion and analysis. Many voiced their opinion that in accordance with the liturgical seasons, the biblical passages could be chosen, so that the same periscopes are not repeated every

year and for different occasions. The reading shall be selected in such a way that the whole Bible is used and read in a year. Similarly, only 13 Psalms are used in our Liturgy; why can't we use other Psalms too? The Synodal Commission for Liturgy was asked to study the proposals. Most Rev. Abraham Mar Julios was asked to assist the study.

Similarly the need to bring together the text for the liturgical services of the pontifical and to print them together as an official text was discussed.

The need to reprint the *Thakso* and the *Koodasakramam* was also discussed.

**Substitute for the Catholicos at the forthcoming Synod of Bishops in Rome**.

His Beatitude the Catholicos told the HES that in case, he is not able to attend the forthcoming Synod of Bishops in Rome, someone else can be sent to represent the Catholicos and our Church at the Synod. Archbishop Most Rev. Thomas Mar Koorilos was proposed and the Synod Fathers supported the proposal.

The Synod also directed that the questions dealt with by the Synod shall be discussed at all levels and the synopsis of the eparchial level discussions shall be sent to Most Rev. Mar Julios who would collate them to be sent to Rome.

**Birth Centenary Celebrations of Mar Gregorios**

His Beatitude introduced to the Synod the various programmes chalked out for the Birth Centenary Celebrations of Archbishop Mar Gregorios.

In this context, the need of participation of all, especially the Bishops, in the Feast of Commemoration of Mar Theophilos of venerable memory was highlighted. All agreed to the reminder.

**Amendments to the CPCSMCC**

A few members of the HES were of the opinion that certain canons of the CPCSMCC need revision and updating. So a committee comprising of Most Rev. Thomas Mar Koorilos, Most Rev. Joshua Mar Ignathios and Most Rev. Thomas Mar Anthonios was asked to consult the Eparchial Bishops and form a draft of the proposed amendments.

**Report of the *Suviseshasangham***

Most Rev. Jacob Mar Barnabas presented the report of the *Suviseshasangham*. He expressed satisfaction at the formation of the *Suviseshasangham* at various levels and urged that at least a lay faithful from each parish should be well formed to lead the parish-level *Suviseshasangham*.

**Matters *Subsecreto***

**Next Synod**

It was agreed that the next HES shall be convoked from 21st evening to 22nd evening of September at Marygiri, Tiruvalla.

**Conclusion**

His Beatitude the Catholicos concluded the HES. He gave the valedictory address highlighting the abundant grace the Lord is showering upon us. "Let us thank God for the experience of the presence of Holy Spirit in our gathering as the episcopal ministers in the Church. I have no doubt that this Holy Synod in session which reflected prayerfully over the diverse realities of the ecclesial life will boost our ecclesial life. We shall have the enthusiasm to increase the divine grace which is experienced in the ecclesial communion." He also said that the spread of the Suviseshasangham is a sign that we take the Word of God seriously and live it. "Hence, it has pleased the Lord, to shower further grace on our Church. Taking refuge in the intercession of our Fathers-in-faith, we go ahead with the forthcoming *Sabhasanghamam*."

HB thanked every Bishop for his wholehearted participation in the Synod. HB also thanked the office-bearers of the Major Archiepiscopal Curia and the Catholicate Centre for their dedicated service to the Synod and to their respective offices. Invoking the love of the Father, the grace of the only Son and the communion of the Holy Spirit through intercession of the Blessed Virgin Mary, the Mother of God, His Beatitude declared the Seventeenth Ordinary Holy Episcopal Synod closed.

**✠ Thomas Mar Koorilos**
Secretary

**✠ Thomas Mar Anthonios OIC**
Chancellor

## മലങ്കര സുറിയാനി കത്തോലിക്കാ സഭ
## മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയ

കാതോലിക്കേറ്റ് സെന്റർ, തിരുവനന്തപുരം-695 004 കേരളം, ഇന്ത്യ

## പതിനേഴാം പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ്

**(2015 ഫെബ്രുവരി 23-27)**

## റിപ്പോർട്ട്

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പതിനേഴാമത് പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് 2015 ഫെബ്രുവരി 23 മുതൽ 27 വരെ തിരുവനന്തപുരം പട്ടം കാതോലിക്കേറ്റ് സെന്ററിലെ വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ മാർപാപ്പാ സുന്നഹദോസ് ഹാളിൽ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവാ വിളിച്ചുകൂട്ടി. പരിശുദ്ധ സുന്നഹദോസിന്റെ ഒരുക്കമായി 2015 ഫെബ്രുവരി 23-ാം തീയതി തിങ്കളാഴ്ച രാവിലെ 9 മണിക്ക് സുന്നഹദോസ് പിതാക്കന്മാർ സമൂഹബലി അർപ്പിച്ചു. മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായിൽ ശുശ്രൂഷചെയ്യുന്ന എല്ലാവരും വി. കുർബാനയിൽ പങ്കെടുത്തു.

വിശുദ്ധ കുർബാനയ്ക്കും ലഘുഭക്ഷണത്തിനുംശേഷം സുന്നഹദോസ് പിതാക്കന്മാർ സുന്നഹദോസ് ഹാളിൽ ഒന്നിച്ചുകൂടി. പ്രാർത്ഥനയോടുകൂടി പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ആരംഭിച്ചു. "നല്ലദേവനേ ഞങ്ങൾ എല്ലാവരേയും.." എന്ന ഗാനത്തിനുശേഷം അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി 1 തിമോ: 4:11-16 തിരുവചനഭാഗം വായിച്ചു. സ്വയംപ്രേരിത പ്രാർത്ഥനയ്ക്കുശേഷം സുന്നഹദോസ് പ്രസിഡന്റ് അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമീസ് കാതോലിക്കാബാവാ പരിശുദ്ധാത്മാവിന്റെ ദാനങ്ങൾക്കുവേണ്ടിയുള്ള "ഞങ്ങളുടെ കർത്താവായ യേശുമിശിഹാ ..." എന്ന പ്രാർത്ഥന ചൊല്ലി.

സുന്നഹദോസിൽ സന്നിഹിതരായിരുന്ന അംഗങ്ങൾ : മേജർ ആർച്ചുബിഷപ്പ് മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമീസ് കാതോലിക്കാബാവാ (സുന്നഹദോസ് പ്രസിഡന്റ്), ആർച്ച്ബിഷപ്പ് തോമസ് മാർ കൂറിലോസ് (സുന്നഹദോസ് സെക്രട്ടറി), ബിഷപ്പുമാരായ ഗീവർഗീസ് മാർ ദിവന്നാസിയോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റോം, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ജോസഫ് മാർ തോമസ്, ഏബ്രഹാം മാർ യൂലിയോസ്, വിൻസെന്റ് മാർ പൗലോസ്, ജേക്കബ് മാർ ബർണബാസ് ഒ.ഐ.സി., തോമസ് മാർ അന്തോണിയോസ് ഒ.ഐ.സി., സാമുവൽ മാർ ഐറേനിയോസ്, ഫിലിപ്പോസ് മാർ സ്തേഫാനോസ്.

ന്യൂയോർക്കിലെ മഞ്ഞുവീഴ്ച കാരണം അവിടെനിന്നുള്ള യാത്ര വൈകിയതിനാൽ, യു.എസ്.എ. എക്സാർക്ക് അഭിവന്ദ്യ തോമസ് മാർ യൗസേബിയൂസ് തിരുമേനി 2015 ഫെബ്രുവരി 24-ന് രാവിലെ 9 മണിക്കാരംഭിച്ച നാലാമത്തെ സെഷൻ മുതലാണ് പങ്കെടുത്തത്. കാതോലിക്കാബാവാ നല്കിയ വിവരം പരി. സുന്നഹദോസ് പരിഗണിക്കുകയും യൗസേബിയോസ് പിതാവിന്റെ അസാന്നിധ്യം ന്യായമാണെന്ന് വിലയിരുത്തുകയും ചെയ്തു.

പുതിയതായി രൂപംകൊണ്ട കുഴിത്തുറൈ രൂപതയുടെ അദ്ധ്യക്ഷനായി നിയമിതനായ അഭിവന്ദ്യ ജറോം ദാസ് വറുവേലിന്റെ മെത്രാഭിഷേകത്തിൽ മാർത്താണ്ഡം ഭദ്രാസനത്തെയും നമ്മുടെ സഭയേയും പ്രതിനിധീകരിച്ച് പങ്കെടുക്കുന്നതിനായി മാർത്താണ്ഡം ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവിന് സുന്നഹദോസിന്റെ 10, 11 സെഷനുകളിൽനിന്നും (ഫെബ്രു: 25, ഉച്ചകഴിഞ്ഞ് 3 മണി മുതൽ) വിടുതൽ നല്കി.

തിരുവല്ലയുടെ വിരമിതമെത്രാപ്പോലീത്താ അഭിവന്ദ്യ ഗീവറുഗീസ് മാർ തിമോത്തിയോസ് തിരുമേനിക്ക് വാർദ്ധ്യക്യവും അനാരോഗ്യവും കാരണം സുന്നഹദോസിൽനിന്ന് സ്ഥിരമായ അവധി നല്കി.

മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായുടെ മെത്രാനും ചാൻസലറുമായ തോമസ് മാർ അന്തോണിയോസ് ഒ.ഐ.സി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് നടപടികൾ രേഖപ്പെടുത്തി.

അത്യഭിവന്ദ്യ ബസേലിയോസ് കർദിനാൾ ക്ലീമീസ്, മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്, ആമുഖ സന്ദേശം നല്കി. അത്യഭിവന്ദ്യ പിതാവ്, ഈ അടുത്തകാലത്തെ അദ്ദേഹത്തിന്റെ ചില അനുഭവങ്ങൾ തമ്മിലുള്ള സാദൃശ്യവും വൈരുദ്ധ്യവും നടത്തി. പരിശുദ്ധ പിതാവിന്റെ ജീവിതത്തിലൂടെയും സന്ദേശത്തിലൂടെയും തിരുവചനത്താൽ സ്പർശിക്കപ്പെട്ട ഒരു ലോകത്തെ നാം കാണുന്നു. കോഴിക്കോടേക്കുള്ള ട്രെയിൻ യാത്രയിലെ ഒരനുഭവം അത്യഭിവന്ദ്യ കാതോലിക്കാബാവാ ഓർമ്മിച്ചു. "കോഴിക്കോട്ടേയ്ക്കുള്ള ട്രെയിൻ യാത്രയിൽ ഒരു ഹൈന്ദവ സ്ത്രീയെ കണ്ടുമുട്ടിയത് ഞാനോർക്കുന്നു. അവർ പരിശുദ്ധ പിതാവിന്റെ ജീവിതത്തേയും സന്ദേശത്തേയും കുറിച്ച് സംസാരിക്കുകയും മാർപാപ്പയോട് അവരുടെ സ്നേഹവും അഭിനന്ദനവും അറിയിക്കണമെന്നും എന്നോട് ആവശ്യപ്പെട്ടു. അത് ഹൃദയസ്പർശിയായ ഒരനുഭവമായിരുന്നു." ഭാരതത്തിലെ സമകാലീന സാമൂഹിക രാഷ്ട്രീയ സംവാദങ്ങളെക്കുറിച്ച് സംസാരിച്ചു. "അമേരിക്കൻ പ്രസിഡന്റ് ബറാക് ഒബാമയുടെ ഈ അടുത്ത കാലത്തെ സന്ദർശനത്തിൽ, മതസ്വാതന്ത്ര്യത്തിന്റെ പ്രാധാന്യത്തെകുറിച്ച് അദ്ദേഹം നമ്മുടെ രാജ്യത്തെ ഓർമ്മിപ്പിച്ചു. അദ്ദേഹം യു.എസിൽ നടന്ന ഒരു പ്രാർത്ഥനാ സമ്മേളനത്തിൽ ഈ കാര്യം വീണ്ടും എടുത്തുപറഞ്ഞു. ഈ അനുഭവങ്ങൾക്ക് വിരുദ്ധമായി ന്യൂനപക്ഷങ്ങളെ മുറിപ്പെടുത്തുന്ന മതമൗലീകവാദത്തിന്റെ മനോഭാവങ്ങൾ ഇന്ന് ഇന്ത്യയിൽ കാണാം. അതേസമയം, അന്തർദേശീയമായ സാഹചര്യമായിരിക്കാം പ്രധാനമന്ത്രി മോദിയെ മതസ്വാതന്ത്ര്യത്തെ സംബന്ധിച്ച പ്രഖ്യാപനം നടത്താൻ പ്രചോദിപ്പിച്ചത്." ഈ സാഹചര്യത്തിൽ മതസൗഹാർദ്ദം എന്ന വിഷയം സുന്നഹദോസ് പിതാക്കന്മാരുടെ ഗൗരവമായ പരിഗണനയ്ക്ക് കൊണ്ടുവന്നു.

ദൈവജനത്തെ പ്രബോധിപ്പിക്കാനുള്ള മേല്പ്പട്ടസ്ഥാനത്തിനടുത്ത് ഉത്തരവാദിത്വത്തെക്കുറിച്ച് അത്യഭിവന്ദ്യ കാതോലിക്കാബാവാ ഊന്നിപ്പറഞ്ഞു. "നാം ഒരു ചെറിയ സമൂഹമാണ്. എണ്ണത്തിലുള്ള കുറവ് നമ്മുടെ ദൈവീക നിയോഗങ്ങളെ കുറയ്ക്കുന്നില്ല എന്ന് നാം മനസിലാക്കണം. അതുകൊണ്ട് നാം ഇപ്പോൾ കേട്ട ദൈവവചനം, സഭയിലെ പ്രബോധകർ എന്ന നിലയിൽ ദൈവജനത്തെ ആധികാരികമായി പഠിപ്പിക്കുവാൻ നമ്മെ ആഹ്വാനം ചെയ്യുന്നു." തുടർന്ന് അത്യഭിവന്ദ്യ

ബാവാ, വത്തിക്കാന്റെ സാമ്പത്തിക കണക്കുകൾ അവതരിപ്പിച്ച കർദ്ദിനാളന്മാരുടെ സമ്മേളനത്തിലെ അനുഭവങ്ങൾ പങ്കുവച്ചു. "സഭയുടെ ചരിത്രത്തിൽ ആദ്യമായി ട്ടാണ് കാർഡിനൽ പെൽ സാമ്പത്തിക കണക്കുകൾ അവതരിപ്പിച്ചത്. ഇക്കാര്യങ്ങ ളിലെല്ലാം സുതാര്യത വേണമെന്ന് ഓർമിപ്പിച്ച പരിശുദ്ധ പിതാവ് മിച്ചംവന്ന തുക ദരിദ്രരുടെ വിഹിതമാണെന്നും പറഞ്ഞു." അതിനെത്തുടർന്ന്, അത്യഭിവന്ദ്യ ബാവാ കൂട്ടിച്ചേർത്തു: "പാവപ്പെട്ടവരോടുള്ള നമ്മുടെ കടമ ദൈവീകമാണെന്ന് നാം എപ്പോഴും ഓർക്കണം. അതുകൊണ്ട് നമ്മുടെ അജപാലന ശുശ്രൂഷയിൽ പാവ ങ്ങളെ നാം പ്രത്യേകമായി കരുതണം."

ഈ ചിന്തകളുടെ പശ്ചാത്തലത്തിൽ, നാം ഒരു ചെറിയ സമൂഹമാണെങ്കിലും നാമും നമ്മുടേതായ വിധത്തിൽ ഭാരതത്തിൽ സഭയെ നയിക്കാൻ വിളിക്കപ്പെട്ടിരി ക്കുന്നു എന്ന് അത്യഭിവന്ദ്യ ബാവാ പറഞ്ഞു. ഭാരതം മുഴുവൻ സുവിശേഷം പ്രസംഗിക്കുക എന്ന ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ സ്വപ്നം അത്യഭിവന്ദ്യ കാതോലിക്കാബാവാ സുന്നഹദോസ് പിതാക്കന്മാരെ ഓർമ്മിപ്പിച്ചു. ഈ സ്വപ്നം ഹൃദയത്തോട് ചേർത്തുവയ്ക്കുവാൻ എല്ലാവരേയും കാതോലിക്കാ ബാവാ ആഹ്വാനം ചെയ്തു. ഈ വർഷം ജന്മശതാബ്ദി ആചരിക്കുന്ന അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിന്റെ ജീവിതത്തിലേയ്ക്കും മലങ്കര കത്തോലിക്കാസഭയുടെ വളർച്ചയ്ക്കും ഏകീകരണത്തിനുമുള്ള അദ്ദേഹത്തിന്റെ സംഭാവനയിലേക്കും അത്യഭിവന്ദ്യ കാതോലിക്കാബാവാ ശ്രദ്ധതിരിച്ചു. അതു പോലെ, നാം നൂറ്റിഇരുപത്തഞ്ചാം ജന്മവാർഷികം ആഘോഷിക്കുന്ന ഭാഗ്യസ്മര ണാർഹനായ മാർ തിയോഫിലോസ് പിതാവിന്റെ ആദ്ധ്യാത്മിക ജീവിതം മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്ക് സുദൃഢമായ ഒരു അടിത്തറപാകിയെന്നു കാതോലിക്കാബാവാ പറഞ്ഞു. "ഈ പിതാക്കന്മാരുടെ ദർശനങ്ങൾ നമ്മുടെ സഭ യുടെ വളർച്ചയിൽ തുടർന്നും കരുത്തേകുന്ന തരത്തിൽ അനുയോജ്യമായ ആഘോ ഷപരിപാടികൾ നാം വിഭാവനം ചെയ്യേണ്ടതായിട്ടുണ്ട്", കാതോലിക്കാബാവാ കൂട്ടിച്ചേർത്തു. സുന്നഹദോസിൽ പരിശുദ്ധാത്മാവിന്റ സാന്നിദ്ധ്യം യാചിച്ചുകൊണ്ട് കാതോലിക്കാബാവാ ആമുഖ സന്ദേശം അവസാനിപ്പിച്ചു. പരിശുദ്ധ ദൈവമാതാ വിന്റെ സംരക്ഷണയിലും മദ്ധ്യസ്ഥതയിലും സുന്നഹദോസിനെ ഭരമേല്പിച്ചുകൊണ്ട് സുന്നഹദോസ് ആരംഭിച്ചതായി അത്യഭിവന്ദ്യ കാതോലിക്കാബാവാ പ്രഖ്യാപിച്ചു.

**വിഷയാനുക്രമണികയുടെ അവതരണം**

പരി. സുന്നഹദോസ് പ്രസിഡന്റ് അത്യഭിവന്ദ്യ കാതോലിക്കാബാവാ വിഷയാ നുക്രമണിക അവതരിപ്പിച്ചു.

1. പ്രാർത്ഥന.
2. കാതോലിക്കാബാവായുടെ ഉദ്ഘാടനപ്രസംഗം.
3. വിഷയാനുക്രമണികയുടെ അവതരണം.
4. കാതോലിക്കാദിന സംഭാവനയുടെ സമർപ്പണം.
5. പതിനാറാമത് പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുനഹദോസിന്റെ റിപ്പോർട്ട്.
6. മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ സന്ന്യാസ സമൂഹങ്ങളുടെ മേജർ സുപ്പീര്യേഴ്സും അവരുടെ ടീം അംഗങ്ങളുമായുള്ള കൂടിക്കാഴ്ച.

7. 2015-ലെ പൊതുപരിപാടികൾ- ജൂലൈ 15, സെപ്റ്റംബർ 20.
8. സുന്നഹദോസ് കമ്മീഷനുകൾ - കമ്മറ്റികൾ തയ്യാറാക്കിയ മാർഗ്ഗരേഖ.
9. വൈദീക പരിശീലനത്തിനു വേണ്ടിയുള്ള രേഖ.
10. യുവജനങ്ങൾക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ - ഭദ്രാസന ഡയറക്ടറന്മാരുടെ എം.സി.വൈ.എം പ്രവർത്തനങ്ങളിലുള്ള പങ്ക്. കെ.സി.വൈ.എം പ്രവർത്തനങ്ങളിൽ എം.സി.വൈ.എം.ന്റെ പങ്കാളിത്തം.
11. ബനഡിക്ട്മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ജന്മശതാബ്ദി ആഘോഷം.
12. രഹസ്യ സ്വഭാവമുള്ള കാര്യങ്ങൾ.
13. പ്രസിഡന്റിന്റെ സമ്മതത്തോടെ മറ്റ് പ്രസക്തവിഷയങ്ങൾ.

ഇവയോട് സുന്നഹദോസ് പിതാക്കന്മാർ താഴെപറയുന്ന വിഷയങ്ങൾ കൂട്ടിചേർത്തു

1. മലങ്കര മേജർസെമിനാരിയെ സംബന്ധിച്ച കാര്യങ്ങൾ.
2. സെമിനാരി സ്റ്റാഫുമായുള്ള കൂടികാഴ്ച.
3. വിശ്വാസ പരിശീലനത്തിനുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷനുമായി ബന്ധപ്പെട്ട വിഷയങ്ങൾ.
4. സുവിശേഷസംഘം.
5. ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ നാമകരണ നടപടികളുടെ പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട്.
6. ഇന്ത്യയിലെ രാഷ്ട്രീയ സാഹചര്യങ്ങളോടുള്ള മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രതികരണം.
7. അടുത്തുവരുന്ന റോമൻ സിനഡ്.
8. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രത്യേക നിയമസംഹിതകളിലെ (CPCSMCC) ചില കാനോനകളുടെ ഭേദഗതി.

അജണ്ടായിലെ അടുത്തത് കാതോലിക്കാദിന സ്തോത്രകാഴ്ച കാതോലിക്കാ ബാവായ്ക്ക് സമർപ്പിക്കുന്നതായിരുന്നു. അതാത് സ്ഥലത്തുനിന്നും സമാഹരിച്ച സ്തോത്രകാഴ്ച ഭദ്രാസനാദ്ധ്യക്ഷന്മാരും ഇ.ടി.ആർ.ഐ. അപ്പസ്തോലിക വിസിറ്ററും കാതോലിക്കാബാവായെ ഏല്പിച്ചു. തുടർന്നുള്ള ദിവസം, യു.എസ്.എ എക്സാർക്കേറ്റിൽ നിന്നുള്ള സ്തോത്രകാഴ്ച അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് തിരുമേനി കാതോലിക്കാബാവായെ ഏല്പിച്ചു.

### പതിനാറാം സാധാരണ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ റിപ്പോർട്ടവതരണം

പതിനാറാം സാധാരണ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ റിപ്പോർട്ട് വായിച്ചു. ഏതാനും തിരുത്തലുകളും കൃത്യതകുറവും ചൂണ്ടിക്കാണിക്കുകയും തിരുത്തുകയും ചെയ്തു. അഭിവന്ദ്യ യൂഹനോൻ മാർ ക്രിസോസ്റ്റം തിരുമേനി റിപ്പോർട്ട് പാസാക്കാമെന്ന് നിർദ്ദേശിച്ചു. അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി പ്രസ്തുത നിർദ്ദേശത്തെ പിൻതാങ്ങി. എല്ലാവരും കയ്യടിച്ച് റിപ്പോർട്ട് പാസാക്കി.

## പര്യാലോചനകൾ

### സന്യാസസമൂഹങ്ങളുടെ മേജർ സുപ്പിര്യേഴ്സുമായുള്ള കൂടിക്കാഴ്ച

സന്യാസസമൂഹങ്ങളുടെ മേജർ സുപ്പീര്യേഴ്സുമായുള്ള മീറ്റിംഗിന്റെ പ്രവർത്തന രീതികളെക്കുറിച്ച് ചർച്ചചെയ്തു. വിശാലമായ പങ്കാളിത്വത്തിനുവേണ്ടി ഒ.ഐ.സി, എസ്. ഐ.സി., ഡി.എം. എന്നീ സന്യാസ സമൂഹങ്ങളുടെ സുപ്പീരിയർ ജനറൽമാരേയും അവരുടെ ടീം അംഗങ്ങളെയും, പ്രോവിൻഷ്യൽ സുപ്പീരിയേഴ്സിനേയും അവരുടെ ടീം അംഗങ്ങളേയും ക്ഷണിച്ചിട്ടുണ്ടെന്ന് സുന്നഹദോസിനെ അറിയിച്ചു. അവരെകൂടാതെ, കുരിശുമല ആശ്രമത്തിന്റെ ആബട്ട്, ഫ്രാൻസിസ്കൻ ബ്രദേഴ്സിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ, മൗണ്ട് താബോർ സമൂഹത്തിന്റെ സുപ്പീരിയർ, ഹോളിസ്പിരിറ്റ് സമൂഹത്തിന്റെ ലീഡർ എന്നിവരേയും ക്ഷണിച്ചു. ആബട്ട്, സുപ്പീരിയർ ജനറൽമാർ അല്ലെങ്കിൽ അവരുടെ പ്രതിനിധികൾ എന്നിവരുമൊത്തുള്ള അവസാനത്തെ  മീറ്റിംഗിന്റെ റിപ്പോർട്ട് അവർക്ക് അയച്ചുകൊടുത്തു.

കാതോലിക്കേറ്റ് സെന്ററിലെ പാത്രിയർക്കീസ് മൂസാ ദാവൂദ് ഹാളിലാണ് മീറ്റിംഗ് ക്രമീകരിച്ചത്. 9 മണിക്ക് മീറ്റിംഗ് ആരംഭിച്ചു. 10.30 ന്റെ കാപ്പികുടിക്കായുള്ള ഇടവേളയോടുകൂടി മീറ്റിംഗിന് രണ്ട് സെഷനുകളുണ്ടായിരുന്നു. ക്ഷണിക്കപ്പെട്ടവരിൽ 88 പേർ പങ്കെടുത്തു.

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ ബസേലിയോസ് കർദിനാൾ ക്ലീമീസ് ബാവാ എല്ലാവരേയും മീറ്റിംഗിലേയ്ക്ക് സ്വാഗതം ചെയ്തു.

**വിഷയാനുക്രമണിക:**

1. നവസുവിശേഷവത്കരണത്തിന്റെ ഈ കാലഘട്ടത്തിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ അപ്പസ്തോലിക പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള നവമാർഗങ്ങളും ഉപാധികളും നിർദ്ദേശിക്കുക.
2. മലങ്കര സുറിയാനി കത്തോലിക്കാസഭ പരിഗണിക്കേണ്ട, സന്യാസസമൂഹങ്ങളുടെ പ്രശ്നങ്ങളും ആകുലതകളും പങ്കുവയ്ക്കുക.
3. പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ നിർദ്ദേശിച്ചിട്ടുള്ള ജീവിതശൈലിയും ആദ്ധ്യാത്മികതയും ജീവിക്കുവാൻ മലങ്കര സുറിയാനി കത്തോലിക്കസഭയിലെ സമർപ്പിത സമൂഹങ്ങൾക്ക് സ്വീകരിക്കാവുന്ന മാർഗങ്ങളും ഉപാധികളും നിർദ്ദേശിക്കുക.

സന്യാസ സമൂഹാംഗങ്ങൾക്ക് അവരുടെ ചിന്തകൾ പങ്കുവയ്ക്കുന്നതിനും സുന്നഹദോസ് പിതാക്കന്മാരുമായി സംഭാഷണം നടത്തുന്നതിനും മീറ്റിംഗ് സഹായകമായി. എല്ലാവരും ഈ മീറ്റിംഗിൽ സന്തുഷ്ടി പ്രകടിപ്പിക്കുകയും ഭാവിയിലും ഇത്തരം പങ്കുവയ്ക്കൽ ഉണ്ടാകണമെന്ന പ്രതീക്ഷ പ്രകടിപ്പിക്കുകയും ചെയ്തു. മീറ്റിംഗിന്റെ റിപ്പോർട്ട് അനുബന്ധമായി തയ്യാറാക്കിയിട്ടുണ്ട്.

### 2015–ലെ മാർ ഈവാനിയോസ് ദിനം

നമ്മുടെ സഭയുടെ വിവിധ കേന്ദ്രങ്ങളിൽനിന്ന് ദൈവദാസന്റെ കബറിടത്തിലേയ്ക്ക് നടത്തുന്ന പദയാത്രയുടെ ആത്മീയ അന്തരീക്ഷത്തെ സുന്നഹദോസ് പിതാ

ക്കന്മാർ പൊതുവായി ശ്ലാഘിച്ചു. പദയാത്രയുടെ തലേദിവസം പദയാത്രികർക്ക് പ്രാർത്ഥനയിലും ധ്യാനത്തിലും ചിലവഴിക്കാൻ ആവശ്യമായ സജ്ജീകരണങ്ങൾ ഭദ്രാസനം ക്രമീകരിക്കാമെന്ന് പത്തനംതിട്ട ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിനോട് പറഞ്ഞു.

പെരുനാട്ടിൽനിന്നുള്ള പദയാത്രയുടെ രണ്ടാം ദിവസം വഴിമാറ്റി ക്രമീകരിക്കണമെന്ന് നിർദ്ദേശമുണ്ടായി. പത്തനംതിട്ടയിൽ നിന്ന് കൈപ്പട്ടൂർ-ചന്ദനപ്പള്ളി-കൊടുമൺ-അടൂർ-പുതുശ്ശേരിഭാഗത്തൂടെയുള്ള വഴി നിർദ്ദേശിച്ചു. ആനന്ദപ്പള്ളിയിൽനിന്നും തട്ടയിൽനിന്നുമുള്ള പദയാത്രികർക്ക് അടൂരിൽ ഒന്നിച്ചുചേരാവുന്നതാണ്. പ്രസ്തുത നിർദ്ദേശത്തിന്റെ അന്തിമ തീരുമാനം പദയാത്ര ആരംഭിച്ച് കടന്നുപോകുന്ന ഭദ്രാസനത്തിന്റെ അദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനിക്ക് പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് വിട്ടുകൊടുത്തു. ഇടവകകളുടെ വൈകാരികത ഇക്കാര്യത്തിൽ പരിഗണിക്കണമെന്ന് അഭിപ്രായപ്പെട്ടു.

പദയാത്രികരുടെ പെരുമാറ്റം പ്രകൃതിസൗഹാർദപരമായിരിക്കുകയും പദയാത്ര കടന്നുപോകുന്ന റോഡുകളിലും അനുബന്ധപ്രദേശങ്ങളിലും ചപ്പുചവറുകൾ വാരിവിതറാതിരിക്കുകയും ചെയ്യണം. നേതൃത്വം നൽകുന്നവർ ഇക്കാര്യം ശ്രദ്ധിക്കണം. പദയാത്ര ഒരു ദൈവാലയത്തിൽ എത്തിച്ചേരുമ്പോൾ ധൂപപ്രാർത്ഥനയോടുകൂടി അതാതു യാമങ്ങളിലെ (പ്രഭാതം, ഉച്ച, സന്ധ്യ) പ്രാർത്ഥനകളും നടത്തണം.

**2015-ലെ പുനരൈക്യദിനവും സഭാസംഗമവും**

സഭയിലെ പൊതുആഘോഷങ്ങളുടെ ചുമതലവഹിക്കുന്ന മെത്രാൻ അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് പിതാവ് 2015-ലെ പുനരൈക്യദിനവും സഭാസംഗമവും ആസൂത്രണം ചെയ്യാൻ തിരുവല്ലാ അതിഭദ്രാസനത്തിൽ നടന്ന മീറ്റിംഗിന്റെ റിപ്പോർട്ട് വായിച്ചു. അദ്ദേഹം എടുത്തുപറഞ്ഞ പ്രധാനപ്പെട്ട കാര്യങ്ങൾ താഴെപറയുന്നവയാണ്.

- സഭാസംഗമത്തെ വിഭാവനം ചെയ്യുന്നത് "ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകുവാനും അത് സമൃദ്ധമായുണ്ടാകുവാനുമാണ്" (യോഹ 10:10) എന്ന ആശയം കേന്ദ്രീകരിച്ചാണ് .
- കഴിഞ്ഞ 85 വർഷമായി സഭ ദൈവത്തിൽനിന്നു സ്വീകരിച്ച അനുഗ്രഹങ്ങൾ പാവങ്ങളും പാർശ്വവല്ക്കരിക്കപ്പെട്ടവരുമായി പങ്കുവയ്ക്കുവാനായി തിരുവല്ലാ അതിഭദ്രാസനം വിവിധ പരിപാടികൾ ആസൂത്രണം ചെയ്യുന്നു:
  - o 85 ഹൃദയ ശസ്ത്രക്രിയ (85 വർഷത്തെ പുനരൈക്യ സഭാജീവിതത്തിന്റെ ഓർമ്മയാചരണത്തിനായി).
  - o 3000 ഡയാലിസിസ് (കാലംചെയ്തപിതാക്കന്മാരുടെ ബഹുമാനാർത്ഥം).
  - o ഭവനരഹിതരായ 10 പേർക്ക് വീട്.
  - o 10 പെൺകുട്ടികൾക്ക് വിവാഹ സഹായം.
  - o അവയവദാന സംരംഭം - അവയവം ദാനം ചെയ്യാമെന്ന സന്നദ്ധത അറിയിച്ചുകൊണ്ട് 1 ലക്ഷം ആൾക്കാരിൽനിന്നും സമ്മതപത്രം സ്വീകരിച്ച് കേരളാ മുഖ്യമന്ത്രിക്കു കൈമാറുന്നതിന്.

- ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെയും മാർ തിയോഫിലോസ് പിതാവിന്റെയും പുനരൈക്യപ്രസ്ഥാനത്തിന്റെ ആരംഭ ഘട്ടത്തിലുണ്ടായിരുന്ന മറ്റുള്ളവരുടെയും ജീവിതം ഓർമ്മിക്കുന്നതിനായി മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പിള്ളത്തൊട്ടിലായ തിരുമൂലപുരത്ത് - തിരുവല്ല ഒരു സ്മൃതി മണ്ഡപം നിർമ്മിക്കുക.
- തിരുവല്ലാ അതിഭദ്രാസനത്തിലെ ഇടവകകളുടേയും മുഴുവൻ കുടുംബങ്ങളുടേയും ആത്മീയ ഒരുക്കത്തിനും നവീകരണത്തിനുമായി 75 പേരടങ്ങുന്ന ഒരു ടീമിന് പരിശീലനം നൽകുകയും രൂപീകരിക്കുകയും ഓരോ കുടുംബവും സന്ദർശിച്ച് ദൈവവചനവും ഓർമ്മയാചരണങ്ങളുടെ ചൈതന്യവും പങ്കുവയ്ക്കുവാൻ അയയ്ക്കുകയും ചെയ്തു. ഒരു പ്രാർത്ഥന തയ്യാറാക്കി വിതരണം ചെയ്തു.
- പരമ്പരാഗതമായ പ്രേഷിതറാലിക്കുപകരം പെരുന്നാൾറാസ പോലെയുള്ള ഒരു ഘോഷയാത്ര നടത്തുക.

പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിലെ ചർച്ചകളുടെ വെളിച്ചത്തിൽ, തിരുവല്ലായിൽ നടന്ന മീറ്റിംഗിൽ നിർദ്ദേശിച്ച താഴെപറയുന്ന പരിപാടികൾ സ്ഥിരീകരിച്ചു. സ്ഥിരീകരണം നൽകുന്നതിൽ മീറ്റിംഗിൽ നല്കപ്പെട്ട അവലോകനങ്ങളും സുന്നഹദോസ് പിതാക്കന്മാർ പരിഗണിച്ചു. പെരുനാൾറാസപോലുള്ള ഒരു ഘോഷയാത്ര നടത്തണമെന്ന നിർദേശത്തെ ശ്ലാഘിച്ചു.

കൃത്യമായ ആസൂത്രണത്തിന് പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് താഴെപ്പറയുന്ന പൊതുസമ്മതത്തിലെത്തി.

**2015, സെപ്റ്റംബർ 19**

*സായാഹ്നം*

- ഛായചിത്രം, പതാക, ദീപശിഖാ പ്രയാണം പതിവുപോലെ ഉണ്ടായിരിക്കുന്നതാണ്. ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ ജന്മശതാബ്ദിവർഷമായതിനാൽ പിതാവിന്റെ ഛായചിത്രം ഉൾപ്പെടുത്താൻ നിർദ്ദേശിച്ചു. തിരുമൂലപുരം പള്ളിയിൽ കബറടക്കിയിരിക്കുന്ന മാർ ദിയോസ്കോറോസ് പിതാവിന്റെ ഛായാചിത്രംകൂടി വിളംബര റാലിയിൽ ഉൾപ്പെടുത്തുവാൻ നിർദ്ദേശിച്ചു.
- കത്തിഡ്രൽവളപ്പിൽ അവ സംഗമിക്കുകയും സമാപനമായി വിളംബരറാലി സംഘടിപ്പിക്കുകയും ചെയ്യും.
- എം.സി.വൈ.എം. ക്വിസ്

**2015, സെപ്റ്റംബർ 20**

- പ്രധാന പന്തലിൽ പൊതു സമൂഹബലി.
- വ്യത്യസ്ത വേദികളിൽ എം.സി.എ., എം.സി.വൈ.എം, എം.സി.സി.എൽ. സെമിനാറുകൾ.
- ഉച്ചയ്ക്ക് ശേഷം - സന്യാസ സമ്മേളനം. ഹിന്ദു, ഓർത്തഡോക്സ്, കത്തോലിക്കാപ്രസംഗകരുടെ പ്രബോധനം ഉൾപ്പെടുത്തി എക്യൂമെനിക്കൽ മീറ്റിംഗ് ഉണ്ടായിരിക്കും.

- o സായാഹ്നം – സുവിശേഷസന്ധ്യ.
- o സന്യാസസമ്മേളനത്തിലും സുവിശേഷസന്ധ്യയിലും പങ്കെടുത്തവർ, മലങ്കരയിൽ സ്ത്രീ സന്യാസത്തിന്റെ പിള്ളത്തൊട്ടിലായ തിരുമൂലപുരം ബഥനി കോൺവന്റി ലേയ്ക്ക് മെഴുകുതിരി പ്രദക്ഷിണമായി പോകും.

**2015, സെപ്റ്റംബർ 21**

- o 8.00 am – മെത്രാന്മാർക്ക് ആരാധനാപരമായ സ്വീകരണം, പ്രഭാതപ്രാർത്ഥന.
- o 8.30 am -വിശുദ്ധ കുർബാന .
- o 11.30 am - പൊതുസമ്മേളനം – കാതോലിക്കാബാവ സഭയെ അഭിസംബോധന ചെയ്യുന്നു. കേരളമുഖ്യമന്ത്രിയെ മീറ്റിംഗിലേയ്ക്ക് ക്ഷണിക്കുന്നതാണ്. 1 ഒരു ലക്ഷം ആളുകളിൽ നിന്നും സ്വീകരിച്ച അവയവദാനസമ്മതപത്രം കേരളാ മുഖ്യ മന്ത്രിക്കു നല്കും. അവയവദാനത്തെകുറിച്ച് സംസാരിക്കാനായി കിഡ്നി ഫൗണ്ടേ ഷന്റെ ചെയർമാൻ റവ. ഫാദർ ഡേവീസ് ചിറമേലിനെ ക്ഷണിക്കുന്നതാണ്.
- ∅ 12.30 pm - ഉച്ചഭക്ഷണം.
- ∅ 01.30 pm – സെന്റ് ജോൺസ് കത്തീഡ്രലിലേയ്ക്ക് റാസ.

ആഘോഷങ്ങളിലേയ്ക്ക് ക്ഷണിക്കേണ്ട പ്രമുഖവ്യക്തികളെ ഇനിയും തീരു മാനിക്കേണ്ടതുണ്ട്.

**സെന്റ് മേരീസ് മലങ്കര മേജർ സെമിനാരി**

സെന്റ് മേരീസ് മലങ്കര മേജർ സെമിനാരി സന്ദർശത്തിനും സ്റ്റാഫുമായുള്ള കൂടികാഴ്ചയ്ക്കുമായി ക്രമീകരിച്ചിരുന്നത് ഫെബ്രുവരി 25 ബുധനാഴ്ച വൈകിട്ട് 6 മണിക്ക് ആയിരുന്നു. ഇത് കണക്കിലെടുത്ത് വിഷയാനുക്രമണികയിൽനിന്നും "സെന്റ് മേരീസ് മലങ്കര മേജർ സെമിനാരി" എന്നവിഷയം വിഷയാനുക്രമത്തിൽ നിന്ന് പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് പരിഗണനയ്ക്കെടുത്തു.

ഈ വർഷം തത്ത്വശാസ്ത്ര വിഭാഗം അവസാനിക്കുക്കയാണ്. സെമിനാരി കെട്ടി ടങ്ങളിലെ ഫിലോസഫി ബ്ലോക്കും ഒഴിവു വരികയാണ്. ഈ ബ്ലോക്കുകൾക്ക് കാര്യ മായ അറ്റകുറ്റപണി ആവശ്യമുണ്ട്.

ഫിലോസഫി ബ്ലോക്കുകൾ നമുക്ക് എങ്ങനെ പ്രയോജനപ്പെടുത്താം? പല സമയങ്ങളിലായി അല്മായരും സന്യസ്തരും വൈദികരും ഉയർത്തിയ നിർദ്ദേശ ങ്ങളുടെയും ആവശ്യങ്ങളുടെയും വെളിച്ചത്തിൽ പരി. സുന്നഹദോസ് ഈ ചോദ്യം പരിഗണിച്ചു. അല്മായരെ സംബന്ധിച്ച്, അല്മായ നേതാക്കൾക്ക് ഒരു അടിസ്ഥാന ദൈവശാസ്ത്രപഠനം നല്കേണ്ട ആവശ്യകതയുണ്ട്; സഭാപരവും ദൈവശാസ്ത്ര പരവും അജപാലനപരവുമായ പരിശീലനം നല്കുവാൻ ഒരു പൊതു സ്ഥാപന ത്തിന്റെ ആവശ്യകത സന്ന്യസ്തർ നിർദേശിച്ചു; വൈദീകർക്ക് തുടർ പരിശീലന ത്തിന് ഒരു സെന്റർ ആവശ്യമാണ്; സുവിശേഷ സംഘത്തിന്റെ അംഗങ്ങളുടെ പരി ശീലനത്തിനും തുടർപരിശീലനത്തിനും ഒരു സെന്റർ ആവശ്യമാണ്. ഇവയെല്ലാം പരിഗണിച്ച്, സെമിനാരിയുടെ അച്ചടക്കത്തെ ബാധിക്കാതെ ഒരു തിയോളജി ക്കൽ–മിസ്സിയോളജിക്കൽ സ്പിരിചാലിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഫിലോസഫി ബ്ളോക്കിൽ സ്ഥാപിക്കാൻ സാധിക്കണമെന്ന് സുന്നഹദോസ് പിതാക്കന്മാർ അഭിപ്രായപ്പെട്ടു.

അങ്ങനെയാണെങ്കിൽ, സുവിശേഷവല്ക്കരണത്തിനുവേണ്ടിയുള്ള സുനഹദോസ് കമ്മീഷൻ വർക്കിംഗ് സെക്രട്ടറിയും സുവിശേഷസംഘം ഡയറക്ടറുമായ ബ. ആന്റണി കാക്കനാട്ടച്ചനെ നിർദ്ദിഷ്ട ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറായി നിയമിക്കാമെന്നും നിർദ്ദേശിച്ചു. സ്ഥാപനത്തിനായി ഒരു ദാർശനിക രേഖ (vision statement) തയ്യാറാക്കാനായി അഭിവന്ദ്യ ഏബ്രഹാം മാർ ജൂലിയോസ് പിതാവിനോടും സ്ഥാപനത്തിന്റെ നിയമാവലി ക്രോഡീകരിക്കുവാനായി അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് പിതാവിനോടും ആവശ്യപ്പെട്ടു.

ദൈവശാസ്ത്ര വിഭാഗത്തിനു ആവശ്യമായ സ്റ്റാഫിന്റെ എണ്ണത്തിലുള്ള അപര്യാപ്തത, പ്രത്യേകിച്ച് പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തിനായി അപേക്ഷ നല്കിയിരിക്കുന്ന സാഹചര്യത്തിൽ, പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ പരിഗണനയിൽ വന്നു. ധാർമ്മിക ദൈവശാസ്ത്ര (Moral Theology) വിഭാഗത്തിന് ഒരു റസിഡന്റ് സ്റ്റാഫിന്റെ ആവശ്യമുണ്ട്. ഈ സാഹചര്യത്തിൽ, സെമിനാരി സ്റ്റാഫായി നേരത്തെ സേവനം അനുഷ്ടിച്ചിരുന്ന അഭിവന്ദ്യ ഫീലിപ്പോസ് മാർ സ്തേഫാനോസ് പിതാവിനും അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് പിതാവിനും ദൈവശാസ്ത്ര വിഭാഗത്തിന് നല്കാൻ സാധിക്കുന്ന സംഭാവനകൾ പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് പരിഗണിച്ചു.

സെമിനാരിയിൽനിന്ന് സ്ഥലംമാറി തിരുവല്ല അതിഭദ്രാസനത്തിൽ പുതിയ അജപാലന ഉത്തരവാദിത്വം നൽകിയ ബഹു. ഐസക് പറപ്പള്ളിലച്ചന് പകരം ആരാധനക്രമത്തിൽ പാണ്ഡിത്യമുള്ള മറ്റൊരാളെ സെമിനാരിക്ക് ആവശ്യമുണ്ടെന്നുള്ള കാര്യം പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് കണക്കിലെടുത്തു. മാർത്താണ്ഡത്തു നിന്നും തത്വശാസ്ത്ര വിഭാഗത്തിൽ സേവനം അനുഷ്ഠിച്ചുവന്നിരുന്ന ബ. മരിയാദാസൻ അച്ചൻ സേവനം പൂർത്തിയാക്കി മാർത്താണ്ഡം ഭദ്രാസനത്തിൽ പുതിയ അജപാലനദൗത്യം പ്രതീക്ഷിച്ചിരിക്കയാണ്. അദ്ദേഹത്തോട് തുടരാൻ ആവശ്യപ്പെടാമോയെന്ന് സുന്നഹദോസ് പരിഗണിച്ചു.

ലഭ്യമായ അറിവുകളുടെ അടിസ്ഥാനത്തിൽ, സെമിനാരിയിലെ അദ്ധ്യാത്മീക പരിശീലനവും അദ്ധ്യാത്മിക ഗുരുക്കന്മാരുടെ പങ്കും എന്ന വിഷയം വിശകലനത്തിനും വിലയിരുത്തലിനുമായി വന്നു. ആത്മീയ നിർദ്ദേശത്തിന്റെ (spiritual direction)ആവശ്യകതയെക്കുറിച്ച് വിദ്യാർത്ഥികൾക്ക് ആഴമേറിയ ബോധ്യമില്ലാത്ത സാഹചര്യത്തിൽ ആത്മീയ പരിശീലനത്തിൽ അനുഗമിക്കലിന്റെ ആവശ്യകത (need of accompaniment) ഊന്നിപ്പറഞ്ഞു.

നമ്മുടെ വിദ്യാർത്ഥികളെ തത്വശാസ്ത്രപഠനത്തിനായി അയയ്ക്കുമ്പോൾ അഡ്മിഷനുവേണ്ടിയുള്ള അടിസ്ഥാന യോഗ്യതയായി ബിരുദം (bachelor degree) ചില സെമിനാരികൾ ആവശ്യപ്പെടുന്നു. ഈ സാഹചര്യത്തിൽ നാം എന്താണ് ചെയ്യേണ്ടത്? തുടർന്നു നടന്ന ചർച്ചകളിൽ +2 വിദ്യാർത്ഥികളെ തത്വശാസ്ത്ര പഠനത്തിനായി അയയ്ക്കാൻ സാധിക്കുന്നില്ലെങ്കിൽ, മറ്റ് പോംവഴികളും നയങ്ങളെയുംപറ്റി നാം ചിന്തിക്കണമെന്ന് തീരുമാനിച്ചു.

**സെമിനാരി സന്ദർശനം**

വൈകിട്ട് 6 മണിക്ക് സെമിനാരി സന്ദർശനം ആരംഭിച്ചു. സെമിനാരിയിലെ

സന്ധ്യാപ്രാർത്ഥനയിൽ സുന്നഹദോസ് പിതാക്കന്മാർ പങ്കുചേർന്നു. സന്ധ്യാപ്രാർത്ഥനയുടെ അവസാനത്തിൽ സഭയുടെ തലവനും പിതാവും, സുന്നഹദോസ് പ്രസിഡന്റുമായ അത്യഭിവന്ദ്യ ബസേലിയോസ് കർദിനാൾ ക്ലീമീസ് കാതോലിക്കാബാവാ മറ്റ് സുന്നഹദോസ് പിതാക്കന്മാരോടുചേർന്ന് സെമിനാരി വിദ്യാർത്ഥികൾക്കും സ്റ്റാഫിനും അപ്പസ്തോലിക ആശീർവാദം നല്കി.

സ്റ്റാഫുമൊത്തുള്ള മീറ്റിംഗ് സെമിനാരിയുടെ ലൈബ്രറി ഹാളിൽ ആരംഭിച്ചു വൈകുന്നേരം 6.45-ന് എല്ലാ റസിഡന്റ് സ്റ്റാഫംഗങ്ങളും സന്നിഹിതരായിരുന്നു. സെമിനാരിയിലേയ്ക്കും മീറ്റിംഗിലേയ്ക്കും കാതോലിക്കാബാവായേയും മറ്റു സുന്നഹദോസ് പിതാക്കന്മാരേയും സെമിനാരിയുടെ റക്ടർ ബഹു. ദാനിയേൽ മാണികുളത്തച്ചൻ സ്വാഗതം ചെയ്യുകയും സെമിനാരിയോടുള്ള കരുതലിന് പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന് നന്ദിപറയുകയും ചെയ്തു.

സെന്റ് മേരീസ് മലങ്കര സെമിനാരി കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ഏബ്രഹാം മാർ യൂലിയോസ് തിരുമേനിയോട് മീറ്റിംഗിന് ഒരാമുഖം നൽകാൻ ആവശ്യപ്പെട്ടു. എല്ലാവരേയും മീറ്റിംഗിലേയ്ക്ക് സ്വാഗതംചെയ്തുകൊണ്ട് അദ്ദേഹം താഴെപ്പറയുന്ന കാര്യങ്ങൾ എടുത്തുപറഞ്ഞു.

- നമ്മുടെ സഭയിലെ വൈദീക പരിശീലനത്തിൽ പരിശുദ്ധ സുന്നഹദോസിനുള്ള ഔത്സുക്യത്തിന്റെ അടയാളമാണ് ഈ മീറ്റിംഗ്.
- സെമിനാരിയോട് അഭംഗുരമായ അർപ്പണബോധമുള്ള അദ്ധ്യാപകർ സഭയോടും സമർപ്പണമുള്ളവരാണ്.
- അച്ചടക്കമുള്ള സ്റ്റാഫ് സെമിനാരിയിലും വിദ്യാർത്ഥികളിലും അച്ചടക്കം പകർന്നു കൊടുക്കും.
- യോഗ്യതയുള്ള സ്റ്റാഫിന്റെ അഭാവം സെമിനാരിയെ ബാധിക്കും
- സാമ്പത്തിക കുറവ് സെമിനാരി ലൈബ്രറിയുടെ പ്രവർത്തനത്തെയും ബാധിക്കുന്നു.
- സമൂഹം ചെറുതായിരിക്കുമ്പോൾ നിലവാരമുള്ള പരിശീലനം ഉറപ്പുവരുത്താൻ സാധിക്കും.
- ബഹു. സിസ്റ്റേഴ്സിന്റെയും ഡൊമസ്റ്റിക്ക് സ്റ്റാഫിന്റെയും നിസ്തുലസേവനം സെമിനാരിയുടെ ഉദ്ദേശവും ലക്ഷ്യവും കൈവരിക്കാൻ ഏറെ സഹായിക്കുന്നു.
- വിദ്യാർത്ഥികൾ എണ്ണം താഴുകയും സബ്സിഡി കുറയുകയും റബർകൃഷിയും ക്ഷീരവ്യവസായം മുതലായവ നഷ്ടത്തിലാവുകയും ചെയ്തുത കാരണം സാമ്പത്തിക സ്രോതസുകളിൽ കുറവുണ്ടാക്കിയിരിക്കുന്നു.
- റെക്ടർ സ്വപ്രയത്നത്താൽ സെമിനാരിക്കുവേണ്ടി 30 ലക്ഷം രൂപ സമാഹരിച്ചു.

സ്റ്റാഫിന് സ്വാഗതം ആശംസിച്ചുകൊണ്ടും സെമിനാരിയിലെ അവരുടെ സമർപ്പിത സേവനത്തെ പ്രശംസിച്ചുകൊണ്ടും അത്യഭിവന്ദ്യ കാതോലിക്കാബാവാ മീറ്റിംഗിനെ അഭിസംബോധന ചെയ്തു. സെമിനാരി ജീവിതത്തെക്കുറിച്ച് അർത്ഥവത്തായ ഒരുപങ്കുവയ്ക്കലിനായി കാതോലിക്കാബാവാ ഏവരേയും ക്ഷണിച്ചു.

സ്റ്റാഫിന്റെ പങ്കുവയ്ക്കലിൽ നിന്ന് താഴെപ്പറയുന്ന കാര്യങ്ങൾ ഉരുത്തിരിഞ്ഞു വന്നു:

- ബ. മരിയദാസൻ അച്ചനേയും ബ. ഐസക് പറപ്പള്ളിയച്ചനേയും മാറ്റിയപ്പോൾ സെമിനാരിയിലെ സ്റ്റാഫിലുണ്ടായ സാഹചര്യവും ശക്തിയും.
- അദ്ധ്യാപകരുടെ കുറവുണ്ട്. ധാർമ്മിക ദൈവശാസ്ത്ര വിഭാഗത്തിൽ ഒരു റസിഡന്റ് സ്റ്റാഫിന്റെ ആവശ്യമുണ്ട്. സെമിനാരി സ്റ്റാഫിൽനിന്നും വിടുതൽ നൽകിയ ബ. മഠത്തികുന്നത്തച്ചന്റെ സ്ഥാനത്തേയ്ക്ക് ആരേയും നിയമിച്ചിട്ടില്ല.
- ബഹു. സിസ്റ്റേഴ്സിന്റെ സേവനം പര്യാപ്തമാകുന്നില്ല.
- വിദ്യാർത്ഥികളുടെ അജപാലനപരിശീലനം ഞായറാഴ്ചത്തേയ്ക്കുമാത്രമായി ക്ലിപ്തപ്പെടുത്തുന്നത് വലുതായിട്ട് പ്രയോജനം ചെയ്യില്ല.
- അച്ചടക്കത്തിന്റെ കുറവുകൊണ്ട് രണ്ട് വിദ്യാർത്ഥികളെ പുറത്താക്കിയെങ്കിലും പൊതുഅച്ചടക്കത്തിന്റെ കാര്യത്തിൽ നന്നായി പോകുന്നു എന്ന അഭിപ്രായമാണുള്ളത്.
- തത്വശാസ്ത്ര വിഭാഗം നിർത്തലാക്കിയതുകൊണ്ട് പ്രസ്തുത കെട്ടിട സമുച്ചയം അറ്റകുറ്റപണിചെയ്ത് അർത്ഥവത്തായി ഉപയോഗിക്കണം.
- ദൈവശാസ്ത്ര വിഭാഗത്തിലെ അടുത്ത ബാച്ചുകളിൽ ശരാശരി 30 വിദ്യർത്ഥികൾ ഉണ്ടാകും.
- പണത്തിന്റെ അഭാവം ലൈബ്രറിയെ ബാധിച്ചിട്ടുണ്ട്.
- വിദ്യർത്ഥികളുടെ ആത്മീയ നിർദേശങ്ങളോടുള്ള മനോഭാവം ക്രിയാത്മകമാകണം.
- വിദ്യാർത്ഥികൾക്ക് ഒരു കൗൺസലറിന്റെ ആവശ്യമുണ്ട്.

റവ. ഫാ. എസ്. വർഗീസ് സെമിനാരിയുടെ കണക്ക് അവതരിപ്പിച്ചു. വിവിധ ഇനത്തിൽ ചിലവാക്കിയ തുക അദ്ദേഹം വിശദീകരിച്ചു.

"Marriage and Family in Biblical Perspective" എന്ന പേരിൽ ഒരു ബുക്ക് പ്രസിദ്ധീകരിച്ച സ്റ്റാഫംഗങ്ങളിൽ ഒരാളായ റവ. ഫാദർ ഫിലിപ്പ് ചെമ്പകശ്ശേരിയെ അഭിനന്ദിച്ചു.

ചില പിതാക്കന്മാർ താഴെപ്പറയുന്ന കാര്യങ്ങൾ പങ്കുവച്ചു:

സെമിനാരിയിൽനിന്ന് വിജയിച്ച് പുറത്തുവരുന്ന നവവൈദികർ അജപാലന ശുശ്രൂഷയിൽ ക്രിയാത്മകമായ അടയാളങ്ങൾ വിളംബരം ചെയ്യുന്നു.

മലങ്കര ബൈബിൾ ഓറിയന്റേഷൻ ക്യാമ്പിനുവേണ്ടി സെമിനാരിയിൽനിന്നും തയ്യാറാക്കിയ പുസ്തകം മികച്ചതായിരുന്നു. വിശ്വാസ പരിശീലനത്തിനുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷന് സെമിനാരിയോടുള്ള നന്ദി അറിയിച്ചു.

സമാപനസന്ദേശത്തിൽ, തുറവിയോടും സൗഹൃദപരമായും മീറ്റിംഗ് നടത്തിയതിന് സഭയുടെപേരിൽ കാതോലിക്കാബാവാ എല്ലാവർക്കും നന്ദിയർപ്പിക്കുകയും സ്റ്റാഫിന്റെ സമർപ്പിത ശുശ്രൂഷയെ ശ്ലാഘിക്കുകയും ചെയ്തു. താഴെപ്പറയുന്ന കാര്യങ്ങൾ അത്യഭിവന്ദ്യ കാതോലിക്കാബാവാ ശ്രദ്ധയിൽപ്പെടുത്തി:

- സെമിനാരിയിൽ അദ്ധ്യാപകർ അവരുടെ സ്ഥിരവാസം ഉറപ്പിക്കണം. അതായത്, അവരുടെ ശുശ്രൂഷ ഒരു ആയുഷ്ക്കാല സമർപ്പണമാണെന്ന് അവർക്ക്

അനുഭവവേദ്യമാകണം. അങ്ങനെ സമർപ്പിക്കുമ്പോൾ അത്യാവശ്യത്തിനൊ ആവശ്യകതയിലോ അവർക്ക് സ്ഥലമാറ്റം ലഭിക്കാം; എന്നാൽ സമർപ്പണം ചെയ്തിരിക്കുമ്പോൾ അവർ സ്ഥിരതയുള്ളവരായിരിക്കണം.

- താൽക്കാലിക ക്രമീകരണം ഫലമുളവാക്കില്ല. സ്ഥായിയായ പരിഹാരത്തിനാണ് നാം നോക്കിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട്, സെമിനാരിയിലെ സ്റ്റാഫി ലേയ്ക്ക് പരിശീലിപ്പിക്കാനായി യോഗ്യതയും സമർപ്പണബുദ്ധിയുമുള്ള വിദ്യാർത്ഥികളെ ശുപാർശ ചെയ്യണം.
- നമ്മുടെ വിദ്യാർത്ഥികളുടെ സമൂഹ്യപ്രതിബദ്ധത ഗുണപരമായി വർദ്ധിച്ചിട്ടുണ്ട്; ബഹു. ഐസക് പറപ്പള്ളിൽ അച്ചന്റെയും സെമിനാരിയിലെ മറ്റ് സ്റ്റാഫിന്റെയും നേതൃത്വത്തിന് നന്ദി.
- നിങ്ങളുടെ കേൾവിക്കാർ നിഷേധാത്മകമായി വ്യാഖ്യാനിക്കാൻ സാധ്യതയുള്ള മുൻവിചാരമില്ലാത്ത അഭിപ്രായ പ്രകടനങ്ങളിൽ നിന്ന് ഒഴിഞ്ഞുനില്ക്കുക.
- അഭിവന്ദ്യ യൂലിയോസ് പിതാവിനും സെമിനാരി കമ്മീഷനിലെ മറ്റു പിതാക്ക ന്മാർക്കും, സെമിനാരി റെക്ടർ റവ. ദാനിയേൽ മാണികുളം അച്ചനും സ്റ്റാഫം ഗങ്ങൾക്കും സെമിനാരി ജീവിതത്തിലും അതിന്റെ പ്രവർത്തനങ്ങളിലും ഉൾചേർന്നിരിക്കുന്ന മറ്റെല്ലാവർക്കും പ്രത്യേകം നന്ദി.

പ്രാർത്ഥനയോടുകൂടി രാത്രി 8.15 ന് മീറ്റിംഗ് അവസാനിച്ചു. സെമിനാരിക്കാ രൊപ്പം ഭക്ഷണം കഴിക്കാനായി എല്ലാവരും ഭക്ഷണമുറിയിലേക്ക് പോയി. അത്താഴ ത്തിനുശേഷം, മെത്രാന്മാർ സെമിനാരിയിലെ ബഹു. സിസ്റ്റേഴ്സിനേയും ഗാർഹിക പ്രവർത്തകരേയും കണ്ടു.

അടുത്തദിവസം സുന്നഹദോസ് വീണ്ടും കൂടിയപ്പോൾ, ചിലകാര്യങ്ങൾ വീണ്ടും ചർച്ചചെയ്തു. ബഹു. ഐസക് പറപ്പള്ളിൽ, ബഹു. മരിയദാസൻ എന്നിവർക്ക് അവരവരുടെ ഭദ്രാസനാദ്ധ്യക്ഷന്മാരുമായി അവർക്കുള്ള ധാരണപ്രകാരം ചുമതല കളിൽ നിന്ന് വിടുതൽ നൽകാവുന്നതാണ്. സെമിനാരിയിലെ പരിശീലന നില വാരം മെച്ചപ്പെടുത്താനുള്ള മാർഗങ്ങളെയും ഉപാധികളെയും കുറിച്ചുള്ള ചർച്ചയിൽ, സമീപനം സമഗ്രമായിരിക്കുമ്പോൾ തന്നെ മൂല്യങ്ങളുടെ മുൻഗണനാക്രമമനുസ രിച്ച് ചില പ്രത്യേക തലങ്ങളിൽ പടിപടിയായുള്ള ആസൂത്രണം നടപ്പിലാക്കണം എന്ന് ചൂണ്ടികാട്ടി. ആരംഭമായി, സ്റ്റാഫംഗങ്ങളുടെ പരിശീലനത്തിൽ, സെമിനാരി യിൽ 'ആയുഷ്ക്കാലം' സേവനം അനുഷ്ഠിക്കാനായി പ്രത്യേകം തെരഞ്ഞെടുത്ത് പഠനത്തിനായി അയയ്ക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്.

**സുന്നഹദോസ് കമ്മീഷനുകൾ**

പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെയും സുന്നഹദോസ് കമ്മീഷനുകളുടെയും അംഗങ്ങളുടെ ഇടയിൽ വിതരണം ചെയ്തിരുന്ന സുന്നഹ ദോസ് കമ്മീഷനുകളുടെ നിയമാവലിയുടെ കരടുരേഖ പഠിക്കാനും ക്രോഡീകരി ക്കാനും അത് 2015 ഫെബ്രുവരി 23 മുതൽ 27 വരെ നടക്കുന്ന 17-ാമത് സാധാരണ പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിൽ അവതരിപ്പിക്കുന്നതിനുമായി 2014 സെപ്റ്റം ബർ 20 മുതൽ 22 വരെ നടന്ന നമ്മുടെ സഭയുടെ 16-ാമത് പരിശുദ്ധ എപ്പിസ്ക്കോ പ്പൽ സുന്നഹദോസ് അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ്, അഭിവന്ദ്യ സാമുവേൽ

മാർ ഐറേനിയോസ്, അഭിവന്ദ്യ ഫിലിപ്പോസ് മാർ സ്തേഫാനോസ്, അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് എന്നീ പിതാക്കന്മാരോട് ആവശ്യപ്പെട്ടിരുന്നു.

നിയമാവലിയുടെ കരടുരേഖയും ചില സുന്നഹദോസ് കമ്മീഷനുകൾ നൽകിയ കരടുരേഖയും പഠിച്ചതിനുശേഷം ഇപ്പോഴുള്ള കരടുരേഖ നല്ലതാണെന്ന് ഈ ഗ്രൂപ്പ് അഭിപ്രായപ്പെട്ടു. ആയതിനാൽ, പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിൽ അവതരിപ്പിക്കേണ്ട കരടുരേഖയായി ഇതിനെ അംഗീകരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ, ഓരോ സുന്നഹദോസ് കമ്മീഷനും അതതിന്റെ ലക്ഷ്യങ്ങളും ഉദ്ദേശ്യങ്ങളും വിപുലീകരിക്കാവുന്നതും, ആവശ്യമെങ്കിൽ, മാർഗരേഖകൾ വീണ്ടും വിപുലപ്പെടുത്താവുന്നതുമാണ്. കരടുരേഖയുടെ ആമുഖമായി ഗ്രൂപ്പ് തയ്യാറാക്കിയ നിർദ്ദേശങ്ങൾ പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ചർച്ചചെയ്തു.

**1. നിർദ്ദേശം:** *പ്രസിദ്ധീകരണത്തിനുമാത്രമായി ഒരു പ്രത്യേക സുന്നഹദോസ് കമ്മീഷന്റെ ആവശ്യമില്ല. സുന്നഹദോസ് കമ്മീഷൻ കൈകാര്യം ചെയ്യുന്ന പ്രേഷിത മേഖല സമാന സ്വഭാവമുള്ളതിനാൽ സുന്നഹദോസ് കമ്മീഷനിൽ ഒരു പ്രത്യേക വിഭാഗം (Desk) ഉണ്ടാകുന്നതാണ് നല്ലത്. എന്നിരുന്നാലും, നല്ല എകോപനത്തിനായി, സുന്നഹദോസ് കമ്മീഷന്റെ ചെയർമാൻതന്നെ പ്രത്യേക വിഭാഗത്തിന്റെയും ചെയർമാനായിരിക്കണം.*

**പ്രത്യുത്തരം:** ദൈവശാസ്ത്രത്തിനുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷനിലെ ചരിത്രവിഭാഗത്തെ പ്രസിദ്ധീകരണത്തിനും മ്യൂസിയത്തിനും ചരിത്രരേഖകൾക്കുംവേണ്ടിയുള്ള നിലവിലുള്ള കമ്മിഷനുമായി ലയിപ്പിക്കാനും, പ്രസിദ്ധീകരണത്തിനും ചരിത്രത്തിനുമുള്ള സുന്നഹദോസ് കമ്മീഷനായി രൂപീകരിക്കാനും പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് തീരുമാനിച്ചു.

**2. നിർദ്ദേശം:** *സാമൂഹിക പ്രവർത്തനത്തിനും ദളിത് ക്രിസ്ത്യാനികൾക്കുംവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ വിഭജിക്കുന്നത് ഉചിതമായിക്കും. സുന്നഹദോസ് കമ്മീഷനുള്ളിൽത്തന്നെ പിൻസൂചിപ്പിച്ചതിന് ഒരു പ്രത്യേക വിഭാഗമെങ്കിലും ഉണ്ടാകണം.*

**പ്രത്യുത്തരം:** കമ്മീഷനുള്ളിൽ ദളിത് ക്രിസ്ത്യാനികൾക്കുവേണ്ടി ഒരു പ്രത്യേക വിഭാഗം ആരംഭിച്ചുകൊണ്ട് നിർദ്ദേശം അംഗീകരിച്ചു.

**3. നിർദ്ദേശം:** *ഇന്ത്യയ്ക്കുപുറത്തുള്ള വിശ്വാസികളുടെ അജപാലന ശുശ്രൂഷയ്ക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ഉണ്ടായിരിക്കുന്നത് പ്രായോഗികമായ ക്രമീകരണമാണോ? അത് നമുക്ക് നിർത്താലാക്കാമോ? അല്ലെങ്കിൽ ഒരേ സ്വഭാവമുള്ള മറ്റൊരു സുന്നഹദോസ് കമ്മീഷനുമായി സംയോജിപ്പിക്കാമോ?*

**പ്രത്യുത്തരം:** നിലവിലെ സ്ഥിതിഗതി പരിഗണിച്ച്, ഇന്ത്യയ്ക്കുപുറത്തുള്ള വിശ്വാസികളുടെ അജപാലന ശുശ്രൂഷയ്ക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ നിർത്തലാക്കുന്നതിനുള്ള നിർദ്ദേശം പരി. സുന്നഹദോസ് അംഗീകരിച്ചു. അതിനുപകരം, ഈ പ്രദേശത്തിന്/ പ്രദേശങ്ങൾക്കായി ഒരു പാസ്റ്ററൽ കമ്മിറ്റി അപ്പസ്തോലിക് വിസിറ്റേറ്റർ തോമസ് മാർ യൗസേബിയൂസ് തിരുമേനി രൂപീകരിക്കുന്നതായിരിക്കും. മധ്യ-പൂർവ ദേശത്തിനും ഏഷ്യൻ പസഫിക് മേഖലകൾക്കും പ്രത്യേകമായ അജപാലന സമിതികൾ രൂപീകരിക്കാവുന്നതാണ്.

**4. നിർദ്ദേശം:** *സെമിനാരി പരിശീലനത്തിനുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷന്റെ ലക്ഷ്യം, കർത്തവ്യം, നിർവഹണം എന്നിവ മേജർ സെമിനാരിയ്ക്കുവേണ്ടിയുള്ള എപ്പിസ്ക്കോപ്പൽ കമ്മീഷന്റെ പ്രവർത്തനങ്ങളിൽ ഉൾചേർക്കേണ്ടതാണ്.*

**പ്രത്യുത്തരം:** എപ്പിസ്ക്കോപ്പൽ കമ്മീഷന്റെ ചെയർമാൻ, സെമിനാരി പരിശീലനത്തിനുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷന്റെ ചെയർമാനും കൂടിയാണ്. അവയുടെ പ്രവർത്തനങ്ങൾ എങ്ങനെ ഏകോപിപ്പിച്ചുകൊണ്ടുപോകാമെന്ന് അദ്ദേഹം ശ്രദ്ധിക്കണം. മേജർ സെമിനാരിയ്ക്കുവേണ്ടിയുള്ള എപ്പിസ്ക്കോപ്പൽ കമ്മീഷൻ അംഗങ്ങളുടെ ഫലപ്രദമായ പങ്കാളിത്തത്തിന് അവരുടെ ജോലികൾ - വിദ്യാഭ്യാസപരം, ശിക്ഷണം, സാമ്പത്തികം - വിഭജിച്ച് നൽകേണ്ടതാണെന്നും തീരുമാനിച്ചു. എപ്പിസ്ക്കോപ്പൽ കമ്മീഷൻ അംഗങ്ങൾ മൂന്നു മാസത്തിലൊരിക്കലെങ്കിലും ഒരുമിച്ചു കൂടേണ്ടതാണ്.

**5. നിർദ്ദേശം:** *സുന്നഹദോസ് കമ്മീഷനുകൾക്കായി ആസൂത്രണ ഫണ്ട് (budgetary allocation) അനുവദിക്കേണ്ട ആവശ്യമുണ്ട്. പ്രാരംഭമായി, 5 ലക്ഷം രൂപ നാം നിർദ്ദേശിക്കുന്നു.*

**പ്രത്യുത്തരം:** പരി. സുന്നഹദോസ് ഈ നിർദ്ദേശത്തെ അനുകൂലിച്ചുവെങ്കിലും ഇതിനുവേണ്ടിയുള്ള ഉപാധി കണ്ടുപിടിക്കുന്നതിനായി കൃത്യമായ ഒരു നിർദ്ദേശം ഉണ്ടായില്ല.

6. **നിർദ്ദേശം:** *നിരർത്ഥലാക്കുകയോ ലയിപ്പിക്കുകയോ ചെയ്യുന്നില്ലെങ്കിൽ സുന്നഹദോസ് കമ്മീഷനുകൾ കൂരിയായിലെ സ്ഥിരമായ കാര്യാലയങ്ങളാണ്. ആയതിനാൽ, എല്ലാ കമ്മീഷനുകളും ഓരോന്നും ഒരേസമയം പുനഃരൂപീകരിക്കുന്നത് ഈ കമ്മീഷനുകളുടെ സഭയിലുള്ള കർത്തവ്യത്തെയും പ്രവർത്തനത്തെയും ബാധിക്കും. സുന്നഹദോസ് കമ്മീഷനുകൾ നാം പുനഃരൂപീകരിക്കുന്നില്ല. ഇതിന്റെ സുഗമമായ പ്രവർത്തനത്തിന് കാലാകാലങ്ങളിൽ ഭാരവാഹികളെ മാറ്റി നിയമിക്കുക മാത്രമാണ് നാം ചെയ്യുന്നത്. കൃത്യമായ ഒരു കാലയളവിലേക്ക് ഭാരവാഹികളെ നിയമിക്കാതിരിക്കുന്നതാണ് ഉത്തമം. റോമൻ കൂരിയായിലെ കാര്യാലയങ്ങളുടെ മാതൃകയായി നമുക്ക് എടുക്കാവുന്നതാണ്.*

**പ്രത്യുത്തരം:** തത്വത്തിൽ, സുന്നഹദോസ് ഇതിനെ അംഗീകരിച്ചു.

**7. നിർദ്ദേശം:** *ചെയർമാനും, സെക്രട്ടറിയും, ഓഫീസ് അസിസ്റ്റന്റ്, കൺസൾട്ടേഴ്സും തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നതിൽ പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിനോടും സഭയോടും ഉത്തരവാദിത്വം ഉറപ്പാക്കുന്ന വിധത്തിലുള്ള ഒരു പ്രവർത്തനസംവിധാനം ഉണ്ടായിരിക്കണം. ഫലത്തിൽനിന്നാണല്ലോ വൃക്ഷത്തെ വിലയിരുത്തുന്നത്. പ്രാവർത്തിക ക്രമീകരണത്തിനായി ഒരു അടിസ്ഥാനപരമായ വിലയിരുത്തൽ ഉണ്ടാകേണ്ടതാണ്.*

**പ്രത്യുത്തരം:** കൃത്യമായ നിർദ്ദേശം ഉണ്ടായില്ല.

**8. നിർദ്ദേശം:** *സുന്നഹദോസ് കമ്മീഷന്റെ വ്യാപ്തി അതിന്റെ പരിധിയ്ക്കുള്ളിൽ വരുന്ന സംഘടനകൾക്കും ഉപരിയാണ്. അതിനാൽ അവ തിരിച്ചറിയാതിരിക്കരുത്. ഉദാഹരണത്തിന്, അല്മായർക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ എം.സി.*

*എ.യ്ക്ക് തുല്യമല്ല. അല്മായർക്കുവേണ്ടിയുള്ള മറ്റ് അസോസിയേഷനുകളേയും ഈ കമ്മീഷൻ പരിഗണിക്കേണ്ടതായിട്ടുണ്ട്.*

**പ്രത്യുത്തരം:** ചർച്ചാവേളയിൽ, ലീജിയിൻ ഓഫ് മേരി, വിൻസെന്റ് ഡി പോൾ സൊസൈറ്റി, കോൾപിംഗ്, തുടങ്ങിയ സംഘടനകൾ അല്മായർക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷന്റെ പരിധിയ്ക്കുള്ളിൽ വരുന്നതാണെന്ന് പൊതു അഭിപ്രായമുണ്ടായി.

**9. നിർദ്ദേശം:** *ഒരു പ്രത്യേക മാനദണ്ഡമനുസരിച്ച് സുന്നഹദോസ് കമ്മീഷനുകളുടെ ക്രമം നിജപ്പെടുത്തുന്നത് ഉചിതമാണ്. ഉദാഹരണത്തിന്, സുന്നഹദോസ് കമ്മീഷനുകൾക്ക് സഭാജീവിതത്തിലോ സഭാശാസ്ത്രപരമോ/ദൈവശാസ്ത്രപരമോ ആയ പ്രാധാന്യമോ കണക്കിലെടുത്തായിരിക്കണം.*

**പ്രത്യുത്തരം:** നിർദ്ദേശം ശ്രദ്ധിക്കേണ്ടതാണ്.

**സുന്നഹദോസ് കമ്മീഷനുകളുടെ പുതിയ സെക്രട്ടറിമാർ** : സുന്നഹദോസ് കമ്മീഷന്റെ ചില സെക്രട്ടറിമാർ, തങ്ങളുടെ മറ്റ് ഉത്തരവാദിത്വങ്ങൾ കാരണം തുടർന്ന് പ്രവർത്തിക്കുവാൻ പ്രയാസമാണെന്ന് അതാത് ചെയർമാൻമാർ വഴി സുന്നഹദോസിനെ അറിയിച്ചിട്ടുണ്ട്. പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അവരുടെ അപേക്ഷ പരിഗണിച്ച് സുന്നഹദോസ് കമ്മീഷനുകളുടെ സെക്രട്ടറി എന്ന ഉദ്യോഗത്തിൽ നിന്ന് അവരെ വിടുവിച്ചു. പരി. സുന്നഹദോസിന്റെ നിർദ്ദേശപ്രകാരം, അഭിവന്ദ്യ കാതോലിക്കാബാവാ പുതിയ സെക്രട്ടറിമാരെ അവരുടെ സ്ഥാനത്ത് നിയോഗിച്ചു. പുതിയ സെക്രട്ടറിമാർ ഇവരാണ്:

- റവ ഫാ. തോമസ് കാഞ്ഞിരമുകളിലന്റെ സ്ഥാനത്ത് തിരുവനന്തപുരം മേജർ അതിഭദ്രാസനാംഗം റവ. ഫാ. ജോർജ്ജ് തോമസ് കൊച്ചുവിളയിലിനെ വിശ്വാസ പരിശീലനത്തിനുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ സെക്രട്ടറിയായി നിയമിച്ചു.
- എം.സി.സി.എൽ. ഡയറക്ടറായി മൂവാറ്റുപുഴ ഭദ്രാസനാംഗം റവ. ഫാ. മാത്യു അറയ്ക്കലിനെ നിയമിച്ചു. റവ ഫാ. ഗീവർഗീസ് നെടുംപുറത്തിന്റെ പിൻഗാമിയാണ് അദ്ദേഹം.
- റവ. ഫാ. വർഗീസ് മഠത്തിക്കുന്നത്തിന്റെ സ്ഥാനത്ത് തിരുവല്ലാ അതിഭദ്രാസനാംഗം റവ. ഫാ. ചെറിയാൻ താഴമണ്ണിനെ എക്യുമെനിസത്തിനും സംവാദത്തിനും വേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ സെക്രട്ടറിയായി നിയമിച്ചു.
- സെന്റ് മേരീസ് പ്രോവിൻസിന്റെ ഡി.എം. പ്രൊവിൻഷ്യൽ സുപ്പീര്യറായി തെരഞ്ഞെടുക്കപ്പെട്ട റവ. മദർ ലില്ലി തോമസിനു പകരം റവ. സി. ആൻസിലെറ്റിനെ ആതുര ശുശ്രൂഷയ്ക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ സെക്രട്ടറിയായി നിയമിച്ചു.
- റൈറ്റ് റവ. മോൺ ചാക്കോ തടത്തിലിന്റെ സ്ഥാനത്ത് തിരുവനന്തപുരം മേജർ അതിഭദ്രാസനാംഗം റവ. ഫാ. ജോസഫ് വെൺമാനത്തിനെ കുടുംബപ്രേഷിതത്വത്തിനുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ സെക്രട്ടറിയായി നിയമിച്ചു.
- സാമൂഹ്യ സേവനത്തിനും ദളിത് ക്രൈസ്തവർക്കും വേണ്ടിയുള്ള സുന്നഹ

ദോസ് കമ്മീഷന്റെ കീഴിൽ രൂപീകരിച്ച ദളിത് ക്രൈസ്തവർക്കുവേണ്ടിയുള്ള പ്രത്യേക വിഭാഗത്തിന്റെ സെക്രട്ടറിയായി മാവേലിക്കര ഭദ്രാസനാംഗം റവ. ഫാ. ബെന്നി നെടുംപുറത്തിനെ നിയമിച്ചു.

**1. ചില സുന്നഹദോസ് കമ്മീഷനുകൾക്ക് പുതിയ ചെയർമാൻമാർ**: സുന്നഹദോസ് കമ്മീഷനുകളുടെ ചെയർമാൻസ്ഥാനത്തിൽ രണ്ട് മാറ്റങ്ങൾ ഉണ്ടായി. അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് തിരുമേനി ദൈവവിളിക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാനായി സ്ഥാനമേറ്റെടുത്തപ്പോൾ സാമൂഹ്യസമ്പർക്കമാദ്ധ്യമങ്ങൾക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷന്റെ ചെയർമാൻ സ്ഥാനം അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് തിരുമേനിയ്ക്ക് അദ്ദേഹം കൈമാറി. കഴിഞ്ഞ പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ അംഗീകാരത്തോടുകൂടി കാതോലിക്കാബാവാ ഈ മാറ്റങ്ങൾ പ്രാവർത്തികമാക്കി.

### സുന്നഹദോസുകളുടെ പുതിയ സമയ ക്രമീകരണം

സുന്നഹദോസ് സമ്മേളനത്തിന്റെ പുനഃക്രമീകരണം സംബന്ധിച്ച് പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അംഗങ്ങൾ പരിചിന്തനം നടത്തി. പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അംഗങ്ങൾക്ക് സുന്നഹദോസിൽ സംബന്ധിക്കാനുള്ള സൗകര്യാർത്ഥം എല്ലാ വർഷവും പുനരൈക്യദിനാഘോഷത്തിനും സഭാസംഗമത്തിനും ശേഷം സെപ്തംബർ 21 മുതൽ 23 വരെ ഇത് വിളിച്ചുകൂട്ടാമെന്ന് നിർദ്ദേശിച്ചു. നോമ്പുകാലത്തെ സമ്മേളനം ഒരാഴ്ച നീണ്ടുനിൽക്കുന്നതായിരിക്കും. ഈ സെഷനോടനുബന്ധിച്ച് സമർപ്പിത ജീവിതകാർക്കുവേണ്ടിയുള്ള സന്യാസ സമൂഹങ്ങളുടെ മേജർ സുപ്പീര്യേഴ്സുമായുള്ള മീറ്റിംഗും സുന്നഹദോസ് കമ്മീഷനുകളുടെ റിപ്പോർട്ടിംഗ് സെഷനും ഉണ്ടായിരിക്കുന്നതാണ്. പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ കാര്യപരിപാടികളിൽ ഒരു ദിവസത്തെ ധ്യാനവും ഉൾപ്പെടുത്താവുന്നതാണ്.

### എം.സി.വൈ.എം.

കേരള കാത്തലിക് യൂത്ത് മൂവ്മെന്റിൽ (KCYM) എം.സി.വൈ.എം.ന്റെ പങ്കാളിത്തം വളരെ കുറവാണെന്ന് യുവജനങ്ങൾക്കായുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാനും മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റിന്റ് (MCYM) രക്ഷാധികാരിയുമായ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് തിരുമേനി പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ ശ്രദ്ധയിൽപ്പെടുത്തി. യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിൽ ഭദ്രാസനതല എം.സി.വൈ.എം. ഡയറക്ടേഴ്സിന്റെ സജീവ പങ്കാളിത്തവും കുറവാണെന്ന് അദ്ദേഹം ചൂണ്ടികാട്ടി. അവരുടെ ശുശ്രൂഷകളുടെ പ്രധാന ഭാഗമായി അവർ ഈ ഉത്തരവാദിത്വത്തെ എടുക്കുന്നില്ല.

### വിശ്വാസ പരിശീലനം

എം.സി.സി.എൽ. കെട്ടിപ്പടുത്തുവാൻ നൽകുന്ന സജീവമായ നേതൃത്വത്തിനും നമ്മുടെ സഭയിലെ വിശ്വാസ പരിശീലനത്തിന് നൽകുന്ന ഫലപ്രദമായ നേതൃത്വത്തിനും അഭിവന്ദ്യ ഫിലിപ്പോസ് മാർ സ്തേഫാനോസ് തിരുമേനിയെ പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അഭിനന്ദിച്ചു.

അദ്ധ്യാപകർക്ക് ഒന്നിച്ചുകൂടുന്നതിനും പരിശീലനം നൽകുന്നതിനും ഭദ്രാസന

തലത്തിൽ ഒന്നിച്ചുകൂട്ടുമ്പോൾ തന്നെ സണ്ടേസ്ക്കൂൾ ഹെഡ്മാസ്റ്റേഴ്സിന്റെ സമ്മേളനം സഭാതലത്തിൽ നടത്തുന്നത് ഉചിതമായിരിക്കുമെന്ന് നിർദ്ദേശമുണ്ടായി.

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മതബോധനത്തിന് ഒരു അടിസ്ഥാന പുസ്തകം ഉണ്ടാകുന്നത് ഉചിതമാണെന്ന് പലരും നിർദ്ദേശിച്ചു. പ്രസ്തുത നിർദ്ദേശത്തോട്, ETRI യ്ക്കുവേണ്ടി റവ. ഫാ. ജോൺ ബെർക്കുമെൻസ് ഒ.ഐ.സി. ഒരു പുസ്തകം തയ്യാറാക്കുകയാണെന്നും ഇതുതന്നെ കേരളത്തിലും ഉപയോഗിക്കാവുന്നതാണെന്ന് അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനി ചൂണ്ടികാട്ടി. ഇത് പൂർത്തിയാക്കുവാൻ ബഹു. ബർക്കുമാൻസ് അച്ചനെ പ്രോത്സാഹിപ്പിക്കേണ്ടതാണെന്ന് എല്ലാവരും അഭിപ്രായപ്പെട്ടു.

വിശ്വാസ പരിശീലനത്തിനുവേണ്ടി യഥാക്രമം നമ്മുടെ സഭയും ബഥനി ആശ്രമവും നടത്തുന്ന വേനലവധിക്കാല പരിപാടികളായ മലങ്കര ബൈബിൾ ഓറിയന്റേഷൻ കോഴ്സിനേയും (എം.ബി.ഒ.സി.) ബഥനി ബൈബിൾ സ്റ്റഡീസിനേയും (ബി.ബി.എസ്.) ഏകോപിപ്പിക്കുന്നതിന് വിശ്വാസ പരിശീലനത്തിനുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷന് സാധിക്കുമോ എന്ന് ചില സുന്നഹദോസ് പിതാക്കന്മാർ ആരാഞ്ഞു. ഇതിനായി, രണ്ടുകൂട്ടരും എല്ലാ വർഷവും ഉപയോഗിക്കുന്നത് ഒരേ വിഷയമാകണമെന്ന് ചൂണ്ടികാട്ടി. എന്നിരുന്നാലും, എല്ലാ വർഷവും വടക്കേ ഇന്ത്യയിലെ ദീപാവലി അവധിക്കാലത്ത് ബഥനി വേദവിജ്ഞാന പീഠം സംഘടിപ്പിക്കുന്ന വെക്കേഷൻ ക്യാംപുകൾക്കായി ബിബിഎസ് പാഠപുസ്തകം ഒക്ടോബറിൽ ലഭ്യമാക്കേണ്ടതിനാൽ പാഠപുസ്തകങ്ങൾ പ്രത്യേകമായി തയ്യാറാക്കുന്നു.

**ആരാധന**

സഭാപഞ്ചാംഗം തയ്യാറാക്കുന്നത് സംബന്ധിച്ച ചർച്ചയും വിശകലനവും മുന്നോട്ടുവന്നു. ആരാധനാകാലമനുസരിച്ച് ബൈബിൾ ഭാഗങ്ങൾ തെരഞ്ഞെടുക്കുകയാണെങ്കിൽ ഓരോ വർഷത്തിലും വിവിധ ആഘോഷാവസരങ്ങളിലും ഒരേ ബൈബിൾഭാഗം ആവർത്തിക്കാതിരിക്കുമെന്ന് എല്ലാവരും അഭിപ്രായപ്പെട്ടു. ഒരു വർഷത്തിൽ മുഴുവൻ ബൈബിളും ഉപയോഗിക്കുകയും വായിക്കുകയും ചെയ്യാവുന്നവിധം വായനകൾ തെരഞ്ഞെടുക്കാവുന്നതാണ്. അതുപോലെ, നമ്മുടെ ആരാധനയിൽ 13 സങ്കീർത്തനങ്ങൾ മാത്രമേ ഉപയോഗിക്കുന്നുള്ളൂ; എന്തുകൊണ്ട് നമുക്ക് മറ്റ് സങ്കീർത്തനങ്ങൾകൂടി ഉപയോഗിച്ചുകൂടാ? പ്രസ്തുത നിർദ്ദേശം പഠിക്കുവാൻ ആരാധനാക്രമത്തിനുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷനോട് ആവശ്യപ്പെട്ടു. അഭിവന്ദ്യ ഏബ്രഹാം മാർ യൂലിയോസ് തിരുമേനിയോട് ഈ പഠനത്തെ സഹായിക്കുവാൻ ആവശ്യപ്പെട്ടു.

പൊന്തിഫിക്കൽ ആരാധനാ ശുശ്രൂഷകൾക്കുവേണ്ടിയുള്ള പുസ്തകം ഒന്നിച്ചാക്കുന്നതിന്റെ ആവശ്യകതയും അത് ഔദ്യോഗിക പുസ്തകമായി ഒരുമിച്ച് അച്ചടിക്കുന്നതിന്റെ ആവശ്യകതയും ചർച്ച ചെയ്തു.

തക്സായും കൂദാശാക്രമവും പുനപ്രസിദ്ധീകരിക്കുന്നതിന്റെ ആവശ്യകതയും ചർച്ച ചെയ്തു.

**റോമിൽ അടുത്ത് നടത്തുന്ന സുന്നഹദോസിൽ കാതോലിക്കാബാവായുടെ പകരക്കാരൻ**

റോമിൽ നടക്കുന്ന മെത്രാന്മാരുടെ അടുത്ത സുന്നഹദോസിൽ തനിക്ക് പങ്കെടുക്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായാൽ, കാതോലിക്കാബാവായെയും നമ്മുടെ സഭയെയും പ്രതിനിധീകരിച്ച് മറ്റാരെയെങ്കിലും സുന്നഹദോസിൽ സംബന്ധിക്കുവാൻ അയയ്ക്കാവുന്നതാണെന്ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിനെ അറിയിച്ചു. ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ് തിരുമേനിയെ നിർദ്ദേശിക്കുകയും സുന്നഹദോസ് പിതാക്കന്മാർ നിർദ്ദേശത്തെ പിൻതാങ്ങുകയും ചെയ്തു.

സുന്നഹദോസ് കൈകാര്യം ചെയ്ത ചോദ്യങ്ങൾ എല്ലാ തലങ്ങളിലും ചർച്ച ചെയ്യേണ്ടതും ഭദ്രാസന തലത്തിലുള്ള ചർച്ചകളുടെ സംഗ്രഹം ക്രോഢീകരിച്ച് റോമിലേക്ക് അയച്ചുകൊടുക്കുന്നതിനായി അഭിവന്ദ്യ ഏബ്രഹാം മാർ യൂലിയോസ് തിരുമേനിക്ക് അവ അയച്ചുകൊടുക്കേണ്ടതുമാണെന്ന് സുന്നഹദോസ് നിർദ്ദേശിച്ചു.

**മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ജന്മശതാബ്ദി ആഘോഷങ്ങൾ**

ആർച്ച്ബിഷപ്പ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ജന്മശതാബ്ദി ആഘോഷങ്ങൾക്കുവേണ്ടി ആസൂത്രണം ചെയ്ത വിവിധ പരിപാടികൾ അത്യഭിവന്ദ്യ കാതോലിക്കബാവാ സുന്നഹദോസിൽ അവതരിപ്പിച്ചു.

ഈ സാഹചര്യത്തിൽ, ഭാഗ്യസ്മരണാർഹനായ മാർ തിയോഫിലോസ് തിരുമേനിയുടെ ഓർമ്മയാചരണത്തിൽ എല്ലാവരുടെയും, പ്രത്യേകിച്ച് മെത്രാന്മാരുടെ, പങ്കാളിത്തം ആവശ്യമാണെന്ന് എടുത്തു പറഞ്ഞു. ഈ ഓർമ്മപ്പെടുത്തൽ എല്ലാവരും സമ്മതിച്ചു.

**മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രത്യേക നിയമസംഹിതയുടെ (CPCSMCC) ഭേദഗതി**

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രത്യേക നിയമസംഹിതയുടെ ഏതാനും നിയമങ്ങൾ പരിഷ്ക്കരിക്കുകയും കാലാനുസൃത മാറ്റം വരുത്തുകയും ചെയ്യേണ്ടത് ആവശ്യമാണെന്ന് പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിലെ ചില അംഗങ്ങൾ അഭിപ്രായപ്പെട്ടു. അതിനാൽ ഭദ്രാസനാദ്ധ്യക്ഷന്മാരോട് കൂടിയാലോചിച്ച് നിർദ്ദേശിക്കപ്പെട്ട ഭേദഗതികളുടെ ഒരു നക്കൽ തയ്യാറാക്കുവാൻ അഭിവന്ദ്യരായ തോമസ് മാർ കൂറിലോസ്, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, തോമസ് മാർ അന്തോണിയോസ് എന്നിവർ ഉൾകൊള്ളുന്ന ഒരു കമ്മിറ്റിയോട് ആവശ്യപ്പെട്ടു.

**സുവിശേഷസംഘത്തിന്റെ റിപ്പോർട്ട്**

അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനി സുവിശേഷസംഘത്തിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു. സുവിശേഷസംഘം വിവിധ തലങ്ങളിൽ രൂപീകരിച്ചതിലുള്ള സംതൃപ്തി രേഖപ്പെടുത്തുകയും ഇടവകതലത്തിലുള്ള സുവിശേഷസംഘത്തിന് നേതൃത്വം നൽകുന്നതിന് ഓരോ ഇടവകകളിൽനിന്നും ഒരു അല്മായ പ്രതിനിധിക്ക് എങ്കിലും മെച്ചപ്പെട്ട പരിശീലനം നൽകണമെന്ന് അദ്ദേഹം ആവശ്യപ്പെടുകയും ചെയ്തു.

**രഹസ്യസ്വഭാവമുള്ളവ**

**അടുത്ത സുന്നഹദോസ്**

സെപ്തംബർ 21 വൈകിട്ടു മുതൽ 22 വെകിട്ട് വരെ തിരുവല്ലാ മേരിഗിരിയിൽവച്ച് പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് വിളിച്ചുകൂട്ടുവാൻ തീരുമാനിച്ചു.

**സമാപനം**

അത്യഭിവന്ദ്യ കാതോലിക്കാബാവാ പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് പര്യവസാനിപ്പിച്ചു. ദൈവം നമ്മുടെമേൽ ചൊരിയുന്ന ധാരാളമായ കൃപകളെ എടുത്തുപറഞ്ഞുകൊണ്ട് അത്യഭിവന്ദ്യ കാതോലിക്കാബാവാ സമാപനസന്ദേശം നൽകി. “സഭയിലെ എപ്പിസ്ക്കോപ്പൽ ശുശ്രൂഷകരായ നാം ഒന്നുചേർന്നിരിക്കുമ്പോൾ അനുഭവിക്കുന്ന പരിശുദ്ധാത്മ സാന്നിദ്ധ്യത്തിന് നമുക്ക് ദൈവത്തിന് നന്ദി പറയാം. സഭാജീവിതത്തിന്റെ നാനാവിധമായ യാഥാർത്ഥ്യങ്ങളെക്കുറിച്ച് പ്രാർത്ഥനാപൂർവം വിചിന്തനം നടത്തിയ ഈ സുന്നഹോദോസ് സമ്മേളനം സഭാജീവിതത്തിന് ആവേശം പകരും എന്നതിൽ എനിക്ക് സംശയമില്ല. സഭാകൂട്ടായ്മയിൽ അനുഭവേദ്യമാകുന്ന ദൈവകൃപ വർദ്ധിപ്പിക്കാൻ നമുക്ക് ഔത്സുക്യമുള്ളവരാകാം.” ദൈവവചനം നാം ഗൗരവമായി എടുക്കുകയും ജീവിക്കുകയും ചെയ്തതിന്റെ ഒരു അടയാളമാണ് സുവിശേഷസംഘത്തിന്റെ വ്യാപനമെന്നും കാതോലിക്കാബാവാ പറഞ്ഞു. “ആയതിനാൽ കൂടുതൽ കൃപ നമ്മുടെ സഭയുടെ മേൽ ചൊരിയുന്നതിന് കർത്താവിന് ദയവുണ്ടായിരിക്കുന്നു. വിശ്വാസത്തിൽ നമ്മുടെ പിതാക്കന്മാരുടെ മദ്ധ്യസ്ഥതയിൽ ശരണപ്പെട്ടു കടന്നുവരുന്ന സഭാസംഗമത്തോടൊപ്പം നാം മുന്നോട്ടു പ്രയാണം ചെയ്യണം.”

എല്ലാ മെത്രാന്മാരോടും അവരുടെ സുന്നഹദോസിലെ ഹൃദയംഗമായ പങ്കാളിത്തത്തിനു അത്യഭിവന്ദ്യ കാതോലിക്കാബാവാ നന്ദി പറഞ്ഞു. ഞാൻ നിങ്ങളെല്ലാവരോടും കൃതജ്ഞതയുള്ളവനാണ്. മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയയിലേയും കാതോലിക്കറ്റ് സെന്ററിലെയും എല്ലാം ഭാരവാഹികൾക്കും പരി. സുന്നഹദോസിലും അവരവരുടേതായ ഓഫീസുകളിലും അവർ ചെയ്യുന്ന ആത്മാർത്ഥമായ സേവനത്തിനും അത്യഭിവന്ദ്യ കാതോലിക്കാബാവാ നന്ദിയർപ്പിച്ചു. പിതാവായ ദൈവത്തിന്റെ സ്നേഹവും പുത്രൻ തമ്പുരാന്റെ കൃപയും പരിശുദ്ധാത്മാവിന്റെ സംസർഗവും ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെ മദ്ധ്യസ്ഥത്തിൽ യാചിച്ചുകൊണ്ട് 17-ാം സാധാരണ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ സാധാരണ പരിശുദ്ധ എപ്പിസ്കോപ്പൽ സുനഹദോസ് സമാപിച്ചതായി അത്യഭിവന്ദ്യ കാതോലിക്കാബാവാ പ്രഖ്യാപിച്ചു.

**✠ തോമസ് മാർ കൂറിലോസ്**
(സെക്രട്ടറി)

**✠ തോമസ് മാർ അന്തോണിയോസ് ഒ.ഐ.സി.**
(ചാൻസിലർ)

**THE SYRO- MALANKARA CATHOLIC CHURCH**
**MAJOR ARCHIEPISCOPAL CURIA**

CATHOLICATE CENTRE, TRIVANDRUM - 695004, KERALA, INDIA

## Seventeenth Ordinary Holy Episcopal Synod
## (23 - 27 February 2015)

**Decisions**

The Seventeenth Holy Episcopal Synod convoked from 23-27 February 2015 decided:

1. To propose to the Holy See Most Rev. Jacob Mar Barnabas OIC and Most Rev. Thomas Mar Anthonios OIC for the canonical provision of offices of the Bishop of the proposed Eparchy of St John Chrysostom Gudgaon-Delhi and the proposed Exarchate of St Ephrem Kadkhi-Pune respectively.
2. ………………..
3. ……………………….

**✠ Thomas Mar Koorilos**
Secretary

**✠ Thomas Mar Anthonios OIC**
Chancellor

**മലങ്കര സുറിയാനി കത്തോലിക്കാ സഭ**
**മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയ**

കാതോലിക്കേറ്റ് സെന്റർ, തിരുവനന്തപുരം-695 004 കേരളം, ഇന്ത്യ

## പതിനേഴാം പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ്
## (2015 ഫെബ്രുവരി 23-27)

## തീരുമാനങ്ങൾ

2015 ഫെബ്രുവരി 23 മുതൽ 27 വരെ സമ്മേളിച്ച മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പതിനേഴാമത് പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിൽ താഴെപ്പറയുന്ന കാര്യങ്ങൾ തീരുമാനിച്ചു.

1. സെന്റ് ജോൺ ക്രിസോസ്റ്റം ഭദ്രാസനത്തിന്റെ അദ്ധ്യക്ഷനായി അഭിവന്ദ്യ ജേക്കബ് മാർ ബർണബാസിനെയും സെന്റ് എഫ്രേം എക്സാർക്കേറ്റിന്റെ അദ്ധ്യക്ഷനായി അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് തിരുമേനിയെയും നിയമിക്കുവാൻ തീരുമാനിച്ചു.

2. ............................................

3. ............................................

**✠ തോമസ് മാർ കൂറിലോസ്**
(സെക്രട്ടറി)

**✠ തോമസ് മാർ അന്തോണിയോസ് ഒ.ഐ.സി.**
(ചാൻസിലർ)

## 2015 ഫെബ്രുവരി 23 മുതൽ 27 വരെ സമ്മേളിച്ച മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പതിനേഴാം സാധാരണ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിൽ അത്യഭിവന്ദ്യ കാതോലിക്കാബാവാ നൽകിയ സമാപന സന്ദേശം

സംപൂജ്യരായ സുന്നഹദോസ് പിതാക്കന്മാരേ,

നമ്മുടെ സഭയുടെ 17-ാം സാധാരണ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ സമാപനത്തിലേയ്ക്ക് എത്തിച്ചേർന്നിരിക്കുകയാണ്. സഭയിലെ എപ്പിസ്ക്കോപ്പൽ ശുശ്രൂഷകരായ നാം ഒന്നുചേർന്നിരിക്കുമ്പോൾ അനുഭവിക്കുന്ന പരിശുദ്ധാത്മ സാന്നിദ്ധ്യത്തിന് നമുക്ക് ദൈവത്തിന് നന്ദി പറയാം. സഭാജീവിതത്തിന്റെ നാനാവിധമായ യാഥാർത്ഥ്യങ്ങളെക്കുറിച്ച് പ്രാർത്ഥനാപൂർവം വിചിന്തനം നടത്തിയ ഈ സുന്നഹദോസ് സമ്മേളനം സഭാജീവിതത്തിന് ആവേശം പകരും എന്നതിൽ എനിക്ക് സംശയമില്ല. സഭാകൂട്ടായ്മയിൽ അനുഭവവേദ്യമാകുന്ന ദൈവകൃപ വർദ്ധിപ്പിക്കാൻ നമുക്ക് ഔത്സുക്യമുള്ളവരാകാം.

സുന്നഹദോസിന്റെ പ്രാരംഭസമ്മേളനത്തിൽ ഞാൻ സൂചിപ്പിച്ചതുപോലെ, ഒരു ചെറിയ സമൂഹമാണെങ്കിലും ധാരാളമായ ദൈവികഇടപെടലുകൾ സഭയുടെ ദൈനംദിന ജീവിതത്തിൽ നാം അനുഭവിക്കുന്നുണ്ട്. മലങ്കര സുറിയാനി കത്തോലിക്കാ സഭാ അസംബ്ളിയുടെ ഫലമായ സുവിശേഷസംഘം നമ്മുടെ സഭയ്ക്കുതന്നെ ഒരു അനുഗ്രഹമാണ്. ദൈവവചനം നാം ഗൗരവമായി എടുക്കുകയും ജീവിക്കുകയും ചെയ്തതിന്റെ അടയാളമാണ് സുവിശേഷസംഘത്തിന്റെ വ്യാപനം. ആയതിനാൽ കൂടുതൽ കൃപ നമ്മുടെ സഭയുടെ മേൽ ചൊരിയുന്നതിന് കർത്താവിന് ദയവുണ്ടായിരിക്കുന്നു. വിശ്വാസത്തിൽ നമ്മുടെ പിതാക്കന്മാരുടെ മദ്ധ്യസ്ഥതയിൽ ശരണപ്പെട്ടു കടന്നുവരുന്ന സഭാസംഗമത്തോടൊപ്പം നാം മുന്നോട്ടു പ്രയാണം ചെയ്യണം.

വന്ദ്യ സഹോദരങ്ങളെ, ഈ സുന്നഹദോസിലെ നിങ്ങളുടെ ഹൃദയംഗമായ പങ്കാളിത്തത്തിനു ഞാൻ നിങ്ങളെല്ലാവരോടും കൃതജ്ഞതയുള്ളവനാണ്. മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയയിലേയും കാതോലിക്കേറ്റ് സെന്ററിലെയും എല്ലാം ഭാരവാഹികൾക്കും പരി. സുന്നഹദോസിന്റെ നടത്തിപ്പിലും അവരവരുടേതായ ഓഫീസുകളിലും അവർ ചെയ്യുന്ന ആത്മാർത്ഥമായ സേവനത്തിനു ഞാൻ നന്ദിയർപ്പിക്കുന്നു.

പിതാവായ ദൈവത്തിന്റെ സ്നേഹവും പുത്രൻ തമ്പുരാന്റെ കൃപയും പരിശുദ്ധാത്മാവിന്റെ സംസർഗവും ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെ മദ്ധ്യസ്ഥത്തിൽ യാചിച്ചുകൊണ്ട് പതിനേഴാമത് സാധാരണ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സമാപിച്ചതായി ഞാൻ പ്രഖ്യാപിക്കുന്നു.

**✠ ബസേലിയോസ് കർദിനാൾ ക്ലീമീസ്**
മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കാബാവാ

## THE VALEDICTORY MESSAGE OF HIS BEATITUDE, THE CATHOLICOS AT THE SEVENTEENTH ORDINARY HOLY EPISCOPAL SYNOD OF THE SYRO-MALANKARA CATHOLIC CHURCH HELD FROM 23to 27 FEBRUARY 2015

Venerable brotheren,

We are at the conclusion of the Seventeenth Ordinary Holy Episcopal Synod of our Church. Let us thank God for the experience of the presence of Holy Spirit in our gathering as the episcopal ministers in the Church. I have no doubt that this Holy Synod in session which reflected prayerfully over the diverse realities of the ecclesial life will boost our ecclesial life. We shall have the enthusiasm to increase the divine grace which is experienced in the ecclesial communion.

As I have pointed out in the opening session, though we are a small community we experience the divine interventions immensely in the everyday ecclesial life. The *Suviseshasangham*, the fruit of the first SMCC Assembly is a blessing to our Church. The spread of the *Suviseshasangham* is a sign that we take the Word of God seriously and live it. Hence, it has pleased the Lord, to shower further grace on our Church. Taking refuge in the intercession of our Fathers-in-faith, we go ahead with the forthcoming *Sabhasanghamam*.

Venerable brotheren, I am grateful to you all for the whole hearted participation in the Synod. I am also giving thanks to the office-bearers of the Major Archiepiscopal Curia and the Catholicate Centre for their dedicated service to the functioning of the Holy Synod and to their respective offices.

Invoking the love of the Father, the grace of the only Son and the communion of the Holy Spirit through the intercession of the Blessed Virgin Mary, the Mother of God, I declare the Seventeenth Ordinary Holy Episcopal Synod ended.

**✠ Baselios Cardinal Cleemis**
Major Archbishop-Catholicos

Press Release

**24.02.2015**

പത്രക്കുറിപ്പ്

## മലങ്കര കത്തോലിക്കാ എപ്പിസ്കോപ്പൽ സുന്നഹദോസ്

തിരുവനന്തപുരം : മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പതിനേഴാമത് സാധാരണ എപ്പിസ്കോപ്പൽ സുന്നഹദോസ് ഫെബ്രുവരി 23, തിങ്കാളാഴ്ച, പട്ടം കാതോലിക്കേറ്റ് സെന്ററിൽ ആരംഭിച്ചു. സുന്നഹദോസിനോടനുബന്ധിച്ച് ഫെബ്രുവരി 24 രാവിലെ 9-ന് സഭയിലെ വിവിധ സന്യാസി-സന്യാസിനി സമൂഹങ്ങളുടെ മേജർ സൂപ്പീര്യേഴ്സിന്റെ ഒരു യോഗം കാതോലിക്കാബാവായുടെ നേതൃത്വത്തിൽ നടന്നു. സുന്നഹദോസ് കമ്മീഷനുകളുടെ നിയമാവലി, വൈദിക പരിശീലനം, മാർ ഗ്രിഗോറിയോസ് ജന്മശതാബ്ദി ആഘോഷം, യുവജന കമ്മീഷന്റെ പ്രവർത്തനങ്ങൾ തുടങ്ങിയവ സുന്നഹദോസ് ചർച്ച ചെയ്യും. മേജർ ആർച്ചുബിഷപ്പ് മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവായുടെ അദ്ധ്യക്ഷതയിൽ കൂടിയ സുന്നഹദോസിൽ ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്, ബിഷപ്പുമാരായ ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റോം, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ഏബ്രഹാം മാർ യൂലിയോസ്, ജോസഫ് മാർ തോമസ്, വിൻസെന്റ് മാർ പൗലോസ്, തോമസ് മാർ യൗസേബിയൂസ്, ജേക്കബ് മാർ ബർണബാസ്, തോമസ് മാർ അന്തോണിയോസ്, സാമുവൽ മാർ ഐറേനിയോസ്, ഫിലിപ്പോസ് മാർ സ്തേഫാനോസ് എന്നിവർ പങ്കെടുത്തു. സുന്നഹദോസ് 27-ാം തീയതി വെള്ളിയാഴ്ച സമാപിക്കും.

ബിഷപ്പ് തോമസ് മാർ അന്തോണിയോസ്
ചാൻസിലർ

ഫാ. ബോവസ് മാത്യു
മീഡിയാ കോർഡിനേറ്റർ

## Press Release

### The Holy Episcopal Synod
### of the Syro-Malankara Catholic Church

Trivandrum: The 17$^{th}$ Ordinary Holy Episcopal Synod of the Syro-Malankara Catholic Church began at the Catholicate Centre, Pattom, Trivandrum on 23 February 2015. In relation with the Synod, on 24 February, at 9 a.m., a meeting of the Major Superiors of different Religious Congregations for men and women of the Syro-Malankara Catholic Church, was conducted under the leadership of His Beatitude, the Catholicos. The Synod will discuss matters related to the By-Law of Synodal Commissions, Priest formation, Celebration of the Centenary of Mar Gregorios, the activities of Synodal Commission for Youth, etc. Archbishop Most Rev. Thomas Mar Koorilos, Most Rev. Geevarghese Mar Divannasios, Most Rev. Yoohanon Mar Chrysostom, Most Rev. Joshua Mar Ignathios, Most Rev. Joseph Mar Thomas, Most Rev. Abraham Mar Julios, Most Rev. Vincent Mar Paulos, Most Rev. Thomas Mar Eusebius, Most Rev. Jacob Mar Barnabas OIC, Most Rev. Thomas Mar Anthonios OIC, Most Rev. Samuel Mar Irenios and Most Rev. Philipos Mar Stephanos were attended the Synod, which is presided over by Major Archbishop Moran Mor Baselios Cardinal Cleemis Catholicos. The Synod will end on Friday, 27.

Bishop Thomas Mar Anthonios OIC
Chancellor

Fr Bovas Mathew Meloott
Media Coordinator

## 2015 സെപ്തംബർ 21, 22 തീയതികളിൽ സമ്മേളിച്ച മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പതിനെട്ടാം സാധാരണ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിൽ അത്യഭിവന്ദ്യ കാതോലിക്കാബാവാ നൽകിയ ആമുഖ സന്ദേശം

സംപൂജ്യരായ സഹോദരരേ,

85–ാം പുനരൈക്യദിനാഘോഷങ്ങളുടെയും സഭാസംഗമത്തിന്റെയും വിജയകരമായ പര്യവസാനത്തിനുശേഷം സമ്മേളിക്കുന്ന പതിനെട്ടാമത് സാധാരണ പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിലേയ്ക്ക് നിങ്ങളെ ഏവരേയും വളരെ സന്തോഷപൂർവം ഞാൻ സ്വാഗതം ചെയ്യുന്നു. പരിപാടികൾക്ക് വിജയകരമായി ആതിഥ്യം നൽകിയ തിരുവല്ലാ അതിഭദ്രാസനത്തിലെ ആർച്ച്ബിഷപ്പിനെയും മെത്രാൻമാരെയും വൈദികരേയും സന്യസ്തരേയും ദൈവജനത്തെയും ഞാൻ അഭിനന്ദിക്കുന്നു.

ലളിതമായ രീതിയിൽ ക്രമീകരിച്ച വിവിധ പരിപാടികൾ, അവയവ ദാന പദ്ധതി, സ്മൃതിമണ്ഡപത്തിന്റെ പ്രതിഷ്ഠ, മുതലായവ വ്യത്യസ്തങ്ങളായ പ്രേഷിത പ്രവർത്തനങ്ങളോടുകൂടിയ ഒരു സഭയാണ് നാമെന്ന് തെളിയിച്ചു. ആഘോഷങ്ങൾ പുതിയ ഒരു സമീപനവും രീതിയും പ്രകടമാക്കി. നാം മനസിലാക്കുന്നതുപോലെ, തിരുമൂലപുരം ആഘോഷങ്ങളുടെ വേദിയായത് ഒരു ദൈവപരിപാലന ആയിരുന്നു. ഈ സ്ഥലം നമ്മുടെ പിതാക്കന്മാർ കണ്ണീരോടുകൂടി തീവ്രമായി പ്രാർത്ഥിച്ച ഇടമാണ്. ഇക്കാര്യത്തിൽ സ്മൃതി മണ്ഡപത്തിന്റെ പ്രതിഷ്ഠ (*ബേഥ് ആബോ ദ്മലങ്കര*) വളരെ അനുയോജ്യവും അർത്ഥവത്തുമായിരുന്നു. നമ്മുടെ പ്രേഷിതപ്രവർത്തനങ്ങളിൽ സ്ഥലം എം.എൽ.എ. ശ്രീ മാത്യു ടി. തോമസ് നടത്തിയ ക്രിയാത്മകവും ആത്മാർത്ഥവുമായ അനുമോദനങ്ങളെ ഞാൻ അനുസ്മരിക്കുന്നു. സമൂഹനേതാക്കന്മാരിൽ നിന്നുള്ള സ്വീകാര്യതയുടെ അടയാളമാണിത്. ചിലയവസരങ്ങളിൽ നാം അഭിമുഖീകരിക്കുന്ന പ്രതിസന്ധികളുടെ നടുവിലും പൊതുസമൂഹത്തിലെ നമ്മുടെ ശുശ്രൂഷ ശുഷ്ക്കാന്തിയോടെ തുടരാൻ ഇത്തരം വാക്കുകൾ നമ്മെ പ്രോത്സാഹിപ്പിക്കുന്നു.

ഈ പ്രചോദനാത്മകമായ അനുഭവത്തോടെ, 86–ാമത് പുനരൈക്യ വാർഷിക ആഘോഷത്തോടനുബന്ധിച്ചുള്ള അടുത്ത സഭാസംഗമത്തിനായി പുത്തൂർ ഭദ്രാസനത്തിലേയ്ക്ക് നാമിപ്പോൾ നീങ്ങുകയാണ്. നമ്മുടെ സഭയുടെ മഹത്തായ ഇത്തരം ആഘോഷത്തിന് ആതിഥ്യം വഹിക്കാൻ ഭദ്രാസനത്തിന് വിവിധ പരിമിതികൾ ഉണ്ടെങ്കിലും ദൈവമഹത്വത്തിനും സഭയുടെ നന്മയ്ക്കുമായും എല്ലാം പരിണമിക്കുമെന്ന പ്രത്യാശയോടുകൂടി ഭദ്രാസനത്തിലെ ദൈവജനത്തോടുള്ള നമ്മുടെ സഭാകൂട്ടായ്മ ആഘോഷിക്കുന്നതിനായി നാം നീങ്ങുകയാണ്. അഭിവന്ദ്യ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനിക്കും പുത്തൂർ ഭദ്രാസനത്തിലെ ദൈവജനത്തിനും നമ്മുടെ എല്ലാവരുടെയും പ്രാർത്ഥനയും ആശംസകളും ഞാൻ മുൻകൂട്ടി അറിയിക്കുന്നു.

സഭയിലുള്ള ഇപ്പോഴത്തെ ചില സംഭവങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കുന്നതിൽ

എനിക്ക് സന്തോഷമുണ്ട്. ഇത്തരുണത്തിൽ, “കുടുംബ”ത്തെക്കുറിച്ചുള്ള റോമിലെ സുന്നഹദോസിൽ അല്മായരെ പ്രതിനിധീകരിച്ച് പങ്കെടുക്കാനായി നമ്മുടെ സഭയുടെ തിരുവല്ലാ അതിഭദ്രാസനത്തിൽനിന്നും ശ്രീ ജേക്കബ് എം. എബ്രഹാമിനെ പരി. പിതാവ് ക്ഷണിച്ച വിവരം ഞാൻ നിങ്ങളെ അറിയിക്കുന്നു. പരി. പിതാവ് സഭയിൽ പ്രഖ്യാപിച്ച കാരുണ്യവർഷത്തിന്റെ വിഷയത്തിലേയ്ക്ക് നിങ്ങളുടെ ശ്രദ്ധ ഞാൻ ക്ഷണിക്കുന്നു. സഭയിൽ മാത്രമല്ല പൊതുസമൂഹത്തിലും ദൈവകരുണ പ്രകടമാകുന്ന തരത്തിൽ ഈ അസാധാരണ ജൂബിലി വർഷത്തിലെ ആഘോഷപരിപാടികൾ നാം ആവിഷ്ക്കരിക്കേണ്ടതാണ്.

ഓസ്ട്രേലിയായിലെ അജപാലന പ്രവർത്തനങ്ങളെക്കുറിച്ചുള്ള ബഹു. സ്റ്റീഫൻ കുളത്തുംകരോട്ട് അച്ചൻ അയച്ച റിപ്പോർട്ട് സ്വീകരിച്ചത് നമുക്ക് ഏറെ സന്തോഷം നൽകുന്നു. മറ്റുഭൂഖണ്ഡങ്ങളിലെ പ്രത്യേകിച്ച് ഓസ്ട്രേലിയായിലെ ജനങ്ങളുടെ മദ്ധ്യേ സുവിശേഷവാകരാക്കി നമ്മെ മാറ്റിയതിന് നമുക്ക് ദൈവത്തിന് നന്ദിപറയാം. നമ്മുടെ രാഷ്ട്രത്തിനകത്തും പുറത്തും രക്ഷയുടെ സുവിശേഷം പ്രഘോഷിക്കാനുള്ള നമ്മുടെ പൊതുവായ ആവേശവും പരിശ്രമവും നാം നഷ്ടപ്പെടുത്തരുത്. ഒരു അപ്പസ്തോലിക സഭയായി ഈ സുന്നഹദോസ് ഹാളിൽ നാം ഒരുമിച്ചുകൂടിയിരിക്കുമ്പോൾ നമ്മുടെ പ്രേഷിത വിളിയെക്കുറിച്ച് നമുക്ക് പ്രാർത്ഥിക്കുകയും വിചിന്തനം ചെയ്യുകയും ചെയ്യാം. നമ്മുടെ പിതാവ് ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് സ്വപ്നം കണ്ടതുപോലെ, ഇന്ത്യയിൽ സുവിശേഷവെളിച്ചം പരത്താൻ നാം തീക്ഷ്ണമായി പരിശ്രമിക്കണം.

പരിശുദ്ധാത്മാവിന്റെ അനുഗ്രഹത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ദൈവമാതാവായ പരിശുദ്ധ കന്യക മറിയത്തിന്റെ സംരക്ഷണത്തിലും മാദ്ധ്യസ്ഥതയിലും ഈ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിനെ ഞാൻ സമർപ്പിക്കുകയും ചെയ്യുന്നു.

പതിനെട്ടാം സാധാരണ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ആരംഭിച്ചതായി ഞാൻ പ്രഖ്യാപിക്കുന്നു.

**✠ ബസേലിയോസ് കർദിനാൾ ക്ലീമീസ്**
മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കാബാവാ

## THE OPENING MESSAGE OF HIS BEATITUDE, THE CATHOLICOS AT THE EIGHTEENTH ORDINARY HOLY EPISCOPAL SYNOD OF THE SYRO-MALANKARA CATHOLIC CHURCH HELD FROM 21 TO 22 SEPTEMBER 2015

Venerable brotheren,

With great pleasure I welcome you all to the Eighteenth Ordinary Holy Episcopal Synod which we convene after the successful celebration of the 85$^{th}$ Reunion Day Celebrations and the *Sabha Sangamam*. I congratulate the Archbishop, Bishops, priests, religious and faithful of the Archieparchy of Tiruvalla for successfully hosting the programmes.

The various programmes arranged with simplicity, the Organ Donation Drive, the dedication of the *Smriti Mandapam*, etc. testify that we could be a Church with a difference, with a different apostolate. The celebrations marked a new approach and style. As we understand, it is a divine providence that Thirumoolapuram was the venue of the celebrations. It is a place where our Fathers prayed intensely with tears. In this regard, the dedication of the *Smriti Mandapam* (*Baith´Abo d´Malankara*) was apt and meaningful. I do acknowledge the positive and sincere appreciation of our apostolate by Mr Mathew T Thomas, the local MLA. It is a gesture of acceptance from the leaders of the society. These words encourage us to continue earnestly our ministry to the public amidst of all difficulties we face now and then.

By this positive experience, we now move to the Eparchy of Puttur for the next *Sabhasanghamam* on the occasion of the 86$^{th}$ Reunion Day Celebrations. Though there are different limitations for the Eparchy to host such a grand celebration of our Church, we move to celebrate our ecclesial communion with the people of the eparchy with a positive hope that everything will turn out for the greater glory of God and the good of our Church. I convey in anticipation the prayers and best wishes of all to His Excellency Most Rev. Geevarghese Mar Divannasios and the people of the Eparchy of Puttur.

I am happy to share with you some of the current events in the Church. On this occasion, I inform you that Mr Jacob M. Abraham of the Archieparchy of Tiruvalla of our Church is invited by the Holy Father to represent the laity in the Roman Synod on the “Family.” I invite your attention on the theme of the Holy Year of Mercy declared in the Church by the Holy Father. We have to chalk out various celebrations of this Extraordinary Jubilee Year to reveal the divine mercy not only in the Church but also in common society.

It was a joy for us to receive the report sent by Rev. Fr. Stephen Kulanthumkarott on the pastoral activities in Australia. Let us thank God for making us bearers of Gospel amidst of the people in other continents especially in Australia. Let us not lose our common enthusiasm and efforts to preach the Gospel of salvation in and outside our nation. As we gathered as an Apostolic Church in this Synod Hall let us pray and reflect on our missionary vocation. We shall earnestly strive to spread the light of Gospel in India, as dreamed by our Father Servant of God Archbishop Mar Ivanios.

I pray for the blessings of the Holy Spirit and confide the HES to the protection and intercession of Blessed Virgin Mary the Mother of God.

I declared the Eighteenth Ordinary Holy Episcopal Synod open.

✠ **Baselios Cardinal Cleemis**
Major Archbishop-Catholicos

## THE SYRO- MALANKARA CATHOLIC CHURCH
## MAJOR ARCHIEPISCOPAL CURIA

CATHOLICATE CENTRE, TRIVANDRUM - 695004, KERALA, INDIA

### Eighteenth Ordinary Holy Episcopal Synod

(21 and 22 September 2015)

### REPORT

His Beatitude Baselios Cardinal Cleemis Catholicos convoked the Eighteenth Ordinary Holy Episcopal Synod of the Syro-Malankara Catholic Church in Marygiri, the Archbishop's House, Tiruvalla on 21 and 22 September 2015. The members of the HES gathered together after the *Sabhasanghamam* hosted by the Archieparchy of Tiruvalla at Thirumoolapuram on the occasion of the 85th Reunion Day Celebrations.

The HES started with a prayer. The members present at the Synod were: Moran Mor Baselios Cardinal Cleemis Catholicos (President of the Synod), Most Rev. Thomas Mar Koorilos (Secretary of the Synod), Most Rev. Geevarghese Mar Divannasios, Most Rev. Yoohanon Mar Chrysostom, Most Rev. Joshua Mar Ignathios, Most Rev. Joseph Mar Thomas, Most Rev. Abraham Mar Julios, Most Rev. Vincent Mar Paulos, Most Rev. Jacob Mar Barnabas OIC, Most Rev. Thomas Mar Anthonios OIC, Most Rev. Samuel Mar Irenios and Most Rev. Philipos Mar Stephanos.

Most Rev. Thomas Mar Eusebios, the Exarch of USA, could not attend the Synod due to his visa problems in the US. He was granted leave of absence.

Most Rev. Geevarghese Mar Timotheos, the Bishop Emeritus of Tiruvalla is granted permanent leave of absence due to his old age health conditions.

Most Rev. Thomas Mar Anthonios OIC, the Curia Bishop and the Chancellor of the Major Archiepiscopal Curia, recorded the minutes.

His Beatitude Baselios Cardinal Cleemis, the Major Archbishop-Catholicos, gave the opening address. He congratulated the Archbishop, the clergy, religious and the faithful of the Archieparchy of Tiruvalla for successfully hosting the *Sabhasanghamam* on the occasion of the 85th Reunion Day Celebrations. The various programmes arranged with simplicity, the Organ Donation Drive, the dedication of the *Smriti Mandapam*, etc testify that we could be a Church with a difference, with a different apostolate. The celebrations marked a new approach and style. That Thirumoolapuram was the venue of the celebration was also providential. It is a place where our Fathers prayed intensely and with tears. His Beatitude appreciated the positive and sincere

appreciation of our apostolate by Mr Mathew T. Thomas, the local MLA. The dedication of the *Smriti Mandapam* (*Baith´Abo d´Malankara*) was apt and meaningful. His Beatitude the Catholicos said that encouraged by this positive experience we now move to the Eparchy of Puttur for the next *Sabhasanghamam* on the occasion of the 86th Reunion Day Celebrations. Though there are different limitations for the Eparchy, we move to celebrate our communion with a positive hope that everything will turn out for the greater glory of God and the good of our Church. His Beatitude conveyed in anticipation the prayers and best wishes of all to His Excellency Most Rev. Geevarghese Mar Divannasios and the people of the Eparchy of Puttur. In the inaugural address, His Beatitude dealt with some of the current events in the Church. He called on the attention of the Synod Fathers to the Roman Synod on the "Family". He also informed the HES that Mr Jacob M Abraham from our Church, from the Archieparchy of Tiruvalla, is invited to represent the Laity in the Synod. His Beatitude further delved on the theme of the Holy Year of Mercy declared in the Church by the Holy Father. His Beatitude concluded the inaugural address invoking the Holy Spirit for his presence in the HES. Confiding the HES-in-session to the protection and intercession of the Blessed Virgin Mary, His Beatitude declared the Synod open.

## THE PRESENTATION OF THE AGENDA

His Beatitude the Catholicos, the President of the HES, presented the following proposed agenda of the Synod:

1. Prayer
2. Inaugural Address by His Beatitude
3. Report of the Seventeenth Holy Episcopal Synod
4. Decisions of the Seventeenth Holy Episcopal Synod
5. Evaluation of the Common Programmes - July 15, Sept. 20, 2015; Planning for the Year 2016
6. The Administration of the Major Archiepiscopal Curia – Appointing a Chancellor
7. Report of the Pastoral Visit to Australia
8. Briefings from the Eparchies and Exarchates
9. Accounts of the Financial Year 2014-2015
10. Matters *Subsecreto*
11. Other Matters if any, With the Consent of the President

To this the Synod Fathers added the following topics:

1. Birth Centenary Celebrations of Archbishop Benedict Mar Gregorios
2. Seminary Formation

The agenda was approved.

**Report of the Seventeenth Ordinary Holy Episcopal Synod**

The report of the Seventeenth Holy Episcopal Synod was read out. A few inaccuracies and corrections were pointed out and corrected. His Beatitude the Catholicos informed the HES the progress of the proposal to raise the Exarchate of the US to an Eparchy. So also Most Rev. Abraham Mar Julios shared a few points on his study on the use of Psalms in our liturgy stressing the need to use other psalms too; not only the 13 Psalms now used. Most Rev. Joseph Mar Thomas proposed the report to be passed and Most Rev. Jacob Mar Barnabas OIC supported the proposal. The Report was passed with applause.

## THE DELIBERATIONS

After the completion of the initial procedures, deliberations on the agenda began.

**Evaluation of the Common Programmes; Planning for the Year 2016.**

In general, the members of the HES complimented the Archieparchy of Tiruvalla for hosting the *Sabhasanghamam* 2015 and felicitated them for the simplicity of the celebrations. The espousal of the donation of human organs was well appreciated by the public and served social awareness in this matter.

His Beatitude informed the HES that His Eminence Timothy Dolan of the US will visit us on the occasion of the (next) 63rd Feast of Commemoration of the Servant of God Archbishop Mar Ivanios.

**The Administration of the Major Archiepiscopal Curia – Appointing a Chancellor**

As Most Rev. Thomas Mar Anthonios OIC, the Curia Bishop and the Chancellor of our Church, is also appointed as the Exarch of St Ephrem Khadki-Pune, there was the need of appointing a priest as the Chancellor. The proposal was accepted. However, after a discussion of the matter, the matter was prorogued for the consideration of the next Ordinary HES.

**Report of the Pastoral Activities in Australia**

Rev. Fr Stephen Kulathumkarott, the Priest-in-Charge of our Faithful in Australia had sent a report of the activities of our Church in Australia with new proposals. The report was placed before the HES for its knowledge and study.

**Briefings from the Eparchies and Exarchates**

Most Rev. Jacob Mar Barnabas OIC, the Bishop of the Eparchy of Gurgaon-Delhi and Most Rev. Thomas Mar Anthonios, the Apostolic Exarch of the Exarchate of St Ephrem Khadki-Pune briefed the HES, how the buildup of the

Eparchy and the Exarchate respectively could be planned. The lack of sufficient number of priests and the dearth of finances are to be overcome in due course.

Most Rev. Vincent Mar Paulos shared with the HES his views on developing missions in Madurai and other adjoining places of the Eparchy of Marthandom, the area that falls under the Exarchate of St Ephrem. The members of the HES agreed to the proposal that such missionary activities can be entrusted to the Eparchy of Marthandom while the area is situated canonically in the Exarchate. For this the Apostolic Exarch of St Ephrem can delegate his power to the Bishop of Marthandom.

Most Rev. Joseph Mar Thomas introduced the problem of land and taxation that he faces in the Eparchy of Bathery.

Most Rev. Abraham Mar Julios shared his experience of participating in the beatification of Bienheveux Flavian Michel MELKI, Bishop of Djazinet Ibn-Qmar (Turkey) who lived from 1858 to 1915 and was martyred. The decision of the Pope strengthens the persecuted Church of the region.

Most Rev. Vincent Mar Paulose shared the problem of membership in a parish in his Eparchy.

One of the Bishops enquired whether a Deacon sent out from a seminary can be readmitted in another seminary. The members opined that the answer depends on the case concerned.

**Accounts of the financial year 2014-2015**

The account of the Major Archiepiscopal Curia for the financial year ending March 2015 was presented by Rev. Fr Varghese Angadiyil, the Finance Officer. The account was accepted.

**Matters *Subsecreto*:**

**1. Exarchate of the USA**

It was informed that our request to include Canada too in the Malankara Syrian Catholic Exarchate of the US which is requested to be raised as an Eparchy is favourably considered by the Holy See and all concerned.

**2. Matter *Subsecreto***

**Other Matters if any, with the Consent of the President**

**1. Birth Centenary Celebrations of Archbishop Benedict Mar Gregorios**

The programmes chalked out by the Major Archieparchy of Trivandrum for the Birth Centenary Celebrations of His Grace Benedict Mar Gregorios of venerable memory was presented by His Beatitude the Catholicos. It was the general understanding that the Church as a whole celebrates the Centenary

joining the programmes organized by the Major Archieparchy. Other commemorative celebrations can be organized in other places and Eparchies in accordance with the circumstances.

**2. Seminary formation**

The need of finalizing the Charter of Formation was discussed.

**3. Inauguration of the Year of Mercy**

The HES discussed the celebration of the Holy Year of Mercy proclaimed in the Church. Each Eparchy shall chalk out its programmes in accordance with the guidelines given by the Holy Father and the Holy See.

**4. *Suviseshasangham***

The report of the *Suviseshasangham* was presented. It was pointed out that the *Suviseshasangham* plans to complete the visit of our families in all our parishes within a time frame of two years. A fourth batch of the members of the *Suviseshasangham* at the ecclesial level can be formed. The need of formation of the *Suviseshasangham* at the parish level was stressed.

**5. Tribunal of our Eparchies and Exarchies**

The Synod urged all Eparchies and Exarchates to implement very earnestly the new laws promulgated by the Holy Father in dealing with marriage nullity cases.

**Conclusion**

HB the Catholicos concluded the HES. He gave the valedictory address highlighting the abundant grace the Lord showered upon us during the celebration of the *Sabhasanghamam* on the occasion of the 62$^{nd}$ Reunion Day. He urged his brethren in the Episcopate to go ahead strengthened by the power received through the *Sabhasanghamam*. He thanked everyone for their wholehearted participation in the Synod. He also thanked the office-bearers of the Archiepiscopal Curia of Tiruvalla and the Major Archiepiscopal Curia for their dedicated service to the Synod. Invoking God´s blessing through the intercession of the Blessed Virgin Mary, the Mother of God, on all and the Church, His Beatitude declared the HES closed.

✠ **Thomas Mar Koorilos**
Secretary

✠ **Thomas Mar Anthonios OIC**
Chancellor

**മലങ്കര സുറിയാനി കത്തോലിക്കാ സഭ**
**മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയ**

കാതോലിക്കേറ്റ് സെന്റർ, തിരുവനന്തപുരം-695 004 കേരളം, ഇന്ത്യ

## പതിനെട്ടാം സാധാരണ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ്

**(2015 സെപ്റ്റംബർ 21 മുതൽ 22 വരെ)**

## റിപ്പോർട്ട്

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പതിനെട്ടാമത് സാധാരണ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് തിരുവല്ലാ ആർച്ച്ബിഷപ്പ്സ് ഹൗസിൽ 2015 സെപ്തംബർ 21, 22 തീയതികളിൽ മേജർ ആർച്ച്ബിഷപ്പ് മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവാ വിളിച്ചുകൂട്ടി. 85-ാം പുനരൈക്യദിന വാർഷികാഘോഷത്തോടനുബന്ധിച്ച് തിരുമൂലപുരത്ത് തിരുവല്ലാ അതിഭദ്രാസനം ആതിഥ്യം നൽകിയ സഭാസംഗമത്തിനുശേഷമാണ് പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അംഗങ്ങൾ ഒരുമിച്ചുകൂടിയത്.

പ്രാർത്ഥനയോടുകൂടി പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ആരംഭിച്ചു. സുന്നഹദോസിൽ സംബന്ധിച്ച അംഗങ്ങൾ: മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമീസ് കാതോലിക്കാബാവാ (സുന്നഹദോസ് പ്രസിഡന്റ്), ആർച്ച്ബിഷപ്പ് തോമസ് മാർ കൂറിലോസ് (സുന്നഹദോസ് സെക്രട്ടറി), ബിഷപ്പുമാരായ ഗീവർഗീസ് മാർ ദിവന്നാസിയോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റോം, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ജോസഫ് മാർ തോമസ്, ഏബ്രഹാം മാർ യൂലിയോസ്, വിൻസെന്റ് മാർ പൗലോസ്, ജേക്കബ് മാർ ബർണബാസ്, തോമസ് മാർ അന്തോണിയോസ്, സാമുവൽ മാർ ഐറേനിയോസ്, ഫിലിപ്പോസ് മാർ സ്തേഫാനോസ്.

അമേരിക്കയിലെ വിസാ സംബന്ധമായ തടസം കാരണം അമേരിക്കൻ എക്സാർക്ക് അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് തിരുമേനിക്ക് സുന്നഹദോസിൽ പങ്കെടുക്കാൻ സാധിക്കില്ല. അദ്ദേഹത്തിന് സുന്നഹദോസിൽ പങ്കെടുക്കുന്നതിൽ നിന്നുള്ള വിടുതൽ അനുവദിച്ചു.

തിരുവല്ലാ അതിഭദ്രാസനത്തിലെ വിരമിത മെത്രാൻ അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനിയുടെ വാർദ്ധക്യവും ആരോഗ്യപരവുമായ കാരണത്താൽ പിതാവിന് സുന്നഹദോസിൽ നിന്ന് സ്ഥിരമായ അവധി നല്കി.

മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായുടെ മെത്രാനും ചാൻസിലറുമായ തോമസ് മാർ അന്തോണിയോസ് എപ്പിസ്കോപ്പാ സുന്നഹദോസ് നടപടികൾ രേഖപ്പെടുത്തി.

മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ് അത്യഭിവന്ദ്യ ബസേലിയോസ് കർദിനാൾ ക്ലീമീസ് ബാവാ പ്രാരംഭ സന്ദേശം നൽകി. 85-ാം പുനരൈക്യദിന ആഘോഷത്തോടനുബന്ധിച്ച് സഭാസംഗമം വിജയകരമായി സംഘടിപ്പിച്ചതിന് തിരുവല്ലാ അതിഭദ്രാസനത്തിലെ ആർച്ച്ബിഷപ്പിനെയും മെത്രാന്മാരേയും വൈദികരെയും സന്യസ്തരെയും ദൈവജനത്തെയും അത്യഭിവന്ദ്യ പിതാവ് അഭിനന്ദിച്ചുകൊണ്ട്

പറഞ്ഞു, "ലളിതമായ രീതിയിൽ ക്രമീകരിച്ച വിവിധ പരിപാടികൾ, അവയവ ദാന പദ്ധതി, സ്മൃതിമണ്ഡപത്തിന്റെ പ്രതിഷ്ഠ, മുതലായവ വ്യത്യസ്തങ്ങളായ പ്രേഷിത പ്രവർത്തനങ്ങളോടുകൂടിയ ഒരു സഭയാണ് നാമെന്ന് തെളിയിച്ചു. ആഘോഷങ്ങൾ പുതിയ ഒരു സമീപനവും രീതിയും പ്രകടമാക്കി. നാം മനസിലാക്കുന്നതുപോലെ, തിരുമൂലപുരം ആഘോഷങ്ങളുടെ വേദിയായത് ഒരു ദൈവപരിപാലന ആയിരുന്നു. ഈ സ്ഥലം നമ്മുടെ പിതാക്കന്മാർ കണ്ണീരോടുകൂടി തീവ്രമായി പ്രാർത്ഥിച്ച ഇടമാണ്. ഇക്കാര്യത്തിൽ സ്മൃതി മണ്ഡപത്തിന്റെ പ്രതിഷ്ഠ (*ബേഥ് ആബോദ്മലങ്കര*) വളരെ അനുയോജ്യവും അർത്ഥവത്തുമായിരുന്നു." ആഘോഷങ്ങളുടെ അവസരത്തിൽ പൊതു സമൂഹത്തിൽനിന്നു വന്ന അഭിനന്ദനങ്ങൾ അത്യഭിവന്ദ്യ കാതോലിക്കാബാവാ അനുസ്മരിച്ചു. "നമ്മുടെ പ്രേഷിതപ്രവർത്തനങ്ങളിൽ സ്ഥലം എം.എൽ.എ. ശ്രീ മാത്യു ടി. തോമസ് നടത്തിയ ക്രിയാത്മകവും ആത്മാർത്ഥവുമായ അനുമോദനങ്ങളെ ഞാൻ അനുസ്മരിക്കുന്നു. സമൂഹനേതാക്കന്മാരിൽ നിന്നുള്ള സ്വീകാര്യതയുടെ അടയാളമാണിത്. ചിലയവസരങ്ങളിൽ നാം അഭിമുഖീകരിക്കുന്ന പ്രതിസന്ധികളുടെ നടുവിലും പൊതുസമൂഹത്തിലെ നമ്മുടെ ശുശ്രൂഷ ശുഷ്ക്കാന്തിയോടെ തുടരാൻ ഇത്തരം വാക്കുകൾ നമ്മെ പ്രോത്സാഹിപ്പിക്കുന്നു."

പുത്തൂർ ഭദ്രാസനം ആതിഥ്യം വഹിക്കുന്ന അടുത്ത സഭാസംഗമത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അത്യഭിവന്ദ്യ കാതോലിക്കാബാവാ ഓർമിപ്പിച്ചു. "നമ്മുടെ സഭയുടെ മഹത്തായ ഇത്തരം ആഘോഷത്തിന് ആതിഥ്യം വഹിക്കാൻ ഭദ്രാസനത്തിന് വിവിധ പരിമിതികൾ ഉണ്ടെങ്കിലും ദൈവമഹത്വത്തിനും സഭയുടെ നന്മയ്ക്കുമായും എല്ലാം പരിണമിക്കുമെന്ന പ്രത്യാശയോടുകൂടി ഭദ്രാസനത്തിലെ ദൈവജനത്തോടുള്ള നമ്മുടെ സഭാകൂട്ടായ്മ ആഘോഷിക്കുന്നതിനായി നാം നീങ്ങുകയാണ്." പുത്തൂർ ഭദ്രാസനത്തിലെ അഭിവന്ദ്യ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനിയ്ക്കും ദൈവജനത്തിനും അത്യഭിവന്ദ്യ കാതോലിക്കാബാവാ പ്രാർത്ഥനയും ആശംസകളും മുൻകൂട്ടി അറിയിക്കുകയും ചെയ്തു.

ആമുഖ സന്ദേശത്തിൽ, ആഗോളസഭയിലുള്ള ഇപ്പോഴത്തെ ചില ആനുകാലിക സംഭവങ്ങൾ കാതാലിക്കാബാവാ പരാമർശിച്ചു. "കുടുംബ"ത്തെ സംബന്ധിച്ചുള്ള റോമൻ സുന്നഹദോസിലേക്ക് കാതോലിക്കാബാവാ സുന്നഹദോസ് പിതാക്കന്മാരുടെ ശ്രദ്ധ ക്ഷണിച്ചു. നമ്മുടെ സഭയുടെ തിരുവല്ലാ അതിഭദ്രാസനത്തിൽനിന്നും ശ്രീ ജേക്കബ് എം. എബ്രഹാമിനെ പ്രസ്തുത സുന്നഹദോസിലേയ്ക്ക് അല്മായ പ്രതിനിധിയായി ക്ഷണിച്ച വിവരം കാതോലിക്കാബാവാ പരി. സുന്നഹദോസിനെ അറിയിക്കുകയും ചെയ്തു. പരി. പിതാവ് സഭയിൽ പ്രഖ്യാപിച്ച കാരുണ്യ വർഷത്തിന്റെ വിഷയത്തെക്കുറിച്ച് അത്യഭിവന്ദ്യ കാതോലിക്കാബാവാ തുടർന്ന് സംസാരിച്ചു. "സഭയിൽ മാത്രമല്ല പൊതുസമൂഹത്തിലും ദൈവകരുണ പ്രകടമാകുന്ന തരത്തിൽ ഈ അസാധാരണ ജൂബിലി വർഷത്തിലെ ആഘോഷപരിപാടികൾ നാം ആവിഷ്ക്കരിക്കേണ്ടതാണ്."

നമ്മുടെ സഭയിലെ, പ്രത്യേകിച്ച് ഓസ്ട്രേലിയായിലെ അജപാലന പ്രവർത്തനങ്ങളുടെ പുരോഗതിയെക്കുറിച്ചുള്ള റിപ്പോർട്ട് അത്യഭിവന്ദ്യ കാതോലിക്കാബാവാ പങ്കുവച്ചു. "ബഹു. സ്റ്റീഫൻ കുളത്തുംകരോട്ട് അച്ചൻ അയച്ചുതന്ന ഓസ്ട്രേലിയായിലെ അജപാലന പ്രവർത്തനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് സ്വീകരിച്ചത് നമുക്ക്

ഏറെ സന്തോഷം നൽകുന്നു. മറ്റു ഭൂഖണ്ഡങ്ങളിലെ, പ്രത്യേകിച്ച് ഓസ്ട്രേലിയായിലെ ജനങ്ങളുടെ മദ്ധ്യേ സുവിശേഷവാഹകരാക്കി നമ്മെ മാറ്റിയതിന് നമുക്ക് ദൈവത്തിന് നന്ദിപറയാം. നമ്മുടെ രാഷ്ട്രത്തിനകത്തും പുറത്തും രക്ഷയുടെ സുവിശേഷം പ്രഘോഷിക്കാനുള്ള നമ്മുടെ പൊതുവായ ആവേശവും പരിശ്രമവും നാം നഷ്ടപ്പെടുത്തരുത്. ഒരു അപ്പസ്തോലിക സഭയായി ഈ സുന്നഹദോസ് ഹാളിൽ നാം ഒരുമിച്ചു കൂടിയിരിക്കുമ്പോൾ നമ്മുടെ പ്രേഷിത വിളിയെക്കുറിച്ച് നമുക്ക് പ്രാർത്ഥിക്കുകയും വിചിന്തനം ചെയ്യുകയും ചെയ്യാം. നമ്മുടെ പിതാവ് ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് സ്വപ്നം കണ്ടതുപോലെ, ഇന്ത്യയിൽ സുവിശേഷവെളിച്ചം പരത്താൻ നാം തീക്ഷ്ണമായി പരിശ്രമിക്കണം."

പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിലേയ്ക്ക് പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യത്തിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ട് കാതോലിക്കാബാവാ ആമുഖസന്ദേശം അവസാനിപ്പിച്ചു. പരി. കന്യാമറിയത്തിന്റെ സംരക്ഷണത്തിനും മാദ്ധ്യസ്ഥത്തിനും നടന്നുകൊണ്ടിരിക്കുന്ന പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിനെ സമർപ്പിച്ചുകൊണ്ട് സുന്നഹദോസ് സമാരംഭിച്ചതായി കാതോലിക്കാബാവാ പ്രഖ്യാപിച്ചു.

**വിഷയാനുക്രമണികയുടെ അവതരണം**

പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് പ്രസിഡന്റ് അത്യഭിവന്ദ്യ കാതോലിക്കാബാവാ സുന്നഹദോസിന്റെ നിർദിഷ്ട വിഷയാനുക്രമണിക അവതരിപ്പിച്ചു.

1. പ്രാർത്ഥന.
2. അത്യഭിവന്ദ്യ കാതോലിക്കാബാവായുടെ ഉദ്ഘാടനപ്രസംഗം.
3. പതിനേഴാം പരിശുദ്ധ സാധാരണ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ റിപ്പോർട്ട്.
4. പതിനേഴാം പരിശുദ്ധ സാധാരണ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ തീരുമാനങ്ങൾ.
5. 2015 ജൂലൈ 15, സെപ്ററംബർ 20 - പൊതുപരിപാടികളുടെ വിലയിരുത്തൽ; 2016 വർഷത്തെ ആസൂത്രണം.
6. മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായുടെ ഭരണം-ചാൻസിലറുടെ നിയമനം
7. ഓസ്ട്രേലിയായിലെ അജപാലന പ്രവർത്തനങ്ങളുടെ റിപ്പോർട്ട്.
8. ഭദ്രാസനങ്ങൾ, എക്സാർക്കേറ്റുകൾ എന്നിവയിൽ നിന്നുള്ള പങ്കുവയ്ക്കൽ.
9. 2014-15 സാമ്പത്തിക വർഷത്തിലെ കണക്കുകൾ.
10. രഹസ്യസ്വഭാവമുള്ള വിഷയങ്ങൾ.
11. പ്രസിഡന്റിന്റെ അനുവാദത്തോടുകൂടിയുള്ള മറ്റ് വിഷയങ്ങൾ.

ഇവയോട് താഴെ പറയുന്ന വിഷയങ്ങൾ കൂടി ചേർക്കാൻ സുന്നഹദോസ് പിതാക്കന്മാർ നിർദ്ദേശിച്ചു.

1. ആർച്ച്ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ജന്മശതാബ്ദി ആഘോഷങ്ങൾ.
2. സെമിനാരി പരിശീലനം.

വിഷയാനുക്രമണിക അംഗീകരിച്ചു.

**പതിനേഴാം പരിശുദ്ധ സാധാരണ സുന്നഹദോസിന്റെ റിപ്പോർട്ടവതരണം**

പതിനേഴാം പരിശുദ്ധ സാധാരണ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ റിപ്പോർട്ട് വായിച്ചു. ഏതാനും അവ്യക്തതകളും തിരുത്തലുകളും ചൂണ്ടികാണിക്കുകയും അവ തിരുത്തുകയും ചെയ്തു. അമേരിക്കൻ എക്സാർക്കേറ്റിനെ ഭദ്രാസനമായി ഉയർത്താനുള്ള നിർദ്ദേശങ്ങൾക്ക് മേലുള്ള നടപടികളുടെ പുരോഗതിയെക്കുറിച്ച് അത്യഭിവന്ദ്യ കാതോലിക്കാബാവാ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിനെ അറിയിച്ചു. അതുപോലെ, നമ്മുടെ ആരാധനയിൽ ഇപ്പോൾ ഉപയോഗിക്കുന്ന സങ്കീർത്തനങ്ങളോടൊപ്പം മറ്റു സങ്കീർത്തനങ്ങൾ ഉപയോഗിക്കുന്നതിനെക്കുറിച്ചുള്ള പഠനത്തെപ്പറ്റി ചില കാര്യങ്ങൾ അഭിവന്ദ്യ ഏബ്രഹാം മാർ യൂലിയോസ് തിരുമേനി പങ്കുവച്ചു; ഇപ്പോൾ ഉപയോഗിക്കുന്ന 13 സങ്കീർത്തനങ്ങൾ മാത്രമല്ല. അഭിവന്ദ്യ ജോസഫ് മാർ തോമസ് തിരുമേനി റിപ്പോർട്ട് പാസാക്കാമെന്ന് നിർദേശിക്കുകയും അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനി നിർദ്ദേശത്തെ പിന്താങ്ങുകയും ചെയ്തു. കൈയ്യടിച്ച് റിപ്പോർട്ട് പാസ്സാക്കി.

**പര്യാലോചനകൾ**

പ്രാരംഭനടപടി ക്രമങ്ങൾ പൂർത്തിയായതിനുശേഷം വിഷയാനുക്രമണികയെക്കുറിച്ചുള്ള പര്യാലോചനകൾ ആരംഭിച്ചു.

**പൊതു പരിപാടികളുടെ വിലയിരുത്തൽ; 2016 വർഷത്തേയ്ക്കുള്ള ആസൂത്രണം**

2015-ലെ സഭാസംഗമത്തിന് ആതിഥ്യം നൽകിയതിന് തിരുവല്ലാ അതിഭദ്രാസനത്തെ സുനഹദോസ് അംഗങ്ങൾ അഭിനന്ദിക്കുകയും ആഘോഷങ്ങൾ ലളിതമായ രീതിയിൽ നടത്തിയതിന് അനുമോദിക്കുകയും ചെയ്തു. ഇതിനോടനുബന്ധമായി അവയവദാനം ചേർത്തതിനെ പൊതുജനം ശ്ലാഘിക്കുകയും ഇതിനെക്കുറിച്ച് സമൂഹത്തിന് ഒരു ബോധ്യം നൽകുന്നതിന് സഹായകമാവുകയും ചെയ്തു.

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ (അടുത്ത) 63-ാമത് ഓർമ്മപ്പെരുന്നാൾ ആചരണവേളയിൽ അമേരിക്കയിലെ അത്യുന്നത കർദിനാൾ തിമോത്തി ഡോളൻ തിരുമേനി നമ്മെ സന്ദർശിക്കുമെന്ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിനെ അറിയിച്ചു.

**മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായുടെ ഭരണം-ചാൻസിലറുടെ നിയമനം**

നമ്മുടെ സഭയുടെ കൂരിയാ മെത്രാനും ചാൻസിലറുമായ അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് തിരുമേനി പൂനെ-ഖഡ്കി സെന്റ് എഫ്രേം എക്സാർക്കേറ്റിന്റെ എക്സാർക്കായികൂടി നിയമിതനായതിനാൽ, ചാൻസിലറായി ഒരു വൈദികനെ നിയമിക്കേണ്ടതിന്റെ ആവശ്യം ഉണ്ടായിരിക്കുന്നു. ഈ നിർദ്ദേശം അംഗീകരിച്ചു. എന്നിരുന്നാലും, ഈ കാര്യത്തിലെ ചർച്ചയ്ക്കുശേഷം, അടുത്ത പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിൽ പരിഗണിക്കുന്നതിനായി ഇക്കാര്യം മാറ്റിവെച്ചു.

**ഓസ്ട്രേലിയായിലെ അജപാലന പ്രവർത്തനങ്ങളുടെ റിപ്പോർട്ട്**

ഓസ്ട്രേലിയായിലെ നമ്മുടെ സഭയുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഒരു റിപ്പോർട്ട് പുതിയ നിർദ്ദേശങ്ങളോടുകൂടി ഓസ്ട്രേലിയായിലെ നമ്മുടെ വിശ്വാസികളുടെ ചുമതല വഹിക്കുന്ന ബഹു. സ്റ്റീഫൻ കുളത്തുംകരോട്ട് അച്ചൻ അയച്ചിട്ടുണ്ടായിരുന്നു. പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ അറിവിനും പഠനത്തിനുമായി പ്രസ്തുത റിപ്പോർട്ട് അവതരിപ്പിച്ചു.

**ഭദ്രാസനത്തിൽനിന്നും, എക്സാർക്കേറ്റിൽനിന്നുമുള്ള ചുരുങ്ങിയ പങ്കുവയ്ക്കൽ**

ഗുഡ്ഗാവ്-ഡൽഹി ഭദ്രാസനത്തിന്റെ മെത്രാൻ അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനിയും പൂനെ-ഖഡ്കി എക്സാർക്കേറ്റിന്റെ മെത്രാൻ അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് തിരുമേനിയും യഥാക്രമം തങ്ങളുടെ ഭദ്രാസനത്തിന്റെയും എക്സാർക്കേറ്റിന്റെയും കെട്ടിപടുക്കൽ എങ്ങനെ ആസൂത്രണം ചെയ്യാമെന്ന് പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിൽ വിവരിച്ചു. വൈദികരുടെ കുറവും, സമ്പത്തിന്റെ അഭാവവും നിശ്ചിതസമയത്തിനുള്ളിൽ പരിഹരിക്കേണ്ടതാണ്.

എക്സാർക്കേറ്റിന്റെ കീഴിൽ വരുന്നതും മധുരയിലും മാർത്താണ്ഡം ഭദ്രാസനത്തോട് ചേർന്നുകിടക്കുന്ന സ്ഥലങ്ങളിലും വളർന്നുവരുന്ന മിഷനുകളെക്കുറിച്ചുള്ള തന്റെ കാഴ്ചപാടുകൾ അഭിവന്ദ്യ വിൻസന്റ് മാർ പൗലോസ് തിരുമേനി പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസുമായി പങ്കുവെച്ചു. ഈ പ്രദേശങ്ങൾ കാനോനികമായി എക്സാർക്കേറ്റിലാണെങ്കിലും, അത്തരം മിഷൻ പ്രവർത്തനങ്ങൾ മാർത്താണ്ഡം ഭദ്രാസനത്തെ ഭരമേല്പിക്കാവുന്നതാണെന്ന നിർദ്ദേശം പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അംഗങ്ങൾ അംഗീകരിച്ചു. ഇതിനായി സെന്റ് എഫ്രേം എക്സാർക്കേറ്റ് അദ്ദേഹത്തിന്റെ അധികാരം മാർത്താണ്ഡം മെത്രാന് കൈമാറാവുന്നതാണ് (delegate).

വസ്തുക്കളും നികുതിയും സംബന്ധിച്ച് ബത്തേരി ഭദ്രാസനം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ അഭിവന്ദ്യ ജോസഫ് മാർ തോമസ് തിരുമേനി അവതരിപ്പിച്ചു.

1858 മുതൽ 1915 വരെ ജീവിച്ച് രക്തസാക്ഷിത്വം വരിച്ച, ജാസിനെറ്റ് ഇബ്ൻ-ഖ്മാർ (ടർക്കി)യുടെ മെത്രാൻ വാഴ്ത്തപ്പെട്ട ഫ്ളാവിയൻ മിഖേൽ മെൽക്കി തിരുമേനിയുടെ വിശുദ്ധ നാമകരണ നടപടികളിൽ പങ്കെടുത്തതിന്റെ അനുഭവം അഭിവന്ദ്യ ഏബ്രഹാം മാർ യൂലിയോസ് തിരുമേനി പങ്കുവെച്ചു. മാർപാപ്പായുടെ തീരുമാനം ആ പ്രദേശത്തെ പീഢിത സഭകൾക്ക് ശക്തിപകരുന്നതാണ്.

തന്റെ ഭദ്രാസനത്തിലുള്ള ഒരു ഇടവകയിലെ അംഗത്വം സംബന്ധിച്ച പ്രശ്നം അഭിവന്ദ്യ വിൻസന്റ് മാർ പൗലോസ് തിരുമേനി പങ്കുവെച്ചു.

ഒരു സെമിനാരിയിൽനിന്നും പിരിച്ചുവിട്ട ഡീക്കന് മറ്റൊരു സെമിനാരിയിലേയ്ക്ക് പുനഃപ്രവേശനം നൽകാൻ സാധിക്കുമോ എന്ന് മെത്രാന്മാരിൽ ഒരാൾ ആരാഞ്ഞു. അതിനുള്ള മറുപടി ഓരോ കേസും അനുസരിച്ചായിരിക്കുമെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു.

**2014-'15 സാമ്പത്തികവർഷത്തെ കണക്കുകൾ**

2015 മാർച്ചിൽ അവസാനിക്കുന്ന സാമ്പത്തിക വർഷത്തിലെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായുടെ കണക്ക് ഫൈനാൻസ് ഓഫീസർ പെരിയ ബഹു. വർഗീസ് അങ്ങാടിയിൽ അച്ചൻ അവതരിപ്പിച്ചു. കണക്കുകൾ അംഗീകരിച്ചു.

**രഹസ്യസ്വഭാവമുള്ളവ**

**1. അമേരിക്കൻ എക്സാർക്കേറ്റ്**

കാനഡയെ കൂടി അമേരിക്കയിലെ മലങ്കര സുറിയാനി കത്തോലിക്കാ എക്സാർക്കേറ്റിൽ ഉൾപ്പെടുത്തിക്കൊണ്ട് അതിനെ ഒരു ഭദ്രാസനമായി ഉയർത്തണമെന്ന നമ്മുടെ അപേക്ഷ പരി. സിംഹാസനവും ഇതുമായി ബന്ധപ്പെട്ടവരും അനുകൂലമായി പരിഗണിച്ചുവെന്ന് അറിയിച്ചു.

**2. രഹസ്യസ്വഭാവമുള്ളവ**

**പ്രസിഡന്റിന്റെ അനുവാദത്തോടുകൂടിയുള്ള മറ്റ് വിഷയങ്ങൾ**

**1. ആർച്ച്ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ജന്മശതാബ്ദി ആഘോഷങ്ങൾ**

ഭാഗ്യസ്മരണാർഹനായ ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ജന്മശതാബ്ദി ആഘോഷങ്ങൾക്കുവേണ്ടി തിരുവനന്തപുരം മേജർ അതിഭദ്രാസനം തയ്യാറാക്കിയ പരിപാടികൾ അത്യഭിവന്ദ്യ കാതോലിക്കാബാവാ അവതരിപ്പിച്ചു. മേജർ അതിഭദ്രാസനം സംഘടിപ്പിക്കുന്ന ഈ പരിപാടികളിൽ പങ്കുചേർന്നുകൊണ്ട് സഭയൊന്നാകെ ജന്മശതാബ്ദി ആഘോഷിക്കാൻ പൊതുധാരണയായി. സാഹചര്യങ്ങൾക്കനുസൃതമായി മറ്റ് സ്ഥലങ്ങളിലോ, ഭദ്രാസനങ്ങളിലോ ഓർമ്മയാചരണത്തിന്റെ മറ്റു പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.

**2. സെമിനാരി പരിശീലനം**

പരിശീലനത്തിന്റെ പ്രമാണരേഖ (Charter of Formation) പൂർത്തീകരിക്കുന്നതിന്റെ ആവശ്യകത ചർച്ചചെയ്തു.

**3. കരുണയുടെ വർഷത്തിന്റെ ഉദ്ഘാടനം**

സാർവത്രിക സഭയിൽ പ്രഖ്യാപിക്കപ്പെട്ട കരുണയുടെ വർഷാചരണത്തെക്കുറിച്ച് പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ചർച്ചചെയ്തു. പരി. പിതാവും പരി. സിംഹാസനവും നൽകിയ മാർഗനിർദേശങ്ങൾ അനുസരിച്ച് ഓരോ ഭദ്രാസനവും അതതിന്റെ പരിപാടികൾ വിഭാവനം ചെയ്യേണ്ടതാണ്.

**4. സുവിശേഷസംഘം**

സുവിശേഷ സംഘത്തിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു. നമ്മുടെ എല്ലാ ഇടവകകളിലെയും നമ്മുടെ കുടുംബങ്ങളിലെ സന്ദർശനം രണ്ടു വർഷ കാലയളവിനുള്ളിൽ പൂർത്തിയാക്കുന്നതിന് സുവിശേഷസംഘം വിഭാവന ചെയ്യുന്നുവെന്ന് ചൂണ്ടികാട്ടി. സുവിശേഷസംഘത്തിന്റെ സഭാതലത്തിലുള്ള നാലാമത്തെ ബാച്ച് രൂപീകരിക്കാവുന്നതാണ്. ഇടവക തലത്തിലുള്ള സുവിശേഷ സംഘത്തിന്റെ രൂപീകരണത്തിന്റെ ആവശ്യകത ഊന്നിപറഞ്ഞു.

**5. നമ്മുടെ ഭദ്രാസനങ്ങളുടെയും എക്സാർക്കേറ്റുകളുടെയും സഭാകോടതി**

വിവാഹം അസാധുവാക്കുന്ന കേസ് കൈകാര്യം ചെയ്യുന്നതു സംബന്ധിച്ച് പരി. പിതാവ് പ്രാബല്യപ്പെടുത്തിയ പുതിയ നിയമങ്ങൾ എത്രയും ഗൗരവമായി പ്രാവർത്തികമാക്കണമെന്ന് എല്ലാ ഭദ്രാസനങ്ങളോടും എക്സാർക്കേറ്റുകളോടും പരി. സുന്നഹദോസ് ആവശ്യപ്പെട്ടു.

**സമാപനം**

85-ാം പുനരൈക്യ ദിനത്തോടനുബന്ധിച്ച് നടന്ന സഭാസംഗമത്തിന്റെ ആഘോഷങ്ങളിൽ കർത്താവ് നമ്മുടെ മേൽ ചൊരിഞ്ഞ സമൃദ്ധമായ കൃപയെ എടുത്തുപറഞ്ഞുകൊണ്ട് കാതോലിക്കാബാവാ സമാപന സന്ദേശം നൽകി. സഭാസംഗമത്തിലൂടെ സ്വീകരിച്ച ബലം കൊണ്ട് ശക്തീകരിക്കപ്പെട്ട് മുന്നോട്ട് പ്രയാണം ചെയ്യാൻ തന്റെ സഹോദര മെത്രാന്മാരോട് അത്യഭിവന്ദ്യ കാതോലിക്കാബാവാ ആഹ്വാനം

ചെയ്തു. "ഓരോ ആഘോഷങ്ങളുടേയും സമാപനം വിശ്രമത്തിനുള്ള അവസരമല്ല, മറിച്ച് കൂടുതൽ ആവേശത്തോടെ സഭാശുശ്രൂഷയിൽ മുഴുകാനുള്ള ദൈവീക ആഹ്വാനമായി നാം കരുതണം. ഇത്തരം ആഘോഷങ്ങൾ സഭാമക്കളുടെ ഐക്യം കെട്ടിപ്പടുക്കാനും സമൂഹത്തിൽ സാക്ഷ്യം നൽകുന്ന സഭാകൂട്ടായ്മയായി മാറ്റാനും നമ്മെ സഹായിക്കണം. നാം ഈ സുന്നഹദോസിൽ ചിന്തിച്ചതുപോലെ സഭയുടെ പ്രേഷിത പ്രവർത്തനങ്ങളിൽ സംഘാതമായ മുന്നേറ്റം ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. നമ്മുടെ വിഭവങ്ങൾ മറ്റു ഭദ്രാസനങ്ങളും എക്സാർക്കേറ്റുകളുമായി പങ്കുവച്ചുകൊണ്ട് ഒരു പ്രേഷിത സഭയായി മുന്നേറാൻ നമുക്ക് പരിശ്രമിക്കാം. പുതിയ കാനോനിക സംവിധാനങ്ങൾ സഭാഭരണം സുഗമമായി നടത്തുവാൻ മാത്രമല്ല, ദൈവകരുണ കൂടുതൽപേർക്ക് സംലഭ്യമാക്കാനുള്ള സാധ്യത കൂടിയാണെന്ന് നാം തിരിച്ചറിയണം."

സുന്നഹദോസിലെ ആത്മാർത്ഥമായ പങ്കാളിത്തത്തിന് ഏവരോടും അത്യഭിവന്ദ്യ കാതോലിക്കാബാവാ നന്ദി പറഞ്ഞു. തിരുവല്ലാ അതിഭദ്രാസന കാര്യാലയത്തിലെയും മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയായിലെയും എല്ലാ ഭാരവാഹികൾക്കും, അവരുടെ സേവനത്തിന് അത്യഭിവന്ദ്യ കാതോലിക്കാബാവാ നന്ദി അറിയിച്ചു.

ദൈവമാതാവായ പരി. കന്യക മറിയത്തിന്റെ മദ്ധ്യസ്ഥത്തിലൂടെ എല്ലാവരിലും സഭമുഴുവനിലും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട് പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് പര്യവസാനിച്ചതായി അത്യഭിവന്ദ്യ കാതോലിക്കാബാവാ പ്രഖ്യാപിച്ചു.

✠ **തോമസ് മാർ കൂറിലോസ്**
(സെക്രട്ടറി)

✠ **തോമസ് മാർ അന്തോണിയോസ് ഒ.ഐ.സി.**
(ചാൻസിലർ)

## 2015 സെപ്തംബർ 21, 22 തീയതികളിൽ സമ്മേളിച്ച മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പതിനെട്ടാം സാധാരണ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിൽ അത്യഭിവന്ദ്യ കാതോലിക്കാബാവാ നൽകിയ സമാപന സന്ദേശം

പതിനെട്ടാം സാധാരണ പരി. സുന്നഹദോസിന്റെ പരിസമാപ്തിയിലേക്ക് നാം കടക്കുകയാണ്. 85-ാം പുനരൈക്യദിന ആഘോഷങ്ങളോടനുബന്ധിച്ച് നടന്ന സഭാ സംഗമത്തിൽ കർത്താവ് ചൊരിഞ്ഞ സമൃദ്ധമായ കൃപയ്ക്ക് ഞാൻ നന്ദി പറയുന്നു.

എന്റെ പ്രിയ സഹോദര മെത്രാന്മാരേ,

ഈ സുന്നഹദോസ് സമാപിക്കുമ്പോൾ, ഈ സഭാസംഗമത്തിലൂടെ നമുക്ക് കൈവന്ന ആത്മീയവും സാമൂഹികവുമായ ഉണർവിനാൽ ശക്തീകരിക്കപ്പെട്ട് നാം മുന്നോട്ട് പോകണമെന്ന് ഞാൻ നിങ്ങളെ വീണ്ടും ഓർമിപ്പിക്കുന്നു. ഓരോ ആഘോഷങ്ങളുടേയും സമാപനം വിശ്രമത്തിനുള്ള അവസരമല്ല, മറിച്ച് കൂടുതൽ ആവേശത്തോടെ സഭാശുശ്രൂഷയിൽ മുഴുകാനുള്ള ദൈവീക ആഹ്വാനമായി നാം കരുതണം. ഇത്തരം ആഘോഷങ്ങൾ സഭാമക്കളുടെ ഐക്യം കെട്ടിപ്പടുക്കാനും സമൂഹത്തിൽ സാക്ഷ്യം നൽകുന്ന സഭാകൂട്ടായ്മയായി മാറ്റാനും നമ്മെ സഹായിക്കണം. നാം ഈ സുന്നഹദോസിൽ ചിന്തിച്ചതുപോലെ സഭയുടെ പ്രേഷിത പ്രവർത്തനങ്ങളിൽ സംഘാതമായ മുന്നേറ്റം ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. നമ്മുടെ വിഭവങ്ങൾ മറ്റു ഭദ്രാസനങ്ങളും എക്സാർക്കേറ്റുകളുമായി പങ്കുവച്ചുകൊണ്ട് ഒരു പ്രേഷിത സഭയായി മുന്നേറാൻ നമുക്ക് പരിശ്രമിക്കാം. പുതിയ കാനോനിക സംവിധാനങ്ങൾ സഭാഭരണം സുഗമമായി നടത്തുവാൻ മാത്രമല്ല, ദൈവകരുണ കൂടുതൽപേർക്ക് സംലഭ്യമാക്കാനുള്ള സാധ്യത കൂടിയാണെന്ന് നാം തിരിച്ചറിയണം.

ഈ സുന്നഹദോസിൽ ആത്മാർത്ഥമായി പങ്കെടുത്ത നിങ്ങളോരോരുത്തരോടുമുള്ള നന്ദി ഞാൻ അറിയിക്കുന്നു. സഭയിലെ നിങ്ങളുടെ ശ്ലൈഹിക ശുശ്രൂഷയിലൂടെ പൊതുവായി ലഭിക്കുന്ന അനുഗ്രഹങ്ങൾക്ക് ഞാൻ ദൈവത്തിന് നന്ദി പറയുന്നു. ഈ സുന്നഹദോസിന് വേദിയൊരുക്കിയ തിരുവല്ലാ അതിഭദ്രാസനത്തിനും പ്രത്യേകിച്ച് അതിനുവേണ്ടിയുള്ള ക്രമീകരണങ്ങൾ ഒരുക്കിയ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായ്ക്കും അതിഭദ്രാസന മന്ദിരത്തിലെ ബഹു. വൈദികരോടും സിസ്റ്റേഴ്സിനോടും സഹായികളോടുമുള്ള പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് പിതാക്കന്മാരുടെ പേരിലുള്ള കൃതജ്ഞതയും അറിയിക്കുന്നു. അതോടൊപ്പം മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായിലെ അംഗങ്ങളോടുള്ള കൃതജ്ഞതയും ഞാൻ രേഖപ്പെടുത്തുന്നു.

ദൈവമാതാവായ പരി. കന്യക മറിയത്തിന്റെ മാദ്ധ്യസ്ഥം നിങ്ങളിലും നമ്മുടെ സഭമുഴുവനിലും ഉണ്ടാകട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

ദൈവത്തിന്റെ അനുഗ്രഹം നാമേവരിലും പ്രാർത്ഥിച്ചുകൊണ്ട്, നമ്മുടെ സഭയുടെ പതിനെട്ടാം സാധാരണ പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് പര്യവസാനിച്ചതായി ഞാൻ പ്രഖ്യാപിക്കുന്നു.

**✠ ബസേലിയോസ് കർദിനാൾ ക്ലീമീസ്**
മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കാബാവാ

# THE VALEDICTORY MESSAGE OF HIS BEATITUDE, THE CATHOLICOS AT THE EIGHTEENTH ORDINARY HOLY EPISCOPAL SYNOD OF THE SYRO-MALANKARA CATHOLIC CHURCH HELD FROM 21 TO 22 SEPTEMBER 2015

We are entering to the conclusion of the Eighteenth Holy Synod. I thank our Lord for His abundant grace showered upon the *Sabhasangamam* which was held with $85^{th}$ Reunion Day Celebrations.

My dear brother bishops,

As we conclude this Synod, I would like to remind you again that let us march forward with spiritual and social revitalisation that we received in this *Sabhasanghamam*. We have to consider that the conclusion of each celebration is not an occasion to rest, but a divine call to indwell with enthusiasm in the ministry of the Church. Such celebrations should help us to build-up unity among the faithful and to become a witnessing ecclesial community in the common society. As we deliberated in this Synod, it is a need of the time to have organized efforts in the missionary activities of the Church. Let us advance as a missionary church by sharing our resources with other eparchies and exarchates. We have to realise that the new canonical provisions are not only for the smooth functioning of the ecclesial governance but also to make avail the divine mercy to more people.

I thank each for your whole hearted participation in this Synod. I thank God for the common blessings we receive through your episcopal ministry in our Church. On behalf of the Synod Fathers, I thank the Archieparchy of Tiruvalla especially to His Grace Thomas Mar Koorilos and Rev. Fathers, Sisters and the assistants in the Archbishop's House for making all the arrangements for the smooth conduct of this Synod. I place on record the gratitude to the members of the Major Archiepiscopal Curia.

I do pray that may the intercession of the Blessed Virgin Mary, the Mother God be on our Church.

Invoking God's blessings on all of us, I declare the Eighteenth Ordinary Holy Episcopal Synod of our Church closed.

**✠ Baselios Cardinal Cleemis**
Major Archbishop-Catholicos

## Report of the Study Group to draw up the byelaws for the functioning of the Synodal Commissions of the SMCC.

The sixteenth Holy Episcopal Synod of our Church that was in session from 20 to 22 September 2014 asked Most Rev. Vincent Mar Paulos, Most Rev. Samuel Mar Irenios, Most Rev. Philipos Mar Stephanos and Most Rev Thomas Mar Anthonios OIC to study the draft of the byelaws of the Synodal Commissions that was circulated to the members of the HES and other SCs and to present it to the Seventeenth Ordinary Holy Episcopal Synod to be convoked from 23 to 27 February 2015. As the Coordinator of the SCs, Mar Anthonios was expected to be the secretary of the group.

The study group met at the residence of Most Rev. Philipos Mar Stephanos, at Kattappana on 12-13 February 2015 and studied the draft. Most Rev. Vincent Mar Paulos could not participate in the meeting due to ill-health on those days. However, he had given his opinions and suggestions to the group and has gone through the draft to be submitted to the group.

After studying the draft of the byelaws and the drafts submitted by certain SCs for the respective commission, the group opined and decided that at present it drafts the general bye-laws applicable to all - with the aims, objectives and scope of activities of each SC.

The group found that the proposed general draft was good enough. Hence it could be revised and finalized as a draft to be presented to the HES. Based on this, each SC can elaborate its aims and objectives and formulate its guidelines.

The study group also makes the following proposals:

1. There is no need of a separate SC for Publication. As the nature of the apostolate dealt with by the SC is the same, it is better to have a separate Desk of the SC. However, for good coordination, it is better that the Chairman of the SC himself chair the Desk too.
2. It is good to bifurcate the Synodal Commission for Social Activities and Dalit Christians. It should at least have Desk within the SC.
3. Is it a workable arrangement to have a SC for the Pastoral Care of the Faithful outside India? Shall we not drop it?

4. The scope and role and function of the Synodal Commission for Seminary Formation have to be integrated with the role of the Episcopal Commission for the Major Seminary.
5. There is need of a budgetary allocation for the SCs. To start with, we propose an amount of Rs. Five Lakhs.
6. The SCs are permanent offices of the Curia unless they are suppressed or dissolved. Hence reconstituting all SCs and each of them at one time affects the role and function of these commissions in the Church.
7. There should be a mechanism to ensure that the Chairman, the Secretary, the Office Assistants and the Consultors are accountable to the HES and the Church in the discharge of their duties. The tree is judged by its fruits.

The secretary of the group redrafted the draft and report to the members for their opinions before the finalization of the draft to be submitted to the HES.

**✠ Thomas Mar Anthonios**
Secretary of the group

# DOCUMENTATION

## ERECTION
## OF THE EPARCHY OF ST JOHN CHRYSOSTOM, GURGAON
## AND
## EXARCHATE OF ST EPHREM, KHADKI-PUNE

# ANNOUNCEMENT OF THE EPARCHY OF ST JOHN CHRYSOSTOM,GURGAON

APOSTOLIC NUNCIATURE
IN INDIA

50-C, NITI MARG, CHANAKYAPURI
NEW DELHI - 110 021

**Under Embargo
until 26 March, 16.30 hrs**

N. 7780/15

## STATEMENT

His Holiness Pope Francis has established the new Eparchy of *St. John Chrysostom of Gurgaon* of the Syro-Malankaras and has appointed as its first Eparchial Bishop His Lordship Jacob Mar Barnabas Aerath, OIC, until now Titular Bishop of Bapara and Apostolic Visitator for the Syro-Malankara faithful residing in India outside the *territorium proprium*.

This provision will be made public in Rome on **Thursday 26 March 2015**, at noon local time, corresponding to 16:30 hours, Indian Standard Time.

Till then this news is to be maintained under embargo.

## THE EPARCHY
of *St. John Chrysostom of Gurgaon* of the Syro-Malankaras

The Eparchy extends over the entire territory of North India, comprising 22 of the 29 States of the Country. The southern border of the circumscription includes the four central States: Gujarat, Madhya Pradesh, Chhattisgarh and Orissa. Besides in these States, the faithful are diffusely present especially in Punjab, Haryana, Delhi, Uttar Pradesh, Rajasthan and West Bengal.
The See of the Eparchy is Gurgaon, near Delhi, because the faithful are mainly concentrated in Delhi metropolitan area, distributed in nine parishes. In the region there are two Colleges and ten schools run by the Syro-Malankara Church. 15 priests, eparchial and regular, and about 30 women religious offer their service in the pastoral, educational and charity works.

The first Eparchial Bishop will have his residence and chancery at *Mar Ivanios Bhavan*, Neb Sarai, New Delhi, where the church of *St. Mary* is also situated and which will serve as Cathedral.

***

His Lordship Jacob Mar Barnabas Aerath, OIC, Bishop of *St. John Chrysostom of Gurgaon* of the Syro-Malankaras, was born at Karikulam in the Archieparchy of Tiruvalla on 7 December 1960. He joined the *Order of the Imitation of Christ* and was ordained priest on 2 October 1986. He obtained a Doctorate in Moral Theology at the *Alfonsianum*, Rome. Besides Malayalam, he knows and speaks English, German, Italian and Hindi.

After the ordination he served as: Procurator of his Religious Institute; Vice-Rector (In-charge of the pre-novices), Rector and Superior of the Major Seminary of the Institute; Professor of Moral Theology in various Seminaries in India; Provincial Superior (for two consecutive terms), and Master of Novices of the Navajyothy Province, Alwaye.

On 7 February 2007, Pope Benedict XVI appointed him Apostolic Visitator with Episcopal status for the Syro-Malankara faithful residing in India outside the *territorium proprium*, and he was assigned the Titular See of Bapara. He received the Episcopal Ordination on 10th March 2007.

New Delhi, 24 March 2015

APOSTOLIC NUNCIATURE * NEW DELHI *

# FRANCISCUS EPISCOPUS Servus Servorum Dei

ad perpetuam rei memoriam. Quo aptius consuleretur spirituali bono atque regimini Christifidelium Syro Malankarensium in India septemtrionali degentium, visum est pro iisdem Eparchiam novam condere. Nos igitur in Apostolorum Principis cathedra constituti, audito consilio Venerabilis Fratris Nostri Leonardi S.R.E. Cardinalis Sandri, Praefecti Congregationis pro Ecclesiis Orientalibus, re mature perpensa, summa Apostolica auctoritate Eparchiam Sancti Ioannis Chrysostomi Gurgaonensis Syro-Malankarensium, quae comprehendit omnes septemtrionales civitates, usque ad extremos Patriae fines, necnon medias civitates Gujarat, Madhya Pradesh, Chhattisgarh atque Orissa, erigimus, omnibus factis iuribus et obligationibus talium Ecclesiarum propriis; cuius Sedem eparchialem in urbe Gurgaonensi ponimus. Eius autem constitutio et administratio ad normas Codicis Canonum Ecclesiarum Orientalium fient. Quae vero iussimus ad effectum rite adducantur, deque absoluto negotio sueta documenta exarentur et ad Congregationem pro Ecclesiis Orientalibus mittantur. Hanc denique Apostolicam Constitutionem nunc et in posterum ratam esse volumus, contrariis rebus nihil obstantibus. Datum Romae, apud S. Petrum, die vicesimo sexto mensis Martii, anno Domini bis millesimo decimo quinto, Pontificatus Nostri tertio.

Petrus Card. Parolin
Secretarius Status

Leonardus Card. Sandri
Congregationis pro Ecclesiis Orientalibus Praefectus



Marcellus Rossetti, protonot. apost.
Leonardus Sapienza, Prot. Ap.

## Erection of the new Eparchy of Saint John Chrysostom of Gurgaon of the Syro-Malankara

Francis, Bishop, Servant of Servants of God, for Perpetual Memory

It was deemed proper to erect a new Eparchy for the spiritual welfare and governance of the Syro-Malankara Christ's faithful, living in the northern parts of India. We, having been installed in the Chair of the Prince of the Apostles, after having consulted our Venerable Brother Leonardo Cardinal Sandri, Prefect of the Congregation for the Oriental Churches and after having mature consideration on the matter, with our supreme Apostolic Authority, erect the new Syro-Malankara Eparchy of St. John Chrysostom of Gurgaon, with all the rights and obligations, such as proper to the Eparchies, which comprises all the states of North India, touching the far ends of the Country, besides the states of Gujarat, Madhya Pradesh, Chhattisgarh and Orissa. We decree further that this new Eparchy will have its seat in the city of Gurgaon. The establishment and administration of the new Eparchy is to be done according to the Norms of the Code of Canons of the Eastern Churches. We however advise that these matters being properly carried out, and the documents be forwarded to the Congregation for Oriental Churches. We further declare that this Apostolic Constitution is ratified and anything contrary to it, notwithstanding.

Given in Rome at St. Peter's on Twenty sixth day of the month of March, in the year of the Lord, 2015, third year of Our Pontificate.

Francis PP

# FRANCISCUS EPISCOPUS Servus Servorum Dei

Venerabili Fratri **Jacobo Barnabae Aerath, O.I.C.**, hactenus Episcopo titulari Bapatensi et Visitatori Apostolico Christifidelium Syro-Malankarensium extra territorium proprium commorantium, nominato Episcopo novae Eparchiae Sancti Joannis Chrysostomi Gurgaonensis Syro-Malankarensium, salutem et Apostolicam Benedictionem. Cum providendum sit Eparchiae Sancti Joannis Chrysostomi Gurgaonensis Syro-Malankarensium hoc ipso die in India per Nostram Constitutionem ~ Quo aptius consuleretur ~ conditae, tu, Venerabilis Frater, comprobatis dotibus ornatus rerumque ecclesialium ac Theologiae Moralis peritus, videris dignus qui praesis illi. Audito igitur consilio Venerabilis Fratris Nostri S.R.E. Cardinalis Praefecti Congregationis pro Ecclesiis Orientalibus, summa Nostra potestate te, vinculo Sedis titularis Bapatensis ac memorato munere Visitatoris Apostolici solutum, Episcopum Eparchiae **Sancti Joannis Chrysostomi Gurgaonensis Syro-Malankarensium** nominamus cunctis cum iuribus et oneribus tali muneri ad normam Codicis Canonum Ecclesiarum Orientalium adnexis. Mandamus quidem ut hae Litterae in notitiam veniant cleri populique ipsius Eparchiae; quos hortamur ut te libentius pergant prosequi tecumque coniuncti maneant. Tibi, Venerabilis Frater, Paracliti Spiritus dona precamur, quibus suffultus fideles tuae creditos curae ita pascas ut iidem cotidie crescant in evangelicis humanisque virtutibus maximeque in caritate, omnium Regina. Pax Christi, auspice Beata Virgine Maria, sit semper tecum atque cum ista nova Eparchia Nobis carissima. Datum Romae, apud S. Petrum, die vicesimo sexto mensis Martii, anno Domini bis millesimo decimo quinto, Pontificatus Nostri tertio.

Franciscus

Marcellus Rossetti, pro Bullarum Reg.

# TRANSLATION OF PAPEL BULL NOMINATING THE BISHOP

## Papal Bull Nominating Bishop for the New Eparchy

Francis, Bishop, Servant of Servants of God, to our Venerable Brother Jacob Barnabas Aerath OIC, hitherto the Titular Bishop of Bapara and the Apostolic Visitator of the Syro-Malankara Christ's faithful *extra territorium proprium*, now nominated Bishop of the new Eparchy of St. John Chrysostom of Gurgaon for the Syro-Malankara Christ's faithful, Greetings and Apostolic Blessings!

When We erected the new Eparchy of St. John Chrysostom of Gurgaon for the Syro-Malankara faithful through Our Apostolic Constitution, '*Quo Aptius Consuleretur'*, We found in you, Venerable Brother, a proper person with a deep sense of the Church and an expert in Moral Theology to preside over the new Eparchy. Having heard the advice of Our Venerable brother, Cardinal Prefect of the Congregation for the Oriental Churches, We exercising Our supreme power, do hereby Dissolve the bond existing between you and the Titular See of Bapara and Exonerate you from the rights and duties of the Office of the Apostolic Visitator and Nominate you to be the Bishop of the Eparchy of Saint John Chrysostom of Gurgaon of the Malankara Catholics, with all the rights and duties, according to the Code of Canons of the Eastern Churches. We further order that the content of this Apostolic Letter be made known to all the Clergy and the People of the said Eparchy and exhort that the bond of unity between you and them would be fostered day by day. Finally We invoke the gifts of the Holy Spirit upon you, our Venerable Brother, that you may watch over and help grow the faithful, entrusted to your pastoral care in Evangelical and human virtues, and above all, in charity, the queen of all virtues. May the Peace of Christ and the help of the Blessed Virgin Mary be with you and with all Our dear ones in the new Eparchy.

Given in Rome at St. Peter's on Twenty sixth day of the month of March, in the year of the Lord, 2015, third year of Our Pontificate.

Francis PP

# ANNOUNCEMENT OF THE EXARCHATE OF STEPHREM,KHADKI

APOSTOLIC NUNCIATURE
IN INDIA

50-C, NITI MARG, CHANAKYAPURI
NEW DELHI - 110 021

**Under Embargo**
**until 26 March, 16.30 hrs**

N. 7780/15

## STATEMENT

His Holiness Pope Francis has established the new Exarchate of *St. Ephrem of Khadki* of the Syro-Malankaras and has appointed as its first Apostolic Exarch His Lordship Thomas Mar Anthonios Valiyavilayil, OIC, until now Curia Bishop of the Syro-Malankara Major Archiepiscopal Curia, who will keep the title of "*Titular Bishop of Igilgili*".

This provision will be made public in Rome on **Thursday 26 March 2015**, at noon local time, corresponding to 16:30 hours, Indian Standard Time.

Till then this news is to be maintained under embargo.

## THE EXARCHATE
of *St. Ephrem of Khadki* of the Syro-Malankaras

The Exarchate extends over the entire southern part of India where till now there was no Syro-Malankara ecclesial circumscription, namely, the entire States of Maharashtra, Goa, Andhra Pradesh and Telangana, together with parts of Karnataka and Tamilnadu. The mission of the Syro-Malankara Church outside the proper territory began in 1955 with the foundation of *Bethany Ashram*, in Poona, for the pastoral care of immigrants. Today the Syro-Malankara presence in the region of the Exarchate consists of 27 parishes or missions. There are 21 priests dedicated to the pastoral care, 13 convents of women religious and about ten schools, including a College for higher studies. The majority of the faithful is found near Mumbai and Poona, in the western part of the State of Maharashtra. The first Exarch will have his residence and

chancery in Khadki, Pune, in the complex which includes *St. Mary's Malankara Catholic Church*, which will serve as cathedral.

***

His Lordship Thomas Mar Anthonios Valiyavilayil, OIC, Apostolic Exarch of *St. Ephrem of Khadki* of the Syro-Malankaras, was born on 21 November 1955 at Adoor, in the Archieparchy of Trivandrum. He is a religious of the *Order of the Imitation of Christ*, in which he took his first profession on 15 January 1974 and the final profession on 9 December 1980. He was ordained priest on 27 December 1980. Later he obtained a Doctorate in canon Law from the Pontifical Oriental Institute. Besides English and Malayalam, he speaks Italian, German, Hindi, Syriac and reads Greek and Latin.

After the ordination, he served as: Superior of various Religious Houses; Director of the boarding school in Kottayam; Master of the Postulants; Procurator; Chaplain and Parish Priest; Professor at *St. Mary's Malankara Major Seminary*, Trivandrum and in other Major Seminaries; General Councilor of his Institute and Postulator for the cause of beatification of the Servant of God Mar Ivanios; Chancellor of the Major Archiepiscopal Curia of the Syro-Malankara Church.

His Lordship Thomas Mar Anthonios was elected Curia Bishop on 25 January 2010 and was assigned the Titular See of Igilgili. He received the Episcopal Ordination on 13th March 2010.

New Delhi, 25 March 2015

APOSTOLIC NUNCIATURE
NEW DELHI

# PAPEL BULL NOMINATING THE BISHOP

## FRANCISCUS EPISCOPUS Servus Servorum Dei

Venerabili Fratri **Thomae Antonio Valiyavilayil**, O.I.C., Episcopo titulari Igilgilitano atque hactenus Praesuli Curiae Archiepiscopalis Maioris Ecclesiae Syro-Malankarensis, nunc Exarcho Apostolico Ecclesiae Sancti Ephraimi Khadkiensis Syro-Malankarensium electo, salutem et Apostolicam Benedictionem. Omnimode solliciti ut christifidelium necessitatibus aptius in dies consulatur, libenti animo iis favemus coeptis, quae ad huiusmodi rationem conducere videntur. Cum autem hoc ipso die per Apostolicam Nostram Constitutionem - Nos qui successimus - novam constituerimus Exarchiam Apostolicam Sancti Ephraimi Khadkiensis Syro-Malankarensium, incunctanter statuimus idoneum virum designare qui huic gregi providebit - spontanee secundum Deum - 1 Pt 5,2. Tu vero, Venerabilis Frater, iis virtutibus et ingenii dotibus videris Nobis praeditus esse quibus hoc grave officium sustinere queas. Quapropter, consilio audito Congregationis pro Ecclesiis Orientalibus, Nostra ex potestate Apostolica his Litteris te, solutum munere Episcopi Curiae Archiepiscopalis Maioris Ecclesiae Syro-Malankarensis, nominamus et constituimus Exarchum Apostolicum Ecclesiae **Sancti Ephraimi Khadkiensis** Syro-Malankarensium, ad normam iuris communis. Fidelibus tuae ecclesialis communitatis Sancti Ephraimi Khadkiensis hanc tuam nominationem notam facies, ut sciant quem sequi debeant quemque Patrem et Magistrum diligere. Ceterum, dilecte Fili, ne obliviscaris studium gregem pascendi testimonium dilectionis esse, ita ut Domino dicenti: - si diligis me, pasce oves meas - Io 21,17 - libentissime tu quoque respondere valeas. Datum Romae, apud S. Petrum, die vicesimo et sexto mensis Martii, anno Domini bis millesimo quinto et decimo, Pontificatus Nostri tertio.



Marcellus Rossetti, protonot. apost.

## TRANSLATION OF PAPEL BULL NOMINATING THE BISHOP

Francis, Bishop, the Servants of God,
Best Wishes and Apostolic Blessings

To venerable brother Thomas Antony Valiyavilayil OIC, titular bishop of Igilgili and so far the Chancellor of the Curia of the Syro-Malankara Archiepiscopal Church, and now elected as the Apostolic Exarch of the Exarchate of St Ephrem in Khadki of the Syro-Malankara Catholic Church.

By all means be solicitous in the necessities of the Christian faithful with joyful heart. Since on the same day through our Apostolic Constitution which I am following, We constitute a new Apostolic Exarch of St. Ephrem in Khadki of the Syro-Malankara Catholic Church, together with that We consider you the designated worthy person, venerable brother who seems to me as with good qualities and intelligence to take up this serious office.

So having heard the advice of the Congregation for the Oriental Churches, We by Our Apostolic power, by this letter, appoint you, who until now hold the office of the Syro-Malankara Major Archiepiscopal Curia and nominate and appoint youas the Apostolic Exarch of the Exarchate of Saint Ephrem in Khadki of Syro-Malankara Catholic Church according to the norms of the Canon Law.

The faithful of the community of Saint Ephrem of Khadki must be informed of your nomination so that they may know whom they must follow as the Father and Master.Moreover, loving Son, you must not forget to study about the sheepwhich is to be tended in the testimony of the choice as the Lord has said “if you love me, feed my sheep” (Jn 21:17). And you may respond willingly.

**Given in Rome, at St. Peter’s, on the twenty-sixth day of the month of March in the year 2015, in the third year of Our Pontificate.**

# PASTORAL LETTERS
# &
# CIRCULARS

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ
അംഗീകാരത്താലും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്
**ബസേലിയോസ് കർദിനാൾ ക്ലീമീസ് ബാവായിൽ നിന്നും**
നമ്മുടെ അധികാരത്തിൻകീഴിലുള്ള മേൽപ്പട്ടക്കാർക്കും
കോർഎപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും ബഹു. വൈദികർക്കും
ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്!

Prot. No. PL 1/2015

**സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും**
**സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.**

## ആർച്ച്ബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് ജന്മശതാബ്ദി

വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാൻമാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

### ആമുഖം

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ദ്വിതീയ മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പും തിരുവനന്തപുരം അതിരൂപതയുടെ അദ്ധ്യക്ഷനുമായിരുന്ന ഭാഗ്യസ്മരണാർഹനായ ആർച്ച്ബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിന്റെ ജന്മശതാബ്ദി വർഷത്തിലേക്ക് നാം പ്രവേശിക്കുന്നു. അദ്ദേഹം ഇഹലോകം വിട്ടിട്ട് ഇരുപതു വർഷം പൂർത്തിയായി. എന്നാൽ മാർ ഗ്രീഗോറിയോസ് പിതാവ് ഇന്നും അനേകരുടെ മനസ്സിൽ ജീവിക്കുന്നു. ഇരുപതാം നൂറ്റാണ്ടിനെ ദീപ്തമാക്കിയ ധന്യജീവിതം! അടുത്ത നൂറ്റാണ്ട് മുന്നിൽ കണ്ടാണ് അദ്ദേഹം ജീവിച്ചതും പഠിപ്പിച്ചതുമെന്ന് ഇന്ന് വ്യക്തമാണ്. അദ്ദേഹം ദീർഘദർശനം ചെയ്ത സന്ദേശങ്ങൾ ഇന്നെത്ര പ്രസക്തമാണ്. മലങ്കര സുറിയാനി കത്തോലിക്കാസഭയെ നാലു പതിറ്റാണ്ടിലേറെ ഔന്നത്യത്തിന്റെ പടികളിൽ നയിച്ച ഈ സഭാപിതാവ് നാനാജാതി മതസ്ഥരായ പൊതുസമൂഹത്തിന്റെ മുന്നിൽ സഭയുടെ മുഖം തേജസ്സോടെ അവതരിപ്പിച്ചു. സർവാദരണീയനായ ധാർമ്മികനേതൃത്വം സമൂഹം അദ്ദേഹത്തിനു കൽപ്പിച്ചു കൊടുത്തു. ജന്മശതാബ്ദിയാചരണം വഴിയായി വന്ദ്യപിതാവിനെ സഭയൊന്നാകെ അനുസ്മരിക്കുകയും ദൈവത്തിനു നന്ദിപറയുകയും ചെയ്യുന്നതോടൊപ്പം മാർ ഗ്രിഗോറിയോസ് തിരുമേനി നമുക്ക് സമ്മാനിച്ച ജീവിതദർശനങ്ങളെയും സമീപനങ്ങളെയും ഈ കാലഘട്ടത്തിൽ ജീവിക്കുകയും ചെയ്യുകയെന്നതാണ് നമുക്ക് ചെയ്യാൻ സാധിക്കുക.

### ജനനം, വിദ്യാഭ്യാസം

1916 ഫെബ്രുവരി 1-ന് കല്ലൂപ്പാറ കടമാൻകുളത്ത് തങ്ങളത്തിൽ ഇടിക്കുള യുടെയും അന്നമ്മയുടെയും മകനായി ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി ജനിച്ചു. കുഞ്ഞുകുട്ടി എന്ന ഓമനപ്പേര് വിളിച്ചു. വറുഗീസ് എന്ന മാമോദീസപ്പേരിൽ

അറിയപ്പെട്ടു. ആറുമാസം പ്രായമായപ്പോൾ പരുമലപ്പള്ളിയിൽ അടിമയ്ക്കിരുത്തി. പുതുശ്ശേരിയിലും ഇരവിപേരൂരുമായി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. മാർത്തോമ്മാ സഭയുടെ വലിയ മെത്രാപ്പോലീത്താ അഭിവന്ദ്യ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം തിരുമേനി, തിരുവല്ലാ രാമകൃഷ്ണാശ്രമത്തിന്റെ മുൻ മഠാധിപതി സ്വാമി ജൈത്രാനന്ദ തുടങ്ങിയവർ പിതാവിന്റെ സതീർത്ഥ്യരായിരുന്നു. പഠനത്തിലും സ്വഭാവത്തിലും വറുഗീസ് മുൻ പന്തിയിലായിരുന്നു. 1932-ൽ സ്കൂൾ ഫൈനൽ പാസ്സായി.

**ബഥനി, വൈദികപരിശീലനം, വൈദികപട്ടം**

സ്കൂൾ ഫൈനൽ പാസ്സായശേഷം കോട്ടയത്ത് ഇൻഷ്വറൻസ് കമ്പനിയിൽ ജോലി സ്വീകരിച്ച വറുഗീസ് 1933-ൽ സന്യാസ വൈദികനാകുക എന്ന ലക്ഷ്യത്തോടെ ജോലി രാജിവച്ച് ബഥനി ആശ്രമത്തിൽ ചേർന്നു. 1935 ആഗസ്റ്റ് 15-ാം തീയതി 'ആശീർവദിക്കപ്പെട്ടവൻ' എന്നർത്ഥമുള്ള ബനഡിക്ട് എന്നപേരിൽ പ്രഥമ സന്യാസ വ്രതവാഗ്ദാനം നടത്തി സന്യാസപദം സ്വീകരിച്ചു. 1938-ൽ സെമിനാരി പഠനത്തിനായി ശ്രീലങ്കയിലുള്ള കാൻഡി പേപ്പൽ സെമിനാരിയിലേക്കു അയച്ചു. കാൻഡി സെമിനാരിയിലെ തത്വശാസ്ത്ര, ദൈവശാസ്ത്ര പഠനങ്ങളും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള ഗുരുക്കന്മാരോടും വൈദികരോടും സഹപാഠികളോടുംചേർന്നുള്ള പരിശീലനവും ബ്രദർ ബനഡിക്ടിന്റെ വ്യക്തിത്വത്തെ പ്രോജ്ജ്വലമാക്കി. 1944 ആഗസ്റ്റ് 24-ന് കാൻഡിയിൽ വച്ച് വൈദികപട്ടം സ്വീകരിച്ചു.

**ഉപരിപഠനം**

1945-ൽ നാട്ടിൽ തിരിച്ചെത്തിയ ബനഡിക്ടച്ചനെ നാലാഞ്ചിറ ആശ്രമത്തിലെ സന്യാസാർത്ഥികളുടെ പരിശീലകനായി നിയമിച്ചു. അതോടൊപ്പം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിലെ അദ്ധ്യാപകനും പാളയം ഇടവകയുടെ സഹവികാരിയുമായി ചുമതല നൽകി. ചുറുചുറുക്കോടെ സൈക്കിളിൽ എല്ലായിടത്തും ഓടിയെത്തി ഉത്തരവാദിത്തങ്ങൾ സമർപ്പണബോധത്തോടെ കൊച്ചച്ചൻ നിർവഹിച്ചുകൊണ്ടിരുന്നു. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ താൽപര്യമനുസരിച്ച് ബനഡിക്ടച്ചനെ തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ്സ് കോളേജിൽ ഉപരിപഠനത്തിനയച്ചു. ധനതത്വശാസ്ത്രത്തിൽ ഒന്നാം ക്ലാസിൽ ഒന്നാം റാങ്കോടെ ബിരുദാനന്തര ബിരുദം നേടി. സെന്റ് ജോസഫ്സിലെ പഠനം അദ്ദേഹത്തിന്റെ വീക്ഷണങ്ങളെ കൂടുതൽ വിശാലമാക്കി.

**മാർ ഈവാനിയോസ് കോളേജ് പ്രിൻസിപ്പൽ**

ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമേനി നാലാഞ്ചിറയിൽ സ്ഥാപിച്ച മാർ ഈവാനിയോസ് കോളേജിന്റെ പ്രഥമ പ്രിൻസിപ്പലായി, തന്റെ ഭാവനയിലുള്ള കലാലയം കെട്ടിപ്പടുക്കുവാൻ, ബഹു. ബനഡിക്ടച്ചനെ നിയമിച്ചു. പ്രതിഭാധനരും പ്രശസ്തരുമായ അദ്ധ്യാപകരെ കണ്ടെത്തി നിയമിക്കുവാനും സമർത്ഥരായ വിദ്യാർത്ഥികളെ ഈ കോളേജിലേക്ക് ആകർഷിക്കുവാനും വേണ്ടതെല്ലാം ആ ഗുരുശ്രേഷ്ഠൻ ചെയ്തു. കോളേജിനോടൊപ്പം ആരംഭിച്ച ഹോസ്റ്റലിൽ ഗുരുകുല വിദ്യാഭ്യാസ സമ്പ്രദായരീതി അവലംബിച്ച് കുടുംബാന്തരീക്ഷം രൂപപ്പെടുത്തിയെടുക്കുവാനും ബഹു. ബനഡിക്ടച്ചൻ ശ്രദ്ധിച്ചു. ബനഡിക്ട് അച്ചന്റെ നേതൃത്വത്തിൽ ആരംഭംമുതൽ മാർ ഈവാനിയോസ് കോളേജ് ശ്രദ്ധേയമായ ഒരു സ്ഥാപനമായി അറിയപ്പെട്ടു.

**ഇടവക/മിഷൻ പ്രവർത്തനങ്ങൾ**

രണ്ടുവർഷം പ്രിൻസിപ്പൽ പദവിയിൽ തുടർന്നു. 1951-ൽ അമേരിക്കയിൽ നിന്നു ഡോകട്റേറ്റു ബിരുദം നേടി തിരികെയെത്തിയ റവ. ഡോ. നങ്ങച്ചിവീട്ടിലച്ചനെ പ്രിൻസിപ്പൽ പദവി ഏൽപ്പിച്ചിട്ട് മാർ ഈവാനിയോസ് പിതാവിന്റെ നിർദ്ദേശപ്രകാരം വൈസ് പ്രിൻസിപ്പലായി ബനഡിക്ടച്ചൻ തുടർന്നു. ഇക്കാലയളവിൽതന്നെ നാലാഞ്ചിറ ബഥനി ആശ്രമത്തിലെ നവസന്യാസികളുടെ ആത്മീയഗുരുവായും പ്രവർത്തിച്ചു. നെടുമങ്ങാട് പ്രദേശങ്ങളിലെ വിവിധ മിഷനുകളിലും ഇതോടൊപ്പം ശുശ്രൂഷ ചെയ്തു. ശനി, ഞായർ ദിവസങ്ങളിൽ മിഷനുകളിൽ ഭവന സന്ദർശന ത്തിനും വിശ്വാസ പരിശീലനത്തിനും ബനഡിക്ടച്ചൻ സമയം കണ്ടെത്തി. അവരുടെ സാമൂഹ്യജീവിതം മെച്ചപ്പെടുത്തുന്നതിനും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു.

**സഹായമെത്രാൻ**

ഒന്നുമില്ലായ്മയിൽ നിന്ന് പുനരൈക്യപ്രസ്ഥാനത്തെയും മലങ്കര സുറിയാനി കത്തോലിക്കാസഭയെയും കെട്ടിപ്പടുക്കുവാൻ തന്റെ മുഴുവൻ ശ്രദ്ധയും സമർപ്പണവും നൽകിയ ദൈവദാസൻ മാർ ഈവാനിയോസ് മത്രാപ്പോലീത്താ തന്റെ ഇഹലോക ദൗത്യം പൂർത്തിയാക്കാൻ സമയമായി എന്നു തിരിച്ചറിഞ്ഞു. തന്റെ പിൻഗാമി ആരായിരിക്കണമെന്ന് ക്രാന്തദർശിയായ അദ്ദേഹം നേരത്തെതന്നെ തിരിച്ചറിഞ്ഞിരുന്നു. അതിനുവേണ്ടി ബഹു. ബനഡിക്ടച്ചനെ ഒരുക്കിക്കൊണ്ട് വരുകയും ചെയ്തു. 1952 ഡിസംബർ 27-ാം തീയതി ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് പിതാവ് ബഹു. ബനഡിക്ട് അച്ചന് റമ്പാൻ പട്ടം നൽകി. 1953 ജനുവരി 29-ന് മാർ ഈവാനിയോസ് തിരുമേനി പ്രധാന കാർമ്മികനായും മാർ സേവേറിയോസ് തിരുമേനിയും കോട്ടയം രൂപതാദ്ധ്യക്ഷൻ മാർ തോമസ് തറയിൽ തിരുമേനിയും സഹകാർമ്മികരായും ബനഡിക്ട് റമ്പാച്ചനെ മാർ ഈവാനിയോസ് തിരുമേനിയുടെ സഹായമെത്രാനായി അഭിഷേകം ചെയ്തു. 'ഉണർവുള്ളവൻ' എന്നർത്ഥമുള്ള ഗ്രീഗോറിയോസ് എന്ന പേര് സ്വീകരിക്കുകയും ചെയ്തു. 'സ്നേഹം മമദീപം' എന്ന ആപ്തവാക്യത്തെ മുൻനിർത്തിയുള്ള തന്റെ ഐതിഹാസികമായ മേൽപ്പട്ട ശുശ്രൂഷ ആരംഭിച്ചു.

**സഭാദ്ധ്യക്ഷൻ/അതിരൂപതാ സാരഥി**

1953 ജൂലൈ 15-ന് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ കാലം ചെയ്തു. 1955-ൽ ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനിയെ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ അദ്ധ്യക്ഷനും തിരുവനന്തപുരം അതിരൂപതയുടെ മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പുമായി പരി. പതിനൊന്നാം പീയൂസ് മാർപ്പാപ്പാ നിയമിച്ചു.

ശൈശവദശ പിന്നിട്ട മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് പ്രത്യേകിച്ച്, തിരുവനന്തപുരം അതിരൂപതയ്ക്ക് പലവിധ പരിമിതികൾ ഉണ്ടായിരുന്നു. കത്തോലിക്കാ സഭയിലേക്ക് യാക്കോബായ, ഓർത്തഡോക്സ് സഭകളിൽ നിന്ന് പുനരൈക്യപ്പെട്ട ധാരാളം വൈദികരെയും അവരുടെ കുടുംബാംഗങ്ങളെയും സംരക്ഷിക്കുക, പുതിയ മിഷനുകൾ ആരംഭിക്കുക, നേരത്തെ ആരംഭിച്ച മിഷനുകളിൽ പുതിയ പള്ളികൾ നിർമ്മിച്ച് ഇടവകകളായി ഉയർത്തുക, ബഹു. വൈദികർക്ക് താമസസൗകര്യങ്ങൾ ക്രമീകരിക്കുക ഇങ്ങനെ നിരവധി കാര്യങ്ങൾക്ക് അടിയന്തിര ശ്രദ്ധ നൽകേണ്ടിയിരുന്നു. വിദ്യാഭ്യാസമേഖലയിലും ഇതര ശുശ്രൂഷാ

മേഖലകളിലും ഒട്ടേറെ സംരംഭങ്ങൾ ആരംഭിച്ചു. പട്ടം കത്തീഡ്രൽ ദൈവാലയവും ആർച്ച്ബിഷപ്സ് ഹൗസും പണികഴിപ്പിച്ചു. വിവിധ സഭാവിഭാഗങ്ങളിൽ നിന്നും ഇതര മതങ്ങളിൽ നിന്നും കത്തോലിക്കാ വിശ്വാസത്തിലേക്കു വന്നവരെ വിശ്വാസത്തിൽ ബലപ്പെടുത്തുന്നതിന് സഹായകമായ വിവിധ പദ്ധതികൾ വന്ദ്യപിതാവ് ആവിഷ്കരിച്ച് നടപ്പിലാക്കി. മതബോധനവും, യുവജനങ്ങളുടെയും അത്മായരുടെയും ഇടയിലെ പ്രേഷിത ശുശ്രൂഷകളും ചിട്ടപ്പെടുത്തി. കത്തോലിക്കാ സെമിനാരിയിൽ പഠനം പൂർത്തിയാക്കിയ വൈദികരെ മലങ്കരയുടെ സ്വത്വബോധമനുസരിച്ച് അജപാലനശുശ്രൂഷ നിർവഹിക്കുവാൻ തക്കവിധം ക്രമീകരണം ചെയ്തു. അങ്ങനെ മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ ഒരു പുതിയ സംസ്കാരം രൂപപ്പെടുത്തിയെടുക്കാൻ മാർ ഗ്രിഗോറിയോസ് പിതാവ് പ്രത്യേകം ശ്രദ്ധിച്ചു. വ്യക്തിഗതസഭയുടെ തനത് സംസ്കാരത്തിന് അനുസരിച്ച് വൈദികരെ പരിശീലിപ്പിക്കുന്നതിന് മലങ്കര മേജർ സെമിനാരി ആരംഭിക്കുവാൻ മാർ ഗ്രിഗോറിയോസ് പിതാവ് നൽകിയ നേതൃത്വം മലങ്കര സുറിയാനി കത്തോലിക്കാസഭാ ചരിത്രത്തിലെ അവിസ്മരണീയമായ സംഭവമാണ്.

ഭാരത സുവിശേഷവത്കരണം സ്വപ്നംകണ്ട ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ പാത പിൻതുടർന്ന മാർ ഗ്രിഗോറിയോസ് പിതാവ് മലങ്കര വിശ്വാസത്തിലേക്ക് മറ്റു വിശ്വാസത്തിൽ നിന്നും വന്ന സഹോദരങ്ങളെ അംഗീകരിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്തു. തെക്കൻ പ്രദേശത്തെ അജപാലന ശുശ്രൂഷയ്ക്ക് വന്ദ്യ പിതാവ് നൽകിയ പ്രോൽസാഹനവും ഈ പ്രദേശത്തുനിന്നുള്ള ദൈവവിളികളെ പ്രോൽസാഹിപ്പിക്കുന്നതിന് പിതാവ് കാണിച്ച ശ്രദ്ധയുമാണ് മാർത്താണ്ഡം രൂപതയുടെ രൂപീകരണത്തിന് വഴിതെളിച്ചത്. മാർ ഗ്രീഗോറിയോസ് തിരുമേനിയിൽ നിന്ന് ആദ്യമായി വൈദികപട്ടം സ്വീകരിച്ചത് ബഹു. ലോറൻസ് തോട്ടം അച്ചനായിരുന്നു (ലോറൻസ് മാർ അപ്രേം മെത്രാപ്പോലീത്താ) എന്നതും ശ്രദ്ധേയമാണ്. മലങ്കര സഭയ്ക്ക് മേജർ ആർക്കി എപ്പിസ്കോപ്പൽ പദവി ലഭിക്കുന്നതിനു മുമ്പേതന്നെ വ്യക്തിഗതസഭയ്ക്ക് രണ്ടാം വത്തിക്കാൻ സുന്നഹദോസ് അനുവദിച്ചിട്ടുള്ള ഉൾഭരണ സ്വാതന്ത്ര്യത്തോടെ പ്രവർത്തിക്കാനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതിന് പിതാവ് പ്രത്യേകം ശ്രദ്ധിച്ചു. 1932-ൽ ഹയരാർക്കി സ്ഥാപനത്തിന്റെ അവസരത്തിൽ നിർണ്ണയിക്കപ്പെട്ട അതിർത്തി അനുസരിച്ച് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഭരണപരിധി ഭാരതപ്പുഴയ്ക്ക് തെക്കുള്ള കേരളത്തിൽ ഒതുങ്ങിനിന്നു. എന്നാൽ 1958-ൽ മലങ്കര കത്തോലിക്കാ സഭയുടെ അതിർത്തി കേരളത്തിൽ മുഴുവനും കർണ്ണാടകത്തിലെയും തമിഴ്നാട്ടിലെയും ഏതാനും ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള അനുമതി നേടിയെടുക്കുവാൻ മാർ ഗ്രിഗോറിയോസ് തിരുമേനിക്ക് കഴിഞ്ഞു. ഇത് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ വളർച്ചയിൽ നിർണ്ണായകമാവുകയും ചെയ്തു.

പ്രാർത്ഥനയിലും വിചിന്തനത്തിലും ലഭിച്ച തീഷ്ണതയിൽ കത്തോലിക്കാ സഭയിലേക്ക് പ്രവേശിക്കുവാൻ തീരുമാനിച്ച മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ (തൊഴിയൂർ) അദ്ധ്യക്ഷൻ അഭിവന്ദ്യ പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായെ 1977-ൽ മലങ്കര സുറിയാനി കത്തോലിക്കാസഭയിലേക്ക് അഭിവന്ദ്യ മാർ ഗ്രീഗോറിയോസ് പിതാവ് ഹൃദയപൂർവം സ്വീകരിച്ചു എന്നത് മലങ്കര സുറിയാനി കത്തോലിക്കാ സഭാചരിത്രത്തിൽ പ്രത്യേകം അടയാളപ്പെടുത്തപ്പെട്ടിരിക്കുന്ന സംഭവമാണ്.

സഭാശുശ്രൂഷ വിപുലീകരിക്കുന്നതിനും പുനരൈക്യപ്രേഷിത പ്രവർത്തനങ്ങൾ മലബാർ പ്രദേശത്തു ബലപ്പെടുത്തുന്നതിനും 1978-ൽ തിരുവല്ലാ ഭദ്രാസനം വിഭജിച്ച് ബത്തേരി ഭദ്രാസനം സ്ഥാപിക്കുന്നതിനും അതിന്റെ പ്രഥമ മെത്രാപ്പോലീത്തായായി അഭിവന്ദ്യ സിറിൾ മാർ ബസേലിയോസ് തിരുമേനിയെ അവരോധിക്കുന്നതിനും തിരുസിംഹാസനത്തിൽ നിന്ന് കൽപ്പന നേടി.

അഭിവന്ദ്യ സഖറിയാസ് മാർ അത്തനാനിയോസ്, അഭിവന്ദ്യ സിറിൽ ബസേലിയോസ് കാതോലിക്കാബാവാ, അഭിവന്ദ്യ ഐസക് മാർ യൂഹാനോൻ, അഭിവന്ദ്യ ഗീവറുഗീസ് മാർ തിമോത്തിയോസ്, അഭിവന്ദ്യ ലോറൻസ് മാർ അപ്രേം എന്നീ പിതാക്കന്മാർക്ക് മെത്രാൻപട്ടം നൽകിയത് മാർ ഗ്രിഗോറിയോസ് പിതാവാണ്.

അഭിവന്ദ്യ മാർ ഗ്രീഗോറിയോസ് പിതാവിന്റെ നേതൃത്വത്തിൽ നോർത്ത് അമേരിക്കയിലെ മലങ്കര വിശ്വാസികളുടെ സഭാകൂട്ടായ്മയ്ക്കുവേണ്ടി 1984-ൽ മിഷന് തുടക്കം കുറിക്കുകയും അതിന്റെ ചുമതലയ്ക്കായി ഒരു കോർഡിനേറ്ററെ നിയമിക്കുകയും ചെയ്തുകൊണ്ട് ആരംഭിച്ച പ്രസ്ഥാനം ഇപ്പോൾ ഒരു എക്സാർക്കേറ്റായി വളർന്നു എന്നതിൽ സഭാംഗങ്ങളായ നമുക്ക് സന്തോഷിക്കാം.

ഭാരതത്തിലെ വിവിധ പട്ടണങ്ങളിൽ മലങ്കര സഭാമക്കൾക്കുള്ള ആരാധനാലയങ്ങളും ആരാധനാ സൗകര്യങ്ങളും ബഹു. വൈദികരുടെ സേവനവും ലഭ്യമാക്കുന്നതിന് മാർ ഗ്രിഗോറിയോസ് പിതാവാണ് തുടക്കം കുറിച്ചത്.

**പുനരൈക്യ പ്രസ്ഥാനത്തിന്റെ സുവർണ്ണജൂബിലി (കോട്ടയം 1980)**

1980ൽ കോട്ടയത്തു വച്ചു നടന്ന മലങ്കര കത്തോലിക്കാ പുനരൈക്യ പ്രസ്ഥാനത്തിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങൾക്ക് അഭിവന്ദ്യ മാർ ഗ്രിഗോറിയോസ് തിരുമേനി നേതൃത്വം നൽകി. പാവങ്ങളുടെ അമ്മയായ മദർ തെരേസ, പൗരസ്ത്യ തിരുസംഘത്തിന്റെ തലവൻ കർദ്ദിനാൾ ലാഡിസ്ലാവ് റൂബിൻ, അന്ത്യോക്യൻ മെൽക്കെറ്റ് കത്തോലിക്കാ പാത്രിയാർക്കീസ് മാക്സിമോസ് ഹക്കീം അഞ്ചാമൻ, ഭാരതത്തിലെ അപ്പസ്തോലിക് നൂൻഷ്യോ ആർച്ച്ബിഷപ്പ് ലൂസിയാനോ സ്റ്റോറേറോ മുതലായവർ ഈ സുവർണ്ണജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

**രണ്ടാം വത്തിക്കാൻ കൗൺസിൽ (1961-65)**

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ തലവനെന്ന നിലയിൽ രണ്ടാം വത്തിക്കാൻ സുന്നഹദോസിന്റെ സ്ഥിരാംഗമായി പിതാവ് നിയമിതനായി. 1961-1965 വരെ നടന്ന സുന്നഹദോസിൽ ആദ്യാവസാനം അദ്ദേഹം സംബന്ധിച്ചു. തുടർന്ന് വിവിധ വിഷയങ്ങളെപ്പറ്റി നടന്ന സുന്നഹദോസുകളിലെല്ലാം മാർ ഗ്രീഗോറിയോസ് തിരുമേനി പങ്കെടുത്തു. 1985 മുതൽ റോമിലെ മെത്രാൻ സിനഡിലെ സ്ഥിരാംഗമായി ശുശ്രൂഷ നിർവഹിച്ചു.

**സി.ബി.സി.ഐ, കെ.സി.ബി.സി പ്രസിഡന്റ്**

കെ.സി.ബി.സി.യുടെയും സി.ബി.സി.ഐ.യുടെയും പ്രസിഡന്റ് പദവിയിൽ ആഗോള സഭയെ പ്രാദേശികമായി ബലപ്പെടുത്തുന്നതിന് മാർ ഗ്രീഗോറിയോസ് പിതാവ് വലിയ പങ്കുവഹിച്ചു. അകത്തോലിക്കാ സഹോദരങ്ങളുമായുള്ള ബന്ധത്തിൽ രണ്ടാം വത്തിക്കാൻ സുന്നഹദോസിന്റെ ചൈതന്യം ഉൾക്കൊണ്ടു ഹൃദയബന്ധം കാത്തുസൂക്ഷിക്കുവാൻ പിതാവ് പ്രത്യേകം ശ്രദ്ധിച്ചു. കൊച്ചിയിലെ പി.ഒ.സി.യുടെ പ്രാരംഭനാളുകൾ മുതൽ വലിയ നേതൃത്വം അഭിവന്ദ്യപിതാവ് നൽകി.

കേരളാ സോഷ്യൽ സർവീസ് ഫോറത്തിന്റെ (Social wing of KCBC) ആദ്യത്തെ ചെയർമാനും അഭിവന്ദ്യ മാർ ഗ്രീഗോറിയോസ് പിതാവായിരുന്നു.

**എക്യുമെനിക്കൽ സംഭാവനകൾ**

എക്യുമെനിക്കൽ പ്രസ്ഥാനത്തിന് അഭിവന്ദ്യ മാർ ഗ്രീഗോറിയോസ് പിതാവ് നൽകിയ സംഭാവനകൾ സ്മരണീയമാണ്. സഭൈക്യ പ്രാർത്ഥനാവാരാചരണത്തിനു നൽകിയിരുന്ന പ്രാധാന്യം എടുത്തു പറയേണ്ടതുണ്ട്. പിതാവ് മുൻകൈയെടുത്തു വിവിധ സഭാപിതാക്കന്മാരോട് ചേർന്ന് നടത്തിയിട്ടുള്ള ആഘോഷങ്ങളുമൊക്കെ ക്രൈസ്തവ സാഹോദര്യത്തിന്റെ സാക്ഷ്യപത്രമായി. നിലയ്ക്കൽ പള്ളിയുമായി ബന്ധപ്പെട്ട് ഉരുണ്ടുകൂടിയ തെറ്റിദ്ധാരണയുടെ കാർമേഘം നീക്കി പരസ്പര ധാരണയുടെയും സൗഹാർദ്ദത്തിന്റെയും അന്തരീക്ഷം സംജാതമാക്കുവാൻ ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവ് വഹിച്ച പങ്ക് ആർക്കും വിസ്മരിക്കാനാവില്ല. നിലയ്ക്കൽ എക്യുമെനിക്കൽ സെന്റർ പിതാവിന്റെ എക്യുമെനിക്കൽ സമീപനത്തിന്റെയും നയചാതുര്യത്തിന്റെയും വിശാലവീക്ഷണത്തിന്റെയും ഉൽകൃഷ്ട ഉദാഹരണമാണ്. തിരുവനന്തപുരത്ത് എല്ലാ ക്രൈസ്തവരുടെയും പൊതുവേദിയായി യുണൈറ്റഡ് ക്രിസ്ത്യൻ മൂവ്മെന്റ് (യു.സി.എം.) ആരംഭിക്കുന്നതിന് നേതൃത്വം നൽകിയത് മാർ ഗ്രീഗോറിയോസ് പിതാവാണ്. ഐക്യക്രിസ്തുമസ് ആഘോഷത്തിൽ ആരംഭിച്ച ഈ പ്രസ്ഥാനം അഞ്ചുരപതിറ്റാണ്ട് പിന്നിട്ട് ഇപ്പോൾ അർത്ഥപൂർണ്ണമായ വിവിധ പരിപാടികളിലൂടെ സഭാസമൂഹങ്ങളെ യോജിപ്പിക്കുന്ന കൂട്ടായ്മയായി മുന്നേറുന്നു.

ഒരോ വർഷവും തിരുവനന്തപുരത്ത് ദുഖവെള്ളിയാഴ്ച നടത്തുന്ന സംയുക്ത കുരിശിന്റെ വഴി എല്ലാവരുടെയും ശ്രദ്ധ ആകർഷിക്കുന്ന അനുഗ്രഹീതമായ ശുശ്രൂഷയാണ്. പാളയം സെന്റ് ജോസഫ്സ് കത്തീഡ്രലിൽ നിന്നും ആരംഭിച്ച് തിരുവനന്തപുരത്തിന്റെ ഹൃദയഭാഗമായ പാളയം ചുറ്റി സെന്റ് ജോസഫ്സ് കത്തീഡ്രലിൽത്തന്നെ അവസാനിക്കുന്ന ഈ പീഢാനുഭവ യാത്രയ്ക്കു തുടക്കം കുറിക്കാൻ മുൻകൈയെടുത്തത് മാർ ഗ്രീഗോറിയോസ് പിതാവാണ്. മരണംവരെയും മുടങ്ങാതെ എത്തി ഇതിൽ സംബന്ധിച്ച് അദ്ദേഹം സന്ദേശം നൽകിയിരുന്നു.

**മതസൗഹാർദ്ദ സംഭാവനകൾ**

കേരളത്തിന്റെ മതസൗഹാർദ്ദം ഊട്ടിയുറപ്പിക്കുന്നതിൽ മാർ ഗ്രീഗോറിയോസ് പിതാവിന്റെ സേവനം അതുല്യമായ പങ്കാണ് നിർവഹിച്ചിട്ടുള്ളത്. സംഘർഷ ഭരിതമായ എത്ര സന്ദർഭങ്ങളാണ് മാർ ഗ്രീഗോറിയോസ് പിതാവിന്റെ സമയോചിതമായ ഇടപെടലുകളിലൂടെ സമാധാനപൂർണ്ണമായിത്തീർന്നത്. വർഗ്ഗീയ സംഘർഷങ്ങൾ ഉണ്ടായപ്പോഴെല്ലാം മാർ ഗ്രീഗോറിയോസ് പിതാവിങ്കലേക്ക് ഗവൺമെന്റും പൊതുസമൂഹവും ഉറ്റുനോക്കിയിരുന്നു. പോലീസ് സേനയ്ക്കും രാഷ്ട്രീയ നേതൃത്വങ്ങൾക്കും സാധിക്കാതിരുന്ന പരിഹാരം കാഷായ വസ്ത്രധാരിയായി മാർ ഗ്രീഗോറിയോസ് എന്ന ദൈവമനുഷ്യന് സാധിച്ചു. അദ്ദേഹത്തിന്റെ വിശുദ്ധിയും നിഷ്കളങ്കതയും നിസ്വാർത്ഥത നിറഞ്ഞൊഴുകുന്ന സ്നേഹവും എല്ലാവരും തിരിച്ചറിഞ്ഞു, അംഗീകരിച്ചു. അതുകൊണ്ടാണ് പോലീസ് സേനയെ മാറ്റിനിർത്തി സംഘർഷഭരിതമായ വിഴിഞ്ഞത്തേക്കും പൂവാറിലേക്കുമൊക്കെ ശാന്തിദൂതനായി അദ്ദേഹത്തിനു എത്താൻ കഴിഞ്ഞത്. ചാല കമ്പോളം കത്തിയെരിയുന്ന അശാന്തമായ അന്തരീക്ഷത്തിൽ വിവിധ മതാചാര്യന്മാരേയും സാംസ്കാരിക നേതാ

ക്കളെയും ചേർത്തുനിർത്തിക്കൊണ്ട് പ്രാർത്ഥനാമന്ത്രങ്ങൾ ഉരുവിട്ട് ദിവസങ്ങളോളം പദയാത്രയായി ഊടുവഴികളിലൂടെപ്പോലും സഞ്ചരിച്ചു. ശാന്തിയും സമാധാനവും പരസ്പര ധാരണയും പുനസ്ഥാപിക്കപ്പെടുകയും ചെയ്തു. ഏതു പ്രശ്നത്തിനും മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ വിശുദ്ധ സാന്നിദ്ധ്യം ഉത്തരമാകുമായിരുന്നു.

മാർ ഗ്രീഗോറിയോസ് പിതാവിന്റെ പ്രവർത്തനങ്ങൾ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെയോ ക്രൈസ്തവ സമൂഹത്തിന്റെയോ മാത്രം പരിധിയിൽ ഒതുങ്ങുന്നതായിരുന്നില്ല. മറ്റു മതങ്ങളോടുള്ള അദ്ദേഹത്തിന്റെ സമീപനം എടുത്തു പറയേണ്ടതുണ്ട്. സർവമനുഷ്യരെയും പ്രകാശിപ്പിക്കുന്ന സത്യത്തിന്റെ രശ്മി എല്ലാ മതങ്ങളിലും പ്രതിബിംബിക്കുന്നു എന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനത്തെ ഹൃദയത്തിൽ സ്വീകരിച്ചുകൊണ്ടാണ് അദ്ദേഹം പ്രവർത്തിച്ചത്. ക്രൈസ്തവ വിശ്വാസികളല്ലാത്ത സഹോദരങ്ങളുടെ കൂട്ടായ്മയിൽ കടന്നുചെന്ന് യേശുവിന്റെ സ്നേഹത്തെക്കുറിച്ച് ഹൃദ്യമായി പങ്കുവയ്ക്കുന്നതിന് ലഭിച്ചിരുന്ന അവസരങ്ങളെ എപ്പോഴും അദ്ദേഹം പ്രയോജനപ്പെടുത്തിയിരുന്നു.

തിരുവനന്തപുരത്തിന്റെ പിതാവായി മാർ ഗ്രീഗോറിയോസ് പിതാവിനെ പൊതു സമൂഹം സ്വീകരിച്ചിരുന്നു. അതുകൊണ്ടുതന്നെ എല്ലാ വിഭാഗങ്ങളുടെയും സ്നേഹവും ആദരവും അദ്ദേഹത്തിനു ലഭിച്ചു. യാതൊരു വ്യത്യാസവുമില്ലാതെ എല്ലാ പരിപാടികളിലും അവശ്യസാന്നിധ്യമായിരുന്നു ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിന്റേത്. തിരുവനന്തപുരത്തിന്റെ സാംസ്കാരിക തനിമയും ആദ്ധ്യാത്മിക നിറവും കൂട്ടായ്മാബോധവും നിലനിർത്താൻ അദ്ദേഹം മുഖ്യ പങ്കുവഹിച്ചിരുന്നു.

**മാർപാപ്പയുടെ സന്ദർശനം**

വി. പത്രോസിന്റെ പിൻഗാമിയായ പരിശുദ്ധ മാർപാപ്പാ ആദ്യമായി ഭാരതം സന്ദർശിച്ചപ്പോൾ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ തലവനെന്ന നിലയിൽ ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവ് ബോംബെയിലെ സ്വീകരണ പരിപാടികളിൽ സജീവമായി പങ്കുവഹിച്ചു. 1964 ഡിസംബറിലാണ് പോൾ ആറാമൻ മാർപാപ്പ ദിവ്യകാരുണ്യകോൺഗ്രസിൽ സംബന്ധിക്കുവാൻ ബോംബെയിലെത്തിയത്. നമ്മുടെ സഭയിലെ ഏതാനും വൈദികർ തദവസരത്തിൽ പരി. പിതാവിന്റെ സാന്നിദ്ധ്യത്തിൽ വൈദികപട്ടം സ്വീകരിക്കുകയുണ്ടായി.

1986-ൽ വിശുദ്ധ ജോൺ പോൾ രണ്ടാമന്റെ കേരളസന്ദർശനത്തിന് ആർച്ച്ബിഷപ്പ് മാർ ഗ്രീഗോറിയോസ് പിതാവ് സജീവമായ നേതൃത്വം നൽകി. പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ അദ്ധ്യക്ഷൻ എന്ന നിലയിൽ പരിശുദ്ധ പിതാവിനെ സ്വീകരിച്ചു. ചരിത്രത്തിൽ ആദ്യമായി വി. പത്രോസിന്റെ പിൻഗാമി മലങ്കര സുറിയാനി കത്തോലിക്കാസഭാ ആസ്ഥാന ദൈവാലയത്തിലെത്തി സഭയെ അഭിസംബോധന ചെയ്തു. ഇതിനു നേതൃത്വം നൽകാനുള്ള ചരിത്രനിയോഗം മാർ ഗ്രീഗോറിയോസ് തിരുമേനിക്കായിരുന്നു. പരിശുദ്ധ പിതാവിന്റെ തിരുവനന്തപുരം സന്ദർശനത്തിൽ മാർ ഗ്രീഗോറിയോസ് പിതാവിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്തെ പൊതുസമൂഹം ഒന്നുചേർന്ന് വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പായെ സ്വീകരിക്കുകയും ചെയ്തു.

**നാടിന്റെ വികസനം സ്വപ്നംകണ്ട തിരുമേനി**

നാടിന്റെ വികസനം മാർ ഗ്രീഗോറിയോസ് പിതാവിന്റെ സ്വപ്നമായിരുന്നു. ഗ്രാമവികസനവും, സാധാരണക്കാരന്റെ സാമ്പത്തിക ഭദ്രതയും അദ്ദേഹത്തിന് പ്രധാനപ്പെട്ട വിഷയങ്ങളായിരുന്നു. വിശപ്പടക്കാനുള്ള പദ്ധതികളോടൊപ്പം നാടിന്റെ വികസനത്തിനുള്ള മാർഗ്ഗങ്ങളും അദ്ദേഹം തേടി. പ്രായോഗിക പദ്ധതികൾക്ക് രൂപം നൽകി. ഈ ലക്ഷ്യം മുൻനിർത്തിയാണ് 1955-ൽ മലങ്കര സോഷ്യൽ സർവീസ് സൊസൈറ്റിക്ക് പിതാവ് രൂപം നൽകിയത്. മലങ്കര സോഷ്യൽ സർവീസ് സൊസൈറ്റിയിലൂടെ കഴിഞ്ഞ അൻപതു വർഷം നാടിന് സമ്മാനിച്ച നന്മകൾ വിവരണാതീതമാണ്.

പ്രകൃതിസ്നേഹിയായ മാർ ഗ്രീഗോറിയോസ് പിതാവ് മരങ്ങളെ സ്നേഹിച്ചു. മരങ്ങൾ നട്ടുവളർത്തുന്നത് പുണ്യമായി കരുതി. ഫ്രൺഡ്സ് ഓഫ് ട്രീസ് എന്ന സംഘടനയ്ക്ക് രൂപം നൽകി. ഒരു പ്രസ്ഥാനമാക്കി വളർത്തി. പ്രകൃതി പരി പോഷണം മനുഷ്യന്റെ നിലനിൽപ്പിനും നാടിന്റെ വളർച്ചയ്ക്കും അനിവാര്യ മാണെന്നദ്ദേഹം മനസ്സിലാക്കി.

കാർഷിക രംഗത്തും തന്റേതായ സംഭാവനകൾ അദ്ദേഹം നൽകി. പിതാവ് വിവിധ രാജ്യങ്ങൾ സന്ദർശിക്കുമ്പോൾ ആ രാജ്യത്തെ കൃഷിരീതികൾ പഠിക്കുകയും അവിടുത്തെ വിത്തുകളും, ചെടികളും നമ്മുടെ രാജ്യത്ത് പരീക്ഷിക്കുകയും ചെയ്തിരുന്നു. അതിഥികളായി അരമനയിൽ എത്തുന്നവർക്ക് തന്റെ കൃഷിയിടങ്ങൾ കാണിച്ചുകൊടുക്കുകയും നാടിന്റെ വികസനത്തിൽ കൃഷിക്കുള്ള പങ്ക് വിശദീകരിക്കുകയും ചെയ്തിരുന്നു.

കമ്യൂണിസ്റ്റ് മന്ത്രിയായിരുന്ന എം. എൻ. ഗോവിന്ദൻ നായർ ആവിഷ്കരിച്ച ലക്ഷംവീട് പദ്ധതിയുടെ പിന്നിലും പിതാവിന്റെ ആലോചനയും പ്രോൽസാഹനവും ഉണ്ടായിരുന്നു. സാധാരണക്കാരനെ കടക്കെണിയിൽ വീഴ്ത്തുന്ന ആഢംബര ഭവന നിർമ്മാണം പാപമാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. ചിലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുകയെന്ന ഒരു സംസ്കാരത്തിന് പ്രോൽസാഹനം നൽകാൻ അഭിവന്ദ്യ പിതാവിന് കഴിഞ്ഞു.

ആരോഗ്യമുള്ള സമൂഹത്തിനുവേണ്ടി അഭിവന്ദ്യ പിതാവ് യത്നിച്ചു. അതനുസരിച്ച് ഭക്ഷണക്രമവും വ്യായാമവും ചിട്ടപ്പെടുത്താൻ ഉപദേശിച്ചു. യോഗ പ്രോൽസാഹിപ്പിച്ചു. പ്രകൃതി ചികിൽസാ സെന്റർ ആരംഭിക്കുന്നതിന് വലിയ പിൻബലം നൽകി. ആരോഗ്യ പരിചരണത്തിൽ അദ്ദേഹം തൽപരനായിരുന്നു. സമൂഹം ഭയപ്പെട്ടിരുന്ന കുഷ്ഠരോഗത്തിന് എതിരെയുള്ള പോരാട്ടത്തിൽ അദ്ദേഹം മുന്നണി പടയാളിയായി. അങ്ങനെയാണ് പിരപ്പൻകോട് കുഷ്ഠരോഗാശുപത്രിയും അതിനോട്ചേർന്ന് പുനരധിവാസകേന്ദ്രവും ആരംഭിച്ചത്. ക്ഷയരോഗികളുടെ പുനരധിവാസത്തിനായി പുലയനാർകോട്ടയിലും പുനരധിവാസ ഭവനമാരംഭിച്ചു.

**വിദ്യാഭ്യാസരംഗത്തെ സംഭാവനകൾ**

വിദ്യാഭ്യാസരംഗത്ത് മാർ ഗ്രീഗോറിയോസ് പിതാവിന്റെ സംഭാവന വിലപ്പെട്ടതാണ്. അദ്ദേഹത്തിന്റെ മിക്ക പ്രഭാഷണങ്ങളിലും വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞിരുന്നു. വിദ്യാഭ്യാസമാണു വികസനത്തിനടിസ്ഥാനമെന്ന് അദ്ദേഹം ആവർത്തിച്ച് പ്രബോധിപ്പിച്ചുകൊണ്ടിരുന്നു. മെച്ചപ്പെട്ട വിദ്യാഭ്യാസം

എല്ലാവർക്കും സംലഭ്യമാക്കാൻ അശ്രാന്തപരിശ്രമം നടത്തി. സർവോദയ എന്നത് മുദ്രാവാക്യമാക്കിയ പിതാവ് ആ പേരിൽതന്നെ നാലാഞ്ചിറ മാർ ഈവാനിയോസ് കോളേജിനോട് ചേർന്ന് കേന്ദ്രസിലബസിൽ സ്കൂൾ ആരംഭിച്ചു. മാർ ഈവാനിയോസ് വിദ്യാഭ്യാസ കാമ്പസായി രൂപപ്പെടുത്തുന്നതിൽ ദീർഘ വീക്ഷണത്തോടെയാണ് പിതാവ് പ്രവർത്തിച്ചത്. സർവോദയ വിദ്യാലയത്തെ കൂടാതെ മാർ തെയോഫിലോസ് ട്രെയിനിംഗ് കോളേജ്, സെന്റ് ജോൺസ് മോഡൽ ഹൈസ്കൂൾ, വനിതാ ഹോസ്റ്റലുകൾ, സാങ്കേതിക വിദ്യാഭ്യാസത്തിന് സഹായകമായ ജയമാതാ ഇൻസ്റ്റിറ്റ്യൂട്ട്, തത്വശാസ്ത്ര, ദൈവശാസ്ത്ര പഠനത്തിന് സെന്റ് മേരീസ് മലങ്കര മേജർ സെമിനാരി ഇവയെല്ലാം മാർ ഈവാനിയോസ് കേളേജിലെ ആദ്യപ്രിൻസിപ്പൽ എന്ന നിലയിൽ അടിത്തറയിട്ട മാർ ഗ്രീഗോറിയോസ് എന്ന വിദ്യാഭ്യാസ വിചക്ഷണന്റെ തുടർ പ്രവർത്തനങ്ങളായിരുന്നു.

അവികസിതമായിരുന്ന അഞ്ചൽ പ്രദേശത്തിന്റെ വികസനത്തിന് അടിസ്ഥാനമായ സെന്റ് ജോൺസ് കോളേജ് ആരംഭിക്കുവാൻ ധീരമായ തീരുമാനമെടുത്തത് വിദ്യാഭ്യാസത്തെപ്പറ്റിയുള്ള പിതാവിന്റെ കാഴ്ചപ്പാടിന്റെ വ്യക്തമായ ഉദാഹരണമാണ്. സെന്റ് ജോൺസ് സി.ബി.എസ്.ഇ. സ്കൂളും, മാർ ബസേലിയോസ് എം.സി.എ. കോളേജും, സെന്റ് ജോസഫ്സ് നഴ്സിംഗ് കോളേജുമെല്ലാം ഇതിന്റെ സ്വാഭാവികമായ തുടർച്ചയാണ്. മിഷൻ ആശുപത്രി എന്നറിയപ്പെടുന്ന അഞ്ചലിലെ സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ, മാർ ഗ്രീഗോറിയോസ് പിതാവിന്റെ, ദേശത്തിനുള്ള സംഭാവനയാണ്. മിഷൻ ഹോസ്പിറ്റലിനുള്ള സ്ഥലം മുഴുവൻ തിരുവനന്തപുരം അതിരൂപതയിൽനിന്ന് ബഹു. മേരിമക്കൾ സന്യാസിനീ സമൂഹത്തിന് (ഡി.എം.) നൽകിയതും മാർ ഗ്രിഗോറിയോസ് പിതാവാണ്. ഡി.എം. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ അഞ്ചലിൽ ആതുരശുശ്രൂഷ ഏറ്റം ഭംഗിയായി നിർവഹിക്കപ്പെടുന്നു.

മദ്രാസിലെ പാടി പ്രദേശത്തിന്റെ വികസനത്തിനു കാരണമായ ഹൈസ്കൂളും കോളേജും പ്രത്യേകം അനുസ്മരിക്കേണ്ടതാണ്. നേഴ്സറി മുതൽ ഹൈസ്കൂൾ വരെ നിരവധി സ്കൂളുകൾ മാർ ഗ്രിഗോറിയോസ് പിതാവിന്റെ പ്രോൽസാഹനത്തിൽ വിവിധ ഇടവകകളോട് ചേർന്ന് ആരംഭിച്ചു.

മലങ്കര സുറിയാനി കത്തോലിക്കാ സമൂഹം വിദ്യാസമ്പന്നമായ സമൂഹമായി വളരുവാനും സാമൂഹ്യവും സാമ്പത്തികവുമായി ഉന്നതിയിലെത്താനും മാർ ഗ്രീഗോറിയോസ് പിതാവിന്റെ വിദ്യാഭ്യാസത്തെപ്പറ്റിയുള്ള കാഴ്ചപ്പാടുകളും പ്രബോധനങ്ങളും അദ്ദേഹം ആരംഭിച്ച സ്ഥാപനങ്ങളും മുഖ്യമായ പങ്കുവഹിച്ചിട്ടുണ്ട്.

**ആദ്ധ്യാത്മികത**

മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ മഹത്വത്തിനും ശ്രേഷ്ഠതയ്ക്കും അടിസ്ഥാനം ആഴമായ അദ്ദേഹത്തിന്റെ ആദ്ധ്യാത്മികത ആയിരുന്നു; വി. കുർബാന കേന്ദ്രീകൃതമായ ആദ്ധ്യാത്മികത. എത്ര ഒരുക്കത്തോടുകൂടെയാണ് അദ്ദേഹം വി. കുർബാന അർപ്പിച്ചിരുന്നത്. കൂദാശാനുഷ്ഠാനങ്ങളിൽ അദ്ദേഹം സവിശേഷ നിഷ്ഠ പുലർത്തി. വി. കുർബാനയ്ക്ക് മുമ്പിൽ അദ്ദേഹം ഏറെ സമയം ചെലവഴിച്ചിരുന്നു. പരിശുദ്ധ ദൈവമാതാവിനോടുള്ള സവിശേഷമായ ബന്ധവും അദ്ദേഹത്തിന്റെ ആത്മീയതയ്ക്ക് കരുത്തു പകർന്നു.

ഈ ആഴമായ ആത്മീയതയാണ് പിതാവിന്റെ കർമ്മനിരതമായ ജീവിതത്തിന് ഊർജ്ജവും ദിശാബോധവും നൽകിയത്. ഈ ആത്മീയത മനുഷ്യന് നന്മചെയ്യുവാൻ സാധിക്കുന്ന സമസ്ത മേഖലകളിലേക്കും അദ്ദേഹത്തെ എത്തിച്ചു. സ്നേഹം മമദീപം എന്ന ആദർശവാക്യത്തെ മുൻനിർത്തി തന്റെ ജീവിതത്തെ തന്നെ ഒരു സ്നേഹാർച്ചനയാക്കി മാറ്റി. മണ്ണും, മരവും, സസ്യലതാദികളും, നക്ഷത്രങ്ങളും എല്ലാ ജീവജാലങ്ങളും അദ്ദേഹത്തിന്റെ പഠനവിഷയവും ധ്യാന വിഷയവുമാക്കി. തുറന്നു കിട്ടിയ എല്ലാ പാതകളിലേക്കും പുതുവെളിച്ചം പകർന്നുകൊണ്ട് ഈ യോഗിവര്യൻ സഞ്ചരിച്ചു.

**ദർശന വാക്യങ്ങൾ**

താൻ മെത്രാഭിഷിക്തനായ 1953 ജനുവരി 29-ന് അനുമോദനങ്ങൾക്ക് നന്ദിപറഞ്ഞുകൊണ്ട് മാർ ഗ്രീഗോറിയോസ് പിതാവ് നടത്തിയ പ്രഭാഷണം തന്റെ ശിഷ്ടജീവിതത്തിന്റെ ആമുഖക്കുറിപ്പായിരുന്നു. 36 കാരനായ ശ്രേഷ്ഠാചാര്യന്റെ ആത്മസമർപ്പണത്തിന്റെ ഉദ്ഘോഷണം. അദ്ദേഹം ലോകത്തോട് പറഞ്ഞു: 'ഇന്നുമുതൽ നിങ്ങളുടെ ദുഖം എന്റെ ദുഖവും, നിങ്ങളുടെ ആവശ്യം എന്റെ ആവശ്യവും, നിങ്ങളുടെ സന്തോഷം എന്റെ സന്തോഷവുമായിരിക്കും..... മുന്നൂറു വർഷങ്ങൾക്കു മുമ്പ് നടന്ന സഭാഭിന്നത അവസാനിപ്പിക്കുന്നതിന് എന്റെ മുഴുൻ കഴിവുകളും ഞാൻ വിനിയോഗിക്കുന്നതാണ്..... മനുഷ്യന് ശരീരവും ആത്മാവുമുണ്ട്. ആദ്ധ്യാത്മിക പുരോഗതിയ്ക്കു ശരീരവും സിദ്ധികളുമാവശ്യമാണ്. ആദ്ധ്യാത്മികമായ ഒരു മൂല്യവുമുണ്ടായിരിക്കണം, സമസ്ത പ്രവർത്തനങ്ങൾക്കും.

സാമ്പത്തിക കാര്യത്തിലും സഭയ്ക്ക് കണ്ണടയ്ക്കുവാൻ കഴിയുകയില്ല. എനിക്ക് സാധുക്കളോട് അധികം സ്നേഹമുണ്ട്. ഞാനൊരു പാവമായിരുന്നു. പട്ടിണിയുടെ വിഷമത നേരിട്ടറിയുവാൻ എനിക്ക് സാധിച്ചിട്ടുണ്ട്. എന്റെ ആയുസ്സിന്റെ ബാക്കി മുഴുവൻ സാധുക്കളുടെ ഉയർച്ചയ്ക്കുവേണ്ടി വിനിയോഗിക്കുമെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു'. അദ്ദേഹം പ്രഖ്യാപിച്ചു. മാർ ഗ്രീഗോറിയോസ് തിരുമേനി ജീവിച്ചത് ഈ ദർശനത്തെ മുൻനിർത്തിയാണ്. അതുകൊണ്ടുതന്നെ തന്റെ ജീവിതം സമകാലീനർക്കും പിൻമുറക്കാർക്കും വെല്ലുവിളി ഉയർത്തുന്ന ജീവിതമായിരുന്നു.

**ജന്മശതാബ്ദി കർമ്മപരിപാടികൾ**

ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിന്റെ ജന്മശതാബ്ദി ആചരണം (2015 ഫെബ്രുവരി 1 മുതൽ 2016 ഫെബ്രുവരി 1 വരെ) അദ്ദേഹത്തിന്റെ ദർശനസാക്ഷാത്കാരത്തിന് സഹായകമാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അതനുസരിച്ച് ഏതാനും മേഖലകൾക്കു മുൻഗണന നൽകേണ്ടിയിരിക്കുന്നു. അദ്ദേഹത്തിന്റെ ജീവിതവും ദർശനവും പഠന വിഷയമാക്കേണ്ടതുണ്ട്. ഈ ദർശനങ്ങൾ സാധാരണക്കാരിൽ എത്തിക്കുകയും വേണം. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും ഈ അപൂർവ വ്യക്തിത്വത്തെ പരിചയപ്പെടുത്താനുള്ള അവസരമാകണം ജന്മശതാബ്ദി ആഘോഷം. അതിനു സഹായകമായ ശതാബ്ദി ആചരണ പദ്ധതിയാണു തയ്യാറാക്കിയിരിക്കുന്നത്. സഭാദ്ധ്യക്ഷൻ മുഖ്യരക്ഷാധികാരിയായും അഭിവന്ദ്യ പിതാക്കന്മാർ രക്ഷാധികാരികളായും നമ്മുടെ എല്ലാ ഭദ്രാസനങ്ങളിലെയും എക്സാർക്കേറ്റിലെയും വികാരി ജനറാൾമാരും ETRI യുടെ ചീഫ് കോർഡിനേറ്ററും ചെയർമാന്മാരായും വിവിധ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. എല്ലാവരുടെയും ആത്മാർത്ഥമായ പിൻബലവും പ്രാർത്ഥനയും ഞാൻ പ്രതീക്ഷിക്കുന്നു.

മാർ ഗ്രീഗോറിയോസ് പിതാവിന്റെ വിശുദ്ധമായ ഓർമ്മ നിലനിർത്താനും, അദ്ദേഹത്തിന്റെ കരുണാർദ്രമായ സാന്നിദ്ധ്യം അനുഭവവേദ്യമാക്കാനും സഹായകമായ ഒരു ജീവകാരുണ്യ സ്ഥാപനം ആരംഭിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. മാനസികവും ശാരീരികവും സാമ്പത്തികവുമായി തകർക്കുന്ന മാരകമായ രോഗമാണു കാൻസർ. വിവിധ കാരണങ്ങളാൽ ഈ രോഗം വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ഈ രോഗം മൂർച്ചിച്ച അവസ്ഥയിൽ കഴിയുന്ന പാവപ്പെട്ടവർക്കു ആർദ്രമായ സ്നേഹശുശ്രൂഷ നൽകുന്നതിന് സഹായകമായ "കാൻസർ കെയർ ഹോം" ആരംഭിക്കുന്നതിനാണ് നിശ്ചയിച്ചിരിക്കുന്നത്. ഈ സെന്റർ പാവങ്ങളെ നെഞ്ചിലേറ്റി ലാളിക്കുകയും അവരുടെ സമഗ്രമായ വളർച്ചയ്ക്കുവേണ്ടി അവസാന നിമിഷംവരെ കഠിനാധ്വാനം ചെയ്യുകയും ചെയ്ത വന്ദ്യപിതാവിനു ഉചിതമായ സ്മാരകമായിരിക്കും.

ജന്മശതാബ്ദിയുടെ ഭാഗമായി വന്ദ്യപിതാവിന്റെ ജീവിതത്തെയും ദർശനത്തെയും മുൻനിർത്തി 100 പ്രഭാഷണങ്ങൾ സംഘടിപ്പിക്കുന്നതാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽവച്ച് നടത്തപ്പെടുന്ന ഈ പ്രഭാഷണങ്ങൾ അദ്ദേഹത്തിന്റെ തേജസ്സുറ്റ വ്യക്തിത്വവും അദ്ദേഹം ഉയർത്തിപ്പിടിച്ച ദർശനങ്ങളും അവതരിപ്പിക്കുന്നതിനുള്ള വേദിയാകും. ആ മഹാത്മാവിന്റെ ഇനിയും ലോകം തിരിച്ചറിഞ്ഞിട്ടില്ലാത്ത സവിശേഷവ്യക്തിത്വത്തിന്റെ വ്യത്യസ്ത തലങ്ങളെ അനാവരണം ചെയ്യുവാൻ ഈ പ്രഭാഷണങ്ങൾ സഹായകമാകും. അദ്ദേഹത്തിന്റെ ജീവിതം നൽകുന്ന പാഠങ്ങൾ ഇന്നത്തെ നിരവധി പ്രശ്നങ്ങൾക്ക് ഉത്തരമാകുമെന്ന തിരിച്ചറിവ് നൽകുകയും ചെയ്യും.

മണ്ണിനും മരത്തിനും പ്രകൃതിക്കും മാർ ഗ്രീഗോറിയോസ് പിതാവിന്റെ ഹൃദയത്തിൽ ഇടമുണ്ടായിരുന്നു. മനുഷ്യന്റെ സമഗ്രനന്മ ലക്ഷ്യംവച്ച് പ്രവർത്തിച്ച പിതാവിനു ഇവയെ മറക്കാനാവുമായിരുന്നില്ല. അദ്ദേഹത്തോടുള്ള ആദരവ് നമ്മിൽ ഉണർത്തുന്ന ഭാവാത്മക പ്രതികരണത്തിന്റെ ഭാഗമായി നമ്മുടെ ഒരിഞ്ച് മണ്ണു പോലും തരിശായിടുകയില്ലെന്നു നാം തീരുമാനമെടുക്കുകയാണ്. കൃഷിയിറക്കിയും വൃക്ഷത്തൈകൾ നട്ടും നമ്മുടെ മണ്ണിനെയും പ്രകൃതിയെയും പോഷിപ്പിക്കുവാൻ ലക്ഷ്യംവച്ച് മാർ ഗ്രീഗോറിയോസ് ഹരിതപദ്ധതി ആവിഷ്കരിച്ചിരിക്കുന്നു. നമ്മുടെ സഭയിലെ ഇടവകകളും സ്ഥാപനങ്ങളും മനസ്സുവച്ചാൽ ഇത് സാധിക്കും. ഒരു ലക്ഷം ചെടികളും മരങ്ങളും നട്ടുപിടിപ്പിക്കണം.

ഭാരതം ജീവിക്കുന്നത് ഗ്രാമങ്ങളിലാണ്. ഗ്രാമവികസനം പിതാവിന്റെ വലിയ സ്വപ്നമായിരുന്നു. വന്ദ്യപിതാവിന്റെ ഗ്രാമത്തെപ്പറ്റിയുള്ള സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാൻ മാതൃകയാകത്തക്കവിധം ഒരു ഗ്രാമം തിരഞ്ഞെടുക്കുന്നു. മാർ ഗ്രീഗോറിയോസ് പിതാവിന്റെ കാഴ്ചപ്പാടുകൾക്ക് അനുസൃതമായി ആ ഗ്രാമത്തെ രൂപപ്പെടുത്തിയെടുക്കുക എന്നതാണ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് ഗ്രാമവികസനപദ്ധതിയുടെ ലക്ഷ്യം. ചെലവുകുറഞ്ഞ പാർപ്പിട നിർമ്മാണ രീതി, കൃഷി, പ്രകൃതിസംരക്ഷണം, വിദ്യാഭ്യാസം, ശുചിത്വം, കുടുംബഭദ്രത, ആരോഗ്യസംരക്ഷണം തുടങ്ങിയ മേഖലകളിൽ മാതൃകയാകത്തക്കവിധം ഈ ഗ്രാമത്തെ വളർത്തിയെടുക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

ജന്മശതാബ്ദി വർഷത്തിന്റെ ഓർമ്മയ്ക്കായി ഏറ്റവും അർഹതയുള്ള വ്യക്തിയെ കണ്ടെത്തി മാർ ഗ്രീഗോറിയോസ് സ്മാരക അവാർഡ് സമ്മാനിച്ച് ആദരിക്കുന്നതാണ്. പാവങ്ങളെ മുൻനിർത്തി ജീവിച്ച വന്ദ്യപിതാവിന്റെ ശുശ്രൂഷാമേഖലകളുമായും ദർശനങ്ങളു മായും ചേർന്നുപോകുന്ന വ്യക്തിക്കാണു അവാർഡ് നൽകുന്നത്. അദ്ദേഹത്തിന്റെ ജീവിതത്തെയും ദർശനത്തെയും മുൻനിർത്തി യൂണിവേഴ്സിറ്റി തലത്തിൽ പി.എച്ച്.ഡി. ലക്ഷ്യംവച്ച് ഗവേഷണം നടത്തുന്നവർക്ക് മൂന്നുവർഷത്തേക്കു സ്കോളർഷിപ്പ് നൽകുന്നതിന് മാർ ഗ്രീഗോറിയോസ് സ്കോളർഷിപ്പ് ഏർപ്പെടുത്തുന്നു.

മാർ ഗ്രീഗോറിയോസ് പിതാവിന്റെ ജന്മശതാബ്ദി വർഷത്തിൽ തിരുവനന്തപുരം മേജർ അതിരൂപതയിലെ വൈദികജില്ലകളുടെ ആഭിമുഖ്യത്തിൽ വിവിധ ആശുപത്രികളിൽ സൗജന്യഭക്ഷണ വിതരണം നടത്തുന്നതാണ്. ഈ ജീവകാരുണ്യപദ്ധതി എന്നും പാവപ്പെട്ടവരുടെ വിശപ്പിനെതിരെ പോരാടിയ മാർ ഗ്രിഗോറിയോസ് പിതാവിന്റെ ഓർമ്മയ്ക്ക് അർപ്പിക്കുന്ന ഹൃദ്യമായ ആദരവായിരിക്കും. പാവപ്പെട്ട 100 പെൺകുട്ടികളുടെ വിവാഹം നടത്തുന്നതിനു ജന്മശതാബ്ദി വർഷം സഹായം നൽകുന്നതാണ്.

എല്ലാ മതങ്ങളോടും വിവിധ സഭകളോടും വന്ദ്യപിതാവ് ഹൃദയപൂർവമായ ബന്ധമാണ് പുലർത്തിയിരുന്നത്. ആ ഉറച്ചബന്ധം സങ്കീർണ്ണമായ സന്ദർഭങ്ങളിൽ വളരെയേറെ സദ്ഫലങ്ങൾ സമൂഹത്തിന് നൽകിയിട്ടുമുണ്ട്. സർവമത സമ്മേളനങ്ങളിലും എക്യുമെനിക്കൽ സമ്മേളനങ്ങളിലും എപ്പോഴും അദ്ദേഹത്തിന്റെ സാന്നിദ്ധ്യമുണ്ടായിരുന്നു. ഇത്തരം പല സമ്മേളനങ്ങൾക്കു വന്ദ്യപിതാവ് നേതൃത്വം നൽകിയിട്ടുണ്ട്. പിതാവിന്റെ പാവനസ്മരണയുടെ പശ്ചാത്തലത്തിൽ എക്യുമെനിക്കൽ സമ്മേളനവും സർവമതസമ്മേളനവും സംഘടിപ്പിക്കുന്നതാണ്. എക്യുമെനിക്കൽ സമ്മേളനം മാർ ഗ്രിഗോറിയോസ് പിതാവിന്റെ ജന്മനാട്ടിലും സർവമതസമ്മേളനം തിരുവനന്തപുരത്തും കൂടാനാണു ആഗ്രഹിക്കുന്നത്.

മാർ ഗ്രീഗോറിയോസ് പിതാവ് മദ്യവിരുദ്ധ പ്രവർത്തനങ്ങളിൽ സജീവമായ നേതൃത്വമാണ് നൽകിയിരുന്നത്. ഈ വിഷയത്തിനെതിരെ ഉറച്ചനിലപാടുകളാണ് അദ്ദേഹം സ്വീകരിച്ചിരുന്നത്. ജന്മശതാബ്ദി വർഷത്തിൽ കൂടുതൽ ശക്തമായ മദ്യവിരുദ്ധ ബോധവൽക്കരണ പദ്ധതിക്കു നാം രൂപം നൽകുകയാണ്. മദ്യത്തിനെതിരെ ബോധവൽക്കരണം എല്ലാ തലങ്ങളിലും ശക്തമാക്കും; വ്യാപിപ്പിക്കും. മദ്യപാനികളെ കണ്ടെത്തി കൗൺസിലിംഗ് ആദിയായ തുടർശുശ്രൂഷകളും നൽകുന്നതിന് ലക്ഷ്യം വയ്ക്കുന്ന പദ്ധതിയാണിത്. നമ്മുടെ കുടുംബങ്ങളിൽ നിന്ന് മദ്യത്തിന്റെ സ്വാധീനത്തിൽ അടിമയായിരിക്കുന്നവരെ മോചിപ്പിക്കുവാനുള്ള കർമ്മപരിപാടികൾ അടിയന്തിരാവശ്യമാണ്.

ഒരുവർഷം നീണ്ടുനിൽക്കുന്ന ജന്മശതാബ്ദിയാഘോഷങ്ങളുടെ ഭാഗമായി ഏതാനും വ്യത്യസ്തങ്ങളായ കർമ്മപരിപാടികൾക്ക് ഇതിനോടകം രൂപം നൽകിയിട്ടുണ്ട്.

1. 100 കേന്ദ്രങ്ങളിൽ ജന്മശതാബ്ദി സ്മാരക പ്രഭാഷണങ്ങൾ (ഒരു ഭദ്രാസനത്തിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ)

2. പിരപ്പൻകോട് മലങ്കര മെഡിക്കൽ വില്ലേജിൽ ബനഡിക്ട് മാർ ഗ്രിഗോറിയോസ് ജശതാബ്ദി സ്മാരക കാൻസർ കെയർ ഹോം
3. ഇടവകകളും സ്ഥാപനങ്ങളും കേന്ദ്രീകരിച്ച് ബനഡിക്ട് മാർ ഗ്രിഗോറിയോസ് ഹരിത പദ്ധതി (എല്ലാ രൂപതകൾക്കും ബാധകം)
4. ബനഡിക്ട് മാർ ഗ്രീഗോറിയോസ് ഗ്രാമവികസന പദ്ധതി
5. ജന്മശതാബ്ദി സ്മാരക അവാർഡ്
6. സർവമത സമ്മേളനം
7. വൈദികജില്ലകൾ കേന്ദ്രീകരിച്ച് ആശുപത്രികളിൽ ഒരു വർഷത്തെ ഉച്ചഭക്ഷണ വിതരണം
   (സാധിക്കുന്ന എല്ലായിടങ്ങളിലും ക്രമീകരിക്കണം.)
8. എക്യുമെനിക്കൽ സമ്മേളനങ്ങൾ
9. മദ്യവിരുദ്ധ ബോധവൽക്കരണ പരിപാടി (എല്ലാ രൂപതകളിലും)
10. സന്യസ്ത/വൈദിക സംഗമങ്ങൾ
11. ജന്മശതാബ്ദി സ്മാരക ഗ്രന്ഥം
12. ബനഡിക്ട് മാർ ഗ്രീഗോറിയോസ് സ്കോളർഷിപ്പ് (റിസർച്ച്)
13. പാവപ്പെട്ട 100 പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായം

(ജാതി, മത പരിഗണന കൂടാതെ നമ്മുടെ സഭയിലെ എല്ലാ രൂപതകളും തെരഞ്ഞെടുക്കുന്നു.)

വന്ദ്യപിതാവിന്റെ ജന്മദിനമായ ഫെബ്രുവരി 1 ഞായറാഴ്ച മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ എല്ലാ ദൈവാലയങ്ങളിലും ആശ്രമങ്ങളിലും മഠങ്ങളിലും ഭാഗ്യസ്മരണാർഹനായ മാർ ഗ്രീഗോറിയോസ് പിതാവിനുവേണ്ടി വി. കുർബ്ബാന അർപ്പിക്കുകയും ധൂപപ്രാർത്ഥന നടത്തുകയും ചെയ്ത് വന്ദ്യപിതാവിന്റെ ജന്മശതാബ്ദിക്ക് തുടക്കം കുറിക്കുന്നതാണ്.

2015 ഫെബ്രുവരി 17-ന് രാവിലെ 9.00-ന് പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ വന്ദ്യ പിതാവിന്റെ കബറിങ്കൽ ധൂപപ്രാർത്ഥന നടത്തിയതിനുശേഷം 10 മണിക്ക് പട്ടം സെന്റ് മേരീസ് ആഡിറ്റോറിയത്തിൽ കൂടുന്ന സമ്മേളനത്തിൽവച്ച് ജന്മശതാബ്ദി ആഘോഷങ്ങളുടെ ഔദ്യോഗിക ഉദ്ഘാടനം കേരള മുഖ്യമന്ത്രി ശ്രീ ഉമ്മൻ ചാണ്ടി നിർവഹിക്കുന്നതാണ്. ചടങ്ങിൽ അഭിവന്ദ്യ പിതാക്കന്മാരെ കൂടാതെ വിവിധ മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്നവരുടെ പങ്കാളിത്തം ഉണ്ടായിരിക്കുന്നതാണ്. നമ്മുടെ സഭയിലെ ബഹു. വൈദികരും, സന്യസ്തരും, രൂപതകളിലെ അജപാലന സമിതി അംഗങ്ങളും, പ്രേഷിതവേദികളുടെ (എം.സി.വൈ.എം., എം.സി.എ., മാതൃ സംഘം മുതലായവ) രൂപതാ ഭാരവാഹികളും 17-ന് നടക്കുന്ന ഉദ്ഘാടന സമ്മേളനത്തിൽ സംബന്ധിക്കണമെന്ന് സ്നേഹത്തോടെ ഞാൻ ഓർമ്മപ്പെടുത്തുന്നു.

ജന്മശതാബ്ദി ആഘോഷങ്ങൾ ഔദ്യോഗികമായി തുടങ്ങി വയ്ക്കുന്നതിന്റെ പ്രാരംഭമായിട്ടാണ് ഫെബ്രുവരി 17-ലെ ഉദ്ഘാടന സമ്മേളനം ക്രമീകരിക്കുന്നത്. ബാക്കിയുള്ള സമ്മേളനങ്ങളുടെ സമയം, സ്ഥലം ഇവ സഭാ പ്രസിദ്ധീകരണങ്ങളിലൂടെ ഏവരേയും അറിയിക്കുന്നതാണ്.

സമൂഹത്തിന്റെ എല്ലാ തുറകളിലുള്ളവരെയും നമ്മുടെ സഭയിലെ കൂടുതൽ പ്രതിനിധികളെയും ചേർത്തുകൊണ്ടുള്ള ജന്മശതാബ്ദി മഹാസമ്മേളനം പിന്നീട് ഉണ്ടായിരിക്കുന്നതാണെന്ന് അറിയിക്കുന്നു. അതിന്റെ വിശദവിവരങ്ങളും കർമ്മപരിപാടികളുടെ വിവരവും പിന്നാലെ അറിയിക്കുന്നതാണ്.

ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിലൂടെ മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് സംലഭ്യമായ എല്ലാ അനുഗ്രഹങ്ങൾക്കും നന്മകൾക്കും ദൈവത്തിനു നന്ദിപറയാം. തുടർന്നും വന്ദ്യപിതാവിന്റെ അനുഗ്രഹവും സ്വർഗ്ഗീയ മാദ്ധ്യസ്ഥവും യാചിക്കാം. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെയും, അപ്പസ്തോല സമൂഹത്തിന്റെയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെയും, സകല വിശുദ്ധരുടെയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,

+Baselios Cleemis

**✠ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ്**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കാബാവാ &
തിരുവനന്തപുരം മേജർ ആർച്ച്ബിഷപ്പ്.

കാതോലിക്കേറ്റ് സെന്റർ
30-1-2015

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...**

N.B.:ഈ ഇടയലേഖനത്തിന്റെ സംഗ്രഹം അടുത്തുവരുന്ന ഞായറാഴ്ച നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാനമദ്ധ്യേ ബഹു. വികാരിയച്ചന്മാർ അറിയിക്കേണ്ടതും നമ്മുടെ എല്ലാ പ്രസിദ്ധീകരണങ്ങളിലും/മാധ്യമങ്ങളിലും പ്രസിദ്ധീകരിക്കേണ്ടതുമാണ്.

By the grace of God and by the approval of the Holy See
From **Moran Mor Baselios Cardinal Cleemis**
the Major Archbishop-Catholicos
Of the Syro-Malankara Catholic Church
Blessings
To the Metropolitan Archbishop, Metropolitans, Corepiscopoi,
Rambans, Priests, Deacons, Religious and the Faithful

Prot.No.PL 1/2015

Praise be to the Triune God,
Self-existent, almighty, eternal and consubstantial

**Archbishop Benedict Mar Gregorios Birth Centenary**

Most Rev. Metropolitans, Rev. Corepiscopoi, Rambans, Priests, Deacons, Religious and the beloved Faithful in Christ!

**Preface**

We step into the Birth Centenary year of Archbishop Benedict Mar Gregorios of blessed memory, the second Archbishop of Malankara Syrian Catholic Church and the Head of Trivandrum Archdiocese. Twenty years have been completed since he left this world. Yet His Grace Mar Gregorios still lives in the hearts of millions. The blessed life that enlightened the 20th century! It is now clear that he lived and taught anticipating the coming century. How relevant are now the farsighted messages he had given! His Grace who led the church in an elevated manner for more than four decades presented the church in a glorious way in front of the common society including people of all castes and religion. The society endowed him with the most honorable, moral leadership. By celebrating the Birth centenary, the entire Church gratefully remembers him and thank God and at the same time what we can do is to live in this time the visions and approaches that His Grace had gifted to us.

**Childhood and education**

His Grace Benedict Mar Gregorios was born on 1-2-1916, at Kallooppara, Kadamankulam, as the son of Thangalathil Idicula and Annamma. He was called by the pet name Kunjukutty. He was baptized with the name Varghese. When he was six months old, he was brought to Parumala Church and offered to God. He completed his education at Puthusserry and Eraviperoor. Most Rev. Philipose Mar Chrysotom, the great Metropolitan of Marthoma Church

and swami Jaithrananda the former head of Tiruvalla Ramakrishna Ashram were his School mates. Both in studies and conduct he was in the front row. He passed School final in 1932.

**Bethany, Training for Priesthood, Ordination**

After passing school final, Varghese who was employed in an insurance office at Kottayam, with the aim of becoming a religious priest resigned the job in 1933 and joined the Bethany Ashram. On 15th August 1935, he took his first profession as a religious with the name Benedict which means the blessed one. In 1938 he was sent to Kandy Papal Seminary in Sri Lanka for the seminary studies. The philosophy and Theology studies in Kandy Papal Seminary and the training with the teachers, priests and classmates from different parts of the world brightened the personality of Benedict. On 24- 8- 1944, he was ordained as priest at Kandy.

**Higher Studies**

On his return from Ceylon Rev. Fr. Benedict was appointed Master to train the aspirants at Nalanchira Bethany Ashram. At that time itself he was given the responsibilities as the professor of St. Aloysius petit seminary and Assistant Vicar of Palayam Church. Riding on a bicycle the young priest reached everywhere and discharged his duties with a dedicated mind. According to the interest of Mar Ivanios, the servant of God, Fr. Benedict was sent to St. Joseph's College Trichy for higher studies. From there, with first rank he took post graduation in Economics. His studies in St. Joseph's College widened his outlook.

**Principal, Mar Ivanios College**

His Grace Mar Ivanios, the Servant of God appointed Fr. Benedict the first Principal of Mar Ivanios College established by His Grace with the intention to build up the college according to his dream. Fr. Benedict did everything needed to find out eminent scholars as lecturers and professors and to attract efficient students. In the hostel started along with the college, Fr. Benedict tried to create a family atmosphere following the Gurukula system prevailed in India. Under the administration of Fr. Benedict, Mar Ivanios College became a very famous college attracting the attention of all.

**Parish and missionary activities**

Fr. Benedict continued in the position of the principal for two years and afterwards in accordance with the instruction of Archbishop Mar Ivanios he entrusted the position of the principal to Rev.Fr. Nangachiveettil who took doctorate and returned from America and he assumed the charge of Vice-principal. During this period itself he served as the Spiritual Director of the Novices at Bethany Ashram Nalanchira. Along with it he conducted services

in different Missions of Nedumangadu area. On Saturdays and Sundays he found out time for teaching Catechism and for pastoral visits in each and every house in the mission area. He was keen in the social development of those people in the mission area.

**Auxiliary Bishop**

The Servant of God Mar Ivanios who out of nothingness built the edifice of Malankara Syrian Church paving the path to Re-Union Movement giving all his attention and dedication became aware of the fast approaching end of his sojourn in this world. As he was far sighted, he found his successor in Fr Benedict and trained him to be capable for that. Accordingly The Servant of God Archbishop Mar Ivanios ordained Rev. Fr. Benedict Remban on 27-12-1952. On 29-1-1953, he was ordained Auxiliary Bishop by His Grace Mar Ivanios as the main celebrant assisted by Bishop Mar Severios and Bishop Thomas Tharayil. The Auxiliary Bishop received the name Gregorios which means "The awakened one". With his motto, "love is my light" he started his historical service as bishop.

**Leader of the Church- Ruler of the Archdiocese**

The Metropolitan Archbishop Mar Ivanios passed away, on 15-7- '53. In 1955 His Holiness Pius the XII, appointed Benedict Mar Gregorios, the head of the Malankara Syrian Catholic Church and the Archbishop of Trivandrum Archdiocese.

The Malankara Syrian Catholic Church, especially the Trivandrum Archdiocese had limitations in several aspects although it had got over the childhood. The new Archbishop had to give his attention to so many things such as giving care and protection to the priests who reunited from the Jacobite and Orthodox Churches and their families, starting new missions, constructing new church buildings for the existing mission stations and raising them as parishes, providing conveniences for the priests to stay etc. He started many enterprises both in the educational field and other service regions. He completed the construction of St. Mary's Metropolitan Cathedral and the Archbishop's House. To strengthen in catholic faith the newcomers from different religions, he implemented and executed several schemes. He regularized the system of catechetical teaching and ways and means of missionary activities among the youth and laity. He made arrangements to extend the pastoral ministry of the priests who completed training in the catholic seminary observing the essential entity of Malankara Catholic Rite. Thus he took a keen interest to form a culture in Malankara Catholic Church. It is the historical memorable event that under his leadership, a Malankara Major seminary began to function imparting training to new priests to maintain the serenity of traditional culture of Oriental Malankara hierarchy.

In conformity with the dreams and visions of Mar Ivanios who advocated Evangelization of entire India, Mar Gregorios welcomed and encouraged the new comers who joined Malankara Catholic Church from other castes. The erection of the Eparchy of Marthandom is the outcome of the encouragement that he had given for the pastoral ministry in southern region and his enthusiasm to promote vocations from that region. It is worthwhile to note that Fr. Lawrence Thottam (His Excellency Most Rev. Lawrence Mar Ephrem) was the first one to get priestly ordination from Mar Gregorios. Even before obtaining the Archiepiscopal status to the Malankara Catholic Church, His Grace paid special attention to arrange all ways and means to work with internal governing freedom given to the individual Churches by the 2$^{nd}$ Vatican Council. In 1932, while the hierarchy was established, the territory Jurisdiction of the Malankara Church was limited to Kerala on the south of Bharathappuzha. But in 1958, Mar Gregorios could get the sanction to widen the jurisdiction all over Kerala and some districts in Karnataka and Tamilnadu. This caused a considerable growth for the Malankara Catholic church.

In 1977 Mar Gregorios wholeheartedly received His Excellency Most Rev. Paulos Mar Philoxinose, the Metropolitan of Thozhiyoor Church, who after earnest and long prayers and meditation decided to be re-united with the Catholic Church. It is an important event in the Malankara Church History.

With the interest to develop pastoral ministry effectively and strengthen re-union movements vividly in the Malabar region, in 1978 he obtained orders from the Holy See to establish the Eparchy of Bathery bifurcating the Eparchy of Tiruvalla and extolling Cyril Mar Baselios as the first Bishop.

It was a unique privilege of Mar Gregorios to ordain five Bishops- Zacharias Mar Athanasios, Isaac Mar Yoohanon, Geevarghese Mar Timotheos, Cyril Mar Baselios Catholicos and Lawrence Mar Ephrem. We, the members of the church can be happy that the mission started in 1984 appointing a coordinator under the auspicious leadership of His Grace Mar Gregorios for the ecclesiastical community of the Malankara faithful in North America has now grown as an Exarchate.

In every town in India His Grace Mar Gregorios started erecting churches and other conveniences for the Malankara faithful for liturgical worship and tried to avail the services of the priests.

**Golden Jubilee of the Re-union Movement (1980)**

His Grace Mar Gregorios gave leadership for the Golden Jubilee Celebration of the Re-union movement held at Kottayam in 1980. His Eminence Wladyslaw Cardinal Rubin, the then Prefect of the Congregation for the Oriental Churches was the Papal Delegate. Other eminent participants were His

Beatitude Maximos Hakim V, the Patriarch of Antioch and all the East of Alexandria and Jerusalem, His Grace Most Rev. Luciano Storero, the then Apostolic Pro-Nuncio to India and Bl. Mother Teresa of Calcutta.

**Second Vatican Council (1961-65)**

As head of Malankara Catholic Church, Mar Gregorios was a permanent member in 2nd Vatican council. He took part actively in all the sittings of the Council during the years 1961- 65. He participated in all the Councils that dealt with different subjects and held in continuation to that. From 1985 onwards His Grace had been a permanent member of the Bishop's Synod in Rome.

**C.B.C.I and K.C.B.C. President**

In the capacity as the President of K.C.B.C and C.B.C.I, Mar Gregorios played vital role to strengthen the Global Church in region wise. His Grace paid special attention to maintain cordial relationship with the non-catholic brethren imbibing the spirit and essence of the 2nd Vatican council. His Grace gave a great leadership to the activities of P.O.C Cochin from its beginning itself. His Grace was the first Chairman of the Social wing of K.C.B.C.

**Ecumenical Contributions**

The valuable services rendered by Most Rev. Mar Gregorios are worth remembering. The importance he gave for the observance of ecumenical prayer week to maintain unity among churches is one of them. The initiatives he had taken to conduct celebrations along with the co-operation of the heads of all churches were witnesses for Christian fellowship. No one can forget the vital role His Grace Mar Gregorios played to wipe away the dark cloud of misunderstanding in connection with the problem of Nilackal church and to create an atmosphere of mutual understanding and friendship. The Ecumenical centre at Nilackal remains to be a great proof of his practical wisdom, ecumenical approach, tactics and outstanding broadmindedness. He set a noble example of ecumenism, founding united Christian Movement (U.C.M) in Trivandrum. Even after five and a half decades, this Movement started with the United Christmas Celebration still moves forward with many meaningful programs for the unity of the Christian churches.

The way of the cross being conducted on every Good Friday at Palayam, Trivandrum by all the parishes together is a blessed service that attracts Public attention. This journey of passion starts from St. Mary's Cathedral Palayam and going around the main part of the city ends in the Cathedral itself. It was His Grace Mar Gregorios who took the initiative to organize this way of the Cross. Till his death every year he attended it and gave touching messages on the crucifixion of our Lord Jesus Christ.

**Contributions for Religious Harmony**

The contributions of Mar Gregorios for maintaining religious harmony among the people of Kerala is matchless. How many timely interferences of His Grace gave healing touch to mitigate the tensions arose from communal strife! Whenever a communal revolt took place, both the Government and the public looked at Archbishop Mar Gregorios for the remedial measures. What was beyond the capacity of the police force and political leadership was within the reach of this saffron clad monk of God, Mar Gregorios. The public realized and approved his sanctity, innocence and overflowing selfless love. That was why keeping away the police force he could reach Vizhinjam and poovar, the tension filled areas with the message of peace. In the turbulent atmosphere, while Chala Bazaar was burning in fire, Mar Gregorios brought the heads of all religions and social and culture leaders together in an array of prayer and conducted a procession of peace on foot for days along the highways and byways using peaceful slogans; Peace, calmness and mutual understanding were re-established. The saintly presence of Mar Gregorios was an answer for every problem.

The activities of Archbishop Mar Gregorios were not limited within the Catholic Church and Christian Community. His approach towards the other religions was noteworthy. He worked keeping in mind the teaching of the 2nd Vatican Council that the light of truth that enlightens the whole humanity is reflected in all religions. His Grace always utilized the opportunities to get into the non-christian communities and share the love of God to them.

The Public accepted His Grace as the father of Trivandrum. Because of that itself he got the love and respect of all sects. Without any difference his presence was a must for every meeting. His Grace had played the main role in sustaining the uniqueness of the culture, spiritual richness and community awareness in Trivandrum.

**Papal Visit**

His Holiness Paul Vl, the successor St. Peter visited India in December 1964 in connection with the Eucharistic Congress held in Bombay. As the head of the Malankara Catholic church, Mar Gregorios served actively in the reception of His Holiness in Bombay. It was for the first time that a Pope visited India. On that occasion some of our priests got ordained in the presence of the Pope.

In 1986 His Holiness Pope John Paul II visited Kerala. The Syro-Malankara church was fortunate to welcome His Holiness at St. Mary's Cathedral, Pattom. As the Head of the church, His Holiness was accorded a cordial reception by the church under the leadership of Mar Gregorios. It was for the first time in

the history of our church that the Supreme Pontiff came to our Cathedral, prayed in the sanctuary and delivered his apostolic sermon.

It was a unique privilege for Mar Gregorios to take this responsibility of receiving and welcoming the successor of St. Peter. Under the leadership of Mar Gregorios, the Public of Trivandrum arranged a huge gathering at Shankumukhom to welcome the Pope.

**An Archbishop who saw dreams about the Development of the country**

An all embracing development of the country was the dream and vision of Mar Gregorios. Improvement of village and financial security of common man always haunted Mar Gregorios. Along with the schemes to fight against hunger, he searched for the means to develop the country. For that he designed certain projects. It was with this aim in view that in 1955, he established the Malankara Social Service Society. The benefits the Malankara Social Service Society yielded for the last 50 years to the country are indescribable.

Mar Gregorios loved the nature; he was a lover of trees. He considered it as a virtue to cultivate and grow trees. He formed the society “Friends of Trees” and fostered it to grow as a movement. He realized the fact that the protection of nature is essential for the very existence of man as well as for the growth of nations.

He contributed his valuable gifts in the field of agriculture too. Whenever he was on foreign tour, he was keen to learn about the manner of cultivation there and bringing the seeds and plants from there he tried to experiment them in our country also. He used to show his places of cultivation to the people who came to the Archbishop’s House and used to explain the necessity of developing agriculture for the growth of the country.

The influence and encouragement of Mar Gregorios was there behind the then Minister M. N. Govindan Nair in implementing the project of one lakh law cost houses. His Grace firmly believed that huge palatial house was a sin tempting the common man to fall in liability. He could impart a sense of awareness that small residence at low cost is the necessity of the time.

He desired ardently for a generation that is healthy. He advised all to regulate the food system and instructed the need of exercise. He encouraged Yoga. He strongly supported to found the Nature Cure Centre. He was interested in taking care for the sick. He was a pioneer soldier to wage war against leprosy that everyone was afraid of. It was like that the leprosy Hospital and the rehabilitation centre attached to it was established at Pirappancode. Another centre to rehabilitate the T.B. patients was also founded at Pulayanarcotta.

## His Contributions in the Field of Education

The contribution of Mar Gregorios in the field of education is valuable. In most of his orations he emphasized the importance of education. He repeatedly reminded that education is the basis for developments. To impart better education to all, he tried his level best. As his slogan itself was "Sarvodaya", he started Sarvodaya School under Central Government syllabus at Nalamchira near Mar Ivanios College. It was with the farsightedness to make Mar Ivanios College Campus a Vidya Nagar that Archbishop Mar Gregorios did it so. As the first principal of Mar Ivanios College, he thoughtfully and with farsighted outlook took speedy steps to establish Mar Theophilos Training College, St. John's Model School, Jayamatha Institute of Technology, Malankara Major Seminary for Philosophy and Theology Courses and ladies' hostel and thereby he converted the campus into a real Vidya Nagar.

The bold decision His Grace had taken to start St. John's College which became the basis of development of Anchal which was an underdeveloped area was a clear evidence of his educational vision. St. John's C.B.S.E school, Mar Baselios M.C.A. College and St. Joseph's Nursing College were established as its natural continuation. St. Joseph's Hospital known as the Mission Hospital is the gift of Mar Gregorios to Anchel. It was Archbishop Mar Gregorios who donated to the D.M. Sisters the whole property to build the Mission Hospital. Under the supervision of the D.M sisters, the hospital does remarkable service to the sick.

It is to be specially remembered about the establishments of the school and college at Padi in Madras for the development of that area. By his encouragement, several schools from Nursery classes to High schools were established along with various parish churches. The educational vision and views, the exhortations and the institutions established by Mar Gregorios were the main factors that helped the Malankara Syrian Catholic community to grow as an educated society and to prosper socially and economically.

## The Spirituality of Mar Gregorios

The source of the glory and nobility embodied in the person of Mar Gregorios was his deep spirituality; A Eucharistic oriented spirituality. He spent considerable time for preparation before offering Holy mass. After Offering Holy mass he spent hours in silent talk with the Lord in the Tabernacle. He administered the sacraments with great devotion and dedication. His fervent devotion to Mother Mary also strengthened his spiritual life.

It was this deep spirituality that gave the energy and direction to his active life. This spirituality reached him to all the fields where he could serve the

humanity. With his motto, “Love is my Light” he offered his very being as a loving offering. The earth, the tree, the plants and leaves, the stars and all living beings became the subjects of his studies and meditation. This great ascetic travelled through all the ways opened to him with his lighted lamp of love.

**Words of Vision**

The reply to the felicitation gathering on the occasion of his consecration as Bishop on 29 January 1953, was really the preface of his remaining life. The proclamation of the thirty six year old high priest! He announced to the world, “From today onwards your grief will be my own grief and your need will be my own need and your happiness will be my own happiness…. To end the factions occurred in the Church before 300 years, I will employ all my powers ….As man is composed of body and soul, the progress of the soul depends on the potentialities of body. It is inevitable to have a spiritual motive for all actions.

The Church cannot close its eyes on financial matters also. I love poor people. I was a poor man. I have tasted the difficulties of starvation. I do affirm that I will spend the rest of my life to lift the standard of living of the poor.” His life was motivated with this ideal. Hence his life style was a challenge for the cotemporaries and successors.

**Centenary Celebration programme**

I wish that the centenary celebrations of His Grace Mar Gregorios of happy memory (from 1-2-2015 to 1-2-2016) will be helpful for the realization of his visions. Accordingly, prominence has to be given to certain regions. His visions and lifestyle are to be subjected for serious study. And this vision must be reached to the common people. All the celebrations in this connection should be an impact of His personality to be known to the entire world. The programs for centenary celebrations are designed accordingly. To materialize this aim various committees are formed with the head of the church as main patron and all the bishops as the patrons and the Vicar Generals of all dioceses and Exarchates and the Chief Coordinator of the ETRI as chair persons. Prayer and whole hearted cooperation are expected from each and every one.

I wish to establish a charitable organization to install the memory of His Grace Mar Gregorios and to feel his merciful presence. Cancer is detrimental to body and mind and it causes financial destruction. Due to various reasons this disease is increasing day by day. In order to give proper attention and tender care to the victims of this disease, I have decided to start a “Cancer Care Home”. This centre will be an appropriate monument for Mar Gregorios,

who had great concern and love for the downtrodden and tried to uplift them in all possible ways until his death.

Hundred discourses and lectures will be arranged to throw light on the vision and lifestyle of Mar Gregorios. These lectures will be held in different parts of the world highlighting his visions and presenting the nobility of the glorious personality of Mar Gregorios. His lofty ideals and dreams, yet unknown to the world will be manifested through these eloquent lecturers. All will get the awareness that many of the problems confront with modern generation can be easily solved by the lessons that the life of Mar Gregorios gives.

There was place in the heart of His Grace Mar Gregorios for nature, earth and trees. He who worked aiming the ultimate welfare of man could not forget them. As a part of the response awakened in us by our real respect for him, we take the decision that even an inch of land will not be left barren. We have launched a Mar Gregorios Green Revolution to promote the growth of earth and trees cultivating every inch of land with plants and trees. It is possible if our parishes and institutions have the will to do it; 1 Lakh trees must be planted.

India lives in her villages. The development of villages was a great dream of Mar Gregorios. We choose a village as a model to cope with the dreams of His Grace. The aim of the Benedict Mar Gregorios Village Extension Program is to convert the chosen village into a model village in conformity with his vision. By this project we aim to make this village a model by implementing our plans such as houses built on low cost, cultivation, preservation of nature, education, cleanliness, security of family life, health care etc.

Mar Gregorios memorial award will be presented in this centenary year finding out the most deserving person. The award will be given to the person who has assimilated the vision and outlook of Mar Gregorios whose prerogative was to support the weak. Mar Gregorios Scholarship Award will be awarded for three years to students who take the vision and outlook of Mar Gregorios for their Ph D research work in the university level.

Throughout this centenary year, free meals will be supplied to different hospitals under the auspices of the ecclesiastical districts of Trivandrum Major Archdiocese. This humanitarian action will be a heartfelt homage to Mar Gregorios who always fought to eradicate starvation. Financial help will be given for the marriage of 100 girls who are financially backward.

Mar Gregorios had very strong cordial relations with all religions. This relationship had given very pleasant fruits to the society at the time of struggle and strife. He was present in all ecumenical meetings as well as religious conferences. He took initiative and leadership for such meetings. So in this

centenary year, ecumenical gathering and the conference of the whole religions will be conducted. Ecumenical meeting will be held in the native place of His Grace and the conference of all religions will be conducted in Trivandrum.

In anti- liquor movement Mar Gregorios had given very lively leadership. He took strong stand against it. We have determined to go ahead with different projects for creating awareness regarding the evils of liquor. This scheme envisages all possible means to detect the liquor addict persons and bringing them for counseling and teaching. Immediate action is required to relieve those who are under the influence of liquor in our families.

As a part of this Centenary celebration some schemes are formulated to be executed.

1. Centenary memorial Sermons in 100 centres; (one or two in each eparchy)
2. Benedict Mar Gregorios Centenary memorial Cancer Care Home at Pirappancode Medical Village.
3. Benedict Mar Gregorios Green Revolution Project- centered on parishes and institutions. (Obligation of all eparchies)
4. Benedict Mar Gregorios Village Development Program
5. Centenary memorial Award
6. Conference of all religions.
7. Distribution of a meal every day in the hospital under the leadership of each ecclesiastical district. (It must be arranged wherever possible.)
8. Ecumenical Conferences
9. Anti-liquor awareness programs
10. Religious and Priests conferences
11. Centenary Memorial Souvenir
12. Benedict Mar Gregorios' Scholarship. (For research work)
13. Financial help for 100 girls for their marriage. (All eparchies shall select without any discrimination of caste and religion)

Centenary year will be inaugurated on 1-2-2015, offering Holy Mass and service of departed priest in all churches, institutions, ashrams and convents.

At 9 a.m. on 17- 2-2015 there will be the service for the departed priest at His Grace's tomb at St. Mary's Cathedral. Then at 10 a.m. in the meeting that will be held at St Mary's School Auditorium, Mr. Oomman Chandy, the Honorable chief Minister will officially inaugurate the Centenary celebrations. In that meeting besides the Metropolitans, the dignitaries and leaders from different sections of our society will be present. I cordially remind our priests,

religious, secretaries and members of the Pastoral councils of all dioceses and the diocesan office bearers of different religious associations (MCYM, MCA, Fathers' Association, Mothers' wing etc) to participate in the meeting.

The inauguration meeting of 17th is arranged only as an official beginning of the Centenary celebrations. The date and place of the other meetings will be communicated in due time through the ecclesiastical publications.

I hereby inform that a large gathering embracing all sections of the society and more church representatives will be arranged later. The details of the meeting and the action program will be intimated later.

Let us thank the almighty God for the many blessings and graces the church received through His Grace Mar Gregorios of glorious memory. Again let us plead for the intercession and blessings of Mar Gregorios.

May all these be fulfilled through the prayers of the Blessed Virgin Mary, the Mother of our God and the communion of Apostles, especially of our Father and Apostle St. Thomas and all the Saints! Amen.

Your humble servant in God,

Sd/

✠ **Moran Mor Baselios Cardinal Cleemis**
Major Archbishop-Catholicos
of the Syro-Malankara Catholic Church

Catholicate Centre
30-1-2015

Our Father in Heaven...

---

NB: Read this pastoral letter on the forthcoming Sunday during the Holy *Qurbono* in all our parishes, mission centres and centres of worship and must be published in all our publications / Media.

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
**മേജർ ആർച്ച്ബിഷപ്പ് -കാതോലിക്കോസ്**
**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസിൽ നിന്നും**
നമ്മുടെ അധികാരത്തിൻകീഴിലുള്ള മേൽപ്പട്ടക്കാർക്കും
കോർഎപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും
ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്.

Prot. No. CPL 2/2015

**സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും**
**സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.**

**വിഷയം: ഭാരതം മുഴുവനും സഭാപ്രവർത്തനങ്ങൾക്കുള്ള അധികാരവും അവകാശവും മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്ക് തിരുസിംഹാസനം സംലഭ്യമാക്കിയത് സംബന്ധിച്ച്.**

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാൻമാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

ഏവർക്കും ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങളും അനുഗ്രഹങ്ങളും!

2015 മാർച്ച് 26, വചനിപ്പു തിരുന്നാളിന്റെ പിറ്റേന്നാൾ, മലങ്കര സഭാചരിത്രത്തിൽ സുവർണലിപികളിൽ എഴുതിചേർക്കേണ്ട മറ്റൊരു ദിനം. സുവിശേഷദൗത്യം നിർവഹിക്കുന്നതിന് ഭാരതമാസകലം മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്ക് അധികാരവും അവകാശവും റോമിലെ തിരു സിംഹാസനം കൽപ്പിച്ചു നൽകിയ പൊൻസുദിനം! അന്നേദിവസം തിരുസഭയുടെ തലവനും പിതാവുമായ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പാ മലങ്കര സുറിയാനി കത്തോലിക്കർക്കുവേണ്ടി ഗുഡ്ഗാവ് (ഡൽഹി) സെന്റ് ജോൺ ക്രിസോസ്റ്റം എന്ന ഒരു പുതിയ ഭദ്രാസനം സ്ഥാപിക്കുകയും അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനിയെ അതിന്റെ പ്രഥമ മെത്രാനായി നിയമിക്കുകയും ചെയ്തു. അതേ ദിവസംതന്നെ കഡ്ക്കി (പൂനെയിൽ) സെന്റ് എഫ്രേം എന്ന പുതിയ എക്സാർക്കേറ്റ് സ്ഥാപിക്കുകയും അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് തിരുമേനിയെ അതിന്റെ പ്രഥമ മെത്രാനായി നിയമിക്കുകയും ചെയ്തു. മാർ ഈവാനിയോസ് എന്ന പേരിന്റെ ഗ്രീക്കുഭാഷയിലുള്ള പദമാണ് വി. ജോൺ ക്രിസോസ്റ്റം എന്നതും നമ്മുടെ പുണ്യപിതാവിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥന്റെ പേരിൽ രാജ്യ തലസ്ഥാനത്ത് ഒരു ഭദ്രാസനം നമുക്ക് ലഭ്യമായിരിക്കുന്നു എന്നതും നമ്മെ ഏറെ സന്തോഷിപ്പിക്കുന്നു. സെന്റ് ജോൺ ക്രിസോസ്റ്റം ഭദ്രാസനം ഇന്ത്യയുടെ 29 സംസ്ഥാനങ്ങളിൽ 22 സംസ്ഥാനങ്ങളും ഉൾക്കൊള്ളുന്ന വടക്കേ ഇന്ത്യ മുഴുവൻ വ്യാപിച്ചുകിടക്കുന്നതാണ്. സെന്റ് ജോൺ ക്രിസോസ്റ്റം ഭദ്രാസനത്തിന്റെ സിംഹാസനം ഡൽഹിയ്ക്ക് സമീപത്തുള്ള ഗുഡ്ഗാവ്

ആയിരിക്കും. ഭദ്രാസനമെത്രാന്റെ താമസവും കാര്യാലയവും ഡൽഹിയിൽ നെബ്സറൈയിൽ സ്ഥിതി ചെയ്യുന്ന മാർ ഈവാനിയോസ് ഭവൻ ആയിരിക്കുന്ന താണ്. ഇവിടെ സ്ഥിതിചെയ്യുന്ന സെന്റ് മേരീസ് ദൈവാലയം ആയിരിക്കും സിംഹാസന ദൈവാലയം (കത്തീഡ്രൽ ദൈവാലയം).

കഡ്കി സെന്റ് എഫ്രേം എക്സാർക്കേറ്റ് തെക്കേ ഇന്ത്യയിൽ മഹാരാഷ്ട്ര, ഗോവ, ആന്ധ്രാപ്രദേശ്, തെലുങ്കാന സംസ്ഥാനങ്ങളും തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങളിലെ മാർത്താണ്ഡം, പുത്തൂർ ഭദ്രാസനങ്ങളുടെ അതിർത്തിക്കു പുറത്തുള്ള പ്രദേശങ്ങളും ഉൾപ്പെടുന്നു. പൂനെ നഗരത്തിൽ കഡ്കിയിൽ സ്ഥിതി ചെയ്യുന്ന സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദൈവാലയ സമുച്ചയമാണ് പുതിയ എക്സാർക്കേറ്റിന്റെ ആസ്ഥാന കാര്യാലയവും കത്തീഡ്രലും.

അപ്പസ്തോലസംഘത്തിന്റെ തലവനായ വി. പത്രോസിന്റെ പിൻഗാമി റോമിലെ പരി. ഫ്രാൻസിസ് മാർപ്പാപ്പയോടും തിരുസിംഹാസനത്തോടുമുള്ള മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ സഭാകൂട്ടായ്മയും വിധേയത്വവും സഹകരണവും ഹൃദയംഗമായ കൃതജ്ഞതയും അറിയിക്കുന്നു.

പൗരസ്ത്യസഭകളുടെ കാനോന 177 പ്രകാരം, ഭദ്രാസനം (എപ്പാർക്കി) എന്നത് വൈദിക സമൂഹത്തിന്റെ സഹകരണത്തോടെ അജപാലനധർമ്മം നടത്തേണ്ട തിനായി മെത്രാനെ ഭരമേല്പിച്ചിരിക്കുന്ന ദൈവജനഭാഗവും അതിന്റെ ഇടയനോടു ചേർന്നു നിന്നുകൊണ്ട്, സുവിശേഷത്തിലൂടെയും വി. കുർബാനയിലൂടെയും പരി ശുദ്ധാത്മാവിൽ ഒന്നിച്ചുചേർക്കപ്പെട്ടും, ഏകവും വിശുദ്ധവും കാതോലികവും ശ്ലൈഹികവുമായ ക്രിസ്തുവിന്റെ സഭ യഥാർത്ഥത്തിൽ സന്നിഹിതമാവുകയും പ്രവർത്തനനിരതമാവുകയും ചെയ്യുന്ന ഒരു പ്രാദേശികസഭയാണ് (Particular Church). ചില പ്രത്യേക സാഹചര്യങ്ങളാൽ ഭദ്രാസനമായി സ്ഥാപിക്കപ്പെടാത്തതും, ഭൂമിശാസ്ത്രപരമായോ മറ്റേതെങ്കിലും അടിസ്ഥാനത്തിലോ പരിധി നിശ്ചയിച്ചിട്ടു ള്ളതും അജപാലനത്തിനായി ഒരു എക്സാർക്കിനെ ഭരമേല്പിച്ചിട്ടുള്ളതുമായ ദൈവ ജനഭാഗമാണ് എക്സാർക്കി (കാനോന 311). നിയമത്തിൽ വ്യക്തമായി മറിച്ച് നിശ്ച യിക്കുകയോ, കാര്യത്തിന്റെ സ്വഭാവത്തിൽനിന്ന് മറിച്ച് വ്യക്തമാകുകയോ ചെയ്യാ ത്തപക്ഷം നിയമത്തിൽ ഭദ്രാസനങ്ങളെക്കുറിച്ചോ പറഞ്ഞിട്ടുള്ള കാര്യങ്ങൾ എക്സാർക്കേറ്റിനേയോ എക്സാർക്കിനേയോ സംബന്ധിച്ചും ബാധകമാണ് (കാനോന 313).

നമ്മുടെ പൂർവപിതാക്കന്മാരുടെ ചിരകാലസ്വപ്നവും മാർ ഈവാനിയോസ് പിതാ വിന്റെ ദർശനവും ഈ കാനോനിക നടപടികളിലൂടെ സാക്ഷാത്കൃതമായി. ഇതി ലൂടെ റോമാ മാർപാപ്പായുടെയും മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിനോടും ചേർന്ന് മലങ്കര സുറിയാനി കത്തോലിക്കാ സഭാദ്ധ്യക്ഷന്റെ മാർഗനിർദ്ദേശത്തിൽ ഭാരതത്തിലെ നമ്മുടെ എല്ലാ വിശ്വാസിക ൾക്കുംവേണ്ടിയുള്ള അജപാലന ശുശ്രൂഷയ്ക്കും സുവിശേഷവത്കരണത്തിനുമുള്ള സമസ്തഭാരത സഭാപ്രവർത്തനാവകാശം (all-India jurisdiction) നമുക്ക് കൈവ ന്നിരിക്കുന്നു. 1599-ൽ നടന്ന ഉദയംപേരൂർ സുന്നഹദോസിലൂടെയും 1653-ലെ കൂനൻ കുരിശ് സത്യത്തിലൂടെയും നഷ്ടപ്പെട്ട നമ്മുടെ ഭരണാവകാശം ആഗോളസഭയു

മായുള്ള കൂട്ടായ്മയിൽ ഇപ്പോൾ മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് ഇദംപ്രഥമമായി പൂർണ്ണമായി നൽകപ്പെട്ടിരിക്കുന്നു. ആയതിനാൽ ഇത് ആഹ്ലാദത്തിന്റെ ഒരു ചരിത്ര നിമിഷമാണ്. ദാർശനികനായ നമ്മുടെ പുണ്യപിതാവ് മാർ ഈവാനിയോസിന്റെ സ്വപ്നദർശനമാണ് ഇപ്പോൾ സാക്ഷാത്കരിക്കപ്പെട്ടിരിക്കുന്നത്.

മലങ്കര പുനരൈക്യ പ്രസ്ഥാനം ആരംഭിക്കുന്നതിനു മുമ്പുള്ള ആലോചനാ നാളുകളിലെ വന്ദ്യപിതാവിന്റെ മനോവേദനയും വിചാരവും താഴെപ്പറയുന്ന വാക്കുകളിൽ വ്യക്തമാകുന്നു: "പുണ്യശ്ലോകനായ മാർത്തോമാശ്ലീഹായാൽ സ്ഥാപിതമെന്നും പത്തിരുപതു നൂറ്റാണ്ടുകളോളം പഴക്കമുള്ളതെന്നും, അഭിമാനിച്ചു വരുന്ന മലങ്കര സുറിയാനി സമുദായം ഇക്കാലത്തിനകം, അതിന്റെ കർത്തവ്യകർമ്മമേതോ ആ വിഷയത്തിൽ - സ്ഥാപനോദ്ദേശമേതോ ആ കാര്യത്തിൽ - ഇതപര്യന്തം ഗണ്യമായി യാതൊന്നും ചെയ്തിട്ടില്ലെന്നുള്ളത് വലിയൊരു അപരാധമായിത്തന്നെ കണക്കാക്കേണ്ടതുണ്ട്. ക്രിസ്തുവർഷം 52-ാം ആണ്ടിൽ രക്ഷകനായ മിശിഹാതമ്പുരാന്റെ നിർദ്ദേശപ്രകാരം കൊളുത്തിവയ്ക്കപ്പെട്ട ആ മഹാപ്രദീപം ഇന്നും അതേ നിലയിൽത്തന്നെ ഇരിക്കുന്നതല്ലാതെ, നിഷ്പ്രഭങ്ങളായ പരിസരങ്ങൾക്ക് അതുകൊണ്ട് പ്രകാശവും പ്രസരിപ്പും ലഭിക്കാൻ ഇടയായിട്ടില്ലെന്നുള്ളത് സമ്മതിച്ചേ മതിയാകുള്ളൂ' (ഗിരിദീപം, 50). "തിരുവിതാംകൂർ കൊച്ചി ഈ രണ്ടു രാജ്യങ്ങളേക്കാൾ അനേകമടങ്ങ് വലിപ്പമുള്ള ഒരു രാജ്യത്തെ സുവിശേഷവേലയ്ക്ക് നാം ചുമതലക്കാരാണെന്നും ലോകമെന്നുവെച്ചാൽ മലയാളരാജ്യം മാത്രമല്ല എന്നും നമ്മുടെ ആളുകൾ ബോദ്ധ്യംവയ്ക്കുന്നതും കൊള്ളാം". (ഇഞ്ചക്കലോടി, ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്, 153).

ഈ ചരിത്ര സംഭവത്തിന് ദൈവത്തെ മഹത്വപ്പെടുത്തുന്നു. പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള കാര്യാലയത്തിന്റെ പ്രീഫെക്ട് അഭിവന്ദ്യനായ ലെയോനാർഡോ കർദ്ദിനാൾ സാന്ദ്രി തിരുമേനിക്കും, ഇന്ത്യയിലെ അപ്പസ്തോലിക് ന്യുൺഷ്യോ അഭിവന്ദ്യ സാൽവത്തോരേ പെനാക്യോ തിരുമേനിക്കും, ഇന്ത്യയിലെ ലത്തീൻ കത്തോലിക്കാസഭയുടെ ഹൈരാർക്കി നൽകുന്ന പിന്തുണയ്ക്കും, പുനരൈക്യ പ്രസ്ഥാനത്തിന്റെ ആരംഭം മുതൽ സീറോ-മലബാർ ഹൈരാർക്കി നൽകിവരുന്ന ഐക്യദാർഢ്യത്തിനും പിൻതുണയ്ക്കും ഞാൻ ഹൃദയപൂർവം നന്ദി പ്രകാശിപ്പിക്കുന്നു. ഇന്ത്യയിലെ കത്തോലിക്കാസഭകളോടും മറ്റു സഹോദരീസഭകളോടും സഹകരിച്ച് സ്നേഹത്തിൽ എല്ലാവരോടും ചേർന്ന് ഈ അവകാശങ്ങളും കടമകളും പ്രാവർത്തികമാക്കുവാൻ നമ്മൾ പരിശ്രമിക്കേണ്ടതാകുന്നു.

നമ്മുടെ വന്ദ്യ പിതാക്കന്മാരുടെയും ബഹു. വൈദികരുടെയും സന്യസ്തരുടെയും അല്മായ വിശ്വാസികളുടെയും സഭാദർശനത്തിൽനിന്നും അജപാലനസമർപ്പണത്തിൽനിന്നുമുള്ള അശ്രാന്ത പരിശ്രമത്തിൽ നിന്നുമാണ് ഈ കാനോനിക സംവിധാനങ്ങൾ നിലവിൽ വന്നത്. ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയുടെ സെറാംപൂർ വാസകാലത്ത് ദൈവവചനത്തിന്റെ വിത്തുകൾ ഉത്തരേന്ത്യൻ ഭൂമിയിൽ അദ്ദേഹം വിതയ്ക്കുകയും കത്തോലിക്കാസഭയുമായുള്ള സംസർഗത്തിൽ അതിനെ പരിപോഷിപ്പിക്കുകയും ചെയ്തു. പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ കൽപ്പിച്ചു നൽകിയ ഈ കാനോനിക സംവിധാനം നിലവിൽ വന്നത് ഭാഗ്യസ്മരണാർഹനായ ആർച്ച്ബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ജന്മശതാബ്ദി വർഷത്തിലാണ് എന്നതും ശ്രദ്ധേയമാണ്. അഭിവന്ദ്യ മാർ

ഗ്രിഗോറിയോസ് തിരുമേനിയുടെ സമയോചിതമായ ഇടപെടലും ശ്ലൈഹീക നേതൃത്വവും ബാഹ്യകേരളത്തിൽ വിവിധ സഭാകൂട്ടായ്മകളുടെ രൂപീകരണത്തിന് വലിയ പ്രോത്സാഹനമായി. ഭാഗ്യസ്മരണാർഹനായ സിറിൽ ബസേലിയോസ് കാതോലിക്കാബാവാ, ദേശീയവും അന്തർദേശീയവുമായ തലങ്ങളിൽ അദ്ദേഹത്തിന്റെ ദൈവശാസ്ത്രപരമായ, പ്രത്യേകിച്ച് സഭാശാസ്ത്രപരവും കാനോനികവുമായ ഇട പെടലിലൂടെയും ഇന്ത്യയുടെ സുവിശേഷവത്കരണത്തിനുള്ള മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പൂർണ്ണ അവകാശവും കടമയും ആവശ്യകതയും എല്ലായ്പ്പോഴും ഉയർത്തികാട്ടി. അദ്ദേഹത്തിന്റെ ഇടപെടലുകൾ ലത്തീൻ മെത്രാന്മാരുടെ അധികാരത്തിൻ കീഴിലുള്ള വ്യക്തിഗത ഇടവകകളുടെ സ്ഥാപനത്തിനും ഭദ്രാസനേതര പ്രദേശങ്ങൾക്കുവേണ്ടി അപ്പസ്തോലിക വിസിറ്റേറ്റർ അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനിയെ 2007-ൽ നിയമിക്കുന്നതിനുമുള്ള വഴി യൊരുക്കി. ഭാരതത്തിലെ മലങ്കര മിഷനുകളെ കൂടുതൽ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും വേണ്ടി അഭിവന്ദ്യ ഡോ. ജേക്കബ് മാർ ബർണബാസ് തിരുമേനി അപ്പസ്തോലിക് വിസിറ്റേറ്റർ ആയി നിയമിതനായത് ഈ മേഖലയിലെ ഒരു സുപ്രധാന വഴിത്തിരിവായിരുന്നു. ഇപ്പോഴത്തെ ഗുഡ്ഗാവ് രൂപതയും കഡ്കി എക്സാർക്കേറ്റും ഉൾപ്പെടുന്ന അജപാലന പ്രവർത്തന പ്രദേശം മുഴുവനും സന്ദർശിച്ച് സഭാമക്കളെ ഒരുക്കുന്നതിനും ബലപ്പെടുത്തുന്നതിനും അഭിവന്ദ്യ മാർ ബർണബാസ് തിരുമേനി വഹിച്ച പങ്ക് നിസ്തുലമാണ്. പുതിയ ഗുഡ്ഗാവ് രൂപതയിലേക്കും കഡ്കി എക്സാർക്കേറ്റിലേക്കും നമ്മുടെ സഭാ പ്രവർത്തനമേഖല കാനോനികമായി വ്യാപിപ്പിക്കുന്നതിന് വന്ദ്യപിതാവിന്റെ പ്രവർത്തനങ്ങൾ ഏറെ സഹായിച്ചിട്ടുണ്ട്. ഏറെ കൃതജ്ഞതയോടെ അതു ഞാൻ അനുസ്മരിക്കുന്നു.

പൂനായിലെ അജപാലന-മിഷൻ പ്രവർത്തനത്തിന് ഒരു വൈദികൻ എന്ന നിലയിൽ 1983-87 വരെയും 1993-2000 വരെയുമുള്ള കാലയളവിൽ അഭിനന്ദനാർ ഹമായ നേതൃത്വം നൽകിയ അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്താ പൂനാ-കഡ്കി കേന്ദ്രമാക്കിയുള്ള എക്സാർക്കേറ്റിന്റെ പ്രഥമ അദ്ധ്യക്ഷ നായി നിയോഗിതനാകുന്നത് ഏറെ സന്തോഷത്തോടെയാണ് നോക്കിക്കാണുന്നത്. നമ്മുടെ സഭയുടെ പൊതുഭരണത്തിൽ കൂരിയാ മെത്രാനായും ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ നാമകരണ നടപടികളുടെ പോസ്റ്റുലേറ്ററായും സേവനമനുഷ്ഠിച്ചുവരുന്ന അഭിവന്ദ്യ മാർ അന്തോണിയോസ് തിരുമേനി ഈ ചുമതലകൾ നിർവഹിച്ചുകൊണ്ട് പുതിയ എക്സാർക്കേറ്റിന്റെ അദ്ധ്യക്ഷനായി പ്രവർത്തിക്കുന്നതാണ് എന്ന വിവരം ഏവരെയും അറിയിച്ചുകൊള്ളട്ടെ.

ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ നമ്മുടെ അനുഗൃഹീത മുൻഗാമികളുടെ കാല്പാടുകൾ പിന്തുടരുന്നതിനും പരി. സുന്നഹദോസിനോട് ചേർന്ന് സമസ്ത ഭാരത സഭാപ്രവർത്തനാവകാശത്തിലേക്ക് വളരുവാൻ സഭയുടെ ശുശ്രൂഷി എന്ന നിലയിൽ സാധിച്ചുവെന്നതിലും ഞാൻ ഏറെ കൃതാർത്ഥനാണ്. അങ്ങനെ സമസ്ത ഭാരത സഭാപ്രവർത്തനാവകാശത്തിലേക്ക് നയിക്കുന്ന ഈ കാനോനിക സംവിധാനം പരി. സിംഹാസനം ഇപ്പോൾ സ്ഥാപിച്ച് നമ്മുടെ സഭയ്ക്ക് നൽകി. മുഴുഹൃദയത്തോടെ ദൈവത്തെ ഞാൻ സ്തുതിക്കുന്നു.

1955-ൽ പൂനാ ബഥനി ആശ്രമം സ്ഥാപിതമായതോടെ, വടക്കേ ഇന്ത്യയിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അതിർത്തിക്കുപുറത്തേയ്ക്കുള്ള

മിഷൻപ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചു. പൂനെയിലെയും മുംബെയിലെയും മിഷൻ പ്രവർത്തനങ്ങൾക്ക് ബഥനി ആശ്രമസ്ഥർ ശക്തമായ നേതൃത്വം നൽകി. മുംബെയിലും പൂനെയിലും ഇടവകകളും ദൈവാലയങ്ങളും മിഷൻ കേന്ദ്രങ്ങളും പടുത്തുയർത്തുന്നതിന് ബഥനി ആശ്രമസ്ഥർ മുൻകൈയെടുത്തു. പൂനെയിലെ ബഥനി ആശ്രമം നമ്മുടെ സഭാപ്രവർത്തനങ്ങളുടെ ഒരു പ്രചോദന കേന്ദ്രമായി നിലകൊണ്ടുവെന്നത് സന്തോഷപൂർവം അനുസ്മരിക്കുന്നു. സഭാകൂട്ടായ്മകളുടെ പ്രവർത്തനങ്ങൾക്കും കെട്ടുറപ്പിനും കൂടുതൽ പ്രേഷിതരും സമ്പത്തും ആവശ്യമായിരുന്നതിനാൽ നമ്മുടെ ഭദ്രാസനങ്ങൾ മറ്റു പ്രദേശങ്ങളിൽ അവയുടെ ഉത്തരവാദിത്വം ഏറ്റെടുത്തു. തദനുസരണം ഡൽഹിയുടെയും സമീപ പ്രദേശങ്ങളിലെയും അജപാലനം നിർവഹിക്കുന്നതിനും ദൈവാലയങ്ങൾ നിർമ്മിക്കുന്നതിനും ആവശ്യമായ വസ്തു സമ്പാദിക്കുന്നതിനും കാര്യക്ഷമമായ നേതൃത്വം തിരുവല്ലാ അതിഭദ്രാസനം നൽകി. അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ തിമോത്തിയോസ് തിരുമേനിയെ ഇത്തരുണത്തിൽ ഏറ്റം നന്ദിയോടെ ഓർക്കുന്നു. ചെന്നൈ, ഭോപ്പാൽ എന്നിവിടങ്ങളിൽ ഇടവകകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തുടങ്ങുന്നതിനും ആവശ്യമായ വസ്തുക്കൾ വാങ്ങുന്നതിനും വലിയ സഭാതുറവിയും ഔദാര്യവും തിരുവനന്തപുരം മേജർ അതിഭദ്രാസനം കാട്ടുകയുണ്ടായി. അങ്ങനെ ഈ പ്രദേശങ്ങളിൽ വിപുലമായ വിദ്യാഭ്യാസ മുന്നേറ്റത്തിന് നേതൃത്വം നൽകി. ചെന്നൈയിലെ മാർ ഗ്രിഗോറിയോസ് കോളേജ് ഇതിന് മകുടോദാഹരണമാണ്. ശൈശവദശയിലെ സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിലും ബത്തേരി ഭദ്രാസനം ബാംഗ്ലൂരിലെ അജപാലന സംരംഭങ്ങൾ ഏറ്റെടുത്തു. ആ കാലയളവിൽ നമുക്കുണ്ടായിരുന്ന ഈ മൂന്ന് ഭദ്രാസനങ്ങളും ബഥനി ആശ്രമസ്ഥരും അവരുടെ പ്രവർത്തനങ്ങൾ കാലക്രമേണ ഉത്തരേന്ത്യയിലെയും ദക്ഷിണേന്ത്യയിലെയും വിവിധ പട്ടണങ്ങളിൽ അജപാലന ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകുന്നതിന് മുമ്പോട്ട് വരികയുണ്ടായി എന്നതും പ്രത്യേകം സ്മരിക്കേണ്ടതാണ്.

1997-ൽ ഭാഗ്യസ്മരണാർഹനായ സിറിൽ ബസേലിയോസ് കാതോലിക്കാബാവാ ഭാരതത്തിലെ നമ്മുടെ മിഷൻ പ്രദേശങ്ങളിലെ (ETRI) Ecclesiastical Coordinator ആയി പെരിയ ബഹു. ജോൺ ബെർക്കുമാൻസ് OIC അച്ചനെ നിയമിച്ചത് നമ്മുടെ പ്രവർത്തനമേഖലയിലെ ഒരു വഴിത്തിരിവായിരുന്നു. ബഹു. അച്ചന്റെ കർമ്മോത്സുകമായ നേതൃത്വത്തിൽ അജപാലന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമവും കേന്ദ്രീകൃതവുമായി മുന്നേറി. ബഹു. അച്ചന്റെ വലിയ സമർപ്പണത്തെ കൃതജ്ഞതയോടെ സഭ അനുസ്മരിക്കുന്നു.

പുതിയ ഗുഡ്ഗാവ് രൂപതയും കഡ്കി എക്സാർക്കേറ്റും ഇപ്പോൾ നിലവിൽ വന്നിരിക്കുമ്പോൾ ഈ അജപാലന പ്രദേശങ്ങളിൽ മുന്നോടികളായും പിന്നീട് ചാപ്ലയിൻമാരായി, വികാരിമാരായി പ്രവർത്തിച്ചിട്ടുള്ള നമ്മുടെ വിവിധ ഭദ്രാസനങ്ങളിലെ ബഹു. വൈദികരോടും ബഥനി ആശ്രമത്തിലെ ബഹു. വൈദികരോടും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ നാമത്തിൽ ഏറ്റവും ഹൃദയപൂർവം ഞാൻ നന്ദി അർപ്പിക്കുന്നു. നിങ്ങളുടെ വിലപ്പെട്ട സേവനങ്ങൾ ഇന്ന് പുതിയ ഭദ്രാസനമായും എക്സാർക്കേറ്റായും വളരുന്നതിന് ഏറെ സഹായിച്ചിട്ടുണ്ട് എന്നത് ഊഷ്മളമായ ഒരു യാഥാർത്ഥ്യമത്രേ. ബഥനി, മേരിമക്കൾ, ഹോളി സ്പിരിറ്റ് തുടങ്ങിയ സന്യാസിനീ സമൂഹങ്ങളിൽനിന്നുള്ള ബഹു. സിസ്റ്റേഴ്സിന്റെ അർപ്പണബോ

ധത്തോടു കൂടിയ കഠിനാദ്ധ്വാനം, സഭാസ്നേഹം ഇവ കൃതജ്ഞതയോടുകൂടി ഓർമ്മിക്കുന്നു. ഈ പ്രദേശങ്ങളിൽ ബഹു. വൈദികരുടെ ശുശ്രൂഷ ലഭിക്കുന്നതിനു മുമ്പ് പ്രാർത്ഥനാ കൂട്ടായ്മയിലൂടെയും പ്രത്യേകിച്ച് ദൈവവചനം പങ്കുവെയ്ക്കുന്നതിലൂടെയും വി. കുർബാനയിലുള്ള പങ്കാളിത്തത്തിലൂടെയുമുള്ള അല്മായ വിശ്വാസികളുടെ മിഷൻ തീഷ്ണത നമ്മുടെ സഭയുടെ വളർച്ചയെ ശക്തിപ്പെടുത്തുകയുണ്ടായി എന്നത് അവിസ്മരണീയമാണ്. അജപാലനപരമായ ബുദ്ധിമുട്ടുകളുടെയും ക്ലേശങ്ങളുടെയും ഇടയിൽ സഭാസ്നേഹവും പക്വതയും പ്രകടമാക്കി സഭാകൂട്ടായ്മകൾക്ക് ശക്തമായ നേതൃത്വം നൽകിയ വിവിധ പ്രദേശങ്ങളിലെ നമ്മുടെ അൽമായ പ്രേഷിതരെ ഞാൻ നന്ദിയോടെ ഓർക്കുന്നു. അദ്ധ്വാനംകൊണ്ടും, അർത്ഥംകൊണ്ടും ദൈവജനം നൽകുന്ന ഭാഗഭാഗിത്വം അതുല്യമാണ്. 'ചെറിയ അജഗണത്തോടു'ള്ള വലിയ ഇടയനായ യേശുകർത്താവിന്റെ കാരുണ്യം നമ്മുടെ കുടുംബങ്ങളിൽ വളരെ പ്രകടമാണ്.

സെന്റ് ജോൺ ക്രിസോസ്റ്റം ഗുഡ്ഗാവ് ഭദ്രാസനത്തിന്റെ ഔദ്യോഗിക ഉദ്ഘാടനവും പുതിയ മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണവും (*സുന്ത്രോണീസോ*) 2015 മെയ് 1, വെള്ളിയാഴ്ച, രാവിലെ 8.30–ന് ന്യൂഡൽഹിയിലെ നെബ്സറൈ സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ വെച്ചായിരിക്കും നടത്തപ്പെടുന്നത്. പുതിയ എക്സാർക്കേറ്റായ സെന്റ് എഫ്രേം കഡ്കിയുടെ (പൂനെ) ഔദ്യോഗിക ഉദ്ഘാടനവും പുതിയ മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണവും പൂനെ കഡ്കിയിലെ സെന്റ് മേരീസ് കത്തീഡ്രലിൽ 2015 മെയ് 30, ശനിയാഴ്ച, രാവിലെ 8.30–ന് നടത്തപ്പെടുന്നത്.

സഭയുടെ ഈ ആഘോഷങ്ങളിലേക്ക് എല്ലാ അല്മായരേയും സന്യസ്തരെയും ബഹു. വൈദികരെയും വന്ദ്യ പിതാക്കന്മാരെയും ഞാൻ ക്ഷണിക്കുന്നു. ഈ ആഹ്ലാദ മുഹൂർത്തങ്ങൾ അഭിമാനപൂർവം നാം ആഘോഷിക്കുമ്പോൾ, പുതിയ ഭദ്രാസനത്തെയും എക്സാർക്കേറ്റിനെയും പ്രാർത്ഥനകൊണ്ടും വൈദികരുടേയും, സന്യസ്തരുടേയും സംലഭ്യതകൊണ്ടും, സമ്പത്തുകൊണ്ടും സഹായിക്കുന്നതിന് ഏവരും മുമ്പോട്ടു വരേണ്ടതാണ്.

നമ്മുടെ വിവിധ ഭദ്രാസനങ്ങളിൽ നിന്ന് പ്രേഷിത ചൈതന്യത്തോടെ പുതിയ ഗുഡ്ഗാവ് ഭദ്രാസനത്തിലേക്കും ഖഡ്കി എക്സാർക്കേറ്റിലേക്കും പ്രവർത്തിക്കുന്നതിന് ബഹു. വൈദികർ മുൻപോട്ട് വരേണ്ടത് ആവശ്യമാണ്. അംഗത്വമെടുത്തും (Incardination) നിശ്ചിത കാലയളവിലേക്ക് ശുശ്രൂഷക്കായും ബഹു. വൈദികർ തങ്ങളുടെ ഭദ്രാസനാദ്ധ്യക്ഷന്മാരോട് ആലോചിച്ച് മുൻപോട്ടു വന്നാൽ ഒട്ടേറെ പുതിയ മിഷൻ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് നമുക്ക് സാധിക്കും. ഇപ്രകാരമുള്ള സമർപ്പണം ഏറെ ശ്ലാഘനീയമാണ്.

ഭദ്രാസനാദ്ധ്യക്ഷന്മാരോടുചേർന്ന് പുതിയ ഭരണസംവിധാന പ്രദേശങ്ങളിലെ അജപാലന പ്രവർത്തനവും സുവിശേഷവത്ക്കരണവും ഏറ്റെടുക്കുന്നതിൽ തങ്ങളാൽ സാധിക്കുന്ന എല്ലാ സഹായവും ചെയ്യുവാൻ സന്യാസസമൂഹങ്ങളെ ഞാൻ ആഹ്വാനം ചെയ്യുന്നു. ഇല്ലായ്മയിൽനിന്ന് രൂപം പ്രാപിക്കുന്ന നമ്മുടെ പുതിയ ഭദ്രാസനത്തിനും എക്സാർക്കേറ്റിനും അവയുടെ ഉന്നമനത്തിനായി നമ്മുടെ സഭയിലെ എല്ലാ വ്യക്തികളും കുടുംബങ്ങളും സ്ഥാപനങ്ങളും സന്യാസസമൂഹങ്ങളും

ബഹു. വൈദികരും ആത്മാർത്ഥമായി ദൈവതിരുമുമ്പാകെ പ്രാർത്ഥിക്കുകയും തങ്ങളാൽ കഴിയുന്ന സാമ്പത്തിക സഹായങ്ങൾ നൽകുകയും ചെയ്യണമെന്ന് ഏവരെയും ഞാൻ സ്നേഹത്തോടെ ആഹ്വാനം ചെയ്യുന്നു.

ദൈവം നിങ്ങളെ ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ആയത് ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെയും, അപ്പസ്തോല സമൂഹത്തിന്റെയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെയും, സകലവിശുദ്ധരുടെയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി

+Baselios Cleemis

**✠ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ്**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കാ ബാവാ.

10-4-2015
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...**

N.B.: ഈ ഇടയലേഖനം അടുത്തുവരുന്ന ഞായറാഴ്ച നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

By the grace of God and by the approval of the Holy See
from the Major Archbishop of the Syro-Malankara Catholic Church
**Moran Mor Baselios Cardinal Cleemis Catholicos**
Blessings
to the Metropolitan-Archbishop, Metropolitans, Corespiscopoi, Rambans.
Priests, Deacons, Religious and the Faithful

Prot. No.CPL 2/2015

Praise be to the Triune God,
self-existent, almighty, eternal and consubstantial!

**Subject: the Holy See grants the Syro-Malankara Catholic Church jurisdiction and right of ecclesial activities all over India**

Most Rev. Metropolitans, Rev. Corepiscopoi, Rambans, Priests, Deacons, Religious and the beloved Faithful in Christ!

Prayerful greetings and blessings of the Easter season!

26 March 2015, the day after the Feast of the Annunciation, is yet another day that goes down in golden letters in the history of the Church. This is the golden day on which the Holy See of Rome decreed and granted to the Syro-Malankara Catholic Church the right and duty to assume the mission of preaching the Gospel throughout India. On that day His Holiness Pope Francis established the new Eparchy of St. John Chrysostom of Gurgaon and appointed Most Rev. Jacob Mar Barnabas OIC its first Bishop. On the same day, the Holy Father established the new Exarchate of St Ephrem of Khadki (in Pune) for the Syro-Malankara Catholics and appointed Most Rev. Thomas Mar Anthonios OIC its first Bishop. 'St John Chrysostom' is the Greek equivalent of the name 'Mar Ivanios'. It is an immense joy that we have, in the capital of our country, an Eparchy in the name of the heavenly patron of our saintly Father in faith. The Eparchy of St John Chrysostom extends over the entire territory of North India, comprising 22 of the 29 States of India. The See of the Eparchy is Gurgaon near Delhi. The residence of the Eparchial Bishop and the Curia of the Eparchy is at Mar Ivanios Bhavan situated at Neb-Sarai in Delhi. The St Mary's Church in this complex will be the Cathedral of the Eparchy.

The Exarchate of St Ephrem of Khadki extends over the entire southern part of India where till now there is no Syro-Malankara circumscription, namely

the entire States of Maharashtra, Goa, Andhra Pradesh and Telangana and the parts of Karnataka and Tamil Nadu which do not belong to the Eparchies of Puttur and Marthandom respectively. The complex of St Mary's Church situated at Khadki in the city of Pune will be the Curia and Cathedral of the Exarchate.

I express ecclesial communion, *obsequium*, co-operation and hearty gratitude of the Syro-Malankara Catholic Church to the Holy See and to His Holiness Pope Francis, the successor of Peter, the Head of the Apostolic College.

According to Canon 177 of the Code of Canons of the Eastern Churches, an Eparchy is a portion of the people of God entrusted to a Bishop to shepherd, with the cooperation of the presbyters, in such a way that, adhering to its pastor and gathered by him through the Gospel and the Eucharist in the Holy Spirit, it constitutes a particular Church in which the one, holy, catholic and apostolic Church of Christ truly exists and is operative. Likewise, "an *Exarchy* is a portion of the people of God which, because of special circumstances, is not erected as an eparchy, and which being delimited territorially or on some other criterion, is entrusted to the care of an Exarch to shepherd" (c 311). "What is said in the law concerning Eparchies or Eparchial bishops applies also to Exarchies or Exarchs, unless it is expressly provided otherwise in the law or is evident from the nature of the matter" (c 313).

With this canonical provision, the age old dream of our ancestors and the vision of our beloved Father in faith, Archbishop Mar Ivanios, come true. Under the guidance of the Roman Pontiff and the Catholicos with the Holy Episcopal Synod of the Syro-Malankara Catholic Church, we have attained all-India jurisdiction for the pastoral care of all the Christian Faithful of our Church and the right to evangelization. After the Synod of Diamper in the year 1599 and the Coonan Cross Oath of 1653 by which we lost jurisdiction over our faithful and communion with the Universal Church, it is for the first time that it is recognized to our Church, the St. Thomas Christians. Hence, this is a historic moment of jubilation. The dream of Mar Ivanios, our beloved father in faith and his prophetic vision have come true.

The mental agony of the Servant of God Archbishop Mar Ivanios was expressed in the following words: "The Malankara Christian Community, which esteems to have been founded by St. Thomas and takes pride in its traditions for the past twenty centuries, has not done hitherto anything worthwhile with regard to the chief objective of its establishment. This is to be considered as a serious crime. It is a fact to be admitted that the lamp lit as directed by the Saviour Jesus Christ in the year 52 AD still remains just like that without shedding light or giving energy to the surrounding remaining in the shade of darkness…" (*Girideepam*, page 50). He continues. "It is good to understand

that we are responsible for the evangelization of a country manifold times larger than Travancore and Cochin and that world is not simply the Malayalam-speaking country" (Inchackalodi, *Archbishop Mar Ivanios*, page 153).

We glorify God at this historic event. I express our hearty gratitude to His Eminence Leonardo Cardinal Sandri, the Prefect of the Congregation for the Oriental Churches, His Grace Most Rev Salvatore Penacchio the Apostolic Nuncio in India, the Latin Catholic Hierarchy of India for their constant support and the Hierarchy of the Syro-Malabar Catholic Church in India for their solidarity ever since the beginning of the Reunion Movement. We will exercise this God-given right in collaboration and solidarity with the Catholic Churches and our non-Catholic Sister Churches in India.

The present canonical provision emerges from the ecclesial vision and relentless pastoral commitment of our bishops, priests, religious and lay faithful. The Servant of God Archbishop Mar Ivanios sowed the seed of the Gospel in the soil of North India in the days of his life in Serampore and nursed it after the communion with the Catholic Church. The timely interventions of His Grace Archbishop Benedict Mar Gregorios, in whose centenary year, the canonical provisions are made by the Holy Father, encouraged the formation of the ecclesial communities outside Kerala. His Beatitude Cyril Baselios-Catholicos through his erudite theological, especially ecclesiological, and canonical interventions in the national and international level, always upheld the right and duty of the St. Thomas Christians for the evangelization of India. His intervention paved the way for the establishment of the personal parishes in the Latin episcopal jurisdictions and the appointment of Most Rev. Jacob Mar Barnabas as the Apostolic Visitator for the ETRI. The appointment was a milestone in coordinating and consolidating effectively the Malankara Missions in India. His Excellency strengthened our ecclesial communities in the regions now brought under the Eparchy of Gurgaon and the Exarchate of Khadki by visiting them constantly. It paved the way to the present canonical provision. I remember with gratitude the committed service of His Excellency.

It is with joy that we receive the appointment of Most Rev. Thomas Mar Anthonios OIC as the first Bishop of the Exarchate centered at Khadki-Pune. As a priest he gave vibrant leadership of pastoral care to our faithful in Pune during the years 1983-'87 and 1993-2000. I make all know that His Excellency continues his ministry of coordination of the administrative functions of our Church as Curia Bishop and as Postulator of the Cause of Canonisation of the Servant of God Archbishop Mar Ivanios while he leads the Exarchate.

By the promptings of the same Spirit, I, together with the Holy Episcopal Synod, could follow the footsteps of my venerable Predecessors, and the Holy

See graciously granted the present canonical provision which leads to all-India jurisdiction. I whole-heartedly glorify God.

The mission of the Syro-Malankara Church outside the proper territory began in 1955 with the foundation of *Bethany Ashram*, in Pune. From Pune, the Bethany Fathers reached out to Mumbai. The Bethanians gave leadership in establishing parishes, churches and mission centres in Mumbai and Pune. I gladly remember that Bethany Ashram in Pune is a source of inspiration for our ecclesial activities. As the consolidation of our ecclesial communities needed further personnel and finance, our Eparchies gave their generous support in other centres. The Archieparchy of Tiruvalla gave leadership in the pastoral care of our faithful in Delhi and took the initiatives in buying land and establishing churches. His Excellency Most Rev Geevarghese Mar Timotheos is remembered with gratitude in this context. The Major Archieparchy of Trivandrum showed great openness in buying land and establishing churches and educational institutions in Chennai and Bhopal. Thus it gave extensive leadership to educational activities in these regions. The Mar Gregorios College of Chennai is a shining example for this. The eparchy of Bathery, though was struggling through financial difficulties of its inception, took up the pastoral initiatives in Bangaluru. It is to be remembered especially that all the then existing Eparchies and Bethany Ashram extended their activities to North India and South India to make available pastoral care to our faithful in the metropolitan cities.

The appointment of Very Rev. Fr. John Berchmans OIC, in 1997, as Ecclesiastical Coordinator, by Metropolitan Cyril Mar Baselios of venerable memory, was a turning point in the ecclesial build up of our mission activities in the Extra Territorial Regions of our Church in India (ETRI). Under the dynamic leadership of Fr Berchmans, the pastoral activities of the ETRI was consolidated and progressed. With deep gratitude the Church remembers him.

As the Eparchy of Gurgaon and the Exarchate of Khadki come into existence, I, in the name of the Syro-Malankara Catholic Church, express gratitude to all the priests who worked in these regions as beginners, chaplains and parish priests. It is a fact that your commitment is transformed into the present canonical provisions. With gratitude the Church remembers the persistent hard work and committed ecclesial love of the sisters of Bethany, Daughters of Mary and Holy Spirit religious communities. The undaunted leadership of our lay people in forming the basic communities of prayer prepared the way for priestly services. The missionary zeal of our lay faithful centered on the Word of God and the Holy Qurbono nourished our thriving communities and parishes in the ETRI. The participation of the People of God in ecclesial activities in supplying personnel and finance is unique. The graciousness and

mercy of the Great Shepherd to the “Little flock” is encompassing our homes.

The formal inauguration of the New Eparchy of St John Chrysostom of Gurgaon and the installation (*sunthroniso*) of the new Bishop will be at the designate Cathedral, Church of St Mary, Neb Sarai, New Delhi at 8.30 am, on Friday, 1 May 2015. The formal inauguration of the New Exarchate of St Ephrem Khadki (in Pune) and the installation (*sunthroniso*) of the new Bishop will be at the designate Cathedral, Church of St Mary, Bhau Patil Road, Khadki at 8.30 am, on Saturday, 30 May 2015.

I invite you all, the laity, religious, priests and all bishops, to these sacred functions. As we proudly celebrate these joyful events, let us resolve to support the new Eparchy and Exarchate with prayer, personnel and finance.

It is necessary that, from our Eparchies, priests with missionary zeal shall volunteer, to work in our new Eparchy of Gurgaon and Exarchate of Khadki. If our priests, in consultation with their Eparchial Bishops, come forward, through incardination or promise to commit themselves for a few years of ministry, we would be able to open a number of new mission centres. Such commitments are most praiseworthy.

I welcome all religious congregations to take up, in union with the Eparchial Bishop and the Exarch, pastoral and evangelization work in the regions of the new canonical provisions. I lovingly urge all individuals, institutions, religious congregations, provinces of the congregations and eparchies of our Church to pray sincerely for the new Eparchy and Exarchate and give them a substantial financial contribution as they begin from scratches to build them up.

May God bless you all abundantly!

May all these be fulfilled through the prayers of the Blessed Virgin Mary, the Mother of God and the College of Apostles, especially of our Father and Apostle St. Thomas and all the saints. Amen

Your humble servant in the Lord

Sd/-

✠ **Baselios Cardinal Cleemis**
Major Archbishop-Catholicos
of the Syro-Malankara Catholic Church

10.04.2015
Catholicate Centre
Pattom, Thiruvananthapuram

Our Father in heaven…

NB: Read this pastoral letter on the forthcoming Sunday during the Holy *Qurbono* in all our parishes, mission centres and centres of worship.

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
**മേജർ ആർച്ച്ബിഷപ്പ് -കാതോലിക്കോസ്**
**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവായിൽ നിന്നും**
നമ്മുടെ അധികാരത്തിൻകീഴിലുള്ള മേൽപ്പട്ടക്കാർക്കും
കോർഎപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും
ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്

Prot. No. CPL 3/2015

**സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും**
**സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.**

**ഭാഗ്യസ്മരണാർഹനായ യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ യുടെ ജനനത്തിന്റെ ശതോത്തര രജതജൂബിലി (125-ാം വർഷം)**

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാൻമാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

മലങ്കര പുനരൈക്യപ്രസ്ഥാനത്തിന്റെ രൂപീകരണത്തിലും വളർച്ചയിലും ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ വലംകൈയ്യായി ദൈവഭക്തിയിലും ഉത്സാഹത്തിലും പ്രവർത്തിച്ച തിരുവല്ലാ രൂപതയുടെ പ്രഥമാദ്ധ്യക്ഷനായിരുന്ന പുണ്യശ്ലോകനായ യാക്കോബ് മാർ തെയോ ഫിലോസ് മെത്രാപ്പോലീത്തായുടെ ജനനത്തിന്റെ ശതോത്തര രജതജൂബിലി വർഷ ത്തിൽ അദ്ദേഹത്തിന്റെ അമ്പത്തി ഒമ്പതാം ഓർമ്മത്തിരുനാൾ ഈ വരുന്ന ജൂൺ മാസം 27-ാം തീയതി നാം ആചരിക്കുകയാണ്. ജീവിച്ചിരിക്കുമ്പോൾതന്നെ 'മാലാ ഖയ്ക്ക് അടുത്ത തിരുമേനി' എന്നറിയപ്പെട്ടിരുന്ന 'കൊച്ചുതിരുമേനി'യെ ഒരു വിശു ദ്ധനായിട്ടാണ് ജനങ്ങൾ അംഗീകരിച്ച് ആദരിച്ചിരുന്നത്. ബഥനി സന്യാസ പ്രസ്ഥാ നങ്ങൾക്കും മലങ്കര പുനരൈക്യ പ്രസ്ഥാനത്തിനും മലങ്കര സുറിയാനി കത്തോ ലിക്കാ ഹയരാർക്കിക്കും രൂപം നൽകുന്നതിനും അടിസ്ഥാനമിട്ട് വളർത്തുന്നതിനും ദൈവദാസൻ ആർച്ച്ബിഷപ് ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീ ത്തായ്ക്ക് മാർ തെയോഫിലോസ് പിതാവിന്റെ ആലോചനയും പ്രാർത്ഥനയും തപസും എന്നും പിൻബലമായിരുന്നു. തന്റെ ജീവിത വിശുദ്ധികൊണ്ട് മലങ്കര സുറി യാനി കത്തോലിക്കാ സഭയുടെ മുഖം തേജോമയമാക്കിയ വന്ദ്യപിതാവിന്റെ ജന്മ ശതോത്തര രജതജൂബിലിയും ഓർമ്മത്തിരുനാളും അദ്ദേഹത്തിൽ വിളങ്ങിയിരുന്ന പുണ്യങ്ങൾ സ്വായത്തമാക്കാനും ദൈവത്തിനു നന്ദിപറയാനുമുള്ള അവസരമായി തിക്കട്ടെ.

1891 ഫെബ്രുവരി 26-ാം തീയതി വ്യാഴാഴ്ച ചേർപ്പുങ്കൽ മറ്റത്തിൽ മൂലകുടും ബത്തിന്റെ ശാഖയായ ഒളശ്ശ കളപ്പുരയ്ക്കൽ കുടുംബത്തിൽ ശ്രീ. എബ്രഹാം

തരകന്റെയും ശ്രീമതി അച്ചാമ്മയുടെയും കടിഞ്ഞൂൽ പുത്രനായി യാക്കോബ് മാർ തെയോഫിലോസ് പിതാവ് ജനിച്ചു. 1891 മാർച്ച് മാസം 16-ാം തീയതി തിങ്കളാഴ്ച കല്ലുങ്കത്തറ പള്ളിയിൽ വച്ച് ചാലാശേരിൽ വന്ദ്യ യൗസേപ്പ് കത്തനാർ യാക്കോബ് എന്ന പേരു നൽകി ശിശുവിനു മാമ്മോദീസായും മൂറോൻ അഭിഷേകവും നൽകി. കളപ്പുരയ്ക്കൽ വന്ദ്യ മാത്തുതരകൻ കത്തനാരായിരുന്നു ജ്ഞാനസ്നാന പിതാവ്. അക്ഷരാഭ്യാസം അടുത്തുണ്ടായിരുന്ന ആശാൻ കളരിയിലും പ്രാഥമിക വിദ്യാഭ്യാസം ഒളശ്ശയിലെ പ്രൈമറി സ്കൂളിലും തുടർന്നുള്ള വിദ്യാഭ്യാസം കോട്ടയം എം.ഡി. സെമിനാരിയിലുമായിരുന്നു. സ്തുത്യർഹമായ നിലയിൽ മെട്രിക്കുലേഷൻ പരീക്ഷ വിജയിച്ച അദ്ദേഹത്തിന് മാതൃവിദ്യാലയമായ എം.ഡി. സെമിനാരിയിൽതന്നെ അധ്യാപകനായി നിയമനവും ലഭിച്ചു. ദൈവഭക്തിയിലും പെരുമാറ്റത്തിലും കൃത്യനിഷ്ഠയിലും അധ്യാപനത്തിലും മാതൃകയായിരുന്ന അദ്ദേഹം സകലർക്കും സംപ്രീതനും ആദരണീയനുമായിരുന്നു. അക്കാലത്ത് എം.ഡി. സെമിനാരി പ്രിൻസിപ്പൽ ആയിരുന്ന പണിക്കരുവീട്ടിൽ ഫാ. പി.റ്റി. ഗീവർഗീസ് എം.എയുടെ കൂടെയായിരുന്നു താമസിച്ചിരുന്നത്.

ഒളശ്ശ ഇടവകക്കാരുടെ പ്രത്യേക താല്പര്യവും അഭ്യർത്ഥനയും പരിഗണിച്ച് മലങ്കര മെത്രാപ്പോലീത്താ വട്ടശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനി യാക്കോബിന് ശെമ്മാശപട്ടം നൽകുകയുണ്ടായി. അതിനുശേഷവും എം.ഡി സെമിനാരിയിൽ അധ്യാപനവും എം.എ. അച്ചന്റെ കീഴിൽ വൈദിക പരിശീലനവും തുടർന്നുകൊണ്ടിരുന്നു. മലങ്കര നസ്രാണി സമുദായത്തിന്റെ അഭ്യുന്നതിക്ക് ഉതകുമെന്നുകണ്ട് സെറാമ്പൂർ കോളജിൽ പ്രഫസർ ആകാനുള്ള ക്ഷണം സ്വീകരിക്കുവാൻ എം.എ. അച്ചൻ തീരുമാനിച്ചു. യുവവൈദികരും ശെമ്മാശന്മാരുമായ ഏതാനും പേരെ സെറാമ്പൂരിൽ കൊണ്ടുപോയി പഠിപ്പിക്കുവാൻ സാധിക്കുമെന്ന തിനാലായിരുന്നു എം.എ. അച്ചൻ എം.ഡി. സെമിനാരി പ്രിൻസിപ്പൽ പദവി ഉപേക്ഷിച്ച് സെറാമ്പൂർ കോളജിൽ പ്രൊഫസർ ജോലി ഏറ്റെടുക്കുവാൻ തയാറായത്. എം.എ. അച്ചന്റെ മനസ് അറിയാമായിരുന്ന യാക്കോബ് ശെമ്മാശനും അധ്യാപക ജോലി ഉപേക്ഷിച്ച് ഗുരുവിനോടൊപ്പം സെറാമ്പൂരിലേക്കു പോകാൻ തയാറായി. യാക്കോബ് ശെമ്മാശൻ സെറാമ്പൂർ കോളജിൽ നിന്ന് ഇന്റർമീഡിയേറ്റ് പാസായി ഓണേഴ്സ് പഠനത്തിനു ചേർന്നു. സെറാമ്പൂർ കോളജിൽ പ്രൊഫസർ ആയിരിക്കുമ്പോൾ തന്നെ എം.എ അച്ചൻ താല്പര്യമുള്ള ശെമ്മാശന്മാരെ കൂട്ടി സന്യാസ ജീവിതചര്യകൾ പാലിച്ചു തുടങ്ങുകയും സന്യാസാശ്രമ സ്ഥാപനത്തിനുള്ള ഒരുക്കങ്ങൾ നടത്തുകയും ചെയ്തുകൊണ്ടിരുന്നു. ആശ്രമം തുടങ്ങാനായി സെറാമ്പൂരിലെ ഉദ്യോഗം രാജിവച്ച് ഫാ. പി.റ്റി. ഗീവർഗീസ് നാട്ടിലേക്ക് മടങ്ങിയപ്പോൾ ഓണേഴ്സ് പഠനം ഉപേക്ഷിച്ച് യാക്കോബ് ശെമ്മാശനും ആശ്രമത്തിൽ ചേരാനായി ഗുരുവിനോടൊപ്പം നാട്ടിലേക്കു പോന്നു. ആശ്രമം സ്ഥാപിക്കുന്നതിനും ആശ്രമനിയമം ക്രോഡീകരിക്കുന്നതിനും വ്രതവാഗ്ദാനം നടത്തി ബഥനി സന്യാസപ്രസ്ഥാനം ആരംഭിക്കുന്നതിനും യാക്കോബ് ശെമ്മാശൻ ഫാ. പി.റ്റി. ഗീവർഗീസിനൊപ്പം ഉണ്ടായിരുന്നു. വീണ്ടും വൈദിക പഠനം തുടർന്ന യാക്കോബ് ശെമ്മാശൻ 1924ൽ വൈദികനായി അഭിഷിക്തനായി. ആശ്രമാധ്യക്ഷൻ അദ്ദേഹത്തെ ആശ്രമത്തിലെ പ്രഥമ ഗുരുവായി നിയമിച്ചു. 1927 ഡിസംബർ 12-ാം തീയതി 'മഹത്‌വ്രതം' എടുത്ത് യാക്കോബ് അച്ചൻ റമ്പാനായി. 1928 ഡിസംബർ 19-ാം തീയതി ചേർന്ന മലങ്കര

ഓർത്തഡോക്സ് സഭയുടെ പരിശുദ്ധ സുന്നഹദോസ് വന്ദ്യ യാക്കോബ് റമ്പാനെ ബഥനിയുടെ എപ്പിസ്കോപ്പാ ആയി വാഴിക്കാൻ തീരുമാനിക്കുകയും 1929 ഫെബ്രുവരി 14-ന് പരിശുദ്ധ ഗീവർഗീസ് ബസേലിയോസ് പ്രഥമൻ കാതോലിക്കാ ബാവാ തെയോഫിലോസ് എന്ന പേരിൽ വാഴിക്കുകയും ചെയ്തു. തുടർന്ന് ബഥനി മെത്രാപ്പോലീത്താ മാർ ഈവാനിയോസ് തിരുമേനി ബഥനി പള്ളികളുടെ ചുമതല മാർ തെയോഫിലോസ് തിരുമേനിയെ ഏല്പിച്ചു. തിരുവല്ലയിൽ ബഥനി അരമനയിൽ താമസിച്ചുകൊണ്ടാണ് അദ്ദേഹം ചുമതലകൾ നിർവഹിച്ചിരുന്നത്.

1930 സെപ്റ്റംബർ 20-ാം തീയതി മാർ ഈവാനിയോസ് മെത്രാപ്പോലീത്തായോടൊപ്പം മാർ തെയോഫിലോസ് പിതാവും കൊല്ലം അരമനയിൽവച്ച് പുനരൈക്യപ്പെട്ട് സാർവത്രിക സഭാകൂട്ടായ്മയിൽ പ്രവേശിച്ചു. 1932 ജൂൺ മാസം 11-ാം തീയതി മലങ്കര സുറിയാനി കത്തോലിക്കാ സഭാ ഹയരാർക്കി സ്ഥാപിതമാകുകയും 1933 നവംബർ മാസം ആറാം തീയതി തിങ്കളാഴ്ച തിരുവല്ലാ രൂപത കാനോനികമായി നിലവിൽ വരികയും യാക്കോബ് മാർ തെയോഫിലോസ് പിതാവ് രൂപതയുടെ പ്രഥമാധ്യക്ഷനായി അവരോധിക്കപ്പെടുകയും ചെയ്തു. തിരുവല്ലാ സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിന് കിഴക്ക് ഹൈന്ദവ സ്നേഹിതൻ ശ്രീ. കുട്ടൻ പിള്ളയുടെ 'കുഴിയിൽ വീട്' കൂലിയ്ക്കെടുത്ത് അവിടെ താമസിച്ചുകൊണ്ടാണ് അദ്ദേഹം രൂപതാഭരണം ആരംഭിച്ചത്. കല്ലടാവിലെ കാലിത്തൊഴുത്തിൽ പിറന്ന്, വഴിയോരങ്ങളിൽ അന്തിയുറങ്ങി, പത്രോസിന്റെ പടകിൽ യാത്ര ചെയ്ത് ആകാശത്തിനും ഭൂമിക്കും മധ്യേ മരക്കുരിശിൽ മരിച്ച്, ആരാന്റെ കല്ലറയിൽ സംസ്കരിക്കപ്പെട്ട യേശുകർത്താവിന്റെ യഥാർഥ ശിഷ്യൻ! ഒരിഞ്ചു ഭൂമിയോ ഒരു രൂപയുടെ സമ്പാദ്യമോ സ്വന്തമായില്ലാതെ വാടക വീട്ടിൽ ആരംഭിച്ച പുനരൈക്യ സുവിശേഷ ശുശ്രൂഷകൾ മുപ്പതും അറുപതും നൂറും മടങ്ങായി ഫലം പുറപ്പെടുവിച്ചുകൊണ്ടിരുന്നു. മധ്യതിരുവിതാംകൂറിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് ശക്തമായ അടിസ്ഥാനം ഉറപ്പിക്കാൻ ദൈവം 'തന്റെ ഭക്തനായ' മാർ തെയോഫിലോസ് പിതാവിനെ ഉപകരണമാക്കി. അനേകായിരങ്ങൾ മാനസാന്തരപ്പെട്ട് സുവിശേഷം സ്വീകരിക്കുകയും പുനരൈക്യപ്പെട്ട് സാർവത്രിക സഭാകൂട്ടായ്മയിലേക്കു വരികയും ചെയ്തുകൊണ്ടിരുന്നു. അവർക്കാവശ്യമായ ഇടവക സംവിധാനങ്ങളും പള്ളികളും സ്വരുക്കൂട്ടുവാനും പൗരോഹിത്യ ശുശ്രൂഷകൾക്കാവശ്യമായ വൈദികരുടെ സേവനം ലഭ്യമാക്കുന്നതിനും രൂപതയ്ക്കാവശ്യമായ ഭരണകേന്ദ്രം ഉണ്ടാക്കുന്നതിനും കാനൻ നിയമപ്രകാരമുള്ള ഭരണ സംവിധാനങ്ങൾ ക്രമീകരിക്കുന്നതിനും രൂപതാ ഭരണ നിയമാവലി ക്രോഡീകരിക്കുന്നതിനും സന്യാസാശ്രമം സ്ഥാപിക്കുന്നതിനും അല്മായ പ്രേഷിതരെ രൂപീകരിക്കുന്നതിനായി ഇന്നത്തെ എം.സി.എ. യുടെ ആദ്യരൂപമായ 'വിശ്വാസസാക്ഷ്യസംഘം' എന്ന അല്മായസംഘടന രൂപീകരിക്കുന്നതിലും അദ്ദേഹം കാണിച്ച ദീർഘവീക്ഷണവും നേതൃപാടവവും ചരിത്രത്തിന്റെ ഭാഗമാണ്. ദീർഘകാലം നേതൃത്വം നൽകാൻ ശാരീരിക ആരോഗ്യം അദ്ദേഹത്തെ അനുവദിച്ചില്ലെങ്കിലും ഇപ്പോൾ സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ സ്ഥിതി ചെയ്യുന്ന സ്ഥലവും പ്രഥമ കത്തീഡ്രൽ ദൈവാലയവും പുഷ്പഗിരി മെഡിക്കൽ കോളജും അനുബന്ധ സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്ന സ്ഥലവും ചെറുപുഷ്പഗിരി അരമനയും വൈദിക പരിശീലനത്തിന് മൈനർ സെമിനാരിയും തിരുവല്ല ബഥനി ആശ്രമം സ്ഥിതി ചെയ്യുന്ന സ്ഥലവും ആദ്യം അവിടെ ആരംഭിച്ച

ദിവ്യരക്ഷകാശ്രമവും ദശകങ്ങൾ പിന്നിട്ടിട്ടും വിശ്വാസികളുടെ എണ്ണം പതിന്മടങ്ങ് വർധിച്ചിട്ടും ആവശ്യത്തിന് സ്ഥലസൗകര്യവും ഉറപ്പുമുള്ള തോട്ടഭാഗം, വെണ്ണിക്കുളം, അയിരൂർ തുടങ്ങിയ പള്ളികളും തിരുവല്ലായിലെ സെന്റ് ജോസഫ് പ്രിന്റിംഗ് ഹൗസും ഇന്നും അദ്ദേഹത്തിന്റെ ശുശ്രൂഷാ കാലത്തെ തേജോമയമായി നിലനിർത്തുന്നു. ശാരീരിക അനാരോഗ്യംമൂലം ഔദ്യോഗിക ശുശ്രൂഷയിൽ നിന്ന് വിരമിച്ച് വിശ്രമജീവിതം നയിച്ചിരുന്ന അദ്ദേഹം തപസിലും പ്രാർത്ഥനയിലും പുലർത്തിയിരുന്ന ചിട്ടയും നിഷ്ഠയും മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് ഇന്നും ആത്മീക ഊർജദായകമായിരിക്കുന്നു. നാട്ടുകാരുടെ 'മാലാഖയ്ക്ക് അടുത്ത തിരുമേനി' 1956 ജൂൺ മാസം 27-ാം തീയതി ബുധനാഴ്ച കാലം ചെയ്ത് തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിൽ കബറടക്കപ്പെട്ടു. അന്നു മുതൽ അനേകർ അദ്ദേഹത്തിന്റെ കബറിങ്കൽ എത്തി പ്രാർത്ഥിച്ച് അനുഗ്രഹം പ്രാപിക്കുന്നു. അദ്ദേഹത്തിന്റെ മാധ്യസ്ഥം ശക്തമാണെന്നുള്ളത് എന്റെ വ്യക്തിപരമായ അനുഭവമാണെന്ന് സാക്ഷ്യപ്പെടുത്തുവാൻ എനിക്കു സന്തോഷമുണ്ട്.

തന്റെ ഗുരുവായ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ ഒരു നിഴൽപോലെ പിന്തുടർന്നിരുന്ന മാർ തെയോഫിലോസ് പിതാവിന്റെ ആഗ്രഹവും അഭിലാഷവുമായിരുന്നു സ്വന്ത ജീവിത വിശുദ്ധിയും സഭാ നവീകരണവും. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് അദ്ദേഹം എപ്പോഴും മാർ ഈവാനിയോസ് പിതാവിനോടൊപ്പം ചേർന്നു നിൽക്കുവാൻ ശ്രമിച്ചിരുന്നു. എം.ഡി. സെമിനാരി പ്രിൻസിപ്പൽ സ്ഥാനം രാജിവച്ച് സെറാമ്പൂർക്കു പോയപ്പോൾ അധ്യാപക ജോലി ഉപേക്ഷിച്ച് അവിടേക്ക്, പ്രൊഫസർ സ്ഥാനം രാജിവച്ച് നാട്ടിലേക്കു മടങ്ങിയപ്പോൾ ഓണേഴ്സ് പഠനം ഉപേക്ഷിച്ച് നാട്ടിലേക്ക്, ബഥനി ആശ്രമസ്ഥാപനത്തിനായി പെരുനാട്ടിലേക്കു പോയപ്പോൾ അവിടേക്ക്, സഭാപൂർണത തേടി കത്തോലിക്കാ സഭാ കൂട്ടായ്മയിലേക്ക് പുനരൈക്യപ്പെടുവാൻ മുണ്ടന്മല വിട്ടിറങ്ങിയപ്പോൾ ഒന്നിച്ച്, പുനരൈക്യപ്പടുവാൻ കൊല്ലം അരമനയിലേക്കു പോയപ്പോൾ കൂടെ, മലങ്കര സുറിയാനി കത്തോലിക്കാ സഭാ ഹയരാർക്കി രൂപീകൃതമായപ്പോൾ സാമന്ത രൂപതാധ്യക്ഷനായി ഒപ്പം, എപ്പോഴും ഗുരുവിനോടൊപ്പം. 'അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം' (യോഹ.11:16) എന്നു പറഞ്ഞ മാർത്തോമാശ്ലീഹായ്ക്ക് തന്റെ ഗുരുവിനോടുണ്ടായിരുന്നത്ര ബന്ധവും ഭക്തിയും വിധേയത്വവുമാണ് മാർ തെയോഫിലോസ് പിതാവിന് തന്റെ ഗുരുവായ മാർ ഈവാനിയോസ് പിതാവിനോടും ഉണ്ടായിരുന്നത്.

തിരുവനന്തപുരം അതിരൂപതയും തിരുവല്ലാ രൂപതയുമായി മലങ്കര സുറിയാനി കത്തോലിക്കാ ഹയരാർക്കി സ്ഥാപിതമായപ്പോഴും മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ അജപാലനനേതൃത്വത്തിൽ പൗരസ്ത്യസഭകളുടെ പാരമ്പര്യത്തിൽ പ്രവർത്തിക്കുവാൻ മാർ തെയോഫിലോസ് പിതാവ് എപ്പോഴും പ്രതിജ്ഞാബദ്ധനായിരുന്നു. പണ്ഡിതനും ദൈവശാസ്ത്രജ്ഞനും യുഗപ്രഭാവനുമായിരുന്ന മാർ ഈവാനിയോസ് പിതാവ് മുമ്പോട്ടു വച്ച സഭാദർശനങ്ങൾക്കനുസരിച്ച് തന്റെ ശുശ്രൂഷയ്ക്ക് ഭരമേൽപ്പിക്കപ്പെട്ടിരുന്ന സഭാഘടകത്തെ നയിക്കുവാനായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. മലങ്കര സഭയിലെ വൈദികാഭിഷേക ശുശ്രൂഷയിൽ കാർമ്മികൻ അർത്ഥിക്കു നൽകുന്ന ഒരു ഉപദേശം ഇപ്രകാരമാണ്. '.... അവരോടുകൂടെ ശ്ലീഹന്മാരുടെ തലവനായ മാർ പത്രോസ് ശ്ലീഹായുടെ അനന്തരഗാമിയും പ്രതിനിധിയുമായ റോമായിലെ മാർപാപ്പായാകുന്ന മഹാപ്രധാനാചാര്യ

നോടും നമ്മോടും നീ പറ്റിച്ചേർന്നുകൊള്ളണം'. മാർ തെയോഫിലോസ് പിതാവ് ഈ ഉപദേശം അക്ഷരശ്ശാ ജീവിതത്തിൽ പാലിച്ചിരുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തുടക്കകാലത്തെ വിജയത്തിന്റെയും ദ്രുതവളർച്ചയുടെയും പ്രധാനകാരണങ്ങളിൽ ഒന്ന് ഈ ബന്ധമായിരുന്നു. ഇന്നും നമ്മുടെ സഭയുടെ ശക്തി സഭാതലവനോടും പരസ്പരവും അഭിവന്ദ്യ മെത്രാപ്പോലീത്താമാർക്കും ബഹു. വൈദികർക്കും സന്യസ്തർക്കും ദൈവജനത്തിനുമുള്ള ബന്ധവും കൂട്ടായ്മയുമാണ്.

ലാളിത്യവും വിനയവും വിധേയത്വവും സഹാനുഭൂതിയും പ്രാർത്ഥനാ ജീവിതവും അദ്ദേഹത്തിൽ പ്രത്യേകം വിളങ്ങി ശോഭിച്ചിരുന്ന പുണ്യങ്ങളാണ്. മറ്റുള്ളവർ അദ്ദേഹത്തെ 'മാലാഖയ്ക്ക് സദൃശ്യൻ' എന്ന് വിശേഷിപ്പിച്ചിരുന്നപ്പോഴും 'വിശുദ്ധന്മാരിൽ നിസാരൻ' (എഫെ.3:9) എന്നു സ്വയം കരുതിയ പൗലോസ് ശ്ലീഹായെപ്പോലെയും തന്നെത്തന്നെ വെറുമയായിക്കരുതിയ (സങ്കീ.22:6) ദാവീദിനെപ്പോലെയും വിനയപ്പെടുവാനും മറ്റുള്ളവരെ തന്നെക്കാൾ വലിയവരും ബഹുമാന്യരുമായി കരുതുവാനുമാണ് അദ്ദേഹം താല്പര്യപ്പെട്ടിരുന്നത്. 'അങ്ങ് ഈ ദാസനോടു കാണിച്ച കാരുണ്യത്തിനും വിശ്വസ്തതയ്ക്കും ഞാൻ ഒട്ടും അർഹനല്ല....' (ഉല്പത്തി 32:10) എന്ന പൂർവ യാക്കോബിന് ഉണ്ടായിരുന്ന ചിന്ത തന്നെയാണ് നമ്മുടെ യാക്കോബ് മാർ തെയോഫിലോസ് പിതാവിനും ഉണ്ടായിരുന്നത്. തന്റെ ഗുരുവിന്റെ താല്പര്യവും നിർദേശവും അനുസരിച്ച് പ്രവർത്തിക്കുവാനും ബഹുമാനവും ആദരവും അദ്ദേഹത്തിനു നൽകുവാനുമായിരുന്നു മാർ തെയോഫിലോസ് പിതാവിന്റെ ശ്രദ്ധ.

ജീവിതലാളിത്യത്തിനും എളിയവരോടും ഏഴകളോടും ഒത്തുചേരുന്നതിനും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. തിരുവല്ലാ രൂപതയുടെ ആരംഭം മുതൽ പുനരൈക്യത്തിൽ മാത്രമല്ല, സുവിശേഷ വേലയിലും മാനസാന്തര ശുശ്രൂഷയിലും അദ്ദേഹം ശ്രദ്ധ ചെലുത്തിയിരുന്നു. സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെട്ടിരുന്നവരും അവശതയനുഭവിച്ചിരുന്നവരുമായവരുടെ സമൂഹങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് അവരെയും യേശുവിന്റെ സ്നേഹക്കൂട്ടായ്മയായ സഭാകൂട്ടായ്മയിലേക്ക് കൂട്ടിക്കൊണ്ടുവരുവാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. തന്റെ സഹായികളും സഹകാരികളുമായി അവരെ നിയമിക്കുന്നതിലും അദ്ദേഹം പ്രത്യേകം താല്പര്യപ്പെട്ടിരുന്നു.

മാർ തെയോഫിലോസ് പിതാവിന്റെ ജനനത്തിന്റെ ശതോത്തര രജതജൂബിലിയും മരണത്തിന്റെ വജ്രജൂബിലിയും ഒന്നിച്ചുവന്നിരിക്കുന്ന വർഷത്തിൽ 85-ാം പുനഃരൈക്യവാർഷിക ആഘോഷങ്ങൾ ക്രമീകരിക്കുവാനുള്ള മുഖ്യചുമതല അദ്ദേഹം നട്ടുനനച്ചുവളർത്തിയ തിരുവല്ലാ അതിരൂപതയ്ക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്നു എന്നത് ദൈവത്തിന്റെ പ്രത്യേക പദ്ധതിയായി നമുക്ക് തിരിച്ചറിയാം. ആഘോഷങ്ങളുടെ മുഖ്യവേദി പുനഃരൈക്യ ശിൽപ്പി ദൈവദാസൻ ആർച്ച് ബിഷപ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തപസ്സനുഷ്ഠിക്കുകയും കണ്ണുനീർചിന്തി പ്രാർത്ഥിക്കുകയും ചെയ്ത തിരുമൂലപുരത്തിന്റെ മണ്ണിലാണെന്നതും കൂടുതൽ അർത്ഥവത്തായിരിക്കുന്നു.

ഭാഗ്യസ്മരണാർഹനായ മാർ തെയോഫിലോസ് പിതാവിലൂടെ മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് വിശിഷ്യാ തിരുവല്ലാ അതിരൂപതയ്ക്ക് സംലഭ്യമായ എല്ലാ അനുഗ്രഹങ്ങൾക്കും നന്മകൾക്കും ദൈവത്തിനു നന്ദിപറയാം. പുണ്യശ്ലോകനായ മാർ തെയോഫിലോസ് തിരുമേനിയുടെ ജീവിതമാതൃക നമുക്ക്

സജീവമായ ദിശാബോധവും പ്രചോദനവുമാകട്ടെ. തുടർന്നും വന്ദ്യപിതാവിന്റെ അനുഗ്രഹവും സ്വർഗ്ഗീയ മാദ്ധ്യസ്ഥവും നമുക്ക് യാചിക്കാം.

ആയത് ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെയും, അപ്പസ്തോല സമൂഹത്തിന്റെയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും, സകല വിശുദ്ധരുടെയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

ദൈവം നിങ്ങളെ ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി

+Baselios Cleemis

**✠ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ്**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കാ ബാവാ.

20-5-2015
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...

N.B.: ഈ ഇടയലേഖനം അടുത്തുവരുന്ന ഞായറാഴ്ച നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

By the grace of God and by the approval of the Holy See
from the Major Archbishop of the Syro-Malankara Catholic Church
**Moran Mor Baselios Cardinal Cleemis Catholicos**
Blessings to the Metropolitan-Archbishop, Metropolitans, Corespiscopoi,
Rambans, Priests, Deacons, Religious and the Faithful

Prot. No.CPL 3/2015

Praise be to the Triune God,
self-existent, almighty, eternal and consubstantial!

## The Post Centenary Silver Jubilee (125$^{th}$ year) of the birth of Jacob Mar Theophilos of venerable memory

Most Rev. Metropolitans, Rev. Corepiscopoi, Rambans, Priests, Deacons, Religious and the beloved Faithful in Christ!

Prayerful greetings and blessings of the Easter season!

On 27 June 2015, we celebrate the 59$^{th}$ Feast of Commemoration of the saintly Metropolitan Yakob Mar Theophhilos, the first Metropolitan of the Eparchy of Tiruvalla, who in devotion to God and in zeal, toiled for the formation and growth of the Reunion Movement, as the right-hand man of the Servant of God Metropolitan Mar Ivanios, in the Post Centenary Silver Jubilee Year of his birth. The '*Kochuthirumeni'* who was known as the 'Angel-like Bishop' was accepted and revered as a saint. The counsel, prayer and *tapas* of Bishop Mar Theophilos were a strong support for Metropolitan Archbishop Geevarghese Mar Ivanios to fashion and nurture the Bethany *Sanyasa* Movements, the Malankara Reunion Movement and the Malankara Syrian Catholic Hierarchy. May the Post Centenary Silver Jubilee Year of the birth and the Feast of Commemoration of the venerable Prelate who by the sanctity of his life illumined the face of the Malankara Syrian Catholic Church be an occasion to imbibe the virtues that shone forth in him and to give thanks to God!

Bishop Yakob Mar Theophilos was born on Thursday, 26 February 1981, as the first-born son of Mr Abraham Tharakan and Ms Achamma of Olassa Kalapurackal family, an offshoot of Cherppunkal Mattathil Family. On

Monday, 16 March 1891, at the Church of Kallunkathara Rev. Fr Ouseph Chalassery baptised and anointed the child with Holy Myron giving him the name Yakob. Rev. Fr Mathutharakan Kalapurackal was the Godfather. He learned the alphabets from the nearby *Asankalari*. For elementary education he was sent to the Primary School Olassa. He continued his education at the MD Seminary Kottayam. He was appointed a teacher in his *alma mater* MD Seminary from where he meritoriously completed matriculation. He, who was a model of devotion to God, character, punctuality and teaching skills, was pleasing to all and revered by them. At that time, he lived with Fr P.T. Geevarghese Panickaruveettil, who was the Principal of MD Seminary.

Considering the special interest and request of the parishioners of Olassa, Metropolitan Geevarghese Mar Divannasios Vattasseril ordained Yakob a Deacon. Thereafter, he continued teaching in MD Seminary and the formation to priesthood under MA Achan. At that time, for the uplift of the Malankara Nazrani Community, MA Achan decided to accept the invitation to be a Professor in Serampore College. MA Achan decided to resign from the post of the Principal of MD Seminary and accepted the professorship in Serampore College as it would pave the way to educate some Priests and Deacons there. Deacon Yakob who knew the mind of MA Achan, his Guru, gave up teaching at MD Seminary and went to Serampore. He passed Intermediate from the Serampore College and joined the Honours' stream. While at Serampore College as a Professor, MA Achan, gathered together the Deacons interested in *sanyasa* and began to lead a monastic life and prepared for founding an Ashram. When MA Achan resigned from Serampore College and returned to his native place for establishing the Ashram, Deacon Yakob also discontinued his studies for Honours and came back to join the Ashram together with the Guru. Deacon Yakob was with Fr PT Geevarghese in erecting the Ashram, in codifying its rules and to undergo formation to initiate the Bethany Ashram Movement. Deacon Yakob who continued his priestly formation again was ordained Priest in 1924. The Superior of the Ashram appointed him the first Guru of the Ashram. On 27 December 1927 Fr Yakob made the *mahatvrita* (solemn vows) and became a Ramban. The Holy Synod of the Malankara Orthodox Church convoked on 19 December 1928 decided to ordain Rt Rev. Ramban Yakob as the Episcopo of Bethany and on 14 February 1929 His Holiness Geevarghese Baselios I Catholicos ordained him Bishop with the name Theophilos. Thereafter, Mar Ivanios, the Metropolitan of Bethany entrusted him the (supervision of) Bethany Churches. He exercised this ministry residing at the Bethany Bishop's House at Tiruvalla.

On 20 September 1930, at the Bishop's House in Kollam, together with Metropolitan Mar Ivanios, Bishop Mar Theophilos also reunited and came into communion with the Universal Catholic Church. The canonical provision of the Malankara Syrian Catholic Hierarchy was done on 11 June 1932. On Monday, 6 November 1933 the Eparchy of Tiruvalla came into existence canonically. Bishop Yakob Mar Theophilos was enthroned as its first Bishop. He began the administration of the Eparchy residing at the rented house 'Kuzhiyil Veedu' situated at the east of St John's Metropolitan Cathedral and belonging to Kuttan Pilla, a Hindu friend. Indeed! A true disciple of Jesus the Lord who was born in a manger, who slept on the way side, who travelled by the boat of Peter, who died on the wooden cross erected between heaven and earth and who was buried in a sepulchre that belonged to someone! The ministry of the Gospel of Reunion that began in a rented house, without an inch of land or a saving of a Rupee began to produce fruits of thirty, sixty and hundred fold. The Lord made Bishop Mar Theophilos, 'his devotee' an instrument, to lay firm foundation for the Malankara Syrian Catholic Church in Central Travancore. Thousands got converted and received the Gospel and reunited and came into communion with the Universal Church. The foresight he had and the leadership he gave to erect parishes and to establish churches for them, to make the service of priests available to them, to construct the administrative centre for the Eparchy, to make canonical provisions in accordance with Canon Law, to codify the statutes of Eparchial administration, to establish ashrams, to form the '*Viswasasakshyasangham*' the association of the Laity for the formation of missionaries, a precursor of today's MCA, etc. are part of history. Even though his health condition did not permit him to give a long spell of leadership, the land where the present St John's Metropolitan Cathedral is situated, the first Cathedral, the land where the Pushpagiri Medical College and other institutions are situated, the Cherupushpagiri, the Bishop's House and the Minor Seminary for priestly formation, the land where the Bethany Ashram Tiruvalla is now situated and the Holy Redeemer's Monastery constructed there, the churches at Thottabhagam, Vennikulam and Ayroor with sufficient land and other conveniences that can hold the number of faithful that increased manifold times thereafter, the St Joseph's Printing House Tiruvalla still hold in limelight the era of his ministry. The life of discipline and order of prayer and *tapas* that he led as he withdrew from active ministry due to ill health is a spiritual source for the Malankara Syrian Catholic Church even today. The 'Angel-like Bishop' went to his eternal abode on Wednesday, 27 June 1956. His mortal remains were entombed in St John's Cathedral Tiruvalla. Then on, many pilgrimage to his tomb and receive blessings. I am

happy to testify my personal experience that his intercessory power is strong.

Self-sanctification and the renewal of the Church were the aims of Bishop Mar Theophilos who followed his Guru Metropolitan Mar Ivanios like a shadow. He aspired to stay always close to Mar Ivanios, his Guru. When Mar Ivanios resigned as Principal of MD Seminary Mar Theophilos gave up teaching and followed Mar Ivanios to Serampore; when Mar Ivanios returned to the native place giving up professorship in Serampore Mar Theophilos followed him giving up his studies for Honours; when Mar Ivanios went to Perunadu to found Bethany Ashram Mar Theophilos followed him; when Mar Ivanios came off Mundanmala planning reunion with the Catholic Church seeking ecclesial perfection they were together; together they proceeded to Bishop's House Kollam; on establishing the Hierarchy of the Malankara Syrian Catholic Church, he was with Mar Ivanios as Suffragan Bishop. Mar Theophilos had as much relationship, devotion and obedience to Mar Ivanios as Apostle Mar Thomas, who said, "Let us go and die with him" (Jn 11:16), had towards his Guru.

Mar Theophilos was committed to serve under the pastoral leadership of Metropolitan Mar Ivanios and in accordance with the traditions of the Eastern Churches when the Malankara Syrian Catholic Hierarchy was established with the Archieparchy of Trivandrum and the Eparchy of Tiruvalla. His wish was to lead the ecclesial unit committed to his care according to the vision of Mar Ivanios, the learned theologian and prophet of his time. In the liturgy of priestly ordination in the Malankara Church, the celebrant gives a counsel to the candidate: "... with them, you shall hold on to the High Priest, the Pope of Rome, the successor and representative of Peter, the Head of the Apostles and to me." Mar Theophilos in his life followed literally this counsel. This relationship was the root cause of the growth and success of the Malankara Syrian Catholic Church at its beginning. Today too, the strength of our Church is the strong bond of relationship and communion with the Father and Head of our Church and among the Most Reverend Metropolitans, Reverend Priests, Religious and the People of God.

The virtues of simplicity, humility, obedience, mercy and prayer life shone forth in Mar Theophilos. Even when others considered him 'Angel-like', Mar Theophilos, like St Paul the Apostle, who considered him as the "very least of all the saints" (Eph 3:8) and like David who considered himself as insignificant (Psalms 22:6) humbled himself and respected others as greater than him. Bishop Yakob Mar Theophilos had in his life the same thought of our ancestor Jacob, "I am not worthy of the least of the steadfast love and all

the faithfulness that you have shown to your servant" (Gen 32:10). Mar Theophilos always acted according to the will and direction of his Guru and gave respect to him.

He specially took care to be simple and to be in solidarity with the poor and the least. From the inception of the Eparchy of Tiruvalla he gave emphasis not only to reunion but also to the preaching of the Gospel and the service of conversion. He was vigilant to go down to the marginalised and the oppressed of the society and cared to commune them with the Church, a communion in the love of Christ. He took care to appoint them as his helpers and collaborators.

It is divine providence that the Archieparchy of Tiruvalla, which Mar Theophilos planted and watered, is hosting the 85th Reunion Anniversary Celebrations in the year in which we celebrate the Post Centenary Silver Jubilee of his birth and the Diamond Jubilee of his death. It is very meaningful that the main venue of the celebration is the soil of Thirumoolapuram, where Metropolitan-Archbishop Mar Ivanios did *tapas* and prayed with tears.

We shall be grateful to God for all the blessings He showered upon the Malankara Syrian Catholic Church, especially on the Archieparchy of Tiruvalla through Bishop Mar Theophilos of venerable memory. May the example of the life of the saintly Mar Theophilos give us a living directive and inspiration! We shall continue to take refuge in the blessings and intercession of our beloved father in faith Mar Theophilos.

May all these be fulfilled through the prayers of the Blessed Virgin Mary, the Mother of God and the College of Apostles, especially of our Father and Apostle St. Thomas and all the saints. Amen

Your humble servant in the Lord

Sd/-

✠ **Baselios Cardinal Cleemis**

Major Archbishop-Catholicos

of the Syro-Malankara Catholic Church

20.05.2015

Catholicate Centre

Pattom, Thiruvananthapuram

Our Father in heaven…

NB: Read this pastoral letter on the forthcoming Sunday during the Holy *Qurbono* in all our parishes, mission centres and centres of worship

# THE SYRO-MALANKARA CATHOLIC CHURCH

**MORAN MOR BASELIOS CARDINAL CLEEMIS**
Major Archbishop-Catholicos

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum-695004

02.01.2015

Prot No CCL 1/2015

## സർക്കുലർ
## കാതോലിക്കാദിനം–2015

**അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!**

2005 ഫെബ്രുവരി 10–ാം തീയതി മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തപ്പെട്ട നമ്മുടെ സഭ 2015 ഫെബ്രുവരി 1–ാം തീയതി ഞായറാഴ്ച 10–ാം കാതോലിക്കാദിനമായി ആചരിക്കുകയാണ്. ഈ അവസരത്തിൽ കഴിഞ്ഞകാലങ്ങളിൽ പൊതുവേയും, കഴിഞ്ഞ 10 വർഷക്കാലം പ്രത്യേകിച്ചും നമ്മുടെ സഭമേൽ ദൈവം ചൊരിഞ്ഞ നന്മകൾക്ക് നാം നന്ദി പറയുകയാണ്. പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ശുശ്രൂഷ, 2011–ൽ സമ്മേളിച്ച മലങ്കരസഭാ അസംബ്ലി, സഭയുടെ സിരാകേന്ദ്രമായി പ്രവർത്തിക്കുന്ന മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയായിലൂടെ സമന്വയിക്കപ്പെടുന്ന ഭരണപരവും അപ്പസ്തോലികവുമായ ശുശ്രൂഷ, വിവിധ സഭാസംഘടനകളുടെ പ്രവർത്തനങ്ങൾ, വൈദികരുടേയും, സന്യസ്തരുടേയും, അൽമായ ശുശ്രൂഷികളുടേയും ത്യാഗോജ്ജ്വലമായ സമർപ്പണം എന്നിവ ദൈവത്തിന് സംപ്രീതി നൽകുന്നതായിരുന്നു. 2012–ൽ നമ്മുടെ സഭയുടെ തലവനും പിതാവുമായ കാതോലിക്കാബാവാ സാർവത്രികസഭയിൽ കർദ്ദിനാൾ സംഘത്തിലേയ്ക്ക് ഉൾചേർക്കപ്പെട്ടത് ഈ സഭയ്ക്ക് ലഭിച്ച മറ്റൊരു ദൈവനിയോഗമായിരുന്നു. നമ്മുടെ സഭയിൽ രൂപംകൊണ്ടുവരുന്ന സുവിശേഷസംഘം സഭയുടെ വചനാധിഷ്ഠിതവും ആരാധനാപരവുമായ ജീവിതത്തിന് നവചൈതന്യം പകരുന്നു. ഇതോടൊപ്പം പൂർണ്ണമായ ഒരു ആത്മശോധന നമ്മുടെ പോരായ്മകളെ തിരിച്ചറിയുവാനും അവ തിരുത്തുവാനും നമ്മെ സഹായിക്കുമല്ലോ. വചനാധിഷ്ഠിതവും, നോമ്പ്, ഉപവാസം, ദണ്ഡന നമസ്ക്കാരം എന്നിവയോടു കൂടിയതും ആരാധനാക്രമാധിഷ്ഠിതവുമായ ആത്മീയജീവിതം വളർത്തിയെടുക്കുന്നതിനുള്ള വിമുഖത, പൗരോഹിത്യത്തിലേയ്ക്കും സന്യാസത്തിലേയ്ക്കുമുള്ള ദൈവവിളികളുടെ കുറവ്, കുടുംബജീവിതത്തിൽ വന്നുഭവിച്ചിട്ടുള്ള ആദ്ധ്യാത്മിക മാന്ദ്യത, ആഢംബരത്തിലേയ്ക്കുള്ള ആകർഷണം ഇവയൊക്കെ മനസ്സിലാക്കുവാനും തിരുത്തുവാനുമുള്ള അവസരവും കൂടിയാണിത്.

കാതോലിക്കാദിനം ആചരിക്കുന്നത് സഭയുടെ സാർവത്രിക കൂട്ടായ്മയോട് ഉൾചേർന്നുകൊണ്ടാണ്. സാർവത്രിക കത്തോലിക്കാ സഭയുടെ രണ്ട് ആഹ്വാനങ്ങൾ നിങ്ങളുടെ സവിശേഷമായ ശ്രദ്ധയിൽ ഞാൻ വീണ്ടും കൊണ്ടുവരുന്നു: കുടുംബജീവിതത്തിന്റേയും, സമർപ്പണജീവിതത്തിന്റേയും നവീകരണത്തിനുള്ള ആഹ്വാനങ്ങളാണ് അവ.

കുടുംബനവീകരണത്തെക്കുറിച്ച് വിചിന്തനം ചെയ്യുവാൻ 2014 ഒക്ടോബറിൽ ഫ്രാൻസിസ് മാർപാപ്പാ വിളിച്ചുകൂട്ടിയ പ്രത്യേക സുന്നഹദോസ് ശ്രമിച്ചു. കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികൾ ഇന്നത്തെ സാമൂഹിക സാംസ്കാരിക പശ്ചാത്തലത്തിൽനിന്നുകൊണ്ട് സുന്നഹദോസ് അപഗ്രഥിക്കുന്നു. വ്യക്തിസ്വാതന്ത്ര്യവാദം, വ്യക്തിജീവിതത്തിലെ ദൈവസാന്നിദ്ധ്യബോധത്തിന്റെ അഭാവംകൊണ്ടുണ്ടാകുന്ന ഏകാന്തതാനുഭവം, വിവാഹത്തിനുപുറത്തുള്ള ലൈംഗികബന്ധം, വർദ്ധിച്ചുവരുന്ന വിവാഹമോചനം, ബാലലൈംഗികചൂഷണം, ഇവയെല്ലാം കുടുംബജീവിതത്തിനു നേരേ ഉയരുന്ന വെല്ലുവിളികളാണ്. ഈ പശ്ചാത്തലത്തിൽ ക്രിസ്തുവിങ്കലേയ്ക്ക് നോക്കി മനുഷ്യനുവേണ്ടിയുള്ള ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ ഭാഗമായി വിവാഹത്തേയും, കുടുംബജീവിതത്തേയും കാണുവാൻ സുന്നഹദോസ് ആഹ്വാനം ചെയ്യുന്നു. വിവാഹത്തിന്റെ അവിഭാജ്യതയും, ദമ്പതികളുടെ സ്നേഹത്തിന്റെ പങ്കുവയ്ക്കലും കർത്താവായ യേശുക്രിസ്തുവിൽ കേന്ദ്രീകൃതമായി കാണണം. അപ്പോൾ വിവാഹജീവിതത്തിന്റെ സത്യവും സൗന്ദര്യവും നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. അതോടൊപ്പം തന്നെ കർത്താവായ യേശുക്രിസ്തുവിന്റെ കാരുണ്യം തകർന്ന കുടുംബബന്ധങ്ങളിൽ പ്രായോഗികമാക്കുകയാണ് സഭയുടെ അജപാലന ദൗത്യം. വിവാഹിതരായിരിക്കുന്ന നവദമ്പതികളെ അനുധാവനം ചെയ്യുക, കൗദാശികവിവാഹത്തിൽ എത്തിചേർന്നിട്ടില്ലാത്ത വൈവാഹിക ബന്ധങ്ങളെ കൂദാശയിലേക്ക് ഉയർത്തുക, വിവാഹബന്ധം വേർപെടുത്തിയവരേയും വിവാഹമോചിതരേയും പുനർവിവാഹം നടത്തിയവരേയും സ്വവർഗ്ഗബന്ധത്തിൽ ഏർപ്പെട്ടിരിക്കുന്നവരേയും സഭയുടെ അജപാലന ശുശ്രൂഷയിലൂടെ എങ്ങനെ ദൈവിക പദ്ധതിയിൽ ഉൾചേർക്കാൻ സാധിക്കുമെന്ന പഠനം തുടർന്ന് നടത്തുവാൻ സുന്നഹദോസ് ആഹ്വാനം ചെയ്തു.

ഈ അവസരത്തിൽ, ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് കുടുംബസ്ഥർക്ക് നൽകുന്ന ആഹ്വാനം ഏറ്റം അർത്ഥവത്താണ്: "നിങ്ങൾ കത്തോലിക്കരായി തീർന്നിരിക്കുന്നതിൽ അഭിമാനംകൊള്ളുവിൻ. നിങ്ങളുടെ ജീവിതവിശുദ്ധിയും സന്മാതൃകയും അകത്തോലിക്കർക്ക് മാർഗദീപമായി ഭവിക്കട്ടെ. നമ്മുടെ സ്നേഹനാഥനായ മിശിഹായെ നിങ്ങളിൽ നിങ്ങൾ പ്രതിബിംബിക്കുവിൻ. ഓരോരുത്തരും ഓരോ മിശിഹാ ആയി രൂപാന്തരപ്പെടുവാൻ അഹമഹമികയാ പരിശ്രമിക്കുവിൻ. ... പ്രിയമക്കളേ, നിങ്ങളുടെ കുടുംബങ്ങൾ ഓരോന്നും നസ്രത്തിലെ തിരുകുടുംബം പോലെ വരപ്രസാദത്തിന്റേയും സമാധാനത്തിന്റേയും ഐശ്വര്യത്തിന്റേയും അലംഘനീയ വാസസ്ഥലമായിരിക്കട്ടെ" (ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ്, അന്ത്യസന്ദേശം, 1952, പേജ് 14).

കുടുംബനവീകരണത്തിന്റെ പശ്ചാത്തലത്തോടുചേർത്ത് പരി. ഫ്രാൻസിസ് മാർപാപ്പാ 2014 നവംബർ 21 മുതൽ 2016 ഫെബ്രുവരി 2 വരെ സമർപ്പിത വർഷമായി ആഹ്വാനം ചെയ്തിരിക്കുന്നു. 2014 നവംബർ 11-ന് നൽകിയ പൊതു ഇടയലേഖനത്തിലൂടെ ഈ വർഷാചരണത്തിനായി സഭാമക്കൾ ഏവരേയും ഞാൻ ആഹ്വാനം ചെയ്തു. നമ്മുടെ സഭയിൽ 2014 നവംബർ 30-ന് സമർപ്പിതരുടെവർഷം ഉത്ഘാടനം ചെയ്തു. സാർവത്രികസഭയിലെപോലെ മലങ്കര സുറിയാനി കത്തോലിക്കാസഭയിലും സന്യാസസമൂഹങ്ങൾ സഭയുടെ ആത്മീകവും ശുശ്രൂഷാപരവുമായ മേഖലയിൽ സത്താപരമായ ഒരു പങ്ക് വഹിക്കുന്നു. കുടുംബനവീകരണവും, സമർപ്പിത

വർഷവും സഭയിലെ രണ്ട് ജീവിതാവസ്ഥകളുടെ നവീകരണമാണ് ഉദ്ദേശിക്കുന്നത്; അവ പരസ്പരം പൂരകങ്ങളുമാണ്. സഭാജീവിതത്തിന്റെ എല്ലാ മേഖലകളെപ്പോലെ സമർപ്പിതസംഘങ്ങളും കുടുംബത്തിന്റെ ആകുലതകൾ ഏറ്റുവാങ്ങുന്നു. ത്യാഗത്തിന്റെ മധുരം നുകരാതെ സുഖലോലുപമായ ഒരു സംസ്ക്കാരത്തിൽ വളരുന്ന വ്യക്തിക്ക് സന്യാസത്തിന്റെ ചേരുവകൾ അസ്വാരസ്യമാകും. ഇന്ന് ദൈവവിളി കുറയുന്നതിന്റെ പ്രധാന കാരണവും അതാണ്. കുടുംബബന്ധങ്ങൾ ശിഥിലമാകുന്നു. മക്കളിൽ ഒരാളെ ദൈവശുശ്രൂഷയ്ക്കായി വിടണമെന്ന് ആഗ്രഹിക്കുന്ന മാതാപിതാക്കൾ കുറഞ്ഞുവരികയാണ്. മാതാപിതാക്കൾ സുവിശേഷമൂല്യങ്ങൾക്കനുസരിച്ച് ജീവിക്കുമ്പോഴാണ് ദൈവവിളി കുടുംബത്തിൽ ജനിക്കുന്നത്. അതുകൊണ്ട് കുടുംബനവീകരണവും സമർപ്പിത വർഷത്തിന്റെ ലക്ഷ്യമാണ്. കാതോലിക്കാദിനം ആചരിക്കുന്ന ഈ വേളയിൽ നമ്മുടെ കുടുംബജീവിതത്തിന്റേയും സന്യാസജീവിതത്തിന്റേയും കാലാനുസൃതമായ നവീകരണത്തിന് നമുക്ക് പ്രതിജ്ഞാബദ്ധരാകാം.

സാർവത്രികസഭയോട് ചേർന്നുള്ള നമ്മുടെ സഭയുടെ തനതായ പ്രവർത്തനങ്ങളെ സഭാതലത്തിൽ പരിപോഷിപ്പിക്കുവാൻ ഉദാരമായ സ്തോത്രകാഴ്ചകൾ നാം നൽകുന്നത് കാതോലിക്കാദിനത്തിലാണല്ലോ. സഭയുടെ പൊതു ആവശ്യങ്ങൾക്കുവേണ്ടിയുള്ള സ്തോത്രകാഴ്ചാസമർപ്പണത്തിൽ കഴിഞ്ഞ വർഷം നമ്മുടെ ഭദ്രാസനങ്ങളും, എക്സാർകേറ്റും ഭദ്രാസനേതരപ്രദേശങ്ങളും, സന്യാസസമൂഹങ്ങളും, സ്ഥാപനങ്ങളും പങ്കുകാരായി. എന്റെ പ്രത്യേക ആഹ്വാനപ്രകാരം സന്യാസസമൂഹങ്ങൾ കാതോലിക്കാദിനസ്തോത്രകാഴ്ച സമർപ്പണത്തിൽ ഭാഗഭാക്കുകളായി. അവരോടുള്ള നന്ദി ഈ അവസരത്തിൽ പ്രത്യേകം അറിയിക്കുന്നു. നമ്മുടെ സഭയിലെ ഇതര സ്ഥാപനങ്ങൾ ഈ ആഹ്വാനത്തിൽ സമർപ്പണബോധത്തോടെ പങ്കുചേരേണ്ടതുണ്ട്. വ്യക്തികൾ, ഇടവകകൾ, ഭദ്രാസനങ്ങൾ, സന്യാസസമൂഹങ്ങൾ, സ്ഥാപനങ്ങൾ എല്ലാംതന്നെ കൂടുതൽ സഭാസ്നേഹത്തോടും, ഔദാര്യത്തോടും ഈ വർഷത്തെ കാതോലിക്കാദിനസ്തോത്രകാഴ്ചാസമർപ്പണത്തിൽ പങ്കുചേരുവാൻ ഞാൻ ആഹ്വാനം ചെയ്യുന്നു.

വിശ്വാസികളിൽ സഭാത്മകത വളർത്തുവാൻ കാതോലിക്കാദിനത്തിൽ ഇടവകകളിലും ആരാധനാകേന്ദ്രങ്ങളിലും ബഹുമാനപ്പെട്ട ഇടവക വികാരിമാർ ദൈവജനത്തെ പ്രബോധിപ്പിക്കണം. നമ്മുടെ എല്ലാ പള്ളികളിലും, സ്ഥാപനങ്ങളിലും, കാതോലിക്കാദിനത്തിൽ കാതോലിക്കേറ്റ് പതാക ഉയർത്തുകയും കാതോലിക്കാദിനപ്രതിജ്ഞ ചൊല്ലുകയും ചെയ്യണം.

ദൈവം തന്റെ കരുണയും അനുഗ്രഹങ്ങളും നിങ്ങൾ ഓരോരുത്തരുടെമേലും വർഷിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

+Baselios Cleemis

**✠ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ്**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കാബാവാ.

N.B.: ഈ സർക്കുലർ 2015 ഫെബ്രുവരി 1-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

## THE SYRO-MALANKARA CATHOLIC CHURCH

**Moran Mor Baselios Cardinal Cleemis**
Major Archbishop-Catholicos

Major Archiepiscopal Curia
Catholicate Centre,
Pattom Trivandrum - 695004

02.01.2015

Prot. No. CCL 1/2015

## Circular

# Catholicos Day 2015

Your Grace, Your Excellencies, Rt Rev. Corepiscopoi and Rembans, Reverend Fathers, Deacons, Religious and dear Faithful in the Lord,

Our Church, raised to the Major Archiepiscopal status on 10 January 2005, is celebrating the Tenth Catholicos Day on Sunday, 1 February 2015. On this occasion we thank the Lord for the abundant blessings he showered on our Church in the past years in general and the last ten years in particular. The service of the Holy Episcopal Synod, the Malankara Catholic Assembly convoked in the year 2011, the administrative and apostolic activities coordinated through the Major Archiepiscopal Curia that functions as the nerve centre of our Church, the activities of the various associations, the sacrificial commitment of the clergy, the religious and the laity were pleasing to God. The inclusion of the Catholicos, the Father and the Head of our Church in the College of Cardinals of the Universal Church in the year 2012 was another divine assignment this Church received. The *Suvisesha Sangham* getting formed in our Church gives vigour to the Church based on the Word of God and the liturgy. At the same time, a total examination of our conscience will reveal our shortcomings and help us to correct them. It is also an occasion to be aware of and to correct the diminishing interest to build up a spiritual life founded on the Word of God and liturgy strengthened by lent, fasting, penance and prayer, the fall in vocations to priesthood and religious life, the spiritual sloth that has crept into family life and the lure to luxuries of life.

We observe the Catholicos Day in communion with the Universal Church. I bring to your particular attention two important calls of the Universal Catholic Church: they are the calls to the renewal of the family life and the consecrated life.

The Extraordinary Synod convoked in October 2014 by the Holy Father

Pope Francis reflected on the renewal of the family. The Synod analysed the challenges faced by the family in today's socio-cultural context. Individualism, loneliness experienced by individuals due to the lack of consciousness of the presence of God in life, sexual life outside of marriage, increasing number of divorces, sexual abuse of children etc. are the challenges that rise against family life. In this milieu the Synod invites everyone to see marriage and family life focused on Christ in the context of the divine salvific plan. Focused on Jesus Christ we have to view the indissolubility of marriage and the mutual sharing of love of the couples. Then we can appreciate the truth and beauty of marriage. The purpose of the pastoral service of the Church is to make available the mercy of our Lord Jesus Christ to the broken families. The Synod adjourned with the call to study the ways and means to accompany the married couple, to raise non-sacramental marriages to the status of the sacrament and to include the separated, divorced, remarried, homosexuals and lesbians into the pastoral attention of the Church.

In this context, the message of the Servant of God Archbishop Mar Ivanios to families is very pertinent: "You be proud of being a Catholic. May the sanctity of your life and good examples be a lamp to the path of a non-Catholic! Reflect in you the loving Lord Jesus the Messiah. Try persistently that each one will transform oneself into another Messiah... Beloved children! May each of your families be like the Holy Family of Nazareth, the unfailing abode of grace, peace and prosperity!" (Archbishop Mar Ivanios, "The Last Message", 1952, page 14).

In the background of the call for the renewal of family life, Holy Father Pope Francis has proclaimed the Year of Consecrated Life in the Church beginning from 21 November 2014 to 2 February 2016. Through the common pastoral letter of 11 November 2014, I invited the faithful of our Church to the observance of the Year of Consecrated Life. The Year was formally inaugurated in our Church on 30 November 2014. As in the Universal Church, in the Syro-Malankara Catholic Church also, the religious communities play an essential role in the spiritual and service sectors of our Church. Through the renewal of the family life and consecrated life, the Church envisages the renewal of two states of life; they are mutually complimentary. As all sectors of ecclesial life, the communities of consecrated life also share the anxieties of family life. For an individual brought up in a culture of luxury without ever tasting the sweetness of sacrifices, the components of religious life are annoying. This is the chief reason for the fall of vocations today. Familial relationships are in disorder. There is decrease in the number of parents who would like to send their children to the service of God. Vocations are born in the family when parents begin to

live according to the evangelical values. Hence the renewal of family life is also an aim of the Year of Consecrated Life. As we celebrate the Catholicos Day, let us pledge ourselves to commit to the timely renewal of family life and religious life.

It is on the Catholicos Day that we give generous offerings to nurture the service of our Church in union with the Universal Church. Last year our eparchies, exarchate, extraterritorial regions, religious congregations and institutions participated in giving offerings on the Catholicos Day for the common needs of our Church. According to my special appeal the religious congregations gave their contributions on the Catholicos Day. I express gratitude to them. It is observed that the institutions of our Church have to participate with commitment in giving offerings on the Catholicos Day. I invite the individuals, parishes, eparchies, religious congregations and all institutions to participate in this year's Catholicos Day offerings with deeper love for the Church and generosity.

The parish priests shall, through their homilies on the Catholicos Day, teach the people to grow in greater ecclesial awareness. In all our parishes and institutions the Catholicate Flag shall be hoisted and the Catholicos' Day pledge made.

I pray God to shower upon every one of you his mercy and blessings,

Your humble servant in the Lord

Sd/-
✠ **Baselios Cardinal Cleemis**
Major Archbishop-Catholicos
of the Syro-Malankara Catholic Church

02.01.2015
Catholicate Centre,
Pattom, Trivandrum

N.B.: This circular should be read in all our churches, mission centres and centres of worship during the Holy Qurbono on Sunday, 1 February 2015.

**മലങ്കര സുറിയാനി കത്തോലിക്കാ സഭ**

# MCCL ദിനം 2015

## വിശ്വാസപരിശീലനത്തിനുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാന്റെ സന്ദേശം

ബഹുമാനപ്പെട്ട വൈദികരെ, സന്യസ്തരെ, സഹോദരി സഹോദരൻമാരെ,

നമ്മുടെ കർത്താവിന്റെ ദൈവാലയ സമർപ്പണ തിരുനാളിനെ (മായൽത്തോ) തുടർന്ന് വരുന്ന ഞായറാഴ്ച ഫെബ്രുവരി 8ന് മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ കുട്ടികളുടെ സംഘടനയായ മലങ്കര കാത്തലിക് ചിൽഡ്രൻസ് ലീഗ് (MCCL) ദിനമായി ആചരിക്കുകയാണ്. നമ്മുടെ സഭയുടെ ഭാവി കുട്ടികളിലാണ് എന്ന സത്യം സഭ തിരിച്ചറിയുന്നു. അതുകൊണ്ട് സഭയിലെ കുട്ടികളുടെ വിശ്വാസ പരിശീലനത്തിനും ക്രിസ്തീയ വ്യക്തിത്വ വികസനത്തിനും സഭ ഏറെ പ്രാധാന്യം നല്കുന്നു. ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റേയും മനുഷ്യരുടേയും പ്രീതിയിലും വളർന്നു വന്ന ബാലനായ യേശുവിനെപ്പോലെ നമ്മുടെ കുട്ടികളും വളരണമെന്നത് സഭയുടെ ആഗ്രഹവും സ്വപ്നവുമാണ്. ഈ ലക്ഷ്യം മുൻനിറുത്തി മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ കുട്ടികളുടെ സംഘടനാ കൂട്ടായ്മയായ MCCL പ്രവർത്തിച്ചു വരുന്നു.

മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ ചരിത്രത്തിലെ സുപ്രധാന തീരുമാനമാണ് MCCL രൂപീകരണം. നമ്മുടെ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവായുടെ കല്പനപ്രകാരം 2010 സെപ്തംബർ 20ന് MCCL സഭയിൽ ഔദ്യോഗികമായി രൂപംകൊണ്ടു. ഇതോടുകൂടെ നമ്മുടെ വിവിധ ഭദ്രാസനങ്ങളിൽ വിവിധ പേരുകളിൽ അറിയപ്പെട്ടിരുന്ന കുട്ടികളുടെ എല്ലാ സംഘടനകളും കൂട്ടായ്മകളും MCCL എന്ന ഏകനാമത്തിൽ ഐക്യരൂപം പ്രാപിക്കണമെന്ന് തീരുമാനിച്ചു. സഭയിൽ മുതിർന്നവർക്കായി MCA എന്ന സംഘടനയും, യുവജനങ്ങൾക്കായി MCYM, കുട്ടികൾക്കായി MCCL എന്ന സംഘടനയും സഭാ വ്യക്തിത്വത്തിലെ ത്രിതല അവസ്ഥയായും അനുഭവമായും സഭ വിഭാവനം ചെയ്യുന്നു. MCAയ്ക്കും MCYMനും തനതായ ഭരണഘടനയും കർമ്മപരിപാടികളും ഉള്ളതുപോലെ MCCLനും ഒരു അംഗീകൃത ഭരണഘടനാ സംവിധാനം ഉണ്ട്.

എന്താണ് MCCL? ആ സംഘടനയുടെ പ്രസക്തി എന്താണ്? ഇതിന്റെ ലക്ഷ്യവും കർമ്മപരിപാടിയും എന്താണ് എന്ന ചോദ്യങ്ങൾ സാധാരണ ഉയർന്നുവരാറുണ്ട്. മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ വിശ്വാസ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ കുട്ടികളുടെയും സംഘടനാപരമായ കൂട്ടായ്മയാണ് MCCL. സൺഡേ സ്കൂൾ വഴിയായി വിശ്വാസ പരിശീലനത്തിന്റെ ബൗദ്ധികമായ അറിവ് പങ്കുവയ്ക്കുമ്പോൾ MCCL വഴി വിശ്വാസത്തിന്റെ പ്രായോഗിക പരിശീലനവേദി ആവിഷ്കരിക്കപ്പെടുന്നു. ആയതിനാൽ കുട്ടികളുടെ സഭാത്മകവും പ്രായോഗികവുമായ വിശ്വാസ പരിശീലനത്തിന് MCCL ഊന്നൽ നല്കുന്നു. മതബോധന പാഠ്യവിഷയങ്ങളോടൊപ്പം വിശുദ്ധ വേദപുസ്തകത്തിലെ വ്യക്തികളെക്കുറിച്ചുള്ള പഠനം, സത്യവിശ്വാസം വെല്ലുവിളിയായി ഏറ്റെടുത്ത് അനുദിന ജീവിതസാഹചര്യത്തിൽ ജീവിച്ചവരെപറ്റിയുള്ള അറിവുകൾ, സഭാചരിത്രത്തിലെ വിശുദ്ധരും രക്തസാക്ഷികളുമായ മഹത്വ്യക്തികളെപറ്റിയുള്ള പഠനം; കുട്ടികളുടെ സമഗ്ര വ്യക്തിത്വ വളർച്ചയ്ക്കും നന്മയ്ക്കും ഉതകുന്ന പരിശീലനങ്ങൾ, കുട്ടികളുടെ ധാർമ്മികവും ആന്തരികവുമായ രൂപീകരണത്തെ സഹായിക്കുന്ന കാര്യപരിപാടികൾ; സുവിശേഷാധിഷ്ഠിതവും സഭാത്മകവുമായ ക്രൈസ്തവ ജീവിത പരിശീലനം; സഭയുടെ സാമൂഹിക പ്രബോധനങ്ങളുടെ അരൂപിയിൽ സാമൂഹിക പ്രതിബദ്ധതയുള്ള കർമ്മപരിപാടികൾ; കുട്ടികളിൽ അന്തർലീനമായ കലാ-സാംസ്കാരിക തലങ്ങളുടെ പരിപോഷണം; വിപ്ലവകരമായ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ആധുനിക വിവര-സാങ്കേതിക മേഖലകളിലെ അനന്തമായ സാധ്യതകളും അപകടങ്ങളും വിവേചിച്ചറിയുവാനുള്ള പരിശീലനം ഇവയെല്ലാം MCCL പ്രസ്ഥാനത്തിന്റെ കർമ്മവേദികളാണ്. അമിതമായ ഭൗതീകവത്കരണം നടക്കുന്ന ആധുനിക ലോക സാഹചര്യത്തിൽ അനുദിന ജീവിതത്തിൽനിന്ന് ദൈവവും വിശ്വാസവും മാറ്റിനിർത്തപ്പെടുന്നു. സഭയേയും സഭാകൂട്ടായ്മയേയും സഭാപാരമ്പര്യങ്ങളേയും ഒഴിവാക്കി വിശ്വാസത്തിന് വൈയത്തീക തലത്തിൽ മാത്രം ഊന്നൽ നൽകുന്ന അപകടകരമായ പ്രബോധനങ്ങളും പ്രസ്ഥാനങ്ങളും നിലപാടുകളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ MCCL പ്രസ്ഥാനത്തിലൂടെ സഭാത്മകമായ വിശ്വാസ കൈമാറ്റ പ്രക്രിയ ആവിഷ്കരിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്.

ഒരു നാണയത്തിന്റെ രണ്ടുവശങ്ങൾ എന്നതുപോലെ സൺഡേ സ്കൂൾ പാഠ്യപദ്ധതിയും MCCL പ്രവർത്തനങ്ങളും പരസ്പര പൂരകങ്ങളായി പ്രവർത്തിക്കണം. അക്കാരണത്താലാണ് MCCL എന്ന സംഘടന സഭാതലത്തിലും ഭദ്രാസനതലത്തിലും മതബോധന വിശ്വാസ പരിശീലന കമ്മീഷന്റെ കീഴിൽ കാര്യനിർവഹണം നടത്തുന്നതും. എല്ലാ വർഷവും പുനരൈക്യ വാർഷികത്തോടനുബന്ധിച്ച് കുട്ടികളുടെ സഭാതല സംഗമവും നടത്തപ്പെടുന്നു.

MCCL യൂണിറ്റ് എല്ലാ ഇടവകകളിലും മിഷൻ കേന്ദ്രങ്ങളിലും രൂപീകരിക്കുകയും സജീവമാക്കുകയും ചെയ്യേണ്ടതാണ്. അതിഭദ്രാസന/ ഭദ്രാസന ഡയറക്ടർ അച്ചന്മാരുടെയും ഇടവക വികാരിമാരുടെയും അതീവ താല്പര്യം ഈ കാര്യത്തിൽ ഉണ്ടാവണം. സൺഡേസ്കൂൾ പ്രധാന അദ്ധ്യാപകർ/ അദ്ധ്യാപകർ/ മാതാപിതാക്കൾ തുടങ്ങിയവരുടെ കൂട്ടായ പരിശ്രമം MCCLന്റെ ഫലപ്രദമായ നടത്തിപ്പിന് അനിവാര്യമാണ്.

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ പരിശുദ്ധ സുനഹദോസ് അംഗീകരിച്ച MCCLന്റെ താല്കാലിക ഭരണഘടനയും മാർഗനിർദ്ദേശങ്ങളും അതിഭദ്രാസന/ഭദ്രാസന കേന്ദ്രങ്ങളിൽ ലഭ്യമാക്കുന്നതാണ്. MCCL ദിനം എല്ലാ ഇടവകകളിലും സമുചിതമായി ആഘോഷിക്കുവാനും ഈ പ്രസ്ഥാനത്തിന്റെ പ്രസക്തി വിശ്വാസ സമൂഹത്തെ പ്രത്യേകിച്ച് കുട്ടികളെ ബോധ്യപ്പെടുത്തുവാനും എല്ലാവരും ശ്രദ്ധിക്കുമല്ലോ. വി. കുർബാനയിലെ സമർപ്പണം, സമ്മേളനം, പൊതു പഠനവേദികൾ, കുട്ടികളുടെ പരിപാടികൾ തുടങ്ങിയവ അന്നേ ദിവസം ക്രമീകരിക്കേണ്ടതാണ്. എല്ലാ ഇടവകകൾക്കും MCCL പോസ്റ്ററും സജ്ജമാക്കിയിട്ടുണ്ട്.

കുട്ടികളുടെ വിശ്വാസ പരിശീലനം എന്ന ശ്രേഷ്ഠമായ ദൗത്യത്തിൽ ത്യാഗപൂർവം പങ്കുചേരുന്ന എല്ലാവർക്കും സഭയുടെ നാമത്തിൽ നന്ദി അർപ്പിക്കുന്നു. ഏവരുടേയും പ്രാർത്ഥനാ പൂർവമായ സഹായസഹകരണങ്ങൾ സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവം



**✠ഫിലിപ്പോസ് മാർ സ്തേഫാനോസ്**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
വിശ്വാസ പരിശീലന സുന്നഹദോസ് കമ്മീഷൻ ചെയർമാൻ

27.01.2015
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

---

N.B. ഈ സർക്കുലർ MCCL ദിനമായ ഫെബ്രുവരി 8-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.

THE SYRO-MALANKARA CATHOLIC CHURCH

# MCCL Day 2015

## Message From the Chairman, Synodal Commission for Faith Formation

Dear Reverend Fathers, Religious, Brothers and Sisters,

The Syro-Malankara Catholic Church is celebrating on 8 February 2015, the Sunday following the Feast of the Presentation of our Lord in the Temple (*Mayaltho*), as the day of its children's organization, the Malankara Catholic Children's League (MCCL). The Church recognizes the truth that the future of our Church is in its children. Therefore, the Church gives great importance to the faith formation of the children and their Christian personality formation. It is the desire and the dream of the Church that our children grow up like Child Jesus, "who increased in wisdom and in years, and in divine and human favour" (Lk 3:52). This is the aim of the MCCL, the organization of the children of the Syro-Malankara Catholic Church.

The decision to form the MCCL is significant in the history of the Syro-Malankara Catholic Church. By the decree of His Beatitude Baselios Cardinal Cleemis Catholicos, the Father and Head of our Church, the MCCL was established on 20 September 2010. It was decided that all the organizations of the children in our various eparchies known under different names shall be integrated under the banner of the MCCL. The Church envisages the MCA for the adults, the MCYM for the youth and the MCCL for the children as the three statuses in the tri-level existence of the Church. As the MCA and the MCYM have their own byelaws and activities, so also the MCCL has an approved byelaw and organizational setup.

What is the MCCL? What is the relevance of this organization? What are its aims and activities? These questions are usually asked. The MCCL is an organizational communion of all the children who are in faith formation in the Syro-Malankara Catholic Church. When the Sunday School shares the academic aspects in faith formation, the MCCL focuses on the practical formation in faith. Therefore, the MCCL gives stress to the practical and ecclesial faith formation of the children. Together with the lessons in catechism, it involves the study on the Biblical personalities, the knowledge about those who took up the challenge of true faith and lived it in their daily circumstances of life, study on the great personalities of saints and martyrs in the history of the Church,

formation for the holistic personality development and good of children, activities for the moral and spiritual formation of children, training for Christian life founded on the Gospel values and the Church, social activities that inspire commitment founded on the social teachings of the Church, the nurturing of the talents of arts and culture inherent in children and equipping children to discern the endless potentials and lurking dangers of modern information technology that brings about revolutionary changes. God and faith are estranged from daily life in the modern circumstances of the world that undergoes too much secularization. It is the need of the time that, in an increasing circumstance of dangerous teachings, movements and perceptions that stress only the personal dimension of faith excluding the Church, ecclesial communion and tradition, we open new ways of handing down our ecclesial faith through the movement of the MCCL.

As the two sides of a coin, the curriculum of the catechism and the activities of the MCCL are to be considered complimentary. This is the reason why the activities of the MCCL are brought under the purview of the Synodal Commission for Faith Formation at the ecclesial and eparchial levels. Every year an assembly of the children at the ecclesial level is held at the Reunion Day celebrations.

Therefore the units of the MCCL are to be formed and made lively in all parishes and mission centres. The leadership of the Archieparchial/Eparchial Directors and Parish Priests are solicited towards this. The united efforts of the Headmasters and Teachers of the Sunday School and the parents are essential for the fruitful running of the MCCL.

The provisional byelaw of the MCCL approved by the Holy Episcopal Synod of the Syro-Malankara Catholic Church shall be made available at all Archieparchial/Eparchial centres. Hope that all will endeavour to celebrate well the MCCL Day in all parishes and will try to convince the faithful, especially the children, of the need of the movement. You shall plan the celebration of the Holy Qurbono, meetings, common study forums, the programmes of the children, etc. on that day. MCCL posters are prepared for all parishes.

In the name of the Church, I thank everyone who is painstakingly engaged in the ministry for the children. I request the prayerful cooperation of all.

Yours lovingly in Jesus Christ,

sd/-

**✠ Philipos Mar Stephanos**

Chairman, Synodal Commission for Faith Formation

27.01.2015
Catholicate Centre,
Pattom, Thiruvananthapuram

NB. This Circular shall be read on 8 February 2015, the MCCL Day, during the Holy Qurbono in all our parishes and mission centres.

## മലങ്കര സുറിയാനി കത്തോലിക്കാ സഭ

2015- ലെ അൽമായ ദിനത്തോടനുബന്ധിച്ച്,
അൽമായർക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാൻ
**അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്താ**
പുറപ്പെടുവിക്കുന്ന സർക്കുലർ

ബഹു. വൈദികരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

മലങ്കര സുറിയാനി കത്തോലിക്കാ സഭ മെയ് മാസം 3-ാം തീയതി ഞായറാഴ്ച അല്മായ ദിനം ആചരിക്കുകയാണ്. അല്മായരുടെ വ്യക്തിത്വം, വിളി, ദൗത്യം എന്നിവ വിലയിരുത്തുന്നതിനും വിലമതിയ്ക്കുന്നതിനുമുള്ള ഈ ദിവസം എല്ലാ അല്മായ സഹോദരങ്ങളെയും അവരുടെ നിയോഗങ്ങളെയും ദൈവസന്നിധിയിൽ സമർപ്പിക്കുന്നു. ഉത്ഥിതനായ കർത്താവ് എല്ലാ അല്മായ സഹോദരങ്ങളെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

തിരുപട്ടം സ്വീകരിച്ചവരും സഭ അംഗീകരിച്ചിട്ടുള്ള സന്ന്യാസസഭകളിൽപ്പെട്ടവരും ഒഴിച്ചുള്ള എല്ലാ ക്രിസ്തീയ വിശ്വാസികളും എന്ന അർത്ഥത്തിലാണ് അല്മായർ എന്ന പദം ഉപയോഗിക്കപ്പെടുന്നത്. ഭൗതീക കാര്യങ്ങൾ ദൈവഹിതത്തിനനുസൃതം കൈകാര്യം ചെയ്യുകയും ക്രമീകരിക്കുകയും ചെയ്യാൻ തങ്ങളുടെ സവിശേഷമായ വിളിമൂലം അല്മായർ കടപ്പെട്ടിരിക്കുന്നു. തങ്ങൾ തന്നെയാണ് സഭ എന്ന ബോധ്യം ഓരോ അല്മായനിലും രൂഢമൂലമാകുമ്പോഴേ ഈ ലക്ഷ്യം സാധ്യമാകുകയുള്ളു. അല്മായർക്ക് മാത്രം നിർവഹിക്കുവാൻ കഴിയുന്ന ദൗത്യങ്ങൾ ധാരാളമുണ്ട് എന്നത് വിസ്മരിച്ചുകൂടാ. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട് ആത്മാവിന്റെ കൂടുതൽ സമ്പന്നമായ ഫലങ്ങൾ പുറപ്പെടുവിക്കാൻ അല്മായർ ഒരുക്കപ്പെടേണ്ടതുണ്ട്. എന്തെന്നാൽ അവരുടെ കുടുംബജീവിതവും അനുദിന കർത്തവ്യങ്ങളും പരിശുദ്ധാത്മാവിൽ നിർവഹിക്കപ്പെടുമ്പോൾ അവ സ്വീകാര്യമായ ആദ്ധ്യാത്മിക ബലിവേദിയായി തീരുന്നു. അങ്ങനെ അല്മായർ എല്ലായിടത്തും നിർമ്മലരായി വർത്തിച്ചുകൊണ്ട് ആരാധകരെന്ന നിലയിൽ ലോകത്തെത്തന്നെ ദൈവത്തിനു സമർപ്പിക്കുന്നു.

ക്രിസ്തുവിന്റെ രാജകീയ പൗരോഹിത്യത്തിൽ പങ്കുപറ്റുന്നവരാണ് അല്മായർ. ക്രിസ്തു തന്റെ മരണവും ഉത്ഥാനവും വഴി സർവ മനുഷ്യരെയും തന്നിലേക്ക് അടുപ്പിച്ചുകൊണ്ട് രാജകീയ പൗരോഹിത്യം നിർവഹിക്കുന്നു (യോഹ. 12:32). പ്രപഞ്ചത്തിന്റെ രാജാവും കർത്താവുമായ ക്രിസ്തു തന്നെതന്നെ എല്ലാവരുടെയും ദാസനാക്കി. അവിടുന്ന് വന്നത് ''ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കുവാനും തന്റെ ജീവൻ അനേകരുടെ മോചന ദ്രവ്യമായി നൽകുവാനുമാണ്'' (മത്തായി 20:28).

ക്രിസ്തുവിനോടൊപ്പം മറ്റുള്ളവർക്കും ശുശ്രൂഷ ചെയ്യാനുള്ള വിളിയും ദൗത്യവും അനുസരിച്ച് ജീവിക്കുമ്പോൾ അല്മായർ തങ്ങളുടെ രാജകീയ പൗരോഹിത്യം യാഥാർത്ഥ്യമാക്കുന്നു.

സഭ ദൈവജനമാണ്. എല്ലാക്കാലവും എല്ലാ ജനതയിലും ദൈവത്തെ ഭയപ്പെടുകയും നീതി പ്രവർത്തിക്കുകയും ചെയ്യുന്ന ഏതുവ്യക്തിയും ദൈവത്തിന് സ്വീകാര്യനാണ്. മനുഷ്യരെ വിശുദ്ധീകരിക്കുവാനും രക്ഷിക്കുവാനും ദൈവം തിരുമനസായി. പരസ്പര ബന്ധമില്ലാത്ത വ്യക്തികളെന്ന നിലയിലല്ല അവിടുന്ന് അത് ചെയ്തത്. ദൈവത്തെ അറിഞ്ഞ് അംഗീകരിച്ച് വിശുദ്ധിയിൽ തനിക്ക് സേവനമനുഷ്ഠിക്കുന്ന ഒരു ജനപദമായി രൂപീകരിക്കാനാണ് അവിടുന്ന് ആഗ്രഹിച്ചത്. അതിനായി ഇസ്രായേൽ വംശത്തെ തന്റെ ജനമായി അവിടുന്ന് തെരഞ്ഞെടുത്ത് പടിപടിയായി അവരെ ഒരുക്കുകയും അവരുമായി ഉടമ്പടി ഉറപ്പിക്കുകയും ചെയ്തു. ഇതെല്ലാം ക്രിസ്തുവിൽ ഉറപ്പിക്കപ്പെടാനായിരുന്ന നവീനവും പരിപൂർണ്ണവുമായ തന്റെ രക്തത്തിലുള്ള ഉടമ്പടിയുടെ തയ്യാറെടുപ്പും പ്രതിരൂപവുമായിരുന്നു. എല്ലാ ജനതകളും ചേർന്ന് ഒരു ജനമായിരിക്കാൻ വേണ്ടി അവരെ ഒന്നിച്ചുക്കൂട്ടി. അങ്ങനെ അത് ''തെരഞ്ഞെടുക്കപ്പെട്ട ജനവും രാജകീയ പുരോഹിത ഗണവും വിശുദ്ധ ജനവുമായി''. ജലത്താലും ആത്മാവിലുമുള്ള ഒരു ജനനമാണത്. അതായത് ക്രിസ്തുവിലുള്ള വിശ്വാസം വഴിയും മാമോദീസ വഴിയുമാണ് ഒരാൾ ദൈവജനത്തിൽ അംഗമാകുന്നത്. അതാകട്ടെ ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായിരിക്കാൻ വേണ്ടി സഭയിലെ ഓരോ വ്യക്തിയും മാമോദീസായിലൂടെ ഏറ്റെടുക്കുന്ന ദൗത്യമാണത്.

സഭയുടെ വളർച്ചയിൽ അല്മായർക്കുള്ള പങ്ക് വലുതാണെന്ന സത്യം അല്മായ ദിനം നമ്മെ ഓർമിപ്പിക്കുന്നു. ശരിയായ പരിശീലനം ലഭിക്കുന്ന പക്ഷം അല്മായരുടെ പ്രവർത്തനങ്ങൾ പൂർവാധികം ശക്തിപ്പെടുത്താൻ കഴിയുമെന്നത് നിസ്തർക്കമാണ്. സഭാകാര്യങ്ങളിൽ ആദ്ധ്യാത്മികമായ ആഭിമുഖ്യം അല്മായരിൽ വളർത്തിയെടുക്കാൻ കഴിഞ്ഞാൽ അത് വലിയ നേട്ടമായിരിക്കും. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും ഭാരതത്തിൽ തന്നെയും വിശ്വാസത്തിന്റെ പേരിൽ അനേകായിരങ്ങൾ പീഡിപ്പിക്കപ്പെടുന്ന സാഹചര്യത്തിൽ സഭയുടെ ദൗത്യം സ്വന്തം ദൗത്യമാണെന്ന് ചിന്തിക്കുന്ന അല്മായർക്ക് വളരെ കാര്യങ്ങൾ ചെയ്യാനുണ്ട്. വൈദീകർക്കും സമർപ്പിതർക്കും കടന്നുചെല്ലാൻ സാധിക്കാത്ത മേഖലകളിൽ ക്രിസ്തുവിന്റെ സദ്വാർത്തയുമായി വേഗത്തിൽ കടന്നുചെല്ലാൻ അല്മായർക്ക് കഴിയും. ലോകം ക്രൈസ്തവ ചൈതന്യം സ്വീകരിക്കുന്നതിൽ വേണ്ടത്ര വിജയിച്ചിട്ടില്ലെങ്കിൽ അല്മായരുടെ നിഷ്ക്രിയത്വവും ഒരുകാരണമാണ്. സാംസ്ക്കാരികവും സാമ്പത്തികവുമായ അഭ്യുന്നതി കൈവരിക്കുവാനുള്ള നെട്ടോട്ടത്തിൽ ആധുനികലോകം പല മൂല്യങ്ങളെയും അവഗണിച്ചുകളയുന്നു. സാമൂഹിക നീതിയെക്കുറിച്ചോ, പരസ്നേഹത്തെക്കുറിച്ചോ നിസ്വാർത്ഥ സേവനത്തെക്കുറിച്ചോ ചിന്തിച്ച് ബദ്ധപ്പെടാൻ മിനക്കെടാതെ പൊതുസമൂഹത്തിൽ ജീവിക്കുന്ന ക്രൈസ്തവരും ഈ മനോഭാവം സ്വീകരിക്കുവാൻ പ്രലോഭിപ്പിക്കപെടുന്നു.

ലോകമെങ്ങും സുവിശേഷം പ്രസംഗിക്കാനുള്ള ക്രിസ്തുനാഥന്റെ ആഹ്വാനം ഓരോ ക്രൈസ്തവനെയും ഒരുപോലെ ബാധിക്കുന്നതാണ്. സഭയിലെ തങ്ങളുടെ സ്ഥാനവും അതിന്റെ മഹത്വവും മനസ്സിലാക്കി സ്ഥാനമാനവ്യത്യാസമെന്യേ ക്രിസ്തുനാഥനെ ജീവിതത്തിൽ പകർത്താനും മറ്റുള്ളവർക്ക് പകർന്ന് കൊടുക്കാനും അല്മായ സഹോദരങ്ങൾ പരിശ്രമിക്കണം. ക്രൈസ്തവ വിളിയുടെ അന്തസത്തയെ സ്പർശിക്കുന്ന ഈ ഉത്തരവാദിത്വം മനസിലാക്കി ഓരോ അല്മായ വിശ്വാസിയും കർമ്മരംഗത്ത് സജീവമായെങ്കിൽ മാത്രമേ സഭയുടെ അസ്ഥിത്വം അർത്ഥപൂർണ്ണമാവുകയുള്ളു. സഭയുടെ വിവിധ പ്രേഷിതരംഗങ്ങളിൽ ഉൽസാഹത്തോടെ പ്രവർത്തിക്കുന്ന എല്ലാ അൽമായ സഹോദരങ്ങളെയും ഞാൻ അഭിനന്ദിക്കുന്നു. പുനരൈക്യ പരിശ്രമങ്ങൾ, സുവിശേഷവത്ക്കരണ പ്രവർത്തനങ്ങൾ, ജീവകാരുണ്യപ്രവർത്തനങ്ങൾ തുടങ്ങി മലങ്കര സുറിയാനി കത്തോലിക്കാ സഭ ശ്രദ്ധ ഊന്നുന്ന സർവ അജപാലന പ്രവർത്തനങ്ങളിലും നിതാന്ത ജാഗ്രതയോടെ അല്മായ സഹോദരങ്ങൾ സജീവമായി പ്രവർത്തിക്കട്ടെ. പുനരൈക്യ പ്രസ്ഥാനത്തിന്റെ പ്രാരംഭ കാലഘട്ടത്തിൽ അല്മായ സഹോദരങ്ങൾ കാണിച്ച ഉൽസാഹവും പ്രവർത്തന തീവ്രതയും ഓർത്ത് കർമ്മോത്സുകരാകാൻ നിങ്ങൾക്കു കഴിയട്ടെ. പൊതു സമൂഹത്തിലെ അഴിമതിയും മദ്യപാനമുൾപ്പെടെയുള്ള സാമൂഹ്യ തിന്മകളും വർജ്ജിക്കാനും അവയ്ക്കെതിരെ ചെറുത്തു നില്ക്കാനും നിങ്ങൾക്ക് സാധിക്കട്ടെ. ജനാധിപത്യമൂല്യങ്ങൾ പാലിച്ചുകൊണ്ട് ഉത്തമ പൗരന്മാരായി ജീവിക്കുവാൻ നിങ്ങൾക്ക് സാധിക്കട്ടെ.

കർത്താവിന്റെ മഹത്വകരമായ ഉയിർപ്പ് പെരുന്നാളിന്റെ അനുഗ്രഹീത കാലഘട്ടത്തിലാണല്ലൊ നാമെല്ലാവരും. ബാഹ്യകേരള സഭാസംവിധാനത്തെ സംബന്ധിച്ച് ചരിത്രപരവും സഭാപരവുമായ വലിയ അംഗീകാരം സഭയൊന്നായി നാം സ്വീകരിച്ചു. ഗുഡ്ഗാവ് ഭദ്രാസനവും പുനെ-കട്കി എക്സാർക്കേറ്റും പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ നമ്മുടെ സഭാശുശ്രൂഷയ്ക്ക് നല്കിയ വിലപ്പെട്ട അംഗീകാരമാണല്ലോ. അനേകം അല്മായ സഹോദരങ്ങളുടെ ത്യാഗവും സമയവും കഴിവുകളും നീണ്ടകാലയളവിലെ കഠിനാധ്വാനവും പുതിയ സഭാ സംവിധാനങ്ങളുടെ പൂർത്തീകരണത്തിന് പിന്നിലുണ്ട്. പ്രവാസികളായി ജീവിത യാത്രയിൽ കഴിഞ്ഞപ്പോഴും സത്യവിശ്വാസം മുറുകെ പിടിക്കുവാനും അത് കാത്തുസൂക്ഷിച്ച് വളർത്തിയെടുക്കുവാനും സഭാമക്കൾ അനുഭവിച്ച യാതന പ്രശംസനീയമാണ്. മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് ലഭിച്ച ഈ പുതിയ പ്രേഷിത നിയോഗം വലിയൊരളവുവരെ അല്മായ സഹോദരങ്ങളുടെ ചുമലിലാണ്. ഹൃദയം നിറയെ നന്ദിയോടെ ഈ ദൈവനിയോഗം നമ്മുക്കേറ്റെടുക്കാം.

അല്മായദിനം മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ അല്മായരുടെ പൊതു ആഘോഷമാണ്. എം.സി.എ, മാതൃസംഘം, പിതൃസംഘം, വിൻസന്റ് ഡി. പോൾ, ലീജിയൻ ഓഫ് മേരി തുടങ്ങിയ എല്ലാ അല്മായ സംഘടനകളും ഒത്തൊരുമിച്ച് ഈ ദിനം സമുചിതമായി ആഘോഷിക്കുമല്ലോ. സഭയുടെ വളർച്ചയ്ക്കും പൊതുസമൂഹത്തിന്റെ വികസനത്തിനും വേണ്ടി എല്ലാ അല്മായ പ്രസ്ഥാനങ്ങളും നൽകുന്ന പങ്കാളിത്തവും സഹകരണവും ഞാൻ നന്ദിയോടെ ഇത്തരുണത്തിൽ

സ്മരിക്കുന്നു. അല്മായദിനത്തിലെ വിശുദ്ധ കുർബാനയുടെ സ്തോത്ര കാഴ്ച നമ്മുടെ സഭയിലെ അല്മായ ശുശ്രൂഷയ്ക്കു വേണ്ടിയാണല്ലോ നാം വിനിയോഗിക്കുന്നത്. അന്നേ ദിവസം ഉദാരമായി സ്തോത്രകാഴ്ച നൽകി അനുഗ്രഹീതരാകുവാൻ ഞാൻ ഏവരെയും ആഹ്വാനം ചെയ്യുന്നു. നമ്മുടെ സഭയുടെ പ്രത്യേക കാനോന 601 പ്രകാരം പ്രസ്തുത സ്തോത്ര കാഴ്ച സമാഹരിച്ച് ബഹു. വികാരിയച്ചന്മാർ അതാത് ഭദ്രാസന, എക്സാർക്കേറ്റ് പ്രൊക്കുറേറ്റർമാരുടെ പേർക്ക് അയ്ച്ചുകൊടുക്കേണ്ടതും പ്രൊക്കുറേറ്റർമാർ ഭദ്രാസനത്തിൽ ശേഖരിച്ച തുക കാതോലിക്കേറ്റ് സെന്ററിൽ പ്രവർത്തിക്കുന്ന അല്മായ കമ്മീഷൻ ഓഫീസിൽ എത്തിക്കേണ്ടതുമാണ്. അല്മായ പ്രസ്ഥാനങ്ങളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. യൗസേഫ് പിതാവ് നമുക്ക് തുണയും മദ്ധ്യസ്ഥനുമായിരിക്കട്ടെ.

ഉത്ഥിതനായ യേശു നമ്മെ അനുഗ്രഹിക്കട്ടെ,

എന്ന്,

**+ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
അൽമായർക്കുവേണ്ടിയുള്ള സുനഹദോസ്
കമ്മീഷൻ ചെയർമാൻ & മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം
ഈസ്റ്റർ 2015

N.B. ഈ സർക്കുലർ അല്മായ ദിനമായ മെയ് 3-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും വായിക്കേതാണ്.

## THE SYRO-MALANKARA CATHOLIC CHURCH

### Message on the **Laity Day 2015**
### by **Most Rev. Dr. Joshua Mar Ignathios,**
### the Chairman of the Synodal Commission for the Laity

Rev. Fathers, Deacons, Religious and dear Faithful in the Lord!

The Syro-Malankara Catholic Church observes the Sunday, 3 May as Laity Day this year. This day on which we appreciate and value the personality, vocation, mission etc of the Laity we offer all the Lay Faithful and their intentions before God. May the Risen Lord bless the Lay Brethren abundantly!

The designation of lay person is applied to the Christian Faithful who are neither in sacred orders, nor ascribed in the religious state. By their special call they are obliged to deal with and regulate temporal order in conformity with the will of God. This goal is achieved when each Lay Faithful is convinced that the Laity themselves is the Church. It shall not be forgotten that there are missions that can only be accomplished by the Laity. The Laity ought to be prepared to produce much spiritual fruits led by the Holy Spirit. Because, when led by the Holy Spirit, they fulfill their family life and their daily obligations, they become an acceptable spiritual altar. Thus, the Laity, sanctifying the realms of their life, offers the world to God as true worshippers.

The Lay People participate in the royal priesthood of Christ. Christ drawing all people to him, through his death and resurrection, exercises the royal priesthood (John 12:32). Christ, the King and Lord of the universe humbled himself as a servant. He came "not to be served, but to serve, and to give his life as a ransom for many" (Mt 20:28). Similarly, when the Laity leads a life with Christ, according to their call to serve others, they realize their royal priesthood.

The Church is the People of God. At all times and in every human race, any one, who fears God and does justice, is acceptable to God. God willed to sanctify and redeem the humankind. He did it not as individuals without any bond or link between them. He wished to gather together a people who know, accept and serve him in holiness. For this, he chose the race of

Israel as his people and prepared them step by step and made a covenant with them. All these were a pre-figuration and preparation for the new and perfect covenant to be founded on Christ ratified in His blood. In order to unite all the people, He gathered them up. Thus they became “a chosen race, a royal priesthood, a holy nation, God’s own people” (1 Peter 2:9). They are born of water and Spirit. That is, one becomes a member of the People of God through faith in Christ and baptism. It is a mission that each person in the Church undertakes through baptism, to be the salt of the earth and the light of the world.

The Laity Day reminds us that the share of the Laity in the growth of the Church is immense. It is doubtless that through proper formation the role of the Laity in the Church can be enhanced more than ever. It would be a great achievement if we can encourage a spiritual fervor in the Laity on ecclesial matters. In the context of the persecution of thousands of Christians worldwide and in India itself, the Laity, who are aware that the mission of the Church is their mission, can do quite a lot. In the circumstances where the Priests and Religious cannot enter, the Laity can go in fast with the Good News of Christ. The indifference of the Laity is a cause, if the world does not sufficiently succeed to accept the Christian spirit. In the rapid pursuit to gain cultural and economic progress, the modern world disregard many values. The Christians are also tempted to adopt an outlook devoid of social justice, mutual affection and selfless service.

It is the duty of every Christian to follow the command of Our Lord Jesus Christ to preach the Gospel all throughout the world. Our Lay Brethren, knowing their place and dignity in the Church, should try to translate Christ into their life and share the same with others. If the existence of the Church is to become meaningful, every Lay Faithful should understand this obligation which touches the very essence of the Christian vocation and become active.

I appreciate all the Lay Faithful who are actively engaged in various mission fields. With persistent vigilance may all Lay Brethren become alive in the various missionary and pastoral fields, such as reunion, evangelization and works of mercy and charity of the Syro-Malankara Catholic Church. May you be encouraged and inspired by the enthusiasm and passion of the dedicated Laity of the initial stages of the Reunion. May you be instilled with vigour to work against social evils, such as corruption, alcoholism etc.

We are in the blessed season of the glorious resurrection of Our Lord. We received the news of the ecclesial and historic canonical provisions for the Extraterritorial Regions of our Church in India. His Holiness Pope Francis

erected the Eparchy of Gurgaon and the Exarchate of Khadki-Pune in recognition of our ecclesial activities. At the source of the new canonical provisions lies the continuous, untiring hard work of our Lay Brethren. It is praiseworthy that while living the life of migrants, the sons and daughters of our Church endeavoured to safeguard and uphold our true faith. To a great measure, the Lay Faithful have to bear on their shoulders this new missionary apostolate. With a grateful heart, we shall accept this new empowerment.

The Laity Day is the common celebration of the Laity of the Syro-Malankara Catholic Church. The associations of the Laity, such as the MCA, *Mathrusangham*, *Pithrusangham*, Vincent de Paul, Legion of Mary etc shall observe together this day. I earnestly appreciate the contribution, support and participation of the Laity Associations in the growth of the Church and in the progress of the society at large.

The offering of the Holy Qurbono of the Laity Day is for the ministry of the Laity of our Church. Therefore, I urge everyone to contribute whole heartedly to the offerings on the Laity Day. According to the particular canon 601 of our Church, the so offered contribution shall be collected by the respective parish priests and forwarded to the Finance Officers of the Eparchies and the Exarchates. The Finance Officers shall then be responsible to send it to the Finance Officer of the Major Archiepiscopal Curia.

May St. Joseph, the Heavenly Patron of all Laity Associations, support us and pray for us!

sd/-

**✠ Dr. Joshua Mar Ignathios**
Chairman, Synodal Commission for the Laity
Bishop of Mavelikara

Catholicate Centre
Pattom, Trivandrum
Easter 2015

N.B. :This circular should be read in all our churches, mission centres and centres of worship during the Holy Qurbono on Sunday, 3 February 2013.

# THE SYRO- MALANKARA CATHOLIC CHURCH

**MORAN MOR BASELIOS CARDINAL CLEEMIS**
Major Archbishop-Catholicos

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum-695004

Prot No CCL 2/2015

## സർക്കുലർ

### ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 62-ാം ഓർമ്മപ്പെരുന്നാൾ

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്‌ക്കോപ്പാമാരേ, റമ്പാച്ചന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

അശാന്തിയുടെ കാർമേഘം പടർന്ന മലങ്കരയെ സമാധാനത്തിന്റെ നഭോമണ്ഡലത്തിലേക്ക് നയിച്ച്, 'പുനരൈക്യ'മെന്ന പുണ്യവഴി തെളിച്ച ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലിത്തായുടെ 62-ാം ഓർമ്മപ്പെരുന്നാൾ 2015 ജൂലൈ 15-ാം തീയതി, ബുധനാഴ്ച, സഭാതലത്തിൽ ആചരിക്കുകയാണ്. ജൂലൈ 1 മുതൽ 15 വരെ വന്ദ്യതാതന്റെ കബറിടം സ്ഥിതി ചെയ്യുന്ന പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ വിവിധങ്ങളായ ആത്മീയ ശുശ്രൂഷകളിലൂടെയാണ് ഈ ഓർമ്മപ്പെരുന്നാൾ ആഘോഷിക്കുന്നത്. വത്തിക്കാനിലെ Pontifical Council for Justice and Peace-ന്റെ പ്രസിഡന്റ് അത്യുന്നത കർദിനാൾ പീറ്റർ ടർക്സൺ തിരുമേനി ഈ വർഷത്തെ ഓർമ്മപ്പെരുന്നാളിൽ മുഖ്യാതിഥിയായി പങ്കെടുക്കുന്നതാണെന്ന വിവരം സന്തോഷപൂർവം ഏവരേയും ഞാൻ അറിയിക്കുന്നു.

വന്ദ്യപിതാവിന്റെ ഏറ്റവും വലിയ ആഗ്രഹവും പ്രാർത്ഥനയുമായിരുന്നു ഭാരതം മുഴുവൻ സുവിശേഷമറിയിക്കുക എന്നുള്ളത്. ആ വലിയ ആഗ്രഹത്തിന്റെ കാനോനിക അനുവാദം നമുക്ക് ഇപ്പോൾ സംലഭ്യമായി എന്ന് പറയുമ്പോൾ ആ പുണ്യചരിതന്റെ ദീർഘവീക്ഷണം സ്വർഗ്ഗം കൃപയോടെ അംഗീകരിക്കുന്നുവെന്നതിന്റെ അടയാളമാണ്. ദൈവദാസന്റെ വിശുദ്ധപദ നാമകരണ നടപടികൾ നടക്കുന്ന വേളയിൽത്തന്നെ ആ മഹാനുഭാവന്റെ സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടു എന്നതിൽ സഭയേറെ സന്തോഷിക്കുന്നു. ഇതെല്ലാം വിശുദ്ധമായ ആ ജീവിതസാക്ഷ്യത്തിന്റെ സ്ഥിരീകരണമായി നമുക്ക് മനസിലാക്കാവുന്നതാണ്. സ്വന്തമായ മണ്ണും അധ്വാനിച്ചുണ്ടാക്കിയ സമ്പത്തും ഉപേക്ഷിച്ച് മുണ്ടൻമല ഇറങ്ങുവാൻ വന്ദ്യപിതാവിനെ പ്രേരിപ്പിച്ചത് സ്ഥാനമാനങ്ങളോ, ധനമോ അല്ലായെന്നത് ദൈവാഭിമുഖ്യമുള്ള ആർക്കും മനസിലാകുന്നതാണ്. അരുമനാഥനോടുള്ള നിസ്തുലമായ സ്നേഹം ആ യോഗീവര്യനിൽ പരിലസിച്ചു. സത്യത്തെ ആശ്ലേഷിക്കുമ്പോൾ തന്റെ ത്യാഗം ഏറെ ഫലം പുറപ്പെടുവിക്കുമെന്ന് ആ യുഗപ്രഭാവൻ മനസിലാക്കിയിരുന്നു. അതാണ് ഇന്ന് നാം അനുഭവിക്കുന്ന ഈ നന്മകളുടെയെല്ലാം അടിസ്ഥാനം. ദിശതെറ്റാതെ സഞ്ചരിക്കാനുള്ള ബോധ്യങ്ങൾ അദ്ദേഹം നേടിയെടുത്തു. ദീർഘവീക്ഷണത്തോടെ കാര്യങ്ങൾ ചെയ്യാനുള്ള ശക്തി അദ്ദേഹം സ്വാംശീകരിച്ചു. ഇതിലും ഉയർന്നു നിൽക്കുന്നു ആ താപസശ്രേഷ്ഠന്റെ ആത്മീയത. ആ പിതാവ് ഏറെ

സ്നേഹിച്ച് വളർത്തിയ തന്റെ പ്രിയപ്പെട്ട ശിഷ്യൻ മാർ തെയോഫിലോസ് പിതാവിന്റെ ജന്മശതോത്തര രജതജൂബിലിയും, തന്റെ അനുഗ്രഹീത പിൻഗാമി ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിന്റെ ജന്മശതാബ്ദി ആഘോഷവും നാം ഈ വർഷം ആചരിക്കുന്നു എന്നത് ഈ 62-ാം ഓർമപ്പെരുന്നാൾ ആഘോഷത്തെ കൂടുതൽ ധന്യമാക്കുന്നു.

ദൈവദാസന്റെ ഓർമ്മത്തിരുന്നാൾ മലങ്കര മക്കളുടെ ആത്മിയ ഉണർവിന്റെ അവസരമാണ്. പദയാത്രികരായി പെരുന്നാട്ടിലെ മുണ്ടൻമലയിൽനിന്നും വള്ളിക്കുരിശും, കാഷായവസ്ത്രവുമായി യാത്ര തുടങ്ങുന്ന തീർത്ഥാടകർ ശ്വസിക്കുന്നത് ആ പുണ്യജീവിതത്തിന്റെ പരിമളമാണ്. ജൂലൈ 1 മുതൽ 15 വരെയുള്ള ദിവസങ്ങളിൽ സാധിക്കുന്ന എല്ലാവരുംതന്നെ നോമ്പ് നോറ്റ് ഓർമ്മപ്പെരുന്നാളിന് ഒരുങ്ങണം. സഭാമക്കളെല്ലാവരും, നോമ്പോടും, വ്രതനിഷ്ഠകളോടും കൂടെ പ്രാർത്ഥനാരൂപിയിൽ പദയാത്രയിൽ പങ്കുചേർന്ന് ഓർമ്മതിരുന്നാൾ അനുഭവമാക്കണം. പ്രത്യേകിച്ച് നാമകരണ നടപടികളുടെ ഭാഗമായി മേജർ അതിഭദ്രാസനത്തിൽ നടക്കുന്ന കാനോനിക പഠനം അതിന്റെ അന്തിമഘട്ടത്തിൽ എത്തിയിരിക്കുന്ന ഈ വേളയിൽ ഈ ത്യാഗം സഭാമക്കളോരോരുത്തരുടെയും ഭാഗത്തുനിന്നും അനിവാര്യമാണ്. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ജീവിതവിശുദ്ധിയുടെ പരിമളം അനേകം മക്കൾക്ക് രോഗസൗഖ്യവും, ആശ്വാസവുമായിത്തീരുന്നുവെന്നതിന്റെ മകുടോദാഹരണമാണ് ഓരോ വർഷവും പദയാത്രയിലും ഓർമ്മതിരുന്നാളിലും പങ്കെടുക്കുന്ന നാനാജാതി മതസ്തരായ അനേകായിരങ്ങളുടെ സാന്നിധ്യം. ആശ്വാസംതേടി വരുന്നവർക്ക് വന്ദ്യപിതാവിന്റെ കബറിടം ഒരു സാന്ത്വനതീരമാണ്. തീർത്ഥാടന പദയാത്രയിൽ പൂർണമായും പങ്കെടുക്കാൻ സാധിക്കാത്തവർ പ്രത്യേകം ത്യാഗമെടുത്ത് സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് ഞാൻ താൽപര്യപ്പെടുന്നു.

മുൻകാലങ്ങളിലെപ്പോലെ ഈ വർഷവും എം.സി.വൈ.എം. സഭാ സമിതിയുടെ ആഭിമുഖ്യത്തിൽ ജൂലൈ 10-ാം തീയതി, വെള്ളിയാഴ്ച, പെരുനാട്ടിൽനിന്നും പ്രധാന തീർത്ഥാടന പദയാത്ര ആരംഭിക്കുന്നതാണ്. പെരുന്നാട്ടിൽ നിന്നുള്ള പ്രധാന പദയാത്രയിൽ തിരുവനന്തപുരം വരെ മുഴുവൻ സമയവും ഞാനും പങ്കെടുക്കുന്നതാണ്. തിരുവല്ലായിൽനിന്നും, മാവേലിക്കരയിൽനിന്നും മാർത്താണ്ഡത്തുനിന്നും പദയാത്രകൾ ഉണ്ടായിരിക്കും. ഡൽഹി ഭദ്രാസനത്തിൽനിന്നും, പൂണെ-കഡ്കി എക്സാർക്കേറ്റിൽനിന്നും ഭാരതത്തിന് പുറത്തുള്ള കേന്ദ്രങ്ങളിൽ നിന്നും പദയാത്രികർ പ്രധാന പദയാത്രയോട് ചേരും. ആത്മീക ഒരുക്കത്തോടെ തീർത്ഥാടനപദയാത്രയിൽ പങ്കുചേരാൻ ഏവരേയും സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു.

ജൂലൈ 1-ാം തീയതി മുതൽ 14-ാം തീയതിവരെ എല്ലാ ദിവസവും കബറിങ്കൽ വിശുദ്ധ കുർബാനയും മറ്റ് ഒരുക്കശുശ്രൂഷകളും നടക്കുന്നതാണ്. പതിവുപോലെ 14-ാം തീയതി വൈകിട്ടു സന്ധ്യാപ്രാർത്ഥനയും മെഴുകുതിരി പ്രദക്ഷിണ നേർച്ചയും ഉണ്ടായിരിക്കുന്നതാണ്. ഓർമപ്പെരുന്നാൾ ദിവസമായ 15-ാം തീയതി നടക്കുന്ന ആഘോഷമായ വി. കുർബാനമധ്യേ മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘത്തിന്റെ രണ്ടാം ബാച്ചിന്റെ കൈവെയ്പ് ശുശ്രൂഷ നടത്തപ്പെടുന്നതാണ്. ഈ ശുശ്രൂഷകളിൽ എല്ലാം സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുവാൻ ഏവരെയും സ്നേഹത്തോടെ ഞാൻ ആഹ്വാനം ചെയ്യുന്നു.

ഫ്രാൻസിലെ വിവിധ തീർത്ഥാടനകേന്ദ്രങ്ങളിലേയ്ക്ക് തീർത്ഥാടനം നടത്തുന്ന അവസരത്തിലാണ് ഞാൻ ഈ സർക്കുലർ നിങ്ങൾക്ക് എഴുതുന്നത്. നമ്മുടെ മാതൃ രാജ്യത്തിനുവേണ്ടിയും ഭാരതത്തിലെ ക്രൈസ്തവസഭ മുഴുവനുംവേണ്ടിയും മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കു വേണ്ടിയും പരി. ദൈവമാതാവിന്റെ മാദ്ധ്യ സ്ഥം അപേക്ഷിച്ച് വിവിധ പുണ്യസ്ഥലങ്ങളിൽ പ്രാർത്ഥിക്കുവാൻ സാധിച്ചത് അനു ഗ്രഹമായി ഞാൻ കരുതുന്നു. വി. കൊച്ചുത്രേസ്യായുടെ ജന്മസ്ഥലമായ ലിസ്യു വിൽ നമ്മുടെ മലങ്കരസഭയിലെ എല്ലാ സന്യസ്തർക്കുംവേണ്ടി ജൂൺ 17-ന് വി. കുർബാന അർപ്പിച്ചു പ്രാർത്ഥിച്ചുകൊണ്ടാണ് ഞാൻ തീർത്ഥാടന യാത്ര ആരംഭി ച്ചത്. പാരീസിൽ പരി. മാതാവ് പ്രത്യക്ഷപ്പെട്ട് അത്ഭുത മെഡൽ നൽകിയ ദൈവാ ലയത്തിൽ നമ്മുടെ സഭയിലെ കുഞ്ഞുങ്ങൾക്കും യുവജനങ്ങൾക്കുംവേണ്ടി ജൂൺ 18-ന് വി. കുർബാനയർപ്പിച്ചു പ്രാർത്ഥിച്ചു. ആഗോള മരിയൻ തീർത്ഥാടനകേന്ദ്ര മായ ലൂർദ്ദിലെ ബസിലിക്കായിൽ 19-ാം തീയതി വി. കുർബാന അർപ്പിച്ച് നമ്മുടെ സഭയിലെ എല്ലാ കുടുംബങ്ങൾക്കുവേണ്ടിയും പ്രത്യേകം പ്രാർത്ഥിച്ചു. വൈദിക രുടെ മദ്ധ്യസ്ഥനായ ആർസിലെ വി. ജോൺ മരിയ വിയാനിയുടെ കബറിങ്കൽ നമ്മുടെ സഭയിലെ മുഴുവൻ വൈദികർക്കുവേണ്ടിയും, വൈദികവിദ്യാർത്ഥികൾക്കു വേണ്ടിയും 21-ാം തീയതി വി. കുർബാനയർപ്പിച്ച് ഞാൻ പ്രാർത്ഥിക്കുകയുണ്ടായി. ആത്മീയമായി വലിയ സന്തോഷത്തിന്റേയും അനുഗ്രഹത്തിന്റേയും അനുഭവമാ യിരുന്നു ഈ തീർത്ഥാടനമെന്ന് സന്തോഷത്തോടെ ഞാൻ പങ്കുവയ്ക്കട്ടെ! ഇംഗ്ല ണ്ടിലെ മലങ്കര കൺവെൻഷനിലും അയർലണ്ടിലെ ഡബ്ലിനിലെ വി. കുർബാന യിലും പങ്കെടുത്ത ശേഷം ജൂലൈ ആദ്യവാരത്തിൽ ഞാൻ നാട്ടിൽ മടങ്ങിയെത്തു ന്നതാണ്.

ആഴമേറിയ ദൈവബന്ധം നമ്മുടെ ചരിത്രത്തിന് നൽകിയ ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമേനി നമ്മുടെ ഭാഗ്യമാണ്; അനുഗ്രഹ മാണ്. വന്ദ്യപിതാവ് ദൈവശാസ്ത്ര ആദ്ധ്യാത്മിക മണ്ഡലത്തിലേയ്ക്ക് പ്രതിഷ്ഠിച്ച ഒരു വലിയ ചിന്ത: "ദൈവസേവനം ഉത്തമം; ദൈവസമ്പാദനം അത്യുത്തമം" എന്നത് ഇന്നും വലിയ ദർശനമായി നമുക്ക് മുമ്പിൽ നിൽക്കുന്നു. അതിനെ നമുക്ക് ഉൾകൊള്ളാം; അത് ജീവിക്കാം. വന്ദ്യപിതാവിന്റെ 62-ാം ഓർമപ്പെരുന്നാൾ അതിന് നിങ്ങളെ ഏവരേയും സഹായിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

ദൈവം നിങ്ങളെ ഏവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

+Baselios Cleemis

**✠ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവാ**

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ

മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കാബാവാ

21.06.2015
ആർസിലെ വി. ജോൺ മരിയ വിയാനിയുടെ
തീർത്ഥാടനകേന്ദ്രത്തിൽ നിന്നും.

N.B.: ഈ സർക്കുലർ അടുത്തുവരുന്ന ഞായറാഴ്ച നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്ര ങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

# THE SYRO- MALANKARA CATHOLIC CHURCH

MORAN MOR BASELIOS CARDINAL CLEEMIS
Major Archbishop-Catholicos

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum-695004

Prot No CCL 2/2015

## Circular
## 62nd Feast of Commemoration of Mar Ivanios

Your Grace, Your Excellencies, Rt. Rev. Corepiscopoi and Rembans, Reverend Fathers, Deacons, Religious and dear Faithful in the Lord,

We celebrate, on 15 July 2015, at the ecclesial level, the 62nd Feast of Commemoration of the Servant of God Archbishop Mar Ivanios, who led the Malankara Church from the cloudy horizons of ecclesial life to the luminous sky of peace through 'reunion'. We prepare to celebrate this through various spiritual services from 1 to 15 July at St. Mary's Cathedral Pattom, where the tomb of the Servant of God is situated. His Eminence Peter Cardinal Turkson, the President of the Pontifical Council for Justice and Peace in Vatican will be present as chief guest at this year's celebrations.

The greatest aspiration and prayer of Archbishop Mar Ivanios was to proclaim the Good News all over the Indian subcontinent. The canonical provision of all-India-jurisdiction bestowed upon our Church by the Holy See signifies that God acknowledges the foresight of the great visionary. The Church rejoices that the dream of Archbishop Mar Ivanios was realized at a time when the canonical research work of the cause of canonization of the Servant of God is nearing its final face. These are all confirmations that set a seal on his saintly life. Any God-fearing person can easily discern that it is not status, dignity or wealth which prompted the Archbishop to descend Mundanmala leaving behind the hard earned material possessions. It is the love for the beloved Lord that inflamed him. The Servant of God had realised that when he embraced the truth, his sacrifices would bring forth more fruits. This is the source of all the graces we enjoy today as a Church. He was impelled with convictions of a journey in the right direction. He assimilated the strength to accomplish the objectives with clear insight. Yet his spirituality surpasses all these. The celebration of the 125th Birth Anniversary of his beloved disciple Bishop Mar Theophilos and the celebration of the Birth Centenary of his venerable successor Archbishop Mar Gregorios this year make the 62nd Feast of Commemoration of Archbishop Mar Ivanios more gracious.

The Feast of Commemoration of the Servant of God is a time of spiritual awakening for the Malankara faithful. Those who join *padayatra* from Mundanmala to the blessed tomb of the Servant of God breathe the fragrance of the sanctity of his life. Let us all actively participate with fasting and abstinence in the spiritual observances from 1 to 15 July in preparation to the Feast of Commemoration of Mar Ivanios. Those who partake in the *Mar Ivanios Padayatra* should transform the pilgrimage, through strict lent and mortification, into an exemplary spiritual experience. Such sacrifices are essential at this juncture, when the research and study for the Cause of Canonizaton done in the Major Archdiocese is nearing its culmination.

The fragrance of the holy life of Archbishop Mar Ivanios translates into healing and consolation for many. The presence of thousands, irrespective of caste, creed and religion, participating in the *padayatra* and the commemoration day validate this. The holy tomb of the Servant of God is a shore of solace for those who are in search of consolation. I encourage those who cannot attend the *padayatra* or the Holy Qurbono on the day of the Feast of Commemoration in the Pattom Cathedral to earnestly pray for the Church with intense mortifications.

Our main *padayatra* will begin on 10 July 2015 from Ranni-Perunadu under the able leadership of the MCYM Central Secretariat. I will be personally partaking in the whole main *Padayatra* from Pernadu to Trivandrum. At the same time, there will be *padayatras* beginning from Tiruvalla, Mavelikkara and Marthandom. The pilgrims from the Eparchy of Gurgaon-Delhi, the Exarchate of Khadki-Pune and centres outside India will join the main *padayatra* in due course. I invite everyone to participate in *the padayatra* with adequate preparation.

From 1 to 14 July, there will be Holy Qurbono and other preparatory services in the tomb-chapel. On 14 July, solemn evening prayers and candle procession will be conducted as usual. On 15 July, on the Day of the Commemoration, the service of ‘laying-on-of-hands’ of the second batch of Malankara Catholic *Suviseshasangham* will be done during the solemn Holy Qurbono. I urge everyone to participate in all these divine services and receive the blessings.

I write this circular during a pilgrimage to the various pilgrim centres in France. I consider this as an opportunity to pray at different holy places for our mother land, the Church in India and the Malankara Syrian Catholic Church through the intercession of Mother Mary. I began my pilgrimage celebrating the Holy Qurbono for the Religious of our Malankara Church on 17 June at Lisieux, the birth place of St. Little Flower. I celebrated Holy Qurbono for the

children and youth of our Church on 18 June in the church, where the Holy Mother appeared and presented the miraculous medal. I prayed for all the families in our Church celebrating the Holy Qurbono on 19 June at the universal Marian Pilgrim Centre, the Basilica of Lourdes. I have offered all our Priests and Seminarians to the intercession of St. John Vianney, the patron of the Parish Priests in the Holy Qurbono on 21 June at the tomb of St. Vianney at Ars. Let me share with you that the pilgrimage was a heavenly experience of great spiritual joy and divine grace. I will return home in the first week of July after participating in the Malankara Convention in England and the Holy Qurbono in Dublin in Ireland.

The Servant of God Archbishop Mar Ivanios, who gave our history a deep divine relationship, is a fortune and blessing for us. The thought "to earn God is worthier than the service of God", which he dedicated to heart of the theologico-spiritual realm remains even today as a great vision. Let us imbibe it and live it. I pray that the 62nd Feast of Commemoration of our beloved Father in faith help you for that.

May God bless you all abundantly,

Your humble servant in the Lord,

Sd/-
**✠ Baselios Cardinal Cleemis Catholicos**
Major Archbishop-Catholicos
of the Syro-Malankara Catholic Church

21.06.2015
From Ars,
the Pilgrim Centre of St. John Maria Vianney

N.B. :This circular should be read in all our churches, mission centres and centres of worship during the Holy Qurbono on Sunday.

# THE SYRO-MALANKARA CATHOLIC CHURCH

**MORAN MOR BASELIOS CARDINAL CLEEMIS**
Major Archbishop-Catholicos

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum-695004

19 August 2015

No. CCL 3/2015

**സർക്കുലർ**

## 85-ാം പുനരൈക്യ വാർഷികവും സഭാസംഗമവും

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, ബഹുമാനപ്പെട്ട സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളെ,

ഇരുപതാം നൂറ്റാണ്ടിൽ സഭൈക്യമേഖലയിൽ നടന്ന ഏറ്റവും വലിയ സംഭവമെന്ന നിലയിൽ വിശ്വവിഖ്യാതമായ മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ 85-ാം വാർഷികം മലങ്കര സുറിയാനി കത്തോലിക്കാ സഭാ സംഗമമായി തിരുവല്ലാ അതിരൂപതയുടെ ആതിഥേയത്വത്തിൽ തിരുമൂലപുരത്തു വച്ച് 2015 സെപ്റ്റംബർ 19, 20, 21 തീയതികളിൽ നാം ആഘോഷിക്കുകയാണല്ലോ. ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ് (യോഹ. 10/10) എന്ന കർത്തൃവചനമാണ് ഈ സംഗമത്തിന്റെ മുഖ്യപ്രമേയമായി സ്വീകരിച്ചിരിക്കുന്നത്. വർഷങ്ങളായി നാമേവരും ആഗ്രഹിച്ചിരുന്നതും തിരുസിംഹാസനത്തോട് ആവശ്യപ്പെട്ടതുമായ ഭാരതം മുഴുവനും അജപാലനാധികാരം എന്നത് തിരുസിംഹാസനം നമ്മുടെ അപേക്ഷ പ്രകാരം കൽപ്പിച്ച് നൽകിയിരിക്കുന്ന സന്തോഷകരമായ ഒരു കാലയളവിലാണ് നാം ഒരു സഭയായി സമ്മേളിച്ച് 85-ാം പുനരൈക്യ വാർഷികം ആഘോഷിക്കുന്നുവെന്നത് പ്രത്യേകം ഓർമ്മിക്കപ്പെടേണ്ടതാണ്.

ഭാരതം മുഴുവൻ സുവിശേഷം അറിയിക്കുവാൻ മാർത്തോമ്മാശ്ലീഹായുടെ മക്കൾക്ക് കടമയുണ്ടെന്ന് ഉറച്ചുവിശ്വസിച്ച മാർ ഈവാനിയോസ് തിരുമേനി അതിനായി ഒരു സന്യാസസമൂഹത്തെ രൂപപ്പെടുത്തി സഭയ്ക്കു സമർപ്പിച്ചുവെന്നത് സുവിശേഷത്തിന്റെ ഭാരതത്തിലെ വളർച്ചയ്ക്ക് ഏറെ ശക്തി പ്രദാനം ചെയ്ത വസ്തുതയാണ്. തന്റെ സമർപ്പണം ദൈവാത്മാവിനോട് ചേർന്നും അവിടുത്തേക്ക് ഹിതകരവുമെന്ന പൂർണ്ണമായ ബോധ്യവുമാണ് പ്രതികൂല സാഹചര്യങ്ങളും സമ്മർദ്ദങ്ങളും മുൻപിൽ വന്നെങ്കിലും സെറാമ്പൂർ സർവകലാശാലാദ്ധ്യാപക പദവിയും ഉയർന്ന ശമ്പളവും എനിക്കു വേണ്ടാ എന്നു വയ്ക്കുവാൻ മാർ ഈവാനിയോസ് തിരുമേനിയിലെ സന്യാസിയെ ശക്തിപ്പെടുത്തിയത്, ദൈവപദ്ധതിയിലെ മാറ്റമില്ലാത്ത ദൈവഹിതം മാത്രം! ലോകം താത സഹോദരർ ജാതിയതും തറവാടും, ആകെ ഉപേക്ഷിച്ച് യേശുവിനായ് മരണം സ്നേഹിച്ച സഹദേന്മാരെപ്പോലെ മുണ്ടൻമലയിലെ താനുണ്ടാക്കിയ ആശ്രമവും ആശ്രമ വളപ്പിലെ വിളവും യേശുവി

നായ് ഉപേക്ഷിക്കുന്നതിന് മാർ ഈവാനിയോസ് തിരുമേനിക്ക് തടസ്സങ്ങളില്ലായിരുന്നു. അനാഥനെപ്പോലെ മുണ്ടൻമലയിറങ്ങി വെണ്ണിക്കുളത്തും പിന്നീട് തിരുമൂലപുരത്തും അതിനുശേഷം തിരുവനന്തപുരത്തും തിരുമേനി പരിശുദ്ധ റൂഹായോട് ചേർന്ന് പ്രവർത്തിച്ചു.

വെണ്ണിക്കുളത്ത് നിന്ന് തിരുമൂലപുരത്ത് വന്ന് കുടിൽകെട്ടി താമസിച്ച വിശുദ്ധമായ മണ്ണിലാണ് 85-ാം പുനരൈക്യ വാർഷികം ആഘോഷിക്കുവാൻ നാം ഒരുങ്ങുന്നത്. ഈ മണ്ണിൽ വന്ദ്യപിതാവിന്റെ സ്മരണയ്ക്കായി ഒരു സ്മൃതിമന്ദിരം തിരുവല്ലാ അതിരൂപത ഒരുക്കുന്നുവെന്നത് നമ്മെ ഏവരെയും സന്തോഷഭരിതരാക്കുന്നു. ഭാഗ്യസ്മരണാർഹനായ തോമസ് മാർ ദിയോസ്കോറസ് തിരുമേനി ഇവിടെയുള്ള ദൈവാലയത്തിലാണ് കബറടങ്ങിയിരിക്കുന്നത് (1943). ഇതോടൊപ്പം ഭാഗ്യസ്മരണാർഹരായ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവായുടെയും ഐസക് മാർ യൂഹാനോൻ മെത്രാപ്പോലീത്തായുടെയും മെത്രാഭിഷേകവും (1978) എളിയവനായ എന്റെ മെത്രാഭിഷേകവും (2001) നടന്നത് ഈ മണ്ണിലാണ് എന്നത് സഭാപരമായി തിരുമൂലപുരത്തിനുള്ള പ്രത്യേകത മിഴിവുറ്റതാക്കുന്നു. ഈ പുണ്യഭൂമിയിൽ മലങ്കര സുറിയാനി കത്തോലിക്കാസഭാ മക്കൾ സഭയായി സമ്മേളിക്കുവാൻ ഒരുങ്ങുകയാണ്.

സുവിശേഷം ജീവിച്ച് പ്രസംഗിക്കുന്നതിലൂടെയും കത്തോലിക്കാ സഭാ കൂട്ടായ്മയിൽ പൂർണ്ണമായി ഉൾച്ചേരുന്നതിലൂടെയും ക്രിസ്തീയ ജീവിതം സന്തോഷപ്രദമാകുമെന്ന് മലങ്കര സുറിയാനി കത്തോലിക്കാ സഭ ഉറച്ചു വിശ്വസിക്കുന്നു. സുവിശേഷത്തെ കൂടുതൽ ഗൗരവമായി എടുക്കുകയും ഭാരതത്തിൽ അത് സന്തോഷത്തോടെ, സാഹചര്യം അനുകൂലമാണെങ്കിലും അല്ലെങ്കിലും, അറിയിക്കുകയും ചെയ്യേണ്ടത് നമ്മുടെ കടമയാകുന്നു. നാമനുഭവിക്കുന്ന രക്ഷയുടെ അനുഗ്രഹം സ്നേഹപൂർവം മറ്റുള്ളവരെയും അറിയിക്കേണ്ടതാണെന്ന് ഉത്തമ ബോധ്യം ഏവരെയും ഭരിക്കട്ടെ.

85-ാം പുനരൈക്യ വാർഷികാഘോഷങ്ങൾ വിപുലമായ പരിപാടികളോടെയാണ് തിരുവല്ലാ അതിഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ സഭയൊന്നാകെ നിർവഹിക്കുന്നത്. 2015 സെപ്റ്റംബർ 19-ാം തീയതി ഉച്ചകഴിഞ്ഞ് വിവിധ ഭദ്രാസനങ്ങളിൽ നിന്നും എത്തിച്ചേരുന്ന വിളംബര ഘോഷയാത്രയോടും, ഛായാചിത്ര പ്രയാണത്തോടുംകൂടി 85-ാം പുനരൈക്യ വാർഷികാഘോഷങ്ങൾക്ക് തുടക്കം കുറിക്കും. 20-ാം തീയിതി രാവിലെ മുതൽ എം.സി.സി.എൽ, എം.സി.വൈ.എം., എം.സി.എ. എന്നീ സംഘടനകളുടെ നേതൃത്വത്തിൽ സെമിനാറുകൾ ഉണ്ടായിരിക്കും. തുടർന്ന് വൈകിട്ട് സുവിശേഷസംഘത്തിന്റെ നേതൃത്വത്തിൽ സുവിശേഷസന്ധ്യ നടക്കും. 21-ാം തീയതി ആഘോഷമായ വിശുദ്ധ സമൂഹബലി, വിശ്വാസ പ്രഘോഷണയാത്ര എന്നിവ നടത്തപ്പെടും.

നമ്മുടെ സംഗമവേദികളെല്ലാം വിശിഷ്യാ പുനരൈക്യവാർഷികം സഭ ആകമാനം ഊർജ്ജം സ്വീകരിക്കുന്ന വിശുദ്ധദിനമാണ്. വിശുദ്ധ കുർബ്ബാനയും ശുശ്രൂഷകളും പ്രബോധനവേദികളും ചർച്ചാ സമ്മേളനങ്ങളുമെല്ലാം ഈ കൂടിവരവിന്റെ വിശുദ്ധിക്ക് ശക്തി പകരുന്ന ഘടകങ്ങളാണ്. നാം ദൈവത്തിന്റെ പദ്ധതിപ്രകാരം വിശുദ്ധജനതയാകുന്നതിന് വിളിക്കപ്പെട്ടവരും അതിനാൽ

രക്ഷിതരുമെന്ന വിശ്വാസബോദ്ധ്യം ഈ ദിനം നമുക്ക് സമ്മാനിക്കട്ടെ. ഒരു സാമൂഹിക സംഗമം എന്നതിനു മുകളിൽ നമ്മെ നിലനിർത്തുന്ന ഈ ആത്മീയഭാവം ഇനി കൂടുതൽ നമ്മെ ഭരിക്കേണ്ടതുണ്ട്. പ്രാർത്ഥനയോടും ആത്മീയ ഒരുക്കത്തോടും കൂടെ പുനരൈക്യ വാർഷികാഘോഷങ്ങളിൽ നമുക്ക് ഉൾച്ചേരാം. തിരുവല്ലാ അതിരൂപതയിലെ തിരുമൂലപുരത്തു വച്ച് നടക്കുന്ന 85-ാം പുനരൈക്യ വാർഷിക സഭാസംഗമത്തിൽ വന്ന് സംബന്ധിക്കുന്നതിന് ഏവരെയും സ്നേഹപൂർവം ഞാൻ സ്വാഗതം ചെയ്യുന്നു. പ്രാർത്ഥനകൊണ്ടും സാന്നിദ്ധ്യംകൊണ്ടും വാർഷികാഘോഷത്തിന്റെ ചെലവിൽ സാമ്പത്തിക സഹകരണംകൊണ്ടും നിങ്ങളേവരും ഇതിൽ പങ്കാളികളാകണമെന്ന് ഹൃദയപൂർവം ഞാൻ ഓർമ്മിപ്പിക്കുന്നു.

കുടുംബ ജീവിതത്തെക്കുറിച്ചുള്ള വിചിന്തനത്തിനായി പരി. ഫ്രാൻസിസ് മാർപ്പാപ്പ വിളിച്ചുകൂട്ടുന്ന സുന്നഹദോസ് 2015 ഒക്ടോബർ 4 മുതൽ 25 വരെ റോമിൽ സമ്മേളിക്കുകയാണ്. മലങ്കര സുറിയാനി കത്തോലിക്കാസഭയെയും ഭാരത കത്തോലിക്കാ മെത്രാൻ സമിതി (സി.ബി.സി.ഐ)യെയും ഔദ്യോഗികമായി പ്രതിനിധീകരിച്ച് ഈ സുന്നഹദോസിൽ ഞാൻ സംബന്ധിക്കുന്നതാണ്. കേരള കാത്തലിക് ഫെഡറേഷൻ, കേരള കാത്തലിക് യൂത്ത് മൂവ്മെന്റ് (കെ.സി.വൈ.എം.), മലങ്കര കാത്തലിക് അസ്സോസിയേഷൻ (എം.സി.എ.) എന്നിവയുടെ പ്രസിഡന്റായി സേവനമനുഷ്ഠിച്ചിട്ടുള്ള പ്രൊഫ. ജേക്കബ് എം. ഏബ്രഹാമിനെ സുന്നഹദോസിലെ ഔദ്യോഗിക അംഗമായി പരിശുദ്ധ പിതാവ് നിയമിച്ചിട്ടുണ്ടെന്ന വിവരം സന്തോഷപൂർവം നിങ്ങളേവരെയും ഞാൻ അറിയിക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ നിന്ന് റോമിലെ സുന്നഹദോസിൽ ഇദംപ്രഥമമായി ഒരു അൽമായൻ സംബന്ധിക്കുന്നു എന്നത് നമുക്ക് ഏറെ അഭിമാനവും ആഹ്ലാദവും പകരുന്നു. സാർവത്രിക സഭയെ സംബന്ധിച്ച് ഏറെ പ്രാധാന്യമുള്ള ഒരു വിഷയം ചർച്ച ചെയ്യുന്ന സുന്നഹദോസിന്റെ ദൈവികമായ നടത്തിപ്പിനുവേണ്ടി നിങ്ങളേവരും പ്രാർത്ഥിക്കണമെന്ന് സ്നേഹ ത്തോടെ ഓർമ്മിപ്പിക്കുന്നു.

നിങ്ങളെ എല്ലാവരേയും ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ!

കർത്താവിൽ സ്നേഹപൂർവ്വം,

+Baselios Cleemis

✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

*N.B: ഈ സർക്കുലർ അടുത്തു വരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.*

### മലങ്കര സുറിയാനി കത്തോലിക്കാ സഭ

# സണ്ടേസ്കൂൾ ദിനം - 2015

## വിശ്വാസപരിശീലനത്തിന് വേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാന്റെ സന്ദേശം

ബഹു, വൈദികരേ, സന്യസ്തരേ, അധ്യാപകരേ, മാതാപിതാക്കളെ, പ്രിയ വിദ്യാർത്ഥികളെ,

ഏവർക്കും ത്രീയേകദൈവനാമത്തിൽ വന്ദനം!

2015 ആഗസ്റ്റ് മാസം 2-ാം തീയതി മലങ്കര സുറിയാനി കത്തോലിക്കാ സഭ സണ്ടേസ്കൂൾ ദിനമായി ആചരിക്കുകയാണല്ലോ. സഭയിൽ ഏറ്റവും പ്രാധാന്യമുള്ള ശുശ്രൂഷയാണ് വിശ്വാസത്തിന്റെ കൈമാറ്റ വേദിയായ സണ്ടേസ്കൂൾ. നമ്മുടെ സഭയുടെ വിശ്വാസസത്യങ്ങളും ആരാധനാ പാരമ്പര്യങ്ങളും തിരുവചനവും കൂദാശകളും ധാർമ്മികമൂല്യങ്ങളും ആത്മീയതയും സാമൂഹിക കാഴ്ചപ്പാടുകളും സഭാമക്കൾക്ക് അർത്ഥവത്തായി കൈമാറ്റം ചെയ്യപ്പെടേണ്ടത് സഭയുടെ കടമയും അവകാശവുമാണ്. ഈ ദൈവികദൗത്യത്തിന്റെ സന്ദേശം പങ്കുവയ്ക്കുവാനുള്ള സന്ദർഭമാണ് സണ്ടേസ്കൂൾ ദിനം.

അതിവേഗം മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നതും ഏറെ സങ്കീർണ്ണവുമായ ഈ ആധുനികകാലത്ത് നമ്മുടെ വിശ്വാസകൈമാറ്റം വളരെ വെല്ലുവിളികൾ നിറഞ്ഞ ദൈവവിളിയാണ്. വിശ്വാസ തീക്ഷ്ണതയും അറിവും പ്രതിബദ്ധതയും ഉള്ള അധ്യാപകരും മാതാപിതാക്കളും വൈദികരും സന്ന്യസ്തരും എല്ലാം ഉൾച്ചേർന്ന ഒരു കൂട്ടായ്മയുടെ സംഘാത്മകമായ പ്രവർത്തനത്തിലൂടെ ഈ ദൗത്യം നിർവഹിക്കേണ്ടിയിരിക്കുന്നു. ആയതിനാൽ നമ്മുടെ എല്ലാ ഇടവകകളും വിശ്വാസപരിശീലനവേദിയായ സണ്ടേസ്കൂൾ പ്രവർത്തനം ഏറ്റം പ്രാധാന്യമുള്ള ദൗത്യമായി ഏറ്റെടുക്കണം. സഭ മുഴുവനും അതീവജാഗ്രതയിലും സമർപ്പണബോധത്തിലും ദൈവകൃപയുടെ നിറവിലും ഈ ശുശ്രൂഷയിൽ പങ്കുചേരുവാൻ ആഹ്വാനം ചെയ്യുന്നു.

വിശ്വാസപരിശീലനത്തിന്റെ പ്രാധാന്യം നമ്മുടെ സഭയിലെ കുട്ടികളെയും അധ്യാപകരെയും മാതാപിതാക്കന്മാരെയും നിരന്തരമായി ഉണർത്തുകയും ജ്വലിപ്പിക്കുകയും ചെയ്യേണ്ടതാണ്. നമ്മുടെ വരുംതലമുറയ്ക്ക് നൽകാവുന്ന ഏറ്റവും വലിയ ദാനവും സമ്പത്തും ദൈവവിശ്വാസവും അതോടുചേർന്ന സ്വഭാവരൂപീകരണവുമാണ്. ഈ ദൗത്യവും അവബോധവും കൂടുതലായി വളർത്തുവാൻ നമുക്ക് ശ്രമിക്കാം. ഭൗതികതയുടെ അടിമത്തത്തിലും ആധിപത്യത്തിലും ചലിക്കുന്ന ഈ ലോകചിന്തകൾക്ക് വിപരീതമായി ദൈവമക്കൾക്കടുത്ത രീതിയിൽ ചിന്തിക്കുവാനും ജീവിക്കുവാനും സഹായിക്കുന്ന പ്രചോദനവേദിയായി മലങ്കര സുറിയാനി

കത്തോലിക്കാസഭ സണ്ടേസ്കൂൾ ദിനം തീരട്ടെ. വിശുദ്ധ അപ്പസ്തോലന്മാരുടെ അരൂപിയിൽ വിശ്വാസകൈമാറ്റമെന്ന ദൗത്യം ഒരു ദൈവികവിളിയും ദൗത്യവുമെന്ന നിലയിൽ നമുക്കും ഹൃദയത്തോട് ചേർത്ത് പ്രാർത്ഥനാനിയോഗമായി സമർപ്പിക്കാം. വിവിധ ഭദ്രാസനങ്ങളിൽ വിവിധ രീതിയിൽ നടത്തപ്പെടുന്ന സണ്ടേസ്കൂൾ ദിനാഘോഷം അനുഗ്രഹപ്രദമായി തീരട്ടെ.

നമ്മുടെ എല്ലാ ഭദ്രാസനങ്ങളിലും വിശ്വാസപരിശീലന വിഭാഗം വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്നതിൽ ഏറെ സന്തോഷമുണ്ട്. ഈ ദൈവികദൗത്യത്തിൽ പങ്കുചേരുന്ന എല്ലാവർക്കും സഭയുടെ നാമത്തിൽ നന്ദിയും അനുമോദനങ്ങളും അറിയിക്കുന്നു. കൂടുതൽ ഫലപ്രദമായി വിശ്വാസപരിശീലന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുവാൻ ഏവരെയും സ്നേഹപൂർവം ആഹ്വാനം ചെയ്യുന്നു. മലങ്കര കത്തോലിക്കാസഭയുടെ വിശ്വാസപരിശീലനത്തിന്റെ സിനഡൽ കമ്മീഷൻ സെക്രട്ടറിയായി തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ റവ. ഡോ. ജോർജ്ജ് തോമസ് കൊച്ചുവിളയിൽ നിയമിതനായി. സണ്ടേസ്കൂളിന്റെ പ്രായോഗികപ്രവർത്തനവേദിയും സംഘടനാസംവിധാനവുമായ മലങ്കര കാത്തലിക് ചിൽഡ്രൻസ് ലീഗ് നമ്മുടെ എല്ലാ ഇടവകകളിലും കൂടുതൽ പ്രവർത്തനോന്മുഖമാക്കുവാൻ ശ്രമിക്കേണമെ. മൂവാറ്റുപുഴ ഭദ്രാസനാംഗമായ റവ. ഫാ. സജി അറയ്ക്കൽ എം.സി.സി.എൽ-ന്റെ സഭാതല ഡയറക്ടറായി പ്രവർത്തിക്കുന്നു.

ഈ വർഷവും പുനരൈക്യവാർഷികത്തോടനുബന്ധിച്ച് സണ്ടേസ്കൂൾ കുട്ടികളുടെ സംഗമം തിരുവല്ലായിൽ വച്ച് നടത്തുന്നു. സെപ്റ്റംബർ മാസം 20-ാം തീയതി ഞായറാഴ്ച രാവിലെ 9.00 മണി മുതൽ ആരംഭിക്കുന്ന എം.സി.സി.എൽ സംഗമത്തിൽ സണ്ടേസ്കൂൾ കുട്ടികളും അധ്യാപകരും പങ്കുചേരണമേ.

നമ്മുടെ സഭാകേന്ദ്രകാര്യാലയമായ കാതോലിക്കേറ്റ് സെന്ററിൽ വിശ്വാസപരിശീലനത്തിനുള്ള ഒരു പ്രത്യേക ഓഫീസ് സജ്ജമായിരിക്കുന്നു എന്നറിയിക്കുവാൻ സന്തോഷമുണ്ട്. സണ്ടേസ്കൂൾ പാഠപുസ്തകങ്ങൾ കാതോലിക്കേറ്റ് സെന്ററിൽനിന്നും ലഭ്യമാണ്.

നമ്മുടെ സണ്ടേസ്കൂളിന്റെയും എം.സി.സി.എൽ. ന്റെയും പ്രവർത്തനങ്ങളിൽ എല്ലാവരുടെയും സജീവമായ പങ്കാളിത്തവും സഹകരണവും പ്രോത്സാഹനവും പ്രാർത്ഥനയും അഭ്യർത്ഥിക്കുന്നു. നാം ദൈവമക്കളായി തീരുവാൻ നമ്മെ പഠിപ്പിച്ച ഏവരേയും വിശിഷ്യാ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയെയും അനുസ്മരിക്കാം. എല്ലാ ദൈവിക അറിവുകളുടെയും ഉറവിടമായ പരിശുദ്ധാത്മാവിന്റെ കൃപാദാനങ്ങൾ നമുക്ക് അപേക്ഷിക്കാം.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ,

+ Mar Stephanos

**✠ഫിലിപ്പോസ് മാർ സ്തേഫാനോസ്**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
വിശ്വാസ പരിശീലന സുന്നഹദോസ് കമ്മീഷൻ ചെയർമാൻ

20.07.2015
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

---

N.B. ഈ സർക്കുലർ സണ്ടേസ്ക്കൂൾ ദിനമായ ആഗസ്റ്റ് 2-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.

**THE SYRO-MALANKARA CATHOLIC CHURCH**

# Sunday School Day - 2015

## Message from the Chairman of the Synodal Commission for Faith Formation

Dear Reverend Fathers, reverend Sisters, teachers, parents and beloved students,

Greetings to all in the name of the Triune God!

The Syro-Malankara Catholic Church celebrates Sunday School Day on 2 August 2015. The catechism, the platform for the transmission of faith, is the most important ministry in the Church. It is the right and duty of the Church to transmit meaningfully the dogmas, the liturgical traditions, the Word of God, the sacraments, the moral values, the spiritual traditions and the social vision. The Sunday School Day is an occasion to share the message of this divine mission.

The modern age, in which change is fast and complex, the divine call to transmit our faith is so challenging. This mission should be actualized through a common activity which includes the teachers, parents, priests and religious who are zealous in faith and have deep knowledge and commitment. Hence, all our parishes should undertake all the activities of faith formation, the Sunday school, as an important responsibility. The whole Church is urged to partake in this ministry with great enthusiasm and divine grace.

We should continuously awaken and enlighten in all the students, teachers and parents the importance of faith formation. The divine faith and the character formation that goes with it are the greatest gifts and riches that can be handed over to our coming generation. Let us try to inculcate this mission and awareness. May the Sunday School Day of the Syro-Malankara Catholic Church become an inspiring occasion to think and live as the children of God against the world moved by the slavery and domination of materialism! As at the apostolic times, the divine call for and duty of transmitting the faith shall be kept up in our hearts as a prayer intention. May the various celebrations of the Sunday School Day in the different Eparchies be a blessing!

It is a matter of joy that the departments of faith formation in all our Eparchies are functioning effectively. I place on record the gratitude and appreciation of the Church to all those who engage in this divine mission. I urge all whole-heartedly to carry out the activities of faith formation more fruitfully. Rev. Dr George Thomas Kochuvilayil, from the Major Archieparchy of Trivandrum is appointed the Secretary to the Synodal Commission for Faith Formation of the Syro-Malankara Catholic Church. The activities of the Malankara Catholic Children's League (MCCL), the practical platform and the official association of the Sunday School shall be made active in all our parishes. Rev. Fr Saji Arackal, from the Eparchy of Muvattupuzha, is working as the Director of the MCCL.

This year also, at the anniversary celebrations of the Reunion, the 'Sunday School Students' *Sanghamam'* will be held at Tiruvalla. The students and teachers should participate in the MCCL *Sanghamam* which begins at 9 am on Sunday, 20 September 2015.

I am happy to inform you that the office for the Synodal Commission for Faith Formation has started to function in our Major Archiepiscopal Curia at the Catholicate Centre. The text books of catechism are available in the Catholicate Centre.

I request all, your active participation, co-operation, encouragement and prayer for the work of Sunday School and MCCL. Let us remember all who taught us, especially the Servant of God Mar Ivanios, to be the children of God. Let us pray for the grace of the Holy Spirit, the source of all divine wisdom.

May God bless you abundantly!

Sd/-

✠ **Philipose Mar Stephanos**
Chairman, Synodal Commission for Faith Formation

25.07.2015
Catholicate Centre, Pattom
Thiruvananthapuram

---

N.B. :This circular should be read in all our churches, mission centres and centres of worship during the Holy Qurbono on Sunday, 2 August 2015.

## മലങ്കര സുറിയാനി കത്തോലിക്കാ സഭ

# യുവജനദിനം–2015

### യുവജനങ്ങൾക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാൻ മോസ്റ്റ് റവ. വിൻസന്റ് മാർ പൗലോസ് മെത്രാപ്പോലീത്തായുടെ സന്ദേശം

*"ജീവനുള്ളവയെ സ്നേഹിക്കുന്ന കർത്താവേ, സർവവും അങ്ങയുടേതാണ്. അങ്ങ് അവയോട് ദയ കാണിക്കുന്നു" (ജ്ഞാനം 11:26).*

ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, എന്റെ പ്രിയമുള്ള യുവജനസുഹൃത്തുക്കളെ,

എല്ലാ വർഷത്തെയും യുവജനദിനാഘോഷം നീതിയും നന്മയുമുള്ള ഒരു സമൂഹത്തെ കെട്ടിപടുക്കുന്നതിനും യുവജനങ്ങളുടെ പങ്കിനെക്കുറിച്ച് ചിന്തിക്കുന്നതിനും നമ്മെ സഹായിക്കുകയും മുന്നിലുള്ള വെല്ലുവിളികളെ നേരിടുന്നതിന് അവർ സജ്ജരാകുവാൻ ആഹ്വാനം ചെയ്യുകയും ചെയ്യുന്നു. സാർവത്രിക സഭ ഒക്ടോബർ 4–ാം തീയതി വിശുദ്ധ ഫ്രാൻസിസ്സ് അസ്സീസിയുടെ തിരുനാളായി ആഘോഷിക്കുന്ന ദിവസംതന്നെ മലങ്കര സുറിയാനി കത്തോലിക്കാ സഭ യുവജനദിനമായി ആഘോഷിക്കുന്നു. ഈ അവസരത്തിൽ എല്ലാ യുവജനസുഹൃത്തുക്കൾക്കും ഏറ്റം സന്തോഷത്തോടും പ്രത്യാശയോടുകൂടെ എല്ലാ ആശംസകളും നേരുന്നു. പ്രത്യേകിച്ച്, യുവജന ശുശ്രൂഷയിൽ പങ്കാളികളായി പ്രവർത്തിക്കുന്ന എല്ലാ ബഹു. വൈദികർ, സിസ്റ്റേഴ്സ്, അല്മായ പ്രതിനിധികൾ എന്നിവരെയും എന്റെ ആശംസകൾ അറിയിക്കുന്നു.

മലങ്കര സുറിയാനി കത്തോലിക്കാ സഭ വളരെ പ്രതീക്ഷയോടുകൂടിയാണ് അവളുടെ യുവജനങ്ങളെ നോക്കികാണുന്നത്. സഭയുടെ ഭാവി മാത്രമല്ല, വർത്തമാന കാലവും അവരുടെ കൈകളിലാണെന്ന് സഭ തിരിച്ചറിയുന്നു. ആറാമത് ഏഷ്യൻ യുവജനദിനത്തിലെ സമാപന സന്ദേശത്തിൽ ഈ കാലഘട്ടത്തിലെ സഭയിൽ യുവജനങ്ങൾക്കുള്ള പങ്കിനെക്കുറിച്ച് പരി. പിതാവ് ഫ്രാൻസിസ് മാർപാപ്പാ വളരെ വ്യക്തമായി പറഞ്ഞു: 'യുവജനങ്ങൾ എന്നനിലയിൽ, ഉദ്യോഗസ്ഥരോ, വിദ്യാർത്ഥികളോ, ഔദ്യോഗിക ജീവിതത്തിലേക്ക് കടന്നവരോ അല്ലെങ്കിൽ വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്നവരോ, സന്യസ്തരോ, വൈദികരോ, ആരുമാകട്ടെ, നിങ്ങൾ, സഭയുടെ ഭാവി ഭാഗധേയം നിർണയിക്കുന്നവർ മാത്രമല്ല, പിന്നെയോ ഇന്നത്തെ സഭയുടെ ഒഴിച്ചുകൂടാനാകാത്തതും പ്രിയപ്പെട്ടതുമായ ഒരു ഭാഗം കൂടിയാണ്. നിങ്ങൾ ഇന്നത്തെ സഭയാണ്". നമ്മൾ തീർത്ഥാടകരാണ്. നമ്മുടെ ഈ തീർത്ഥാടനത്തിൽ ലക്ഷ്യമാണ് പ്രാധാന്യം അർഹിക്കുന്നത്. പരമമായ ലക്ഷ്യത്തിലേക്ക്

നടന്നു നീങ്ങുമ്പോഴും, നാം മുഴുവനായി ജീവിക്കുന്നത് വർത്തമാനകാലത്താണ്. ക്രിസ്തുവിന്റെ സാക്ഷികളായി ഇപ്പോഴിവിടെ ജീവിക്കുവാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്.

**ധ്രുത സംസ്ക്കാരം** (Instant Culture)

നാം ഇന്ന് ജീവിക്കുന്ന സാങ്കേതികവും ആഗോളവത്കൃതവുമായ സമൂഹം വ്യാപിപ്പിക്കുന്ന, പെട്ടെന്നുള്ള സംതൃപ്തിക്കുവേണ്ടിയുള്ള ഒരു സ്വയം-കേന്ദ്രീകൃത സംസ്ക്കാരത്തെയാണ് **ധ്രുത സംസ്ക്കാരം** എന്ന് വിളിക്കുന്നത്. ഇതിന്റെ വരവോടുകൂടി, ഒരു പ്രത്യേക പ്രദേശത്തെ പ്രത്യേക ജനതയുടെ ജീവിതരീതി എന്ന സംസ്ക്കാരത്തെക്കുറിച്ചുള്ള സങ്കല്പം കാലത്തിന് അനുയോജ്യമല്ലാത്തതായി ത്തീർന്നു; സംസ്ക്കാരത്തിന്റെ ഉപഗണമായി നിൽക്കുന്ന ഭാഷ, ആശയവിനിമയം, ആചാരമര്യാദകൾ, അനുഷ്ഠാനങ്ങൾ, കർത്തവ്യങ്ങൾ, ആചാരങ്ങൾ, ശീലങ്ങൾ, മൂല്യങ്ങൾ, ചിന്തകൾ, പരസ്പര സമ്പർക്കം എന്നിവയും ഇതിനോട് ചേർത്തുവയ്ക്കാവുന്നതാണ്. ക്ഷമയും സ്ഥിരതയും ഈ സംസ്ക്കാരത്തിന് തികച്ചും അന്യമാണ്. 'touch' എന്ന വാക്കിന് ചുറ്റുമാണ് എല്ലാം സഞ്ചരിക്കുന്നത്. നമ്മുടെ ശ്രദ്ധയുടെ ദൈർഘ്യം ('Span of attention') വളരെ കുറവാണ്, ഏകാഗ്രത അസാധ്യമായിരിക്കുന്നു. ഇത് നമ്മെ അടിമകളാക്കി കമ്പോളവല്ക്കരിക്കുന്നു. യഥാർത്ഥത്തിൽ മാനുഷികമോ ദൈവികമായതോ എന്തും ഇതിന് അന്യമാണ്.

ഈ ലോകത്തിലെ വിവിധ സംസ്ക്കാരങ്ങളുടെ മൂല്യങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാട് നഷ്ടപ്പെടുത്താതെ, കത്തോലിക്കാ വിശ്വാസത്തിന് യോജിക്കാത്തവയെ വിവേചിച്ചറിയുകയും, സമകാലീന സംസ്ക്കാരത്തിന്റെ അധാർമികവും ദുഷിച്ചതുമായ ഘടകങ്ങളെ തിരിച്ചറിഞ്ഞ് അവർ അതിൽനിന്നും അകന്നുനിൽക്കുകയും വേണം. പരി. ഫ്രാൻസിസ് മാർപാപ്പാ പറഞ്ഞു: "ജീവിതത്തിലെ ഈ കാലഘട്ടത്തിന്റെ പ്രത്യേകതകളായ ശുഭാപ്തി വിശ്വാസം, ഊർജ്ജം, സൗമനസ്യം എന്നിവ കൊണ്ട് നിങ്ങളും നിങ്ങളുടെ സുഹൃത്തുകളും നിറയപ്പെട്ടിരിക്കുന്നു. യേശുക്രിസ്തു നിങ്ങളുടെ ശുഭാപ്തി വിശ്വാസത്തെ ക്രിസ്തീയ പ്രത്യാശയായും, നിങ്ങളുടെ ഊർജ്ജത്തെ ധാർമിക പുണ്യമായും, നിങ്ങളുടെ സൗമനസ്യത്തെ സ്വയ-പരിത്യാഗ സ്നേഹമായും മാറ്റട്ടെ! ഈ വഴി സ്വായത്തമാക്കാനാണ് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്. ഈ വഴി, നിങ്ങളുടെ ജീവിതത്തിലും സംസ്ക്കാരത്തിലുമുള്ള പ്രത്യാശയ്ക്കും, പുണ്യത്തിനും സ്നേഹത്തിനും വെല്ലുവിളിയായിരിക്കുന്ന സകലതിനെയും മറികടക്കുന്നു. ഇപ്രകാരം നിങ്ങളുടെ യുവത്വം യേശുക്രിസ്തുവിനും ലോകത്തിനുമുള്ള സമ്മാനമായിരിക്കും.(Homily, Sixth Asian Youth Day)

**സംരക്ഷണത്തിന്റെ സംസ്ക്കാരം**

അർത്ഥവത്തായ ഒരു ജീവിതം ജീവിക്കുന്നതിനുവേണ്ടി സ്വയ-സംതൃപ്തിയുടെ ഇൻസ്റ്റന്റ് സംസ്ക്കാരത്തിൽനിന്നും പരസ്പര സംരക്ഷണത്തിന്റെ നല്ലൊരു ലോകം കെട്ടിപടുക്കുവാൻ കഴിയുന്ന സംസ്ക്കാരത്തിലേക്ക് നമ്മൾ മാറേണ്ടതുണ്ട്. സംരക്ഷണത്തിന്റെ സംസ്ക്കാരം രൂപീകരിക്കുന്നതിനും, പരിസ്ഥിതി ആദ്ധ്യാത്മികത കെട്ടിപടുക്കുന്നതിനും നമ്മെത്തന്നെ പൊതു നന്മയ്ക്കുവേണ്ടി സമർപ്പിക്കുവാൻ പരി. ഫ്രാൻസിസ് മാർപാപ്പാ, അദ്ദേഹത്തിന്റെ *Laudato Si* എന്ന ചാക്രികലേഖനത്തിലൂടെ നമ്മെ ക്ഷണിക്കുന്നു. ഇക്കാരണത്താൽ, നാം ആരംഭിക്കേണ്ട നാലുവിധത്തിലുള്ള സംരക്ഷണത്തെ സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

**1. വ്യക്തിപരമായ വിശുദ്ധിയുടെ സംരക്ഷണം**

യേശു ഭക്തരെയല്ല അന്വേഷിക്കുന്നത്; പ്രേഷിത ശിഷ്യരെയാണ് അവിടുത്തേക്ക് ആവശ്യം. നാം രക്ഷിക്കപ്പെടുമ്പോൾ, അപരിഷ്കൃതമായ താൽപര്യങ്ങളിൽനിന്നും, പ്രവർത്തനങ്ങളിൽനിന്നും രക്ഷിക്കപ്പെടുകയും, വിശുദ്ധിയുടെ ജീവിതത്തിലേക്ക് വിളിക്കപ്പെടുകയും ചെയ്യുന്നു.വിശുദ്ധിയിലേക്കുള്ള ഈ വിളി വി. പത്രോസിന്റെ ഒന്നാംലേഖനം 1-ാം അദ്ധ്യായത്തിന്റെ 14 മുതൽ 16 വരെയുള്ള വാക്യങ്ങളിൽ പ്രദിപാദിക്കുന്നുണ്ട്. "മുൻകാലത്ത് നിങ്ങൾക്കുണ്ടായിരുന്ന അജ്ഞതയുടെ വ്യാമോഹങ്ങളോട്, അനുസരണയുള്ള മക്കളെന്നനിലയിൽ, നിങ്ങൾ അനുരൂപപ്പെടാതിരിക്കുവിൻ. മറിച്ച്, നിങ്ങളെ വിളിച്ചവൻ പരിശുദ്ധനായിരിക്കുന്നപോലെ, എല്ലാപ്രവൃത്തികളിലും നിങ്ങളും പരിശുദ്ധരായിരിക്കുവിൻ".; ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ; എന്തെന്നാൽ, ഞാൻ പരിശുദ്ധനാണ്". ലേവ്യരുടെ പുസ്തകം 19-ാം അദ്ധ്യായത്തിൽ വിശുദ്ധിയെ നിർവചിച്ചിരിക്കുന്നത് ആചാരപരമായി അശുദ്ധമെന്നു മുദ്രകുത്തപ്പെട്ടവയെ ഒഴിവാക്കുന്നതിലൂടെ മാത്രമല്ല, അതിലുപരിയായി, ഒരാൾ തന്റെ മാതാപിതാക്കളോടുള്ള ബഹുമാനം (19:3) ദരിദ്രരോടുള്ള ഔദാര്യം (9-10), സത്യസന്ധത (19:11), നീതി (19:11-18), അയൽക്കാരനോടുള്ള സ്നേഹം (19:17-18) എന്നിവയുടെയും അടിസ്ഥാനത്തിലാണ്. മനുഷ്യ സ്വഭാവത്തിലും ദൈവം നൽകിയിരിക്കുന്ന എല്ലാ നിയമത്തിലും ഈ വിശുദ്ധി വ്യാപിച്ചുകിടക്കുന്നു. നാം ചെയ്യുന്ന എന്തിനെയും സ്വാധീനിക്കുന്ന ഒരു ജീവിതരീതിയാണ് വിശുദ്ധി. ഒരു കൂട്ടം നിയമങ്ങളോടു അനുരൂപപ്പെടുന്നതിലുപരി, ഇത് ഒരു ജീവിതരീതിയാണ്. ഈ ജീവിതരീതി പരിപോഷിപ്പിക്കപ്പെടുന്നത് ദൈവവചനത്തിലൂടെയും, ആരാധനയിലുള്ള സജീവ പങ്കാളിത്തത്തിലൂടെയും, കൗദാശിക ജീവിതത്തിലൂടെയും മറ്റ് വിശ്വാസാനുഷ്ഠാനങ്ങളിലൂടെയുമാണ്.

**2. ക്രിസ്തുവിനെ അറിയാത്തവരോടുള്ള കരുതൽ**

*Evangelii Nuntianti* എന്ന അപ്പസ്തോലിക ലേഖനത്തിൽ, ആധുനിക ലോകത്തിന്റെ സുവിശേഷകരാകാൻ യുവജനങ്ങളെ പോൾ ആറാമൻ മാർപാപ്പാ ക്ഷണിക്കുന്നു. "മുൻകാലങ്ങളിൽ എന്നപോലെ ഇന്നും സുവിശേഷവും മാനവസംസ്കാരവും തമ്മിലുള്ള ഭിന്നത കാലഘട്ടത്തിന്റെ ഒരു പ്രതിഭാസമാണ്. തന്മൂലം സംസ്കാരങ്ങളുടെ പൂർണമായ സുവിശേഷവത്കരണം സാധിക്കുന്നതിനുള്ള ശ്രമങ്ങൾ ആവശ്യമായിരിക്കുന്നു. സുവിശേഷത്തിന്റെ ആഭിമുഖ്യത്തിൽ അവ പുനരുദ്ധരിക്കപ്പെടണം" (EN 20). സഭയുടെയുടെ സ്വഭാവത്തിന്റെയും ഓരോ ക്രിസ്തീയ വിശ്വാസിയുടെയും വ്യവസ്ഥാപിത ഘടകമാണ് പ്രേഷിതതലം. പുനരൈക്യപ്രസ്ഥാനത്തിന്റെ ശില്പി, ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി ഇന്ത്യ മുഴുവൻ സുവിശേഷത്തിന്റെ വെളിച്ചം പകരുവാൻ ആഗ്രഹിച്ചു. അദ്ദേഹത്തിന്റെ ചിരകാല ആഗ്രഹംപോലെ, ഇപ്പോൾ നമുക്കെല്ലാവർക്കുംവേണ്ടി ആ വാതിൽ തുറക്കപ്പെട്ടിരിക്കുന്നു. ഇന്ത്യ മുഴുവനുമുള്ള അധികാരാതിർത്തിയുടെ പുതിയ സഭാഘടനയുടെ രൂപീകരണത്തോടൊപ്പം, ആധുനിക സുവിശേഷകരാകാനുള്ള ബുദ്ധിമുട്ടേറിയതും എന്നാൽ ആവശ്യവുമായ കർത്തവ്യത്തെ സഭ യുവജനങ്ങൾക്കുമുമ്പിൽ സമർപ്പിക്കുകയാണ്. സുവിശേഷം പ്രഘോഷിക്കുക എന്ന യേശുവിന്റെ മഹത്തായ കല്പന ഇന്നും നമ്മെ മാടിവിളിക്കുന്നു: "ആകയാൽ, നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവി

ന്റെയും നാമത്തിൽ അവരെ സ്നാനപ്പെടുത്തുവിൻ" (മത്താ 28:19). "സാക്ഷ്യം വഴിയാണ് സർവോപരി സുവിശേഷം പ്രഖ്യാപിക്കപ്പെടേണ്ടത്. സമൂഹത്തിൽ വസിക്കുന്ന ഒരു ക്രൈസ്തവനെയോ ഏതാനും ക്രൈസ്തവരെയോ ഉദാഹരണമെടുക്കുക. പരസ്പരധാരണയിലും അംഗീകാരത്താലും ജീവിത ഭാഗഭാഗിത്വത്തിലും പൊതു ലക്ഷ്യപ്രാപ്തിക്കുവേണ്ടിയുള്ള ശ്രമങ്ങളിലും അവർ തങ്ങളുടെ കഴിവുകൾ മറ്റുള്ളവരുടെ ഇടയിൽ എങ്ങനെ കൈകാര്യം ചെയ്യുന്നുവെന്ന് പരിശോധിക്കുക. നല്ലതും ശ്രേഷ്ഠവുമായ എല്ലാ സംരഭങ്ങളിലും അവർ മറ്റുള്ളവരോട് തോളോടുതോൾ ചേർന്ന് പരിശ്രമിക്കുന്നുണ്ടോ? മൂല്യനിർണയത്തിൽ തികച്ചും ലളിതവും കോട്ടംതട്ടാത്തതുമായ രീതിയിൽ അവർ തങ്ങളുടെ വിശ്വാസത്തിന് പ്രാധാന്യം കല്പിച്ചുപോരുന്നുണ്ടോ?" (EN 21). യേശുവിന്റെ വിളി നമുക്ക് ഹൃദയത്തിൽ സ്വീകരിച്ച് നമ്മുടെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും അവന് സാക്ഷ്യം നൽകാം.

### 3. ദരിദ്രരുടെയും നിരാംലബരുടെയും സംരക്ഷണം

"ദരിദ്രരെ ഞെരുക്കുന്നവൻ സ്രഷ്ടാവിനെ നിന്ദിക്കുന്നു. പാവപ്പെട്ടവരോട് ദയ കാണിക്കുന്നവൻ അവിടുത്തെ ബഹുമാനിക്കുന്നു" (സുഭാ 14:31). മറ്റുള്ളവരെ ശുശ്രൂഷിക്കുകയും ദരിദ്രരെ സംരക്ഷിക്കുകയും ചെയ്യുന്നത് നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കണം. ദരിദ്രരോടും രോഗികളോടും വളരെ ഔദാര്യപൂർവമായ ഹൃദയമാണ് പരി. പിതാവ് ഫ്രാൻസിസ് മാർപാപ്പായ്ക്കുള്ളത്. ദരിദ്രരെയും രോഗികളെയും സംരക്ഷിക്കുന്നതുവഴിയായി ക്രിസ്തുവിനെ കണ്ടുമുട്ടുവാനും സാധ്യമാണ്. നമ്മുടെ സഹോദരീ-സഹോദരന്മാരിൽ, പ്രത്യേകിച്ച് എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട ദരിദ്രർ, വിശക്കുന്നവർ, ദാഹിക്കുന്നവർ, അപരിചിതർ, രോഗികൾ, തടവറയിൽ കഴിയുന്നവർ (cf മത്താ 25:31-46) എന്നിവരിലും ദൈവത്തെ കാണാൻ സാധിക്കും. തന്നെ അനുഗമിക്കുവാൻ ആഗ്രഹിച്ച യുവാവിനോട് യേശു പറഞ്ഞു: "നീ പൂർണനാകാൻ ആഗ്രഹിക്കുന്നെങ്കിൽ, പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക. അപ്പോൾ സ്വർഗത്തിൽ നിനക്കു നിക്ഷേപമുണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്കുക. എന്നാൽ ഈ വചനംകേട്ട് ആ യുവാവ് ദുഃഖിതനായി തിരിച്ചുപോയി; എന്തെന്നാൽ അവന് വളരെയേറെ സമ്പത്തുണ്ടായിരുന്നു" (മത്താ 19:21-22). യേശുവിനെ ആത്മാർത്ഥമായി അനുഗമിക്കുവാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ, ദരിദ്രരെ സംരക്ഷിക്കുന്നത് പ്രധാനപ്പെട്ടതായി തോന്നിയെങ്കിൽ, നമുക്കും ഇത് പ്രധാനപ്പെട്ടതാണ്. യേശുവിന്റെ സമർപ്പിത ശിഷ്യരെന്ന നിലയിൽ, ദരിദ്രർക്കുവേണ്ടി പ്രവർത്തിക്കുവാനും അവർക്കുവേണ്ടി നിലകൊള്ളുവാനും നമ്മുടെ വിശ്വാസം നമ്മെ പ്രചോദിപ്പിക്കുന്നു.

### 4. പൊതുഭവനത്തിന്റെ സംരക്ഷണം

കാലാവസ്ഥയുടെ അപകടകരമായ താപനം, വെള്ളത്തിന്റെ ദൗർലഭ്യത, ജൈവവൈവിധ്യത്തിന്റെ നഷ്ടം, മനുഷ്യന്റെ ജീവിതനിലവാരത്തകർച്ച എന്നിവയാണ് ഇപ്പോഴത്തെ തലമുറ നേരിടുന്ന വെല്ലുവിളികളിൽ ചിലത്. ഇന്ന് നമ്മുടെ ഫലഭൂയിഷ്ഠമായ ഭൂമി വലിച്ചെറിയൽ സംസ്ക്കാരം ഉല്പാദിപ്പിച്ച ഡിജിറ്റൽ മാലിന്യങ്ങളാൽ ചുറ്റപ്പെട്ടിരിക്കുന്നു. നമ്മുടെ സമ്പുഷ്ടമായ പ്രകൃതിയെ കുറച്ചുപേർ അവരുടെ സ്വാർത്ഥപരമായ താല്പര്യങ്ങൾക്കുവേണ്ടി ചൂഷണം ചെയ്യുന്നു, ധാരാളം പേർ ഒന്നുമില്ലാത്തവരായി അവശേഷിക്കുന്നു. ഇത് ഉറപ്പില്ലാത്തതും അനിശ്ചിതവുമായ ഭാവിയിലേക്ക് തീർച്ചയായും നമ്മെ നയിക്കും. അതുകൊണ്ട്, മനുഷ്യന്റെ

വർത്തമാന-ഭാവി ജീവിതത്തിന് പ്രകൃതി സംരക്ഷണം വളരെ പ്രധാനപ്പെട്ടതാണ്. പരിസ്ഥിതി പ്രശ്നത്തിന്റെ ഈ വസ്തുതകൾ മനസിലാക്കികൊണ്ട്, നമ്മുടെ പൊതു ഭവനത്തിന്റെ സംരക്ഷണം ഭാവിതലമുറയ്ക്ക് എപ്രകാരം ആഘാതമാകുമെന്ന് *Laudato Si* എന്ന ചാക്രികലേഖനത്തിൽ പരി. ഫ്രാൻസിസ് മാർപാപ്പാ മുഴുവൻ ലോകത്തെയും അഭിസംബോധന ചെയ്തുകൊണ്ട് വിവരിക്കുന്നു. ആഴമായ ആന്ത രിക മാനസാന്തരത്തിനായ് ആഹ്വാനം ചെയ്യുന്ന പരി. പിതാവ്, എല്ലാവരോടും കരുതലോടും വരും തലമുറയോടുള്ള മുൻവിധി കൂടാതെയും ജീവിക്കുവാൻ ഉദ്ബോ ധിപ്പിക്കുന്നു. സൃഷ്ടിയുടെ സംരക്ഷകരായിക്കുന്നതിനുള്ള നമ്മുടെ വിളി ഉറപ്പി ക്കുന്നതിനും സൃഷ്ടിയുടെ സംരക്ഷണത്തിന് ദൈവത്തിന്റെ സഹായം അപേക്ഷി ക്കുന്നതിനുമായി എല്ലാ വർഷവും സെപ്തംബർ 1 "സൃഷ്ടിയുടെ സംരക്ഷണ ത്തിനുവേണ്ടിയുള്ള ലോകപ്രാർത്ഥനാ ദിനം" ആചരിക്കുവാൻ പരി. പിതാവ് തീരു മാനിച്ചു. നാം ജീവിക്കുന്ന ലോകത്തിനെതിരായി ചെയ്ത അധർമ്മത്തിന് മാപ്പ് ചോദിക്കുവാനുള്ള ഒരു അവസരമായിരിക്കും ഇത്. സ്വാഭാവിക പരിസ്ഥിതി ഒരു പൊതുനന്മയും, മനുഷ്യസമൂഹത്തിന്റെ പിതൃസ്വത്തും, ഇതിനെ പരിരക്ഷിക്കുക എന്നത് എല്ലാവരുടെയും ഉത്തരവാദിത്തവുമാണ്.

അതുകൊണ്ട്, പരസ്പര കരുതലിന്റെ ചെറിയ പ്രവൃത്തികൾകൊണ്ട് കവി ഞ്ഞൊഴുകുന്ന സ്നേഹത്തിന്റെ ഒരു സംസ്ക്കാരം സൃഷ്ടിക്കുവാൻ പരി. പിതാവ് നമ്മോട് ആവശ്യപ്പെടുന്നു."സമൂഹത്തോടുള്ള സ്നേഹവും പൊതുനന്മയോടുള്ള പ്രതിബദ്ധതയും ഉപവിയുടെ ശ്രദ്ധേയമായ ആവിഷ്ക്കാരങ്ങളാണ്. ആ ഉപവി വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങളെ മാത്രമല്ല, സാമൂഹികവും, സാമ്പത്തികവും രാഷ്ട്രീയവുമായ വിശാലതലങ്ങളെയും ബാധിക്കുന്നു. അതുകൊണ്ടാണ് സഭ ലോകത്തിന്റെമുമ്പിൽ ഒരു സ്നേഹ നാഗരികതയുടെ ആദർശം അവതരിപ്പിച്ചത്. സാമൂഹിക സ്നേഹം യഥാർത്ഥ വികസനത്തിനുള്ള താക്കോലാണ്. "സമൂഹത്തെ കൂടുതൽ മാനുഷികമാക്കാൻ മനുഷ്യവ്യക്തിയെ സംബന്ധിച്ച് കൂടുതൽ യോഗ്യ തയുള്ളതാക്കാൻ, സാമൂഹ്യവും രാഷ്ട്രീയവും സാമ്പത്തികവും സാംസ്ക്കാരിക വുമായ ജീവിതത്തിലെ - സ്നേഹത്തിന് എല്ലാ പ്രവർത്തനത്തിനുമുള്ള സുസ്ഥി രവും ഏറ്റവും ഉന്നതവുമായ നിയമം ആയിത്തീർന്നുകൊണ്ട് നവീകൃതമൂല്യം നൽകേണ്ടതാണ്." ഈ ചട്ടക്കൂടിനുള്ളിൽ ചെറിയ പ്രതിദിന പ്രവൃത്തികളുടെ പ്രാധാ ന്യത്തോടൊപ്പം പാരിസ്ഥിതിക അധഃപതനം അവസാനിപ്പിക്കാനുള്ള വലിയ തന്ത്ര ങ്ങൾ ആസൂത്രണം ചെയ്യാനും സമൂഹം മുഴുവൻ വ്യാപിക്കുന്ന ഒരു "കരുതൽ സംസ്ക്കാര"ത്തെ പ്രോത്സാഹിപ്പിക്കുവാനും സാമൂഹ്യസ്നേഹം നമ്മെ പ്രേരിപ്പി ക്കുന്നു. (നം. 231)

പരസ്പരം കരുതലിന്റെ പ്രവർത്തികൾ, നമ്മുടെ വ്യക്തിപരമായ വിശുദ്ധിയുടെ സംരക്ഷണം, സഭയുടെ പ്രേഷിത പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള സമർപ്പണം, ദരിദ്രരോടും നിരാലംബരോടുമുള്ള കരുതൽ, നമ്മുടെ അമ്മയായ പ്രകൃതിയോ ടുള്ള കരുതൽ എന്നിവയോടുകൂടി ഈ യുവജനദിനം ആചരിക്കുവാൻ എല്ലാ യുവ ജനങ്ങളോടും ഞാൻ ആഹ്വാനം ചെയ്യുന്നു. സഭയുടെ പുതിയ സാമൂഹിക രേഖ യായ *Laudato Si* ആഴമായി പഠിക്കുകയും, പരിസ്ഥിതി ആദ്ധ്യാത്മികത കെട്ടിപടു ക്കുകയും ചെയ്യുക.

നമ്മുടെ സഭയുടെ യുവജനദിനാഘോഷം മാർത്താണ്ഡം ഭദ്രാസനത്തിലെ

മരിയഗിരിയിൽ നടത്തുന്നതാണ്. ഈ ദിവസത്തെ വി. കുർബാനയിലെ സ്തോത്ര കാഴ്ച അതാത് ഭദ്രാസന ഫിനാൻസ് ഓഫീസിലേക്ക് അയച്ചുകൊടുക്കണമെന്ന് ബന്ധപ്പെട്ട എല്ലാവരെയും ഞാൻ ഓർമ്മപ്പെടുത്തുന്നു. ഈ സ്തോത്രകാഴ്ച ഭദ്രാസന, സഭാതല യുവജന ശുശ്രൂഷയ്ക്കായി ഉപയോഗിക്കുന്നതാണ്.

ഈ യുവജനദിനത്തിൽ എല്ലാ യുവജനങ്ങളെയും യുവജനശുശ്രൂഷയിൽ പങ്കാളികളായ ഏവരെയും, യുവജനത്തെ വളർത്തുന്നതിനുള്ള അവരുടെ വിലയേറിയ സേവനങ്ങളെ സഭയുടെപേരിൽ അഭിനന്ദിക്കുന്നു. പരസ്പരം കരുതുന്ന ഒരു തലമുറയെ വാർത്തെടുക്കുന്നതിന് യുവജനങ്ങളെ നമുക്ക് അനുധാവനം ചെയ്യാം.

ദൈവം നിങ്ങളെ എല്ലാവരെയും ധാരാളമായി അനുഗ്രഹിക്കട്ടെ!

സ്നേഹാശിർവാദങ്ങളോടെ

**✠ വിൻസെന്റ് മാർ പൗലോസ്**
ചെയർമാൻ,
യുവജനങ്ങൾക്കുവേണ്ടിയുള്ള സിനഡൽ കമ്മീഷൻ,
മാർത്താണ്ഡം ഭദ്രാസനാദ്ധ്യക്ഷൻ

20-09-2015
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

---

*N.B: ഈ സർക്കുലർ ഒക്ടോബർ 4-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ ഇടവകകളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാകേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.*

**SYRO-MALANKARA CATHOLIC CHURCH**

# YOUTH DAY 2015

**Message from the Most Rev. Dr. Vincent Mar Paulos,
the Chairman of Synodal Commission for Youth
on the Occasion of the Malankara Catholic Youth Day 2015**

*"God has so adjusted the body, giving the greater honor to the inferior part, that there may be no discord in the body, but that the members may have the same care for one another. If one member suffers, all suffer together; if one member is honored, all rejoice together" (1Cor 12:25-26).*

Dear Reverend Fathers, Reverend Sisters & my beloved young friends,

Youth Day celebrations every year help us to reflect on the role of the youth in building up a just and humane society and invite the youth to get ready to face the challenges ahead. The universal Church celebrates the feast of St. Francis of Assisi on 4th October, and we celebrate this day as Malankara Catholic Youth Day. On this occasion, let me greet all of you, my dear young friends, with great joy and hope. In a very special way, my greetings go to all our Reverend Fathers, Sisters and lay volunteers involved in the youth ministry of our Church, too.

The Malankara Catholic Church looks at her young people with great hope. The Church recognizes that not only the future, but also the present of the Church lies in their hands. Holy Father Pope Francis, in his concluding message for the Sixth Asian Youth Day, clearly stated what the role of the young people in the Church today is: "As young Christians, whether you are workers or students, whether you have already begun a career or have answered the call to marriage, religious life or the priesthood, you are not only a part of the *future* of the Church; you are also a necessary and beloved part of the Church's *present*! You are the present of the Church." We are a pilgrim people. Often in our pilgrimage what matters is the goal. Though we move towards the ultimate goal, we live entirely in the present. We are called to become witnesses of Christ in the here and now of our existence.

## Instant Culture

A self-centered culture of instant gratification permeates the digitalized and globalized society that we are living in, which we may rightly call, an 'instant culture'. With its arrival, the very concept of culture as the way of life of a particular people of a particular area becomes anachronistic; together with it, all the various aspects that serve as subsets of a culture, namely, language, communication, courtesies, rituals, roles, customs, expected behaviors, values, thoughts, manner of interaction, etc., too. The values of patience and persistence are totally extraneous to this culture. Everything moves around the word "touch'. Span of attention is limited to less than a few minutes, and concentration becomes impossible. It enslaves us and makes us simply products out in the market. Anything really human or divine is alien to it.

Without losing sight of the positive values of the diverse cultures in the world, the young people must discern what is incompatible with Catholic faith and identify and keep themselves away from the sinful and corrupt aspects of contemporary culture. Pope Francis tells: "You and your friends are filled with the optimism, energy and good will which are so characteristic of this period of life. Let Christ turn your natural optimism into Christian hope, your energy into moral virtue, your good will into genuine self-sacrificing love! This is the path you are called to take. This is the path to overcoming all that threatens hope, virtue and love in your lives and in your culture. In this way your youth will be a gift to Jesus and to the world" (Homily, Sixth Asian Youth Day).

## Culture of Care

In order to live a meaningful life we need to move from an instant culture of self-gratification to a culture of mutual care which only can build up a better world. Holy Father Pope Francis, in his encyclical *Laudato Si,* calls us to commit ourselves for the common good, to create a 'culture of care' and build an ecological spirituality. In this respect, I wish to indicate four kinds of care we must initiate.

### 1. Care for personal holiness

Jesus is not looking for more devotees; he needs missionary disciples. When we are saved, we are saved from our heathen desires and practices and are called to live a life of holiness. This call to holiness comes very early in St. Peter's first epistle in chapter 1, verses 14-16. As obedient children, do not be conformed to the passions of your former ignorance, but as he who called you is holy, be holy yourselves in all your conduct; since it is written, 'You shall be holy, for I am holy." In the Book of Leviticus, chapter 19, holiness is not merely

symbolized by avoiding that which is declared to be ceremonially unclean. Rather, it is defined in terms of respect for one's parents (19:3), generosity towards the poor (19:9-10), honesty (19:11), justice (19:11-18), and love for one's neighbour (19:17-18). Holiness encompasses the entire spectrum of human conduct and all the laws God has laid down (ch. 20). Holiness is a way of life that affects everything we do. It is a lifestyle, rather than mere conformity to a list of rules. This lifestyle is nurtured through the Word of God, active participation in the liturgical celebrations, sacramental life and other faith practices.

**2. Care for those who do not know Christ**

In the apostolic exhortation *Evangelii Nuntiandi,* Pope Paul VI invited the young people to become modern day evangelizers. "The split between the Gospel and culture is without a doubt the drama of our time, just as it was of other times. Therefore every effort must be made to ensure a full evangelization of culture, or more correctly of cultures. They have to be regenerated by an encounter with the Gospel" (EN20). Missionary dimension is a constitutive element of the nature of the Church, and of every single Christian. Servant of God Mar Ivanios, the pioneer of Re-Union movement, wanted to take the light of Gospel to the whole of India. In order to fulfill his longing, now the door is open to all of us. With the establishment of new ecclesiastical structures with jurisdiction all over India, the Church is presenting before the young people a difficult but essential task to become modern day evangelizers. Jesus' greatest command to proclaim the good news is still beckoning us: "Go, therefore and make disciples of all nations, baptizing them in the name of the Father and of the Son and of the Holy Spirit" (Mt 28:19). "Above all the Gospel must be proclaimed by witness. Take a Christian or a handful of Christians who, in the midst of their own community, show their capacity for understanding and acceptance, their sharing of life and destiny with other people, their solidarity with the efforts of all for whatever is noble and good. Let us suppose that, in addition, they radiate in an altogether simple and unaffected way their faith in values that go beyond current values, and their hope in something that is not seen and that one would not dare to imagine" (EN21). Let us take Jesus' call into our heart and witness him in our words and deeds.

**3. Care for the Poor and Needy**

"He who oppresses a poor man insults his Maker, but he who is kind to the needy honors him" (Proverbs 14: 31). Serving others and taking care of the less fortunate must be part of our life. Holy Father Pope Francis has a magnanimous heart towards the poor and sick people. It is possible also to

encounter Christ through serving and taking care of the poor and the sick. God can be seen in the face of our brothers and sisters, especially those who are most forgotten: the poor, the hungry, the thirsty, strangers, the sick, and the imprisoned (cf. Mt 25:31-46). Jesus said to the young man who wanted to follow him: “If you wish to be perfect, go, sell what you possess and give to the poor, and you will have treasure in heaven; and come, follow me (Mt 19: 21-22). If Jesus felt it important to give to the poor and take care of them, it is important for us, too, if we want to truly follow Jesus as his disciples. As committed disciples of Jesus Christ, our faith urges us to act and advocate for the least ones among us.

### 4. Care for our Common Home

A dangerous warming of the climate system, water scarcity and loss of biodiversity, decline of quality of human life are some of the threats the present generation is confronting. Today the fertile land is surrounded by all kinds of digital waste produced by the throw away culture. Our rich nature is exploited by a very few for their selfish motives, and many are left empty handed. This will definitely lead us to an unstable and uncertain future. Therefore, the care for nature is of vital importance for humanity’s present and future. Looking at these aspects of ecological crisis, the Holy Father in his encyclical *Laudato Si,* addressing the whole world, considers how our care for our common home impacts future generations. He calls for a profound interior conversion and to live the present with concern for all and without prejudice towards coming generations. He decided to celebrate the “World Day of Prayer for the Care of Creation” every year on 1 September to encourage us to reaffirm our personal vocation to be stewards of creation and to implore God’s help for the protection of creation. It will be an occasion to ask pardon for the sins committed against the world in which we live. The natural environment is a collective good, the patrimony of all humanity, and it is the responsibility of everyone to protect it.

Therefore, the Holy Father asks us to create a civilization of Love, overflowing with small gestures of mutual care. “Love for society and commitment to the common good are outstanding expressions of a charity which affects not only relationships between individuals but also “macro-relationships, social, economic and political ones”. That is why the Church sets before the world the ideal of a “civilization of love”. Social love is the key to authentic development. “In order to make society more human, more worthy of the human person, love in social life – political, economic and cultural – must be given renewed value, becoming the constant and highest norm for all activity”. In this framework, along with the little everyday gestures, social love moves us

to devise larger strategies to halt environmental degradation and to encourage a "culture of care" (n. 231).

I invite all the young people to celebrate this Youth Day with gestures of mutual care, care for our personal holiness, commitment to the missionary endeavours of the Church, care for the poor and needy and care for our mother nature. Make an in-depth study of *Laudato Si* the current social teaching of the Church and build an ecological spirituality.

The common Youth Day celebrations of our Church will be held at Mariagiri in the eparchy of Marthandom. I wish to remind all concerned to remit the offerings of the Holy Qurbono of this day to the respective eparchial finance offices. The offerings are used for our youth activities at the eparchial and ecclesial level.

On this Youth Day, I assure all the youth and all who are dedicated to the ministry to the youth, that the Church appreciates their valuable service in building up the youth, the Church and society as a whole. Let us accompany the youth to make a generation that cares for each other.

May God bless you abundantly!

Yours lovingly in Christ

Sd/-

+ Vincent Mar Paulos
Chairman, Synodal Commission for the Youth
Bishop of the Eparchy of Marthandom

20-09-2015
Catholicate Centre,
Pattom Triruvannathapuram

N.B. :This circular should be read in all our churches, mission centres and centres of worship during the Holy Qurbono on 4 October Sunday.